KOTTAYAM PUBLIC LIBRARY

Call No. M 900 Acc. No. 12697

Author [illegible]

Title [illegible]

11৪৭

# ചെങ്കുട്ടുവപ്പെരുമാൾ.

അഥവാ,

ഏ. ഡി. ൨-ാം ശതകത്തിലെ

ഒരു കേരളചക്രവർത്തി.

ഗ്രന്ഥകർത്താ,

പി. താണുപിള്ള, ശുചീന്ദ്രം.

പ്രസാധക,

വി. ഭാർഗ്ഗവിഅമ്മ തെക്കുമൺ

ശുചീന്ദ്രം.

ഒന്നാംപതിപ്പ്, കാപ്പി 1000.

1109.

Copy right reserved.] [വില. ൮ അണ.

പ്രസാധകയുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജമായിരിക്കുന്നു.

NATIONAL BOOK STALL SPCS LTD. KOTTAYAM

M
M 954.83
THA-C

12697

# ശുദ്ധിപത്രം.

| വശം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 2 | 19 | കേള | കേരള |
| 2 | 20 | വിളേശിയ | വിദേശിയ |
| 3 | 2 | പരീഖാ | പരിഖാ |
| 3 | 19 | മൃയിത്തി | മൃയത്തി |
| 4 | 10 | ഹൃദയാകവർഷകം | ഹൃദയാകർഷകം |
| 7 | 7 | വിചക്ഷിണൻ | വിചക്ഷണൻ |
| 13 | 15 | വീത്തു | വിയത്തു |
| 13 | 18 | ഝടുതി | ഝടിതി |
| 14 | 23 | ണത്യധികം | അത്യധികം |
| 16 | 9 | ക്രോധാവേശൻ | ക്രോധാവിഷ്ടൻ |
| 17 | 4 | കൃച്ഛ്റവ്രതം | കൃഛ്റവ്രതം |
| 17 | 18 | അപഹൃഷ്ടം | അപകൃഷ്ടം |
| 19 | 13 | അഭിപ്രതി | അഭിപ്രീതി |
| 21 | 5 | അവ്യഹിതം | അവ്യാഹതം |
| 21 | 10 | തീരാഭാരം | തീരാബ്ഭാരം |
| 25 | 6 | ജാഹ്നവീതീരം | ജാഹ്നവീനീരം |
| 27 | 25 | പുനശ്ഛ | പുനശ്ച |
| 28 | 17 | ചെങ്കുട്ടവചൃക്രവർത്തി | ചെങ്കുട്ടവചക്രവർത്തി |
| 29 | 1 | വഞ്ചിച്ച നഗരത്തെ | വഞ്ചിനഗരത്തെ |
| 29 | 9 | പരാതനവും | പുരാതനവും |
| 29 | 10 | വന്നിക | വണിക |
| 29 | 11 | മചാതചാൻ | മാചാതചാൻ |
| 32 | 1 | ഭൈഷജ്യമേ | ഭൈഷജ്യമേ |
| 32 | 2 | പെരിയലുന്ന | പേരിയലുന്ന |
| 32 | 16 | തുണ്ടിലമനസ്സൻ | തുന്ദിലമനസ്സൻ |
| 33 | 3 | വിരാജമാനനായ | വിരാജമാനയായ |
| 34 | 19 | അതിപ്ലുഷ്ഠ | അതിപ്ലുഷ്ട |
| 37 | 3 | അനിവ്യാജം | നിർവ്യാജം |
| 37 | 23 | കോപാരവേശൻ | കോപാവിഷ്ടൻ |

| വശം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 38 | 2 | പുംച്ഛലി | പുംശ്ചലി |
| 41 | 7 | ഏഴയാംമീ | ഏഴയാമീ |
| 47 | 1 | അധഃശ്രമി | അധഃശ്രമ |
| 49 | 13 | രമ്യാശരച്ചന്ദ്ര | രമ്മ്യശരച്ചന്ദ്ര |
| 64 | 11 | അസമഞ്ഞ്ജസം | അസമഞ്ജസം |
| 70 | 7 | മകംനാണ് | മകനാണ് |
| 71 | 14 | ഉൽപ്പാസവചനം | ഉൽപ്പാതവചനം |
| 72 | 22 | അപ്രാപ്തനിർവ്വാണം | അപ്രാപ്യനിർവ്വാണം |
| 75 | 8 | വിഹെദുഃഖം | വിരഹദുഃഖം |
| 77 | 22 | ചംതുർയ്യം | ചാതുർയ്യം |
| 77 | 24 | മധുക്ഷരോളി | മധുക്ഷീരാളി |
| 83 | 14 | അപ്രാപ്തനിർവ്വാണം | അപ്രാപ്യനിർവ്വാണം |
| 86 | 21 | പരാജിതന്മാരാവുകയും | പരാജിതരായതും |
| 92 | 2 | അഭിജ്ഞന്മാർ | അനഭിജ്ഞന്മാർ |
| 99 | 17 | ചന്ദനമുടികളും | ചന്ദനമുട്ടികളും |
| 100 | 1 | ഉപായനം | ഉപയനം |
| 104 | 19 | ഛല്ലവൻ | വില്ലവൻ |
| 108 | 4 | മനസ്സൻ | മനസ്സും! |
| 111 | 10 | ഇഹലോകസന്യാസത്തെ | സന്യാസത്തെ |
| 113 | 3 | നശരി | നാഗരി |
| 116 | 18 | സകല | സകല |
| 126 | 12 | ബന്ധനം | ബന്ധനം |
| 129 | 7 | പ്രവർത്തിച്ചിട്ടില്ല | പ്രവർത്തിപ്പിച്ചിട്ടില്ല |
| 133 | 8 | ഭേലവനില്ലാ | ഭേദമവനില്ലാ |
| 137 | 9 | നിർവ്വാച്യമായി | അനിർവ്വാച്യമായ |
| 137 | 16 | അനർവാച്യം | അനിർവാച്യം |
| 137 | 19 | മാതലി | മാതരി |
| 139 | 14 | കണ്ണമയം | കണ്ണലയം |
| 143 | 7 | ഊരുനവണ്ഡങ്ങൾ | ഊരുകാണ്ഡങ്ങൾ |
| 143 | 20 | സുകുമാരങ്ങംകളേബരം | സുകുമാരകളേബരം |
| 144 | 15 | കൃച്ഛ്രവ്രതം | കൃഛ്രവ്രതം |

# അവതാരിക.

"ചെങ്കുട്ടവപ്പെരുമാൾ" എന്ന നിങ്ങളുടെ കൃതി സസന്തോഷം വായിച്ചു. മലയാളിയായ നിങ്ങൾ തമിഴ് ഭാഷ സംസാരിച്ചു കേട്ടതായ ഒരവസരത്തിൽ എനിക്കു നിങ്ങളുടെ ബുദ്ധിശക്തിയേയും, പാണ്ഡിത്യത്തേയും, വാഗ്വിലാസത്തേയും കുറിച്ചുണ്ടായ അഭിപ്രായം ഏററവും ദൃഢമായിരുന്നു. തമിഴും മലയാളവും അമ്മയും മകളുമെന്നും, ജ്യേഷ്ഠാനുജത്തിമാരെന്നുമൊക്കെ പറയാറുണ്ടെങ്കിലും തമിഴ്ഗ്രന്ഥങ്ങൾ മലയാളത്തിലാക്കുന്നതിൽ നമ്മുടെ ഭാഷാഭിമാനികൾ അപൂർവ്വമായിട്ടെ ശ്രമിക്കാറുള്ളു.

വെങ്കിടഗിരിമുതൽ കന്യാകുമാരിവരെ വ്യാപിച്ച സമുദ്രമേഖലയായ ഭൂവിഭാഗം സാഹിത്യത്തിനും സംഗീതത്തിനും അദ്വൈതചിന്തകൾക്കും വിളനിലമായിരുന്നു. സമർത്ഥന്മാരായ മഹാരാജാക്കന്മാരും സ്വാർത്ഥപരിത്യാഗികളായ ജനപ്രമാണികളും രാജ്യാഭിമാനമുള്ള പ്രജാസഞ്ചയങ്ങളും ദക്ഷിണഭാരതത്തിലുണ്ടായിട്ടുള്ളതുപോലെ മററുസ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. എന്നാൽ വിദ്യാഭ്യാസത്തിൻെറ ആധുനികഗതി പ്രാചീനാദർശങ്ങളെ വേണ്ടപോലെ ആദരിക്കുന്നതിനു പ്രതിബന്ധമായിത്തീൎന്നിട്ടുണ്ട്. ചേരൻചെങ്കുട്ടവൻെറ ചരിത്രം ഏററവും സുപ്രസിദ്ധമാണ്. യുദ്ധസാമൎത്ഥ്യമോ ഭരണപാടവമോ സാഹിതീരസികത്വമോ ഏതാണ് അദ്ദേഹത്തിൽ പ്രധാനമായി തെളിഞ്ഞിരുന്നതു് എന്നു ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ല. അദ്ദേഹം സൎവ്വശാസ്ത്രവിശാരദനായിരുന്നു. അതി

ന സ്വന്തം സഹോദരനായ ഇളംകോവടികളുടെ "ചിലപ്പതികാര"വും ചാത്തനാരുടെ "മണിമേഖല"യും അനുശ്വര സാക്ഷ്യം വഹിക്കുന്നു. ആ കൃതികളും "പതിററുപ്പത്തു" "പുറനാന്നൂറു" മുതലായ മററു കൃതികളും ഹൃദിസ്ഥമാക്കീട്ടാണു് മിസ്റ്റർ താണുപിള്ള ഈ പുസ്തകം രചിച്ചിട്ടുള്ളതു്. മഹാകവികളുടെ ആശയങ്ങൾ സ്വന്തമായി തൻേറടത്തോടുകൂടിയുള്ള ചിന്തയാൽ മാററുകൂട്ടി ആധുനികന്മാക്കു് രസകരവും വിജ്ഞാനപ്രദവുമായ രീതിയിലാണു് മിസ്റ്റർ താണുപിള്ളയുടെ രചനാപാടവം. പുസ്തകത്തിൻെറ ഭാഷാരീതി എത്രയും സുഗമമായിരിക്കുന്നു. പദ്യങ്ങൾക്കും പ്രത്യേകമായ ആസ്വാദ്യതയുണ്ടു്. പരിശ്രമിയും വാസനക്കാരനുമായ നിങ്ങളുടെ ഉദ്യമം സവ്വഥാ അഭിനന്ദനീയംതന്നെ. നിങ്ങളുടെ കാരണവനായ പുനച്ചൽ വലിയയജമാനൻ വട്ടക്കോട്ടകെട്ടി രാജ്യത്തെരക്ഷിച്ചു. നമുക്കു് ഇക്കാലത്തു യുദ്ധങ്ങളില്ലാ. അതിനാൽ അദ്ദേഹത്തിൻെറ ആത്മാവു് അജ്ഞാനം മാററി സംസ്കാരത്തെ കോട്ടകെട്ടിയുറപ്പിക്കുവാനുള്ള പരിശ്രമത്തിൽ നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്നു്,

| | |
|---|---|
| തിരുവനന്തപുരം<br>109. ധനു. 11. | ടി. കെ. വേലുപ്പിള്ള,<br>B. A. & B. L. |

High Court Vakil, and Deputy President,
Sree Moolam Assembly.

# മുഖവുര.

ഈ ഗ്രന്ഥം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു കൈരളീദേവിയോടുള്ള ഭക്ത്യാദരത്തെക്കാൾ, അവരുടെ ജനായിത്രിയായ വഞ്ചിമാതാവിനോടുള്ള എൻെറ കത്തവ്യ ബോധം ഒന്നുമാത്രംതന്നെയാണെന്നുള്ള സംഗതി ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ഞാൻ ഒരു ഭാഷാഭിജ്ഞനൊ, അല്ലെങ്കിൽ നവീനസാഹിതീലോകരംഗത്തിൽ സുപരിചിതനായ ഒരു കവിയോ അല്ലാ എന്നു വരികിലും, ഏതൊരു മനുഷ്യനും അവനവൻെറ മാതൃസമാനമായ സ്വന്തം നാട്ടിന്നുവേണ്ടി യഥാശക്തി വല്ലതും ചെയ്യതീക്കേണ്ടതു ഈ ജീവിതത്തിൽനിർവ്വഹിക്കേണ്ട ഒരു മുഖ്യകടമയാണല്ലോ എന്നുള്ള അഭിജ്ഞമതത്തെ അനുവേലം ആദരിച്ചാണു് പ്രസ്തുത ഗ്രന്ഥനിമ്മാണത്തിനു ഞാൻ ഉദ്യുക്തനായതു്. ഈ ഗ്രന്ഥം തമിഴരുടെ പഞ്ചമഹാകാവ്യങ്ങളെന്നു തമിഴലോകത്തിൽ ഘോഷിക്കപ്പെടുന്ന "ചിലപ്പതികാരം" "മണിമേഖല", "ജീവകചിന്താമണി", "കുണ്ഡലകേശി", "വളയാപതി" എന്നീ ഗ്രന്ഥസമുച്ചയങ്ങളിൽ ഏററവും പ്രാമുഖ്യത്തെ അവലംബിക്കുന്ന "ചിലപ്പതികാര"മെന്ന ഒരു പ്രാചീന ദ്രാവിഡമഹാകാവ്യത്തിലടങ്ങിട്ടുള്ള ഇതിവൃത്തത്തിൻെറ സംക്ഷേപചരിത്രം മാത്രമാണു്.

മേല്പറഞ്ഞ ഗ്രന്ഥംകൂടാതെ പ്രസ്തുത കഥക്കു തമിഴിലുള്ള വേറെ പല ഗ്രന്ഥങ്ങളും ആധാരമായിട്ടുണ്ടു്. അവ "പുറനാനൂറു്", "പതിററിപ്പത്തു്" ഇത്യാദി ഗ്രന്ഥങ്ങളാകുന്നു. ചുരുക്കിപ്പറയുകയാണെങ്കിൽ ഏകദേശം 1800

കൊല്ലങ്ങൾക്കു മുമ്പ് ഈ നമ്മുടെ കേരളത്തെ, അല്ലെങ്കിൽ ചേരലം എന്ന പ്രസിദ്ധിനേടിയിരുന്ന വഞ്ചിനാട്ടിനെ അതുല്യഭുജവിക്രമത്തോടും അത്യധിക കീത്തിമഹിമാവോടും അമാനുഷമായ രാജ്യഭരണധുരന്ധരതയോടുംകൂടി കലി3230-നു ശരിയായ ക്രിസ്തുവഷം 129-ൽ രാജ്യം വാണിരുന്ന പതിമൂന്നാമത്തെ പെരുമാളായ ചേരമൻ ചെങ്കുട്ടവൻ എന്ന കേരളചക്രവത്തിയുടെ വീരാപദാനങ്ങളാണ് ഈ ഗ്രന്ഥത്തിലെ മുഖ്യമായ പ്രതിപാദ്യവിഷയം.

ആ മഹാരാജവയ്യന്റെ കാലത്തു നടന്നതും, സൽഗുണവതിയായ ഒരു വീരപത്നിയുടെ പാതിവ്രത്യ മഹിമയെ ദൃഷ്ടാന്തീകരിക്കുന്നതും, കേരളത്തിലെ അതിപ്രസിദ്ധങ്ങളായ കൊടുങ്ങല്ലൂർ, ചെങ്ങന്നൂർ ഈ ദിവ്യസ്ഥലങ്ങളിൽ വിലസുന്ന ഭഗവതിക്ഷേത്രങ്ങളുടെ ഉൽപത്തിയെ ഉൽബോധിപ്പിക്കുന്നതുമായ പ്രധാനസംഭവങ്ങളും ഈ കഥയിൽ നിഗ്രഹനം ചെയ്തിരിക്കുന്നു. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ ഭരണകാലത്തു വാണിരുന്ന ജനതയുടെ സാമുദായികവും, രാഷ്ട്രീയവും, രാജകീയവും, ദേശീയവും ആയ സകല ചരിത്രവും ഇക്കഥ നമ്മെ മനസ്സിലാക്കുന്നതു കൂടാതെ അന്നത്തെ ചേരമാൻ പെരുമാക്കന്മാരുടെ ശക്തി ഈ പൌരസ്ത്യഭൂമണ്ഡലത്തിൽ എത്രത്തോളം ലാലസിച്ചിരുന്നുവെന്നുള്ളതും ഇതു നമ്മെ അറിയിക്കുന്നുണ്ട്.

ക്രിസ്ത്വാബ്ദാരംഭകാലത്തിനടുത്തുള്ളദക്ഷിണേൻഡ്യാ ചരിത്രത്തെപ്പററി പ്രവചിക്കുന്ന വിഷയത്തിൽ മഹാപണ്ഡിതന്മാരായ ആധുനിക ചരിത്രകാരന്മാർ തുലോം മൂകന്മാരായിരിക്കേ, നമ്മുടെ നാട്ടിലുണ്ടായ "ചിലപ്പതികാരം"

പോലുള്ള അമൂല്യഗ്രന്ഥങ്ങൾ അതിനെ നമുക്കു സുവ്യക്തം സുപരിചിതമാക്കുമ്പോൾ നാം അത്തരം ഗ്രന്ഥങ്ങളെ ബഹുമാനിക്കാതെ പ്രത്യുത അവഗണിക്കുന്നതു് തീരെ അയുക്തവും അഭിമാനരഹിതവുമാണ്. വിശിഷ്യാ ഇത്തരം ഗ്രന്ഥങ്ങൾ പ്രാചീന കേരളചരിത്രത്തെ നമുക്ക് സുവിദിതമാക്കുന്നതു കൂടാതെ ആ കഥാപുരുഷന്മാരുടെ ആദർശരമണീയങ്ങളായ ജീവിത രഹസ്യങ്ങളെയും നമ്മുടെ ഹൃദയാന്തർഭാഗങ്ങളിൽ ദൃഢമൂലമാക്കിത്തീർക്കുന്നുമുണ്ട്.

പുരാതന കേരളചരിത്രത്തെപ്പററി ഒരു സമ്പൂർണ്ണജ്ഞാനം ഇതേവരെ ലഭിക്കാനിടയാകാത്ത ഇന്നത്തെ മലയാളികൾക്കു ഇത്തരത്തിലുള്ള ചരിത്രകഥകൾ അതിലേക്കുപകാരപ്രദമായിത്തീരുമെന്നുള്ള എൻെറ അത്യാശ ഫലിച്ചുകാണുന്നുവെങ്കിൽ ഞാൻ ഏററവും കൃതാർത്ഥനാണെന്നു സാഭിമാനം വിചാരിക്കുന്നു.

ഇതുപോലെ പല കേരള ചക്രവർത്തികളുടെയും ചരിത്രങ്ങൾ പ്രത്യേകം പ്രത്യേകം എഴുതാൻ ശ്രമിച്ചുപോരുന്നുണ്ട്. മാന്യന്മാരായ എൻെറ വായനക്കാരുടെ ആശംസാവൃഷ്ടി എന്നിൽ ഉത്തരോത്തരം ചൊരിയുമെങ്കിൽ ഈ സാഹിത്യകേദാരത്തിലെ എൻെറ ഉദ്യമം സമ്പൂർണ്ണഫലപ്രദമാകുമെന്നുള്ളതിനു സംശയമില്ല. അതിലേക്കു ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഈ മുഖവുരയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

എന്നു്, ഗ്രന്ഥകർത്താ.

# ചെങ്കുട്ടുവപ്പെരുമാൾ.

എ. ഡി. രണ്ടാം ശതകത്തിലെ ഒരു കേരളചക്രവർത്തി.

## അദ്ധ്യായം ൧.

### വഞ്ചിമഹാനഗരം.

ദക്ഷിണഭാരതത്തിലെ പുണ്യാചലമെന്നു് അനവരതം ആഘോഷിക്കപ്പെടുന്ന വെങ്കിടഗിരിക്കു തെക്കായും പരമപാവനമായ കുമരിതീർത്ഥത്തിനു വടക്കായും അതിവിസ്തൃതങ്ങളായ പൂർവാപരവാരാന്നിധികൾക്കു മദ്ധ്യംഗതമായും സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾക്കു പണ്ടു "തമിഴകം" എന്നു പറഞ്ഞുപോന്നു. ഇതു് അന്നു ചേരനാട്ടു്, ചോളനാട്ടു്, പാണ്ഡ്യനാട്ടു് എന്നു മൂന്നു വൻപിച്ച രാജ്യങ്ങളായിട്ടാണു വിഭജിക്കപ്പെട്ടിരുന്നതു്. അമരാവതീനദീതീരത്തിലുള്ള "കരുവൂരി"നു ചുററിലും സ്ഥിതിചെയ്യുന്ന രമ്യപ്രദേശങ്ങളും കോയമ്പത്തൂർ, സേലം, നീലഗിരി ഈ ജില്ലകളും ദക്ഷിണമൈസൂർ, മലയാളക്കര ഇവയും പണ്ടു ചേരനാട്ടിങ്കൽ, ഉൾപ്പെട്ടവയായിരുന്നു. ഇവയെ അന്നു കൊങ്കുനാട്ടു്, ശീതനാട്ടു്, പൂഴിനാട്ടു്, മലനാട്ടു്, കുടനാട്ടു്, കുട്ടനാട്ടു്, വേണാട്ടു് എന്നും വിളിച്ചുപോന്നു. മുൻപറഞ്ഞ വൻപിച്ച രാജ്യവിഭാഗങ്ങളുടെ തലസ്ഥാനമായിരുന്നു "വഞ്ചിമഹാനഗരം".

ഈ മഹാനഗരി അതിപുരാതനവും "കരുവൂർ" എന്ന അപരനാമധേയത്തോടുകൂടിയതുമായിരുന്നു. ഇതു പെരിയാററിൻെറ മുഖദ്വാരത്തിനു സമീപമാണു് സ്ഥിതിചെയ്തിരുന്നതു്. ഈ പുരാതന നഗരത്തിൻെറ സൃഷ്ടിവൈശിഷ്ട്യങ്ങളെപ്പററി ഒന്നറിയേണ്ടതു് അത്യാവശ്യമാകയാൽ പ്രാചീനദ്രാവിഡഗ്രന്ഥങ്ങളിൽനിന്നും നമുക്കു ലബ്ധമായ അറിവുകളെ ആസ്പദമായ് പരിഗണിച്ച് ചിലതിവിടെ പ്രതിപാദിച്ചുകൊള്ളാം.

ഈ മഹാനഗരിയുടെ ചുററിലും നഭോമണ്ഡലത്തെ വിഘട്ടനം ചെയ്യുന്ന അത്യുന്നതങ്ങളായ പ്രാകാരങ്ങളും അവയ്ക്കു വെളിയിൽ പരമപാവനങ്ങളായ ഹൈന്ദവക്ഷേത്രങ്ങളും ജൈനമതപ്പള്ളികളും ബുദ്ധചൈത്യങ്ങളും കോമളങ്ങളായ ഇളമരക്കാവുകളും ശർമ്മദങ്ങളായ ധർമ്മസത്രങ്ങളും ശുദ്ധജലസംപൂർണ്ണങ്ങളായ വൻപിച്ച തണ്ണീർപൊയ്കകളും സർവ്വത്ര കാണ്മാനുണ്ടായിരുന്നു. ക്ഷേത്രങ്ങളിലും പള്ളികളിലും മഹർഷീശ്വരന്മാരും തത്വജ്ഞാനികളും ശാസ്ത്രവ്യുൽപന്നന്മാരും മതാചാര്യന്മാരും നിവസിച്ചുപോന്നു.

ഇവ കൂടാതെ കോട്ട മതിലുകളുടെ സന്നിധങ്ങളിലായി ചുററിലും കേരളചക്രവത്തിയുടെ സൈനിക നിലയങ്ങളും വിദേശീയ സ്ഥാനപതികളുടെ വസതിക്കായി നിർമ്മിച്ചിട്ടുള്ള മനോജ്ഞങ്ങളായ വെണ്മാടങ്ങളും സ്ഥിതിചെയ്തിരുന്നു. ഇവയ്ക്കു പുറമെ പ്രാകാരത്തിനു ബഹിർഭാഗത്തായി അതിഗംഭീരമായ ഒരു പരിഖവെട്ടപ്പെട്ടിരുന്നതു് പലവിധ വിസാരങ്ങളുടേയും നക്രക്രൂർമ്മാദി ജലജങ്ങളായ

ജന്തുക്കളുടേയും സുഖനിലയനമായും സ്ഥിതിചെയ്തു. കോട്ടയ്ക്കും പരിഖാദികൾക്കും പുറമേ ഒരു പ്രത്യേകകാവൽവനം സുരക്ഷിതമായും പ്രതിപക്ഷികൾക്ക് ദുഷ്പ്രവേശമായും പോററപ്പെട്ടുവന്നു. ഇവിടെ കണ്ടകസങ്കുലിതങ്ങളായ പല തരുനികുരുംബങ്ങളും നിബിരിസമായി നട്ടുപിടിപ്പിച്ചിട്ടുണ്ടായിരുന്നു.

പ്രാകാരോപരി പലവിധ നശീകരണയന്ത്രോപകരണങ്ങളും സ്ഥായിയായി ഉറപ്പിക്കപ്പെട്ടിരുന്നതുകൂടാതെ സൈന്യാവലികൾക്ക സുരക്ഷിതമായി നിർവ്വിശങ്കം പതുങ്ങിയിരിക്കാനുള്ള കൊത്തളങ്ങളും ഗൂഢവസതികളും അവിടവിടെയായി ധാരാളം പണിചെയ്യിക്കപ്പെട്ടിരുന്നു. ആയവ പരിപന്ഥികളുടെ അന്തരംഗത്തെ അത്യധികം അന്ധാളിപ്പിച്ചു.

കോട്ടയ്ക്കുചുററിലും നാലുവശത്തിലുമുള്ള പ്രാകാരദ്വാരങ്ങൾ ആ മഹാനഗരത്തിൻെറ വക്ത്രാന്തരങ്ങളെന്നപോലെ പരിശോഭിച്ചു. ആ ബഹിർദ്വാരങ്ങളുടെ പുരോഭാഗങ്ങളിൽ മുകളിലായി വിശേഷരൂപത്തിൽ പണിചെയ്തു പതിപ്പിച്ചിട്ടുള്ള ചാപാങ്കിതമായ രാജകീയമുദ്രകളും അവയ്ക്കുഉഭയപാർശ്വങ്ങളിലും വഃപൊളിച്ചു ശുണ്ഡാദണ്ഡമുയിർത്തിപ്പിടിച്ചുനിൽക്കുന്ന വൻപിച്ച വേതണ്ഡവിഗ്രഹങ്ങളും കാണികളെ ആകമാനം ആകർഷിക്കുമാറു് അതീവപരിലസിച്ചു. ഇവ അക്കാലത്തെ വിദഗ്ദ്ധന്മാരായ ദ്രാവിഡശില്പിവര്യന്മാരാൽ പണിചെയ്യപ്പെട്ടവയായിരുന്നു. ആ പ്രാകാരമാർഗ്ഗങ്ങളിൽകൂടി നഗരാന്തർഭാഗത്തു പ്രവേശിച്ചാൽ അവിടെ

പലമനോഹരങ്ങളും വിസ്തീർണ്ണങ്ങളുമായ രാജപഥങ്ങളെ കാണാം. ആഢ്യകളുടെ ഇരുപാർശ്വങ്ങളിലും കോട്ടവാതിൽ കാക്കുന്ന രക്ഷിജനങ്ങളുടെ അക്ഷീണ ശോഭാവഹമായ ഗൃഹപംക്തികളും അവയുടെ പശ്ചാൽ ഭാഗത്തു രഥനിർമ്മാണം, കവചനിർമ്മാണം, മണിമയങ്ങളായ വൈണുകങ്ങൾ, ചർമ്മമയങ്ങളായ കൈയ്യുറകൾ അതിമഞ്ജിമമായ വെൺചാമരങ്ങൾ പുലിമുഖാദിവന്യവസ്തു വിചിത്രിതങ്ങളായ പരിചകൾ ഇവ ബഹുചാതുര്യമായി നിർമ്മാണം ചെയ്യുന്ന കൈത്തൊഴിൽ ശാലകളും സാന്ദ്രമായ മന്ദുരാദികളും ബന്ധുരമായ സിന്ധുരനിലയനങ്ങളും സകലജന ഹൃദയാകർഷകമായി വിലസുന്നതും കാണാം.

കുറച്ചുകൂടി അന്തർഭാഗത്തു പ്രവേശിച്ചാൽ ദന്തസാമഗ്രികൾ, സുഗന്ധദ്രവ്യങ്ങൾ, വിശേഷതരങ്ങളായ മാല്യങ്ങൾ, ചാന്തുകൂട്ടുകൾ, ധൂപദ്രവ്യങ്ങൾ ഇത്യാദി വസ്തുക്കളുടെ നിർമ്മാണവും വിക്രയവും നടന്നുകൊണ്ടിരിക്കുന്ന ഗണ്യങ്ങളായ പണ്യവീഥികളും, കുംഭകാരന്മാർ, തന്തുവായന്മാർ സ്വർണ്ണകാരന്മാർ, തക്ഷന്മാർ, ശൌൽബികന്മാർ, ചിത്രപൊമ്മകൾ ചെയ്യുന്നവർ, സൌചികന്മാർ, ചർമ്മകാരന്മാർ ആദിയായ വ്യവസായവിദഗ്ദ്ധന്മാർ വാണുവന്ന സ്പൃഹണീയങ്ങളായ വീഥികളും കാണാം. ഈ പദ്ധ്യകൾക്കങ്ങേപ്പുറത്തായി പ്രമാണപ്രോക്തങ്ങളായ ഷഡ്വിധദോഷങ്ങൾ ലേശവും ബാധിക്കാത്തതും പഞ്ചഗുണസമന്വിതവുമായ വൈരാദിമണിഭേദങ്ങൾ വിക്രയം ചെയ്യുന്ന രത്നകാരന്മാർ നിഷ്ണാതന്മാരായ കാർത്തസ്വരവർത്തകന്മാർ നിഷ്കന്മഷന്മാരായ പുഷ്പവണിക്കുകൾ നൃത്തകലയിൽ പ്രവീണന്മാ

രായ നൎത്തനാചാൎയ്യന്മാർ ശ്രേഷ്ഠന്മാരായ ഗായകന്മാർ അപ്സ രസദൃശകളായ ഗണികകൾ മൃദംഗാദിചൎമ്മവാദ്യവാദക ന്മാർ സൂതമാഗധവൈതാളികർ കാൎപ്പാസതന്തുകൊണ്ടും ഉന്ദുരുരോമംകൊണ്ടും പട്ടുനൂൽകൊണ്ടും നിർമ്മിതമായ നേരിയവസനങ്ങൾ വിക്രയംചെയ്യുന്ന വസ്ത്രനിവഹന്മാർ ധാന്യനൈഗമർ, ഖണ്ഡപാലന്മാർ ഇവർ വാണുവന്നിരു ന്ന മനോജ്ഞവീഥികളും കാണാം.

ആ നഗരവരത്തിന്റെ ഒരന്തത്തിൽ ഏറ്റവും സ്പൃ ഹണീയമായ ക്രയ്യപദാൎത്ഥങ്ങളെക്കൊണ്ട് സംപൂൎണ്ണമായ ആപണപംക്തികളോടു കൂടിയതും, ജനസമ്മർദ്ദത്താൽ നി രവധി നീരന്ധ്രമായതും അത്യന്തം കോലാഹലമിളിതമാ യതും ആയ ഒരു നിഗമവും സ്ഥിതിചെയ്തിരുന്നു.

ഇവയ്ക്കുംപുറമേ ആ നഗരത്തിന്റെ മധ്യഭാഗത്തിൽ ബ്രാഹ്മണർ, ക്ഷത്രിയർ, വണികർ, നാട്ടുവാഴികൾ, മാട മ്പിമാർ ഇവരോരോരുത്തരും പ്രത്യേക പ്രത്യേകം നിവസി ച്ചിരുന്ന അനവധി വിസ്തൃതങ്ങളായ ഉപനിഷ്കരങ്ങളും അവയ്ക്കുള്ളിൽ അത്യുന്നതങ്ങളായ അനേകം രാജഗൃഹാവ ലികളും അതിസാന്ദ്രങ്ങളായ മന്ത്രിനിലയനങ്ങളും അരമ നയുദ്യോഗസ്ഥന്മാരുടെ മനോരമ്യങ്ങളായ ഹർമ്മ്യങ്ങളും ഉത്തുംഗങ്ങളായ ചൈത്യാദികളും സ്ഥിതിചെയ്തിരുന്നു.

ഇതിനുപുറമേ ആ പട്ടണത്തിന്റെ നാനാഭാഗങ്ങളി ലായ് അരുണവൎണ്ണങ്ങളും മസൃണീകൃതങ്ങളും ആയ ശിലാ വിശേഷങ്ങളെക്കൊണ്ട് വിചിത്രമായി നിർമ്മിക്കപ്പെട്ട അനേകം ചെറിയ നർമ്മാലയങ്ങളും അവിടവിടെയായി

പരിലസിച്ചുകാണപ്പെട്ടു. ഇളംതെന്നൽ തുള്ളിക്കളിക്കുന്ന മഞ്ജുളമായ പൂഞ്ചോലകളും അകൃതിമദ്യുതിയോടുകൂടിയ പല കൃത്രിമശൈലങ്ങളും സാന്ദ്രച്ഛായങ്ങളായ ചെറുമരക്കാവുകളും ആ നഗരത്തിൽ എങ്ങുംതന്നെ പ്രശോഭിച്ചുകാണാം. ധർമ്മസത്രങ്ങളുടെയും വഴിയമ്പലങ്ങളുടെയും എണ്ണങ്ങൾക്കു ഒട്ടുംതന്നെ കണക്കില്ലാതെയുമിരുന്നു.

എന്നുമാത്രമല്ല ചുററിലും ധാരായന്ത്രങ്ങളാലും, ശ്രേഷ്ഠശിലാനിർമ്മിതങ്ങളായ വിഷ്ടരങ്ങളാലും, ചുററുമുള്ള വായുവിനെ ശിശിരീകരിക്കുന്ന ചെറിയ ജലനിർത്ധരികളാലും, മല്ലീജാതിപ്രഭൃതികളായ കുസുമവല്ലികളാൽ സ്വയം അലംകൃതമായ ഒരു മനോഹരോദ്യാനവും അവിടെ അതിവിസ്മയാവഹമായി കാണപ്പെട്ടു. ഇപ്രകാരം എല്ലാവിധത്തിലും പൊല്പേറിയ ആ പത്തനവരത്തിന്റെ മദ്ധ്യഭാഗത്തിങ്കൽ ചേരമാൻപെരുമാക്കന്മാരുടെ രമ്യഹർമ്മ്യം ഉത്തുംഗങ്ങളായ ശൃംഗശതങ്ങളോടും അദഭ്രശുഭ്രമായ ശോഭയോടും അഭ്രംകഷമായ് പ്രശോഭിച്ചു. ഇതു അന്യാദൃശമായ പരിമാണവ്യാപ്തികൊണ്ടും സുവർണ്ണമയമായ താഴികക്കുടങ്ങളുടെ അത്യധികമായ സുഷമകൊണ്ടും നീലവർണ്ണമായ ആകാശത്തിൽ ദൃശ്യമാനമായ അവയുടെ വിചിത്രപ്പൊലിമകൊണ്ടും പ്രേക്ഷകന്മാരെ എത്രയും വിസ്മയഭരിതന്മാരാക്കി, ആ നഗരലക്ഷ്മിയുടെ ഫാലതിലകംപോലെയും നടുനായകംപോലെയും ജാജ്വല്യമാനമായി വിലസിനിന്നു. ആ രാജമന്ദിരത്തിൽ അതിചതുരമായരീതിയിൽ പണിചെയ്യപ്പെട്ട പല വിചിത്രമണ്ഡപങ്ങളും അപാവൃതങ്ങളും അതിബന്ധുരങ്ങളുമായ അലിന്ദാദികളും അഴകേറിയ അവരോധങ്ങളും സ്പൃഹണീയ

ങ്ങളായ പ്രാസാദങ്ങളും ചിത്രിതങ്ങളായ ചത്വരങ്ങളും വിഹാരയോഗ്യങ്ങളായ വളഭികളും മന്ദാരാദിപുഷ്പസഞ്ചയസംയോഗത്താൽ സൌരഭ്യവാഹിയായി മന്ദാനിലൻ വീശുന്ന മനോരഞ്ജിതമായ പൂഞ്ചോലകളും ഹിമശിശിരങ്ങളായ ജലകണങ്ങളെ വമിക്കുന്ന അനവധിധാരായന്ത്രങ്ങളും അകൃത്രിമത്വൃതിയോടുകൂടിയതും രജതതുല്യങ്ങളായി വിളങ്ങുന്നതുമായ ചെറുകുല്യകളും സുകൃത്രിമങ്ങളായ ക്രീഡാശൈലങ്ങളും നിർമ്മലജലസമ്പൂർണ്ണമായ ചെന്താമരപ്പൊയ്കകളും ഉണ്ടായിരുന്നു.

ഇപ്രകാരം സർവ്വപ്രകാരേണയും പ്രസിദ്ധി നേടിയ ആ വഞ്ചിമഹാനഗരത്തെ നിജസ്ഥാനീയ നഗരമായി കൈക്കൊണ്ടു ചേരമണ്ഡലത്തെ ചേരമാൻ പെരുമാക്കന്മാർ അനേകാണ്ടുകാലം ഭരിച്ചുപോന്നു. ഈ പെരുക്കന്മാരെ "ചേരലാതർ, എന്നും വിളിച്ചുപോന്നു. ഇവരും സമകാലീനന്മാരായ പാണ്ഡ്യചോളരാജാക്കന്മാരെപ്പോലെ അന്നത്തെ ദേശഭാഷയെ നല്ലതിന്മണ്ണം ആദരിച്ചു പുലർത്തിപ്പോന്നതുകൂടാതെ മഹാവിചക്ഷിണന്മാരായ കവീന്ദ്രന്മാരെ അകൈതവമായ സ്നേഹാദരത്തോടും നിർമ്മലതരമായ അഭിനന്ദനത്തോടും അനവരതം സംരക്ഷിച്ചുപോന്നതിനാൽ അവരുടെ കീർത്തി ലോകമാസകലം വ്യാപിക്കുകയും തന്നിമിത്തം പല വിദൂരദേശങ്ങളിൽനിന്നും കേമന്മാരായ പണ്ഡിതകേസരികൾ അവിടെ സമാഗതന്മാരായി ആ തിരുമേനികളുടെ പാർശ്വവർത്തികളായി നിരന്തരം ആവസിച്ചു ആ മഹാരാജസഭയെ സമന്ദം അലങ്കരിച്ചുപോരുകയും ചെയ്തു.

ഈ പെരുമാക്കന്മാർ ഉത്തരഭാരതത്തിലുണ്ടായിരുന്ന ആൎയ്യരാജാക്കന്മാരെ കൂടിയും പലേ മഹത്തായ വിപൽഘട്ടങ്ങളിലും അസക്യൽ സഹായിച്ചുപോന്നതായ് ഐതിഹ്യങ്ങൾ ആഘോഷിക്കുന്നുണ്ട്. ഈ വംശത്തിലുണ്ടായിരുന്ന ഉദയൻ ചേരലാതനെന്ന വിഖ്യാതനായ ഒരു ചേരചക്രവൎത്തി പാണ്ഡവന്മാൎക്കും കൌരവന്മാൎക്കും തമ്മിൽ കുരുക്ഷേത്രം എന്ന സംഗ്രാമാങ്കണത്തിൽ വെച്ചു നടന്നതായ ഘോരസമരത്തിൽ പക്ഷപ്രതിപക്ഷഭാഗങ്ങളിലുമുള്ള പദാതിമുഖ്യന്മാരായ സൈന്യാവലികൾക്കു നിരന്തരം ഭക്തദാനം ചെയ്തതായി പഴയ ദ്രാവിഡഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചു കാണുന്നുണ്ട്.

ഈ മഹത്തായ സൽപ്രവൃത്തിമൂലം അദ്ദേഹത്തെ അന്ന് പെരുംചോററുദയൻ എന്നു വിളിച്ചുവന്നതായ് ചിലപ്പതികാരം ഘോഷിക്കുന്നുണ്ട്. ഇതിൽനിന്നും ചേരനാട്ടിന്റെ അക്ഷയശ്രീയും ചേരമാൻപെരുമാക്കന്മാരുടെ അത്യധികദാതൃത്വമഹിമയും നമുക്ക് കരതലാമലകംപോലെ സുവ്യക്തമാകുന്നുണ്ട്. ധൎമ്മരാജാവായ ധർമ്മപുത്രരുടെ കാലംമുതൽക്കേ ഇതു ഒരു ധർമ്മരാജ്യമായിത്തന്നെ വിളങ്ങിയിരുന്നു എന്നുള്ളതിനു ഈ സംഗതി ഒരു പരമോത്തമമായ ദൃഷ്ടാന്തമാകുന്നു.

ഇന്നേയ്ക്കു രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഭാരതഖണ്ഡത്തിന്റെ ഏറിയപങ്കുതിയും ആണ്ടുവന്നിരുന്ന അശോകചക്രവൎത്തിയുടെ കാലത്തിൽപോലും ഈ ചേരമാൻ പെരുമാക്കന്മാർ ഏത്രയും നിസ്തുലമായ കീൎത്തിയോടും അസാമാ

ന്യമായ പ്രൌഢിയോടും അത്യധികമായ പ്രാഗത്ഭ്യത്തോടും സ്വപ്രജകളിൽ അന്യൂനമായ അനുരതിയോടും രാജ്യം ഭരിച്ചുപോന്നിരുന്നുവെന്നും അന്നും തമിഴകത്തിൻെറ ഒരു മുഖ്യ അംശമായ ചേരലം (കേരളം) അശോകൻെറ ഭരണാധികാരത്തിൻകീഴ് ഉൾപ്പെട്ടിരുന്നില്ലെന്നും കാണുമ്പോൾ തന്നെ ആ രാജകേസരികളുടെ മാഹാത്മ്യം എത്രത്തോളമാണെന്നു നമുക്ക് നിരങ്കുശം നിർദ്ധാരണം ചെയ്യാവുന്നതാണ്.

---

## അദ്ധ്യായം. ൨

### സഹോദരസ്നേഹം.

അത്യത്ഭുതം കീത്തിമാന്മാരായ ചേരചക്രവത്തികളിൽ ഒരുവനായിരുന്ന ഹിമയവരമ്പൻ നെടുംചേരലാതൻ. അദ്ദേഹം വഞ്ചിമഹാനഗരത്തെ തലസ്ഥാനമാക്കി രാജ്യം വാണുവന്നു. ആ ചക്രവത്തി കൈയ്യൂക്കും മെയ്യൂക്കും വദ്ധിച്ച ഒരു പ്രസിദ്ധരണശൂരനായുമിരുന്നു. ആ രാജശാർദ്ദൂലൻ ഹിമാചലപര്യന്തം പടയെടുത്തുചെന്നു സ്വന്തം വീരപരാക്രമങ്ങളെ പ്രകടിപ്പിച്ച് അത്യുഗ്രയോധിയായ് ഉത്തരദേശത്തിൽ വിജയക്കൊടി നാട്ടിയവനായതുകൊണ്ട് "ഹിമയവരമ്പൻ" എന്ന അഗ്രിമമായ അന്വത്ഥകീത്തിനാമത്തേയും സമ്പാദിച്ചു.

ആ മഹാരാജപര്യന്ന ചെങ്കുട്ടവൻ എന്നും ഇളങ്കോവ് എന്നും അനർഘന്മാരായ രണ്ടു് ആത്മജന്മാർ അചിരേണ ജാതന്മാരായി. അവർ ഉത്തമ രാജലക്ഷണസമ്പൂർണ്ണന്മാരായ് ഉൽഫുല്ലസുമം പോലെ ഉൽബണമായ കീത്തിസൌരഭ്യത്തോടെ ഉത്തരോത്തരം പ്രശോഭിച്ചു. അശ്വാരോഹണം, ഗജാരോഹണം ആദിയായവ അഭ്യസിച്ച് ഉൽകൃഷ്ടരാജകേസരികളായും ഉച്ചൈസ്തരം വിളങ്ങി. വിദ്യാഭ്യാസ വിഷയത്തിൽ അതി കേമന്മാരായും അധിതീയന്മാരായും ഭവിച്ചതു കൂടാതെ അതിൽ അവിരളമായ പ്രാവീണ്യത്തേയും സമ്പാദിച്ചു. സ്വപുത്രന്മാരുടെ കുശാഗ്രബുദ്ധി

യേയും സുവിശേഷമായ സകലകലജ്ഞാനാഭിവൃദ്ധിയേയും അമാനുഷമായ ധീരവീരപരാക്രമ പ്രൌഢിയേയും വീക്ഷിച്ചു ചേരലാതൻ അത്യധികം സന്തോഷ നിമഗ്നനായിത്തീൎന്നു.

ഒരു ദിവസം ആ രാജഷഭൻ തന്റെ വാത്സല്യഭാജനങ്ങളായ ആ രണ്ടു കുലാങ്കുരങ്ങളെയും നന്നായ് അലങ്കരിപ്പിച്ചു് ശ്വേതവൎണ്ണങ്ങളായ ശ്ലക്ഷ്ണശിലകളാൽ നിൎമ്മിതങ്ങളും മഹത്തുകളും ആയ സ്തംഭവിശേഷങ്ങളെക്കൊണ്ടു് അലംകൃതമായ സ്വന്തം ആ സ്ഥാനമണ്ഡപത്തിലേക്കു ആഭോഗാനന്ദം ആനയിച്ചുകൊണ്ടുവന്നു. പിതാവായ രാജവൎയ്യൻ അനൎഘരത്നങ്ങളെക്കൊണ്ടു് ജാജ്വല്യമാനമായ സ്വന്തം സിംഹാസനത്തിൽ ഉപവിഷ്ടനായശേഷം അദ്ദേഹത്തിന്റെ ഹൎയ്യക്ഷാസനത്തിനു തുല്യമായി ഉപകണ്ഠത്തിൽ അത്യലംകൃതമായി ഒരുക്കിയിട്ടിട്ടുണ്ടായിരുന്ന മററു രണ്ടു മനോഹരവിഷ്ടരങ്ങളിന്മേലും ആ രണ്ടു യുവകേസരികളും അഭിപ്രീതിയോടെ ആസ്ഥിതന്മാരായി. അവർ ആ മഹാരാജാവിന്റെ ഉഭയപാൎശ്വങ്ങളിലും ആസനസ്ഥന്മാരായെഴുന്നെള്ളിയിരുന്ന സമഗ്രവും രമ്യവുമായ കാഴ്ച പ്രേക്ഷകന്മാരുടെ മനസ്സിനെ ആകമാനം ആകൎഷിച്ചു. ചേരലാതൻ ആ സ്ഥാനമണ്ഡപത്തെ പ്രാപിച്ചു ഉടൻതന്നെ അദ്ദേഹത്തിന്റെ ഉഭയപാൎശ്വങ്ങളിലും പംക്തികളായി സ്ഥിതിചെയ്തിരുന്ന മന്ത്രിപ്രധാനികളും സേനാധിപന്മാരും സാമന്തന്മാരും ഇടപ്രഭുക്കളും സ്വസ്ഥാനങ്ങളിൽ നിന്നും ഭക്ത്യാദരപുരസ്സരം ഉത്ഥാനം ചെയ്തിട്ടു മുറയ്ക്കു ആ തിരുമേനിയെ അവനതവദനന്മാരായി അഭിവാദ്യം ചെയ്തു. ആ സമയം

വന്ദികൾ സ്തുതിഗാനം മുഴക്കി. കൊട്ടാരവാതുക്കൽ പെരുമ്പറ, കാഹളം ആദിയായ അരമനവാദ്യങ്ങളുടെ ആരവം തെരുതെരെ ഗംഭീരമായ് മുഴങ്ങി. ചക്രവത്തി സ്വന്തം രാജ്യകാൎയ്യങ്ങളിൽ പ്രവേശിച്ചു് അക്ഷോഭ്യനിശ്ചയനായി ഓരോ സംഗതികളും അതിഭംഗിയായും കാൎയ്യക്ഷമമായും സഗൌരവം നടത്തിത്തുടങ്ങി. തദനന്തരം ചക്രവത്തി ഈഷന്നമിതവക്ത്രനായി സ്വാസ്വീകരണ സൂചകമായ അവരുടെ സപ്രശ്രയബുദ്ധിയെ അനുപദം ആദരിച്ചുംകൊണ്ടു് സ്മിതപ്രൌഢിയോടെ ആ സഭയെ ഒന്നു മന്ദമായ് നിർവ്വൎണ്ണനം ചെയ്തു. അപ്പോൾ അവിടെ സമാഗതന്മാരായിരുന്ന സഭാവാസികളിൽ ഒരു വിപ്രശ്നികൻ പൊടുന്നനെ എഴുന്നേററു കൊച്ചു തിരുമേനികളായ ചെങ്കുട്ടവനേയും ഇളങ്കോവിനെയും മാറിമാറി പ്രത്യംഗം വീക്ഷിച്ചിട്ടു് എന്തോ ഉച്ചരിക്കുവാൻ ഭാവിച്ചവനെന്നപോലെ അരക്ഷണം മിണ്ടാതെ നിന്നു. അനന്തരം അവൻ ചേരചക്രവത്തിയെ നതശിരസ്കനായി വന്ദിച്ചിട്ടു് കേവലം ധൃഷ്ടനായി ഈദൃശം ഉദീരണം ചെയ്തു.

“അമേയവീൎയ്യവാനായ ഹേ മഹാരാജവൎയ്യാ! അവിടത്തെ ഇരു പാൎശ്വങ്ങളിലും ആസന്നസ്ഥന്മാരായ് സ്ഥിതിചെയ്യുന്ന ഈ യുവരാജകേസരികൾ അവിടത്തെ വാത്സല്യസന്താനങ്ങളാണെന്നു് അടിയന്റെ പഴമനസ്സിൽ അങ്കുരിക്കുന്നു. എന്നാൽ ഇവരിൽ കനിഷ്ഠനായ കൊച്ചുതിരുമേനിയിങ്കൽ മാത്രമേ ഉത്തമരാജലക്ഷണങ്ങൾ സംപൂൎണ്ണങ്ങളായി ലക്ഷീഭവിച്ചു തിളങ്ങുന്നുള്ളു. അവിടത്തെ കാലശേഷം ഈ ഇളയ തിരുമേനി മാത്രമേ ഈ നാട്ടിലെ നാഥ

നായ് ഭവിക്കുകയുമുള്ളൂ" എന്നു സവിനയം തിരുമനസ്സുണ ർത്തിച്ചു. സഭാവാസികളെല്ലാം ജ്യോതിശ്ശാസ്ത്രാദന്തതെത്ത ആക ർണ്ണനം ചെയ്തിട്ട് അത്യധികം വിസ്മയാകുലന്മാരായി. എന്തോ ക്രമാതീതമായ വിഹ്വലതമൂലം അവരുടെ മനസ്സ പൂർവ്വാധികം വ്യാമോഹിച്ചു, അവർ അനന്തരം ചേരമാൻ പെരുമാളെയും കുമാരന്മാരെയും മാറി മാറി അക്ഷമന്മാരാ യി ക്ഷണനേരം വീക്ഷിച്ചുനിന്നു. മഹാരാജാവംകട്ടെ അശ നിപാതമേററ അലംബുസമെന്നപോലെ കേവലം നിശ്ച ലനായും തൂഷ്ണീകനായുമിരുന്നുപോയി. എന്നിട്ട് അദ്ദേഹ ത്തിൻെറ മുഖം ക്രമേണ മ്ലാനമായിത്തുടങ്ങി. ചെങ്കുട്ടുവ ൻെറ വക്ത്രകമലം അചിരേണ കരിഞ്ഞുംതുടങ്ങി. ഇതി നിടയ്ക്കു ബാലനായ ഇളംകോവൻെറ നേത്രങ്ങൾ അത്യുഗ്രം അരുണിതങ്ങളായി. ഭ്രൂവല്ലികൾ ക്രമത്തിലധികം കുടില ങ്ങളായി ലലാടോത്തരപ്രാന്തത്തെ അവിരളം തലോടി. ശരീരം തെരുതെരെ നന്നായ് വീത്തു. ചൊടികൾ തുടുതു ടായമാനമായി വിറച്ചുതുടങ്ങി. അധരം എന്തോ ഉച്ചരി ക്കുന്നതിനായി മൂന്നുനാലുരു ചെറുതൊന്നിളകി. എഴുന്നേ ല്ക്കാൻ വട്ടം കൂട്ടുകയും ഝടുതിയിൽ എണീററുനിന്നുകൊ ണ്ടു് വിവർണ്ണവദനനായി അത്യാമർഷത്തോടും ജുഗുപ്സയോ ടുംകൂടി ആ ജ്യൌതിഷികനെ ഒന്നു തുറിച്ചുനോക്കി ഇപ്രകാ രം ആക്രോശനം ചെയ്തു:

"എടോ! ബുദ്ധിഹീനനായ ജ്യോതിഷക്കാരാ! താൻ എന്താണ് അവിമർശ്യമായി വികത്ഥനം ചെയ്തതു്? എടോ! താൻ ഏററവും പ്രമാദമായ നികൃഷ്ടവചനങ്ങളെ കേവലം ഉദ്ധതനായി ഉദീരണംചെയ്തല്ലൊ. കഷ്ടം! എന്നിൽ

എന്തു രാജലക്ഷണങ്ങളേയാണു താൻ വീക്ഷിച്ചതു്? എന്റെ പ്രാണപ്രിയനായ അഗ്രജനിൽ ദൃശ്യമാകാത്ത എന്തെല്ലാം ലക്ഷണവിശേഷങ്ങളെയാണു് താൻ എന്നിൽ നിഗൂഢമായി ദർശിച്ചതു്? തന്റെ അകക്കരളിൽ അങ്കുരിച്ചതുപോലെയെല്ലാം താൻ ഏററവും അപകരമായ് ജല്പിച്ചവല്ലോ. അങ്ങു് ഉൽഘോഷിച്ച ഉപക്രമങ്ങൾ ഉപലഭ്യങ്ങളാണോ? എടോ! താൻതന്നെ ഒന്നു ആലോചിച്ചു നോക്കുക. ഹേ! നീചാ! ജ്യേഷ്ഠപുത്രനിരിക്കെ കനിഷ്ഠൻ പട്ടാഭിഷിക്തനായി രാജ്യംഭരിച്ചുവെന്നു അങ്ങു എവിടെയെങ്കിലും ദർശിച്ചതും ശ്രവിച്ചതുമുണ്ടോ? ഹേ! ദുഷ്ടാ! ശ്രീരാമചന്ദ്രന്റെ പുണ്യചരിതം നിനക്കു ഓർമ്മയില്ലെന്നുവരുമോ? കഷ്ടം! ഞാൻ പറയുന്നതിനെ ഒന്നുസശ്രദ്ധം ആകർണ്ണനം ചെയ്താലും എടോ! ശ്രീരാമൻതന്റെ സ്വന്തം ജനയിത്രിയായ കൌസല്യാ ദേവിയുടെ സവിധത്തിൽ അഭ്യാഗമിച്ചിട്ടു അദ്ദേഹം അവരോടായ് ഏററവും വിനയാദരപൂർവ്വം "അമ്മാ! അവരജനായ ഭരതൻ നാളെ അയോദ്ധ്യയ്ക്കു അരചനാകാൻ പോകുന്നുണ്ടു്. എന്നാൽ ഈ ഞാൻ വനത്തിലേക്കു നിർഗ്ഗമിക്കുന്നുണ്ടു്. എന്നു സുസ്മിതവദനനായി അത്യന്തം അഭിപ്രീതിയോടെ അരുളിച്ചെയ്തപ്പോൾ പരമസാദ്ധ്വിയായ ആ മാതൃമണി അദ്ദേഹത്തോടു് എന്താണു പ്രവചിച്ചതു്? എന്നു നിനക്കറിയാമോ? ആ സാദ്ധ്വി സുകുമാരകളേബരനായ ശ്രീരാമചന്ദ്രനെ സാകൂതം വീക്ഷിച്ചിട്ടു സമഞ്ജസമായി "അല്ലയോ പൈതലേ! ഭരതൻ നാടാളാൻ പോകുന്നതിൽ ഞാൻ ഞാനത്യധികം ആമോദിക്കുന്നുണ്ടു്? എന്തുകൊണ്ടെന്നാൽ അവൻ ഭൂമദ്ധ്യപാതാളമെന്നീ ത്രിഭുവനങ്ങളിലും നിവസിക്കുന്ന സ

കല ജനങ്ങളേക്കാളും ഉൽകൃഷ്ടനും സർവ്വസൽഗ്ഗുണ സമ്പൂർണ്ണനും സകലജനാരാദ്ധ്യനും നിന്നേക്കാൾ ശതഗുണം ഉത്തമഗുണ പരിഭൂഷിതനുമാണു്. എന്നാലും ജ്യേഷ്ഠപുത്രനായ നീ ജീവിച്ചിരിക്കുമ്പോൾ കേവലം കനിഷ്ഠനായ അവൻ പട്ടാഭിഷിക്തനായി രാജ്യപരിപാലനം ചെയ്യുന്നതു് നിൻെറ വർഷീയാനായ പിതാവിൻെറ നാണീയസ്സായയശസ്സിനും ഈ പരമപാവനമായ സൂര്യ്യകുലമഹിമയ്ക്കുംമാറാക്കളങ്കമായിത്തീരുമല്ലോ.ഇതുപര്യ്യന്തം ആരും ഇപ്രകാരം അനുവർത്തിച്ചിട്ടുമില്ലല്ലോ? മുറയില്ലാത്ത ഈകാര്യ്യത്തെ പരമധർമ്മിഷ്ഠനും പ്രഥിമമനസ്കനുമായ നിൻെറ പിതാവു എങ്ങനെ ചെയ്യാൻ അനുവദിച്ചു?" എന്നെല്ലാമരുളിച്ചെയ്തതു നിനക്കറിവില്ലേ. ഹേ! മനുഷ്യാധമാ! സ്വപ്നത്തിൽ കൂടിയും വിചാരിക്കാൻ പാടില്ലാത്തതും അതിനീചവും അപക്രോശസൂചകവും മഹാപാപകരവും നിതരാംഭത്സിതവുംആയ ഈ അപലാപങ്ങളെ അല്പംപോലും അനുസരിച്ചു നടക്കുന്നവരല്ല ഈ ചേരകുലരാജാക്കന്മാർ എന്നുള്ളതിനെ ഞാൻ ഇതാ നിന്നോടു നിഷ്കർഷമായി നിർവചിച്ചുകൊള്ളുന്നു. ഞങ്ങൾ ധർമ്മസരണിവിട്ടു ഈഷന്മാത്രമെങ്കിലും വ്യതിചലിച്ചു നടക്കാൻ മുതിരുന്നവരല്ല" എന്നു പറഞ്ഞു സ്വല്പം വിരമിച്ചു.

ഇളംകോവുപറഞ്ഞ അത്യമർഷസൂചകങ്ങളായ നിർഭത്സനങ്ങളെ ശ്രവിച്ചിട്ടു് ജ്യോത്സൻ അത്യധികം ഭയാക്രാന്തനാവുകയും ക്ഷണനേരത്തേക്കു ഒന്നുംതോന്നാതെ കേവലം ചിന്താഗ്രസ്തനായി അവാങ്മുഖനായി അന്ധാളിച്ചുനില്ക്കുകയും ചെയ്തു. തൻെറ ഹൃദയചഷകത്തിൽനിന്നും നിഷ്ക്രമിച്ചതിനെ നിർമ്മാർജ്ജനംചെയ്യാതെ പ്രവചിച്ചതു് ഇളം

കോവിനു ക്രോധാവേശത്തെ ഉണ്ടാക്കിയെന്നുള്ള വസ്തുതയെ ആ അവിമർശ്യകാരി നല്ലതിന്മണ്ണം ഗ്രഹിച്ചു. തന്മൂലം അയാരം അത്യധികം പശ്ചാത്തപിച്ചിട്ട് അനുക്ഷണം ആ യുവരാജാവിനെ അനാദൃകതനായ് വീക്ഷിച്ചുംകൊണ്ടു് "അല്ലയോ പൊന്നുതിരുമേനി! തിരുമനസ്സിലെ അംഗലക്ഷണങ്ങളെ കണ്ടിട്ടു് അടിയൻെറ പഴമനസ്സിൽ ഉദ്ഭൂതമായതിനെ അടിയൻ ഏതോ ഉദ്വേഗംനിമിത്തം അറിയാതെ ഉൽബണമായുദീരണംചെയ്തുപോയതാണു്. അതിനാൽ അവിടുന്നു അടിയനിൽ ക്രോധാവേശനായ് ഭവിക്കരുതു്. അതവിടത്തേക്കു അത്ര ഒരു കുപ്രിയമായ കുററപ്പാടാണെന്നു തോന്നുന്നാപക്ഷം ഈ സാധുവിനു മാപ്പുതന്നു രക്ഷിപ്പാറാകണം" എന്നു പറഞ്ഞുനിന്നു.

അപ്പോരം ഇളംകോവു എഴുന്നേററുനിന്നു് "ഹേ! ഗണകാ! എന്നിൽ ശ്രേഷ്ഠങ്ങളായ രാജലക്ഷണങ്ങരം യാതൊന്നുംതന്നെയില്ല. എന്നാൽ അനർഘനായ ഒരു സന്യാസിക്കുള്ള ലക്ഷണങ്ങളും എന്നിൽ സംപൂർണ്ണങ്ങളായ് തിളങ്ങുന്നുമുണ്ടു്. അതിനാൽ ഞാൻ സന്യാസത്തെ സാമ്പ്രതം അവലംബിക്കാൻ സന്നദ്ധനായിരിക്കയാണു്. ഗാർഹസ്ഥ്യം ഒരിക്കലും എനിക്കു സമഗ്രമായ ആത്മസുഖത്തെ പ്രദാനം ചെയ്യുന്നില്ല. ആയതുകൊണ്ടു് ഈ നിമിഷംതന്നെ ഞാൻ ഒരു സന്യാസിയാകാൻ സ്വമനസ്സാലെ നിർമ്മമനായ് നിർദ്ധാരണം ചെയ്തിരിക്കുന്നു. ഇതു് സത്യം സത്യം. എന്നു് സമസനമായ് പറഞ്ഞവസാനിച്ചു.

ഇളംകോവിൻെറ നിർവ്യളീകമായ വീരശപഥത്തെ വിശ്രവിച്ചിട്ടു് ആ സഭാവാസികരം അനുവേലം വിസ്മയഭ

രിതന്മാരായി. അവർ ഇടിനാദം കേട്ട ഉരഗിയെന്നവണ്ണം ഉരുതരം നടുനടുങ്ങി. എന്താശ്ചര്യം! നമ്മുടെ യുവരാജാവ് അല്പമെങ്കിലും പര്യാലോചന ചെയ്യാതെ കേവലം അസമീക്ഷ്യകാരിയായി ഈദൃശമായ കൃച്ഛ്റവ്രതത്തെ കൈക്കൊണ്ടുവല്ലൊ. ഭീഷ്മർ ശന്തനുമഹാരാജാവിന്റെ അഭിലാഷസാദ്ധ്യത്തിലേക്കായി പണ്ട് ഈദൃശം സന്യസിച്ചു. ആ ഭീഷ്മൎക്കു തുല്യനായി പ്രശോഭിക്കുന്നു നമ്മുടെ യുവരാജാവ്;" എന്നു വിചാരിച്ചു കേവലം മൌനം ഭീക്ഷിച്ചു.

സ്വപുത്രന്റെ വ്യാമോഹസൂചകമായ വ്യാഹൃതികളെ ആകൎണ്ണനം ചെയ്തിട്ട് മഹാരാജാവ് അത്യധികം ക്ലേശിച്ചു. അദ്ദേഹത്തിന്റെ നേത്രപുടങ്ങളിൽനിന്നും കണ്ണുനീർ അരുവിപോലെ ചൊരിഞ്ഞുതുടങ്ങി. തദനന്തരം അദ്ദേഹം ഇളംകോവിനെ നിൎന്നിമേഷനായ് സ്വല്പനേരം നിരീക്ഷണം ചെയ്തിട്ട് ഇപ്രകാരം ഉദീരണം ചെയ്തു. "അല്ലയോ മതിമാനായ മകനേ! നീ എന്തു കാൎയ്യമാണ് ഇപ്പോൾ ചെയ്വാൻ ആരംഭിച്ചതു്? അല്പമെങ്കിലും മനസ്സിരുത്തി പൎയ്യാലോചിക്കാതെ കേവലം ഒരു ജോത്സ്യൻ ജല്പിച്ച അസാംഗത്യവും അപഹാസ്യവുമായ നിരത്ഥവചനങ്ങളെ ശ്രവിച്ചിട്ട് കേവലം ആന്ധ്യതനിമിത്തം കോപാന്ധനായി പെട്ടെന്ന് ഇപ്രകാരം സന്യസിക്കാൻ മുതിരുന്നതു മുറയാണോ? രാജാവായിട്ടു മുടിചൂടി രാജ്യം ഭരിക്കാൻ മനസ്സില്ലാത്തവനാണെങ്കിൽ കേവലം ഒരു ഗൃഹസ്ഥാശ്രമിയായിട്ടെങ്കിലും നിനക്കു ജീവിതം നയിച്ചുകൂടെന്നുണ്ടോ? നിന്റെ അഗ്രജനു പിൻതുണയായിരുന്നു രാജ്യഭരണവിഷയത്തിങ്കൽ

അവന് ആവശ്യമുള്ള സഹായസഹകരണങ്ങൾ ചെയ്തു നിവസിച്ചുകൂടയോ? വാത്സല്യഭാജനമായ ഹേ! കുമാരാ! മഹാകഠിനമായ ശപഥം ചെയ്തല്ലോ നീ. ഹാ! കഷ്ടം. എന്നു പറഞ്ഞു് ഏററവും മനസ്താപത്തോടെ ആവീരത കണ്ണുനീർ ചൊരിഞ്ഞുനിന്നു.

ഇളംകോവ്വ് സപിതാവിനെ നമസ്കരിച്ചുകൊണ്ടു് പ്രിയപിതാവേ! അടിയൻ അവിടന്നു കല്പിക്കുംപോലെ അനവസരമായും അവിമർശ്യമായും യാതൊന്നുംതന്നെ പ്രവത്തിച്ചില്ല. അവിടത്തെ തിരുവുള്ളം കലുഷമാകരുത്. നല്ലതിന്മണ്ണം അവധാരണം ചെയ്തിട്ടെ അടിയൻ ഈവിധം പ്രവചിച്ചുള്ളു. അടിയൻ വിടകൊള്ളുന്നതിനെ തിരുമനസ്സുകൊണ്ടു് ആകർണ്ണനം ചെയ്തരുളിയാലും! കാമക്രോധാദ്യരിഷഡ്വർഗ്ഗത്തെ അമത്തുന്നവനാണു്, ഉത്തമനായ ഒരു ജയവീരൻെറ കിരീടധാരണത്തിനു് അവകാശിയായിത്തിരുന്നതു്. അവൻതന്നെയാണു് ആ ജയചിഹ്നത്തെ തൻെറ മകുടത്തിൽ ചൂടുവാൻ യോഗ്യനായ മഹാത്മാവു്. അനവധി സഹസ്രം ആളുകളെ ആയോധനത്തിൽ ജയിക്കുന്നവനേക്കാൾ ആത്മജയം നേടിയ യതിവരനാണു് അതുല്യം യോഗ്യനായിട്ടുള്ളവൻ. അതുകൊണ്ടു് അല്ലയോ പ്രിയപിതാവേ! യോഗപഥത്തിൽ ചരിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന അടിയൻെറ അഭിലാഷത്തെ മിഥ്യയാക്കരുതേ! എന്നെ അധിക്ഷേപിക്കരുതേ! പ്രവൃത്തികളുടെ അതിദീർഘമായ ഭാവിയിലുണ്ടാകുന്ന ഫലങ്ങളെ മുമ്പിൽക്കൂട്ടി കാണുവാൻ കഴിവുള്ള ഭവാദൃശന്മാക്കു് ആ യോഗചര്യയുടെ ഔചിത്യ

ത്തെപ്പററി പ്രത്യേകം പറഞ്ഞിട്ടാവശ്യമില്ലല്ലോ. നാം എല്ലാവരും കർമ്മഫലാനുഭവത്തിനു് അർഹന്മാരായതുകൊണ്ടു് വിതച്ചതേ കൊയ്യുകയുള്ളു. അന്യന്മാരിൽനിന്നുണ്ടാകുന്ന ആകസ്മികമായ കാരണങ്ങളാൽ മാത്രമേ തങ്ങളിൽ ലീനമായിരിക്കുന്ന ആത്മശക്തികൾ പ്രകാശിക്കുകയുള്ളൂ. മേലും അവിടന്നു എന്നോടു ഒരു ഗൃഹസ്ഥാശ്രമിയായി ജീവിക്കരുതോ എന്നു സകരുണം കല്പിച്ചല്ലോ? ഒരു പത്നിയെ വേളികഴിച്ചു സർവ്വാമയ സങ്കുലമായ ഗാർഹസ്ഥ്യവൃത്തിയിൽ ജീവിതം നയിക്കുന്നതിൽ അശേഷം സുഖമുള്ളതായി അടിയൻെറ ഇളമനസ്സിൽ കരുതുന്നില്ല. അതുകൊണ്ടാണു ഞാൻ ഈവിധം സന്യസിക്കാൻ തീർച്ചയാക്കിയതു്. മേലും ഈ എൻെറ പ്രിയപ്പെട്ട ജ്യേഷ്ഠനോടുകൂടി നിവസിക്കാൻ അവിടന്നു എന്നോടു അഭിപ്രതിയോടെ അഭിനിയോഗിച്ചല്ലോ? പലദുഷ്ടന്മാരും ഈ സാധുവിൻെറ അടുത്തുപററികൂടി എൻെറ അടിജ്ഞാനത്തെ അഭാവപ്പെടുത്തി, എനിക്കും എൻെറ പ്രിയ സോദരനുതമ്മിൽ ഈ അല്പ സംഗതിയെ അടിസ്ഥാനമാക്കി ഒരു കാലത്തു് അതുലമായി അത്യാഹിതത്തെ ഉണ്ടാക്കിയെന്നും വന്നേക്കാം.. ഒരിക്കലും കലങ്ങാത്ത എൻെറ ഹൃദന്തം ചിലപ്പോൾ കലങ്ങിയെന്നുംവരാം. അപ്രകാരം അപഹൃതചിത്തനായി, അറിവുമയങ്ങി എൻെറ പ്രിയപ്പെട്ട ജ്യേഷ്ഠനോടു ഞാൻ മനസ്താപിക്കുന്നതിൽ എന്തുഫലമാണുള്ളതു്? ഇതെല്ലാം ആദിയോടന്തം അനുസ്യൂതമായി പരമാർശിച്ചിട്ടാണല്ലോ അടിയൻ ഈദൃശം സന്യാസം സ്വീകരിക്കാനുറച്ചതു്! ആയതുകൊണ്ടു് എനിക്കേറാവും പ്രിയപ്പെട്ട എ

ൻെറ അപ്പാ! അവിടുന്നു എൻെറ ഈ അപരാധത്തെ അ ത്യന്തകമ്പയോടെക്ഷമിച്ച് അനക്ഷണം മാപ്പുതന്നു എന്നെ അനുഗ്രഹിപ്പാറാകണം;" എന്നുണൎത്തിച്ചിട്ടു സ്വപിതാ വിൻെറ പാദാന്തത്തിങ്കൽ വീണു സാഷ്ടാംഗം പ്രണമിച്ചു.

അതുവരെ നടന്ന സംഭവങ്ങളെല്ലാം സശ്രദ്ധം ശ്രവി ച്ചുകൊണ്ടിരുന്ന ചെങ്കുട്ടവൻ തൻെറ അവരജൻ തന്നോടു പ്രകടിപ്പിച്ച അമിതമായ ഭക്തിയേയും ആദരവിനേയും എ ണ്ണിയെണ്ണി അത്യാനന്ദ പരിപൂരിതനായി. എന്താശ്ച ൎയ്യം! ഈ ലോകത്തിൽ ഇപ്രകാരമുള്ള ഒരു സഹോദരൻ ആൎക്കെങ്കിലും ലഭ്യമാകുമോ? ശ്രേഷ്ഠ ഗുണങ്ങളും സൂക്ഷ്മ ബുദ്ധിയും വിപുലമായി ജ്ഞാനവും വിശാല ഹൃദയവും ഉള്ള ഒരു വീരപുരുഷനെ സ്വന്തം സോദരനായി ലഭിക്കാൻ ഞാനതീതജന്മങ്ങളിൽ അനവരതം അതിമഹത്തായ തപ സ്സുകൾ അനുഷ്ഠിച്ചിട്ടുണ്ടായിരിക്കാം. എൻെറ ഭാഗ്യമേഭാ ഗ്യം" എന്നുവിചാരിച്ച് അത്യധികം സന്തോഷിച്ചു. അദ്ദേഹത്തിൻെറ നേത്രാന്തങ്ങളിൽനിന്നും ആനന്ദബാഷ്പം അചിരേണ പൊഴിഞ്ഞുതുടങ്ങി. ചെങ്കുട്ടവൻ ഇളംകോ വിനെ തൻെറ രണ്ടു കൈകൊണ്ടും മുറുകെപ്പിടിച്ച് മാ റോടണച്ച് പരിരംഭണംചെയ്തുകൊണ്ട് "ജീവതുല്യനായ സഹോദരാ! ജീവകാരുണ്യം പരിശുദ്ധജീവിതം നിഷ്കളങ്ക വിചാരം അമിതമായ ഗുരുജനഭക്തി ഇവയെല്ലാം ഒന്നു പോലെ മേളിച്ചു വിളങ്ങുന്നവനായ നിന്നെ സ്വന്തം സോ ദരനായി ലഭിച്ച എനിക്കു യാതൊരുവിധമായ ഹാനിയും വരാനില്ല. ഞാൻ പൂൎവ്വജന്മങ്ങളിൽ അനവധി സുകൃത

ങ്ങളും അനുവർത്തിച്ചിട്ടുണ്ടെന്നുതന്നെ അനുമാനിക്കാം. അപ്പനേ! നിൻെറ മനോരഭിഷ്ടപ്രകാരം ഞാൻ രാജാവായി രാജ്യഭരണം നടത്തിക്കൊള്ളാമെന്നുവരികിലും നീ അശ്രാന്തം എന്നെവിട്ടു അകലാതിരിക്കണം. നിൻെറ വിരഹം എൻെറ അസ്വനിയമത്തിനുകൂടിയും അവ്യവഹിതമായ അലതിയെ ഉണ്ടാക്കിയെന്നും വരാം. നിന്നെവിട്ട് അരക്ഷണമെങ്കിലും അകന്നുവസിച്ചാൽ എൻെറ ഈ ജീവിതം കേവലം നിരഭിസന്ധിയാകും. ആയതു് സഹിക്കാൻ എനിക്കൊട്ടുംതന്നെ ശേഷിയോ, ശേമുഷിയോ ഇല്ല. അതെനിക്ക ഒരു തീരാഭാരവുമാണു്. നമ്മുടെ വംശം എന്നെന്നേയ്ക്കും സുപ്രശസ്തിയോടെ ശോഭിക്കണമെങ്കിൽ അല്ലാ പ്രശോഭിക്കണമെങ്കിൽ നീ എന്നെവിട്ടു മറെറങ്ങോനും മാറാതിരിക്കണം. നിൻെറയും എൻെറയും പദവി എത്ര ഭിവീയസിയാണു്. നീതന്നെ ഒന്നാലോചിച്ചുനോക്കുക. ആയതുകൊണ്ടു് എൻെറ ജീവതുല്യനായുള്ളോവേ! നിൻെറ ഈ സാധുവായ ജ്യേഷ്ഠൻെറ അഭിലാഷത്തെ നീ അചിരേണ സാധിച്ചുതന്നാലും," എന്നുമാത്രം പറഞ്ഞു.

അതിനു മറുപടിയായി അതുവരെയും വാചംയമിയായി സ്വജ്യേഷ്ഠോദന്തത്തെ അതിഭക്തിപുരസ്സരം കേട്ടുകൊണ്ടിരുന്ന ഇളംകോവു ചെങ്കുട്ടവനെനോക്കി "അല്ലയോ ആര്യപുത്രാ! "ജ്യേഷ്ഠഭ്രാതാപിതൃസമഃ" എന്നാണല്ലോ 'ആപ്തവാക്യം. അതിനെ ഉല്ലംഘിച്ചു നടക്കുന്നവനല്ല ഞാൻ. അവിടത്തെ അഭിപ്രായംപോലെ എല്ലായ്പോഴും അവിടത്തോടുകൂടിത്തന്നെ നിവസിച്ചു്, അടിയൻ—എൻെറ ജീവി

അശേഷം നയിച്ചുകൂട്ടാം അവിടന്നു ഒട്ടുംതന്നെ ആയാസപ്പെടേണ്ട." എന്നു വാഗ്ദാനം ചെയ്കയും ഉടനടി സത്യപരിപാലനാൎത്ഥം സന്യാസം സ്വീകരിക്കയും ചെയ്തു. അന്നു മുതൽ സകലജനങ്ങളും ഇളംകോവിനെ ഇളംകോവടികൾ എന്നു വിളിച്ചുവന്നു. അദ്ദേഹം കൊച്ചിരാജ്യത്തുള്ള തൃക്കണാമതിലകം എന്ന ക്ഷേത്രത്തിൽ ആവസിച്ചുവന്നതായി ഐതിഹ്യം വിവക്ഷിക്കുന്നുണ്ടു്. ഇതിനു അന്നു ഗുണവാതിൽഗോഷ്ഠം എന്ന ഒരപരനാമവുമുണ്ടായിരുന്നു.

---

## അദ്ധ്യായം ൩.

---

### ചെങ്കുട്ടവൻ നടത്തിയ യുദ്ധങ്ങൾ.

ചെങ്കുട്ടവപ്പെരുമാൾ യൌവനയുക്തനായി രാജ്യാഭിഷിക്തനാകാൻ തക്ക പ്രായപൂർത്തി വന്നപ്പോൾ എന്തോ കാരണാവശാൽ ഒരിക്കൽ പിതാവായ നെടുംചേരലാതനും ചോളരാജാവായ പെരുനക്കിള്ളിയും തമ്മിൽ അതിഭൈരവമായ ഒരു സംപ്രഹാരത്തിനൊരുമ്പെട്ടു. ഒരു ഘോരസമരാങ്കണത്തിൽവെച്ച് ഇരുകക്ഷികളും പരസ്പരം അഭിമുഖന്മാരായി നിന്നു അത്യധികമായ അഭിനിവേശത്തോടെ അത്യുഗ്രമായി അഭിമർദ്ദനം നടത്തുകയും അവസാനത്തിങ്കൽ അതിഭീകരങ്ങളായ അസ്ത്രനിപാതത്താൽ അവർ രണ്ടുപേരും അപാസുക്കളായി അവിരളമായ യശസ്സോടെ വീരസ്വർഗ്ഗം പ്രാപിക്കയും ചെയ്തു. ചേരലാതൻ നാടുനീങ്ങിയ വർത്തമാനം ശ്രവിച്ച ഉടൻതന്നെ അദ്ദേഹത്തിൻെറ പട്ടമഹിഷിയും, സതീശിരോമണിയും, ചെങ്കുട്ടവൻെറ പ്രിയമാതാവുമായ നൽചോണയെന്നവൾ വീരപത്ന്യോചിതമാംവണ്ണം അഗ്നിപ്രവേശം ചെയ്തുസ്വഭർത്താവിനെ അനുക്ഷണം അനുഗമിച്ച് വീരസ്വർഗ്ഗം പ്രാപിച്ചു. അനന്തരം ചെങ്കുട്ടവമഹാരാജാവു കേരളചക്രവർത്തിയായി അചിരേണ പട്ടാഭിഷേകം ചെയ്യപ്പെട്ടു.

അദ്ദേഹം സ്വപിതാവോടുകൂടി വീരസ്വർഗ്ഗം പ്രാപിച്ചവളും, പരമസാധ്വിയും, വീരവനിതയുമായ മാതൃമണിയേപ്പോലെ ഒരു വീരവിഗ്രഹം നിർമ്മാണം ചെയ്യുന്നതിനു

അനുപദം അവധാരണം ചെയ്തു. താമസംവിനാ താനു ദ്ദേശിച്ചതുപോലെ തന്നെ ഉത്തമവും മസൃണവും ആയ ഒരു കൃഷ്ണശിലയിൽ സ്വമാതൃവിഗ്രഹത്തെ അതിവിശേഷമായ രീതിയിൽ പണികഴിപ്പിച്ച്, അതിനെ ഗംഗാതീരത്തിൽ നീരാടിക്കുകയും സ്വരാജ്യത്തിങ്കൽ കൊണ്ടുവന്നു ഒരു വിശേഷമായ മുഹൂർത്തത്തിൽ പ്രവൃദ്ധാഡംബരപൂർവം അതിൻെറ പ്രതിഷ്ഠോത്സവം നടത്തുവാൻ നിശ്ചയിക്കുകയുംചെയ്തു. അനന്തരം ആരാജർഷഭൻ അതിലേക്കുവേണ്ടി അത്യന്തകനായി ഒരമേയമായ അനീകിനിയോടെ ഉത്തരദിക്കുനോക്കി ഉദ്ഭടമായ ഉല്ലാഷത്തോടെ ഉപക്രമണംചെയ്തു. ഈ ദ്രാവിഡരാജാവിൻെറ ഈദൃശമായ ആഗമനോദ്ദേശ്യത്തെ ആകർണ്ണനം ചെയ്തപ്പോഠംതന്നെ അദ്ദേഹത്തിൻെറ വീരപ്രതാപങ്ങളിൽ സ്വതേ അസൂയാലുക്കളും എന്നാൽ അതിപ്രവീണന്മാരും ആയ അന്നത്തെ ആൎയ്യരാജാക്കന്മാർ അസംഖ്യംപേർ ഒന്നുചേൎന്നു ഒരു പെരുമ്പടകൂട്ടി അദ്ദേഹത്തിനോട് ആയോധനത്തിനൊരുമ്പെട്ടു. ദക്ഷിണാപഥത്തിലെ ഹയ്യക്ഷനെന്നു പ്രശസ്തി നേടിയിരുന്ന ആ രാജപുംഗവൻ ആ മന്നവന്മാരുടെ ഏതാദൃശമായ അപചയവൃത്തിയിൽ അപഹർഷചിത്തനായി, അശേഷം ഭയപ്പെടാതെ ആ അരാതിപക്ഷത്തിൽ അഭിസരന്മാരായി കൂടിയിരുന്ന അയുതക്കണക്കായ ആൎയ്യരാജാക്കന്മാരെയും ആഅമൎത്ത്യതടിനീതീരത്തിൽ വച്ചുണ്ടായ അതിദാരുണമായ സംഗ്രാമത്തിങ്കൽ അപകരുണം തോല്പിച്ച് അനായാസേന വിജയക്കൊടി നേടി ചേരരാജവംശമഹിമയെ അവിടെ എന്നെന്നേയ്ക്കും അതിപ്രഥിതമായി പ്രതിസ്ഥാപിച്ചു.

 12691

ചെങ്കുട്ടവപ്പെരുമാളുടെ അമേയമായ വീരപരാക്രമങ്ങളെ ആസ്വാദിച്ചറിഞ്ഞ അന്നത്തെ ആൎയ്യരാജാക്കന്മാരിൽ പലരും അപകൃഷ്ടചിത്തന്മാരായും കേവലം വേഷപ്രച്ഛന്നന്മാരായും അവിടെ നിന്നും അചിരേണ അപക്രമണം ചെയ്തു: അനന്തരം നമ്മുടെ ചേരചക്രവൎത്തി സ്വമാതൃവിഗ്രഹത്തെ പരിപാവനമായ ജാഹ്നവീതീരത്തിൽ ജലസ്ഥാപനം ചെയ്യിച്ചശേഷം സസുഖം സ്വദേശത്തേക്കു മടങ്ങിയെത്തുകയും ചെയ്തു.

കുറെക്കാലം കഴിഞ്ഞശേഷം എന്തു കാരണവശാലോ ചേരചക്രവൎത്തി ചോളരാജാവിനോടും പാണ്ഡ്യമന്നവനോടും കൊങ്കർചെങ്കളം എന്ന അമർക്കളത്തിൽ വെച്ചു അതിഭയങ്കരമായ ഒരു സംഗ്രാമം നടത്തി. (ഈ കൊങ്കർചെങ്കളം കോയമ്പത്തൂർ, സേലം, ഡിൻഡിഗൽ ഈ ജില്ലകളടങ്ങിയ കൊങ്കുനാട്ടിലുള്ള ഒരു പഴയ പട്ടണമാണു്) ആ സംരംഭത്തിൽ ആ രണ്ടു രാജാക്കന്മാരും പരാജിതന്മാരായി പലായനം ചെയ്തതു കൂടാതെ അവരുടെ പടക്കോപ്പുകളും കൊടിക്കൂറ മുതലായവ രാജചിഹ്നങ്ങളും രഥതുരഗാദി നിരവധി വാഹനങ്ങളും ചെങ്കുട്ടവനു അവിരളം അധീനമാവുകയും ചെയ്തു.

അനന്തരം ചേരമാൻ പെരുമാൾ മഹാ ഗൎവ്വിഷ്ടന്മാരും ദുൎമ്മനസ്സുകളും, എന്നാൽ അത്യന്തം പ്രതാപശാലികളുമായ കൊങ്കണർ, കലിംഗർ, കന്നടർ. വംഗർ, കട്ടിയർ, ഉത്തരാൎയ്യർ മുതലായി അന്നു ഭാരതത്തിലുണ്ടായിരുന്ന പലഭേഷണന്മാരായ രാജാക്കന്മാരോടും യുദ്ധം ചെയ്കയും, അവ

രെയെല്ലാം അതിപ്രാഗത്ഭ്യത്തോടെ അന്തനം ജയിച്ചു സ്വന്തം അനുസാരികളായി കീഴടക്കുകയും ചെയ്തതായി ഐതിഹ്യങ്ങൾ ഘോഷിക്കുന്നുണ്ടു്. ഇതെല്ലാം ചിലപ്പതികാരത്തിൽ നിന്നു നമുക്കു നിശ്ശങ്കം മനസ്സിലാക്കാവുന്നതാണു്.

ഒരു പ്രാവശ്യം ആ രാജപുംഗവൻ സമുദ്രതീരത്തിലുള്ള വേല്യൂർ എന്ന നാട്ടിനെ ആക്രമിച്ചു് അധീനപ്പെടുത്തി തൻെറ രാജ്യത്തോടു ക്രട്ടിച്ചേർത്തു. തദനന്തരം അധികം താമസിയാതെ ചോളനാട്ടിൽ അതി ഭൈരവമായ ഒരു കലാപം ഉത്ഭൂതമായിത്തുടങ്ങി. അപ്പോൾ ആ രാജ്യത്തെ ഭരിച്ചുപോന്നിരുന്നതു് ചെങ്കുട്ടവ ചക്രവൎത്തിയുടെ ശ്വശുരനായ ഒരു രാജവര്യനായിരുന്നു. അദ്ദേഹം നാടുനീങ്ങിയപ്പോൾ അദ്ദേഹത്തിൻെറ പുത്രനും ചെങ്കുട്ടവൻെറ സ്യാലനുമായ വളവൻകിള്ളി എന്ന രാജകുമാരൻ രാജ്യഭരണം കൈയേററു. ഈ തക്കംനോക്കി ഉദ്ധതന്മാരും, കലഹപ്രിയന്മാരും, യുവരാജാവിൻെറ ദായാതികളും ആയ ചില ഇടപ്രഭുക്കന്മാർ ഒന്നുചേൎന്നു അഹങ്കാരത്തിൽ അസൂയാലുക്കളായി ഏതുവിധേനയെങ്കിലും കേവലം വയസ്ഥനായ ആ രാജകുമാരനെ രാജ്യഭ്രഷ്ടനാക്കി രാജ്യത്തെ അനായാസേന കൈവശപ്പെടുത്തുവാനും സ്വാധികാരം അചിരേണ സ്ഥാപിക്കുവാനും പ്രയത്നിച്ചു. അവർ ആ നാട്ടിലെ പ്രബലന്മാരായ ഇടപ്രഭുക്കന്മാരായിരുന്നതിനാൽ അവരെല്ലാവരും സകുതുക ഒത്തൊരുമിച്ചു് ഒരേസമയത്തിൽ നാട്ടിനുള്ളിൽ അനിവാൎയ്യമായ കലാപത്തിനും നിബന്ധനത്തിനും നിശ്ചിതമനസ്കരായി നിൎഗ്ഗമിച്ചുതുടങ്ങി. അവർ ആകെ ഒൻപതുപേരായിരുന്നു. ഈ വ്യതിപാതസൂചകമായ വൎത്ത

മാനം ശ്രവിച്ചയുടൻ ചെങ്കുട്ടവമഹാരാജാവു് ആചാരാതി കളോടെ നിയമവിരുദ്ധമായ നിഷ്ഠുരകൃത്യത്തിൽ ഒട്ടധികം ജുഗുപ്സയോടും അതിന്റെ പ്രേരകന്മാരിൽ അത്യധികമായ അമർഷത്തോടുംകൂടി ഒരു വലിയ സൈന്യസഹിതം യുദ്ധോദ്യുക്തനായി പ്രസ്ഥാനം ചെയ്തു്, ചോളനാട്ടിങ്കൽ വന്നുചേർന്നു. അവിടെയുള്ള നെരിവായിൽ എന്ന സംഗ്രാമാങ്കണത്തിൽവെച്ചു് ഒരു ഭീഷണസമരം നടത്തി ആ ഒൻപതു ശാത്രവരാജാക്കന്മാരേയും അവരുടെ വൻപിച്ച പടയണിയേയും ഒരു ദിവസം പകൽകൊണ്ടുതന്നെ നിശ്ശേഷം തോല്പിച്ചു് വിശീർണ്ണമാക്കി ആ ഭയങ്കര തുമുലത്തിനു് ഒരു നിഷ്പത്തിയെ ഉണ്ടാക്കിത്തീർത്തു. അനന്തരം അദ്ദേഹം അതിന്റെ നിയാമകന്മാരെ അചിരേണ നിബർഹണം ചെയ്തിട്ടു് തന്റെ സ്യാലനെ സിംഹാസനാരോഹണം ചെയ്യിച്ചു നാട്ടിൽ നിശ്ചഞ്ചലമായ സമാധാനത്തെ പരിപാലിക്കയും ചെയ്തു.

അക്കാലം പഴയൻ എന്നു പേരുള്ള ഒരിടപ്രഭു തനിക്കതുല്യം അഭിജ്ഞന്മാരായ യുദ്ധവീരന്മാർ ആരുംതന്നെ സന്നിധാനസ്ഥലങ്ങളിൽ ഇല്ലെന്നു വിചാരിച്ചു് അത്യധികം ഉദ്ധതനായും അതീവ ദുർമ്മനസ്സനായും സ്ഥിതിചെയ്തിരുന്നു. അവൻ ചെങ്കുട്ടവചക്രവർത്തിയെക്കൂടിയും കദാചിൽ അവഹേളനം ചെയ്തതായി ആ മഹാരാജാവിന്റെ സ്വന്തം അപസർപ്പന്മാർമുഖാന്തിരം ഗ്രഹിച്ചിരുന്നു- ഉടൻതന്നെ ദുർമ്മദാന്ധനായ ആ നരാധമനെ ഒന്നമർച്ചവരുത്തേണ്ടതു് അവശ്യംകരണീയമാണെന്നു് അദ്ദേഹം അവധാരണം ചെയ്തു. പുനശ്ച ചക്രവർത്തി ഒരു വലിയപടയോ

ട്ടുകൂടിച്ചെന്നു് ഒരു രണാജിരത്തിൽവെച്ചു് ആ അഭിയോഗിയെ അഭിമുഖീകരിച്ചു് അവനുമായി ഒരു അസഹനീയമായ സമീകം നടത്തുകയും, അവനെ അനായാസേന പരാജിതനാക്കി അചിരേണ അപാസുവാക്കുകയും ചെയ്തു. അനന്തരം അവൻെറ അരമനവിടപിയായ നിംബതരുവിനെ സമൂലം ഉദ്ധാരണം ചെയ്കയും അവൻെറ അവരോധത്തിലുള്ള അന്തഃപുരസ്ത്രീകളുടെ കചപക്ഷങ്ങളെ നികൃന്തനം ചെയ്തു് അവയെ ദാമമായി അനുബന്ധിച്ചു് അതുകൊണ്ടു് നിജ രാജകീയവാരണങ്ങളെ പൂട്ടിയ ധോരണത്തിന്മേൽ ആ മഹീരുഹത്തെ കയററി അനുക്ഷണംതന്നെ അതിനെ വലിപ്പിച്ചു സമുദ്രമദ്ധ്യത്തിൽ കൊണ്ടുചെന്നറിയുകയും ചെയ്തിട്ടു്, തൻെറ അതിമഹത്തായ അരിശത്തിനു് ഉപശാന്തിയുണ്ടാക്കി.

ഇപ്രകാരം ഏററവും വിശേഷമായ പല ആയോധനങ്ങളും നടത്തി അവയിൽ സുപ്രതീതനായി വിജയം നേടി ഈ ഭാരതഭൂമിയിൽ വിജയസ്തംഭം സ്ഥാപിച്ചവനായ ചെങ്കുട്ടുവചക്രവർത്തി രാജാധിരാജനായി കേരളത്തിങ്കൽ അത്യധികം അപാവൃതനായി പ്രശോഭിച്ചു വാണു. അദ്ദേഹത്തിൻെറ പ്രാണസമനായ സഹോദരൻ ഇളംകോവും അദ്ദേഹത്തോടൊന്നിച്ചു നിവസിച്ചുപോരുകയും ചെയ്തു.

---

# അദ്ധ്യായം ൪.

## വീരപത്നിയുടെ ചരിത്രം.

മഹാനായ ചെങ്കുട്ടവചക്രവത്തി വഞ്ചിപ്പ് നഗരത്തെ തലസ്ഥാനമാക്കിചേരനാട്ടിനെ അതിപ്രശസ്തമാംവണ്ണം ആണ്ടു പോരുമ്പോൾ, ചോളൻകരികാലൻ കാവിരിപ്പൂം പട്ടണത്തെ രാജധാനിയാക്കി ചോളനാട്ടിനെ ഭരിക്കുകയായിരുന്നു. അതേകാലത്തിൽതന്നെ മധുരാപുരിയെ നിജസ്ഥാനീയമാക്കി പാണ്ഡ്യൻ നെടുംചെഴിയിൽ എന്നരാജാവ് പാണ്ഡ്യരാജ്യത്തെയും സംരക്ഷിച്ചുവന്നിരുന്നു.

ആ സമയം കാവിരിപ്പൂം പട്ടണത്തിലുള്ള അത്യധികപുരാതനവും അതിശ്രേഷ്ഠവും ഏററവും ഐശ്വയ്യമുള്ളതും ആയ രണ്ടു വണികകുടുംബങ്ങളിൽ മചാത്വാൻ എന്നും മാനായ്ക്കൻഎന്നും ലക്ഷ്മീവാന്മാരായ രണ്ടു വണിഗ്വരന്മാർ പ്രവൃദ്ധമായ പ്രഹർഷത്തോടെ നിവസിച്ചുവന്നു. അവരിൽ മാചാത്വാൻ എന്നവൻ മഹേശ്വര പ്രസാദത്താൽ കോവലൻ എന്ന ഒരു കോമളകുമാരൻ അചിരേണ ജാതനായി. പുത്രലാഭത്താൽ അതിഹൃഷ്ടമാനസനായ മാചാത്വാൻ മേദുരങ്ങളായ അനവധി ദാനധമ്മങ്ങൾ ചെയ്യുകയും ആ നാട്ടിലുള്ള നിരവധി ദേവാലയങ്ങളിലും ഈശ്വരപ്രീതിക്കായി അസംഖ്യം വഴിപാടുകൾ നടത്തുകയുംചെയ്തു. മാചാത്വാന്റെ മകനായ കോവലൻ മാനായ്ക്കന്റെ മകളായ കണ്ണകി എന്ന കന്യകാമണിയെ

മഞ്ജരി.

"വൈരമണിസ്ഥൂണ മാരാൽനിറുത്തിയും
ഗൗരമുക്താവലി കോർത്തുചേർത്തും
മാണിക്യനിർമ്മിത മണ്ഡപമൊന്നങ്ങു
ചേണാർന്നമോടിയിൽ കെട്ടിത്തീർത്താർ.
ചേലിലതിന്മീതെ നല്ലലങ്കാരങ്ങൾ
കോലിനഭംഗിയിലങ്ങുചെയ്താർ.
നീലസൂര്യപടം കൊണ്ടുമേൽക്കെട്ടിയും
ലോലപ്പൊൻപട്ടൊന്നു കീഴ്‌വിരിച്ചും
വേലാതീതാനന്ദ ഹൃത്തോടുമായവർ
കോലമാം പന്തലിൻ മോടിചേർത്താർ.
തൂമുല്ല, ചെമ്പകം, ചമ്പങ്കി, മന്ദാരം
ചേമന്തിയെന്നീപ്പൂവൃന്ദങ്ങളെ
കോർത്തുകോർത്തായതിലങ്ങങ്ങായ് തൂക്കിനാർ
ചേർത്തും തറമേലും വാരിയിട്ടാർ.
സാനന്ദമായതിൽ അന്നവ്യദമ്പതിൻ
ആനയിച്ചാരവരമ്പിനോടും.
ആനകഭേരികൾ മേലാംപടഹവും
ആനാകം മുട്ടുന്നമട്ടിലാർത്തു.
നല്ല മുരജങ്ങൾ വീണാമൃദംഗവും
കല്യമാംനൽക്കുഴൽ തിത്തികളും,
വേദിയർ മോദേന പാരിച്ചചന്തമായ്
ഓതുന്ന വേദത്തിൻ നാദങ്ങളും
മംഗളഗാനവുമാർപ്പുവിളികളും

മംഗളാംഗിമാർ കുരവകളും
ഊനേതരമിവയെങ്ങും മുഴങ്ങവേ
മാനിതരാംനാട്ടാരൊത്തുചേൎന്ന്
ധൎമ്മവിധിമുറയൊട്ടും പിഴയ്ക്കാതെ
കൎമ്മത്തിന്നീഷലും ലോഭമെന്യെ, (ചിലപ്പതികാരം)

അത്യാഡംബരപൂൎവ്വം വേളികഴിച്ചുകൊടുത്തു. കോവലനും കണ്ണകിയും കുറെക്കാലം ഗാൎഹസ്ഥ്യം നടത്തി, സൎവ്വ ഗുണാനുഭൂതികളും പരിപൂൎണ്ണമായി അനുഭവിച്ചുംകൊണ്ടു സസുഖംവാണു. അക്കാലങ്ങളിൽ ആ സതീരത്നത്തിൻെറ നിരന്തരമായ പതിഭക്തിയേയും അതി സ്നേഹാദരപൂൎവ്വങ്ങളായ ഉപാസനാദ്യുപചരണങ്ങളേയും അത്യുൽകൃഷ്ടമായ ഗുണസൌഷ്ഠവത്തേയും അനുലോമമായ അനുനയവചനങ്ങളേയും അഭിനന്ദിച്ചുകൊണ്ടു ആ കമനീയാംഗനായ നായകൻ മതിമറന്നു ആനന്ദപരവശനായി പല അവസരങ്ങളിലും ആ മഹിളാമണിയെ പല അൎത്ഥഗൎഭങ്ങളായ ചാടുവാങ്മുഖങ്ങളാൽ ഈവിധം വിനോദിപ്പിക്കക്കൂടി ചെയ്തിട്ടുണ്ടു്.

മഞ്ജരി.

"ദോഷമില്ലാത്തങ്കമേ! നല്ലൊരുത്തമുത്തെ!
ഏറ്റം മധുരമാം ചെങ്കരുമ്പേ!
ആസ്വദിക്കുന്തോറും ആനന്ദപൂരത്തി-
ന്നൂനം വരാതുള്ള നല്ലമൃതേ!
പങ്കമില്ലാതഴകോലുന്ന ബിജമേ!
ഭാഗമറ്റുള്ള നറുംചന്ദനമേ!
ചാരുതപൂണ്ടിയലുന്നോരു ചിത്രമേ!

പാരിൽപ്പവിത്രമാം ഭൈഷജ്യമേ
ചേരിയലുന്ന പെരുംകുടിവൈശ്യന്റെ
പാരമാനന്ദമാം പെൺപൈതലേ!
എന്നുടെ മാനസനോവിനോരൗഷധം
എന്നല്ലമജ്ജീവിതൈകസാരം
പർവ്വതക്കൂട്ടത്തിൽ നിന്നും ലഭിക്കാത്ത
പാരംപ്രസിദ്ധമാം നന്മണിയെ!
നീലാഴിവർണ്ണൻതാൻ വാഴുന്ന പാലാഴി
യുള്ളിൽ പിറക്കാത്ത നല്ലമൃതേ!
വീണയിൽനിന്നു സംജാതമായിടാത്ത
വീണയുള്ളാനന്ദനിസ്വനമേ!
കാറണിക്കൂന്തലാളേ മമ ഭാമിനീ
ക്കുറോടിന്നെന്തു പുകഴ്ത്തേണ്ടു ഞാൻ."

(ചിലപ്പതികാരം)

ഇപ്രകാരമുള്ള നർമ്മ സല്ലാപങ്ങളാൽ പല സന്ദർഭങ്ങളിലും തന്റെ പ്രിയ ഭാമിനിയെ രമിപ്പിച്ചുംകൊണ്ടു അത്യാനന്ദതുന്ദിലമനസ്കനായി കണ്ണകിയോടൊന്നിച്ചു വാണുവരുമ്പോൾ ഒരു ദിവസം കോവലൻ അത്യന്തസൌന്ദര്യവതിയും നൃത്തസംഗീതാദികളിൽ അസാമാന്യവിദഗ്ദ്ധയും, അമരേന്ദ്രസഭയിൽവച്ചു അഗസ്ത്യമുനീന്ദ്രനാൽ ശപ്തയായ ഉർവശീകല സംജാതയുമായ മാധവി എന്ന ഗണികാമണിയുടെ നൃത്തോത്സവം കാണാനായി രാജഗൃഹത്തിൽ ചെന്നുചേരാൻ ഇടയാവുകയും അവിടെവച്ച് അവളുടെ അതികമനീയമായ സൌന്ദര്യാദികളിൽ ലീനമനസ്കനായി അചി

രേണ ആ തരുണീരത്നത്തിൽ നിതരാം അനുരാഗപരവശനായി തീരുകയും ചെയ്തു. തന്മൂലം തനിക്കു പൂർവാജ്ജിതമായി ഉണ്ടായിരുന്ന ധനസമ്പത്തി മുഴുവനും വിരാജമാനനായ ആ വാരസ്ത്രീക്കുവേണ്ടി വൃഥാവ്യയം ചെയ്തു. കുറെക്കാലം ആ വിദ്രുമാധരിയും ഒന്നിച്ചു യഥാസുഖം അവളുടെ ഗൃഹത്തിൽത്തന്നെ കാലയാപനം ചെയ്തു. ആ കാലങ്ങളിൽ എല്ലാം ആ നരർഷഭൻ

(മഞ്ജരി)

തന്നോമൽ പ്രേയസികണ്ണകിയാളെയും
തന്നോമൽ ചാരുവാം ലീലയേയും
നിർമ്മമം തൻമനക്കാമ്പിൽനിന്നാകവേ
നിയ്യാതമാക്കിനാൻ നാളിൽ നാളിൽ
കാലങ്ങൾ ചെന്നാറെയായഭിസാരികാ-
ലീലാവശംഗതനായിടിനാൻ
ലേശവും മാധവിയല്ലാതെവേറൊന്നും
പേശലഗാത്രനും ചിന്തിയാതായ്
കെട്ടിയ പെണ്ണിൻെറ ചിന്തയെന്നുള്ളതും
പട്ടാങ്ങായന്നവൻ വിട്ടു കഷ്ടം!
മാതവളില്ലത്തിൻ ചാരത്തിലെത്രയും
തൂമയിലുണ്ടൊരു രമ്യവാടി
ആയതിന്നുള്ളിലെ പൂഞ്ചോലയുക്കുള്ളിലായ്
ആയതമാകിന ശോഭയോടെ
പൊന്നൊളിവർണ്ണമാം ക്രീഡാഗാരമൊന്നു
തൺ മലർപ്പൊയ്കയിൽ ബിംബിച്ചിട്ടു

കാണുന്നുണ്ടെപ്പോഴമാരമ്യപ്രാന്തത്തിൽ
ആശാതുകണ്ടാൽ മോഹിക്കാത്തൂ?
സായന്തനത്തിങ്കൽ തൂമന്ദ മാരുതൻ
സാവധാനത്തിങ്കൽ വീശുമ്പോഴും
അന്തിക്കതിരവൻ ചെങ്കിരണങ്ങളെ
ചന്തമായെന്നുമേ തൂകുമ്പോഴും
അദ്ദമ്പതികളുമാനന്ദമഗ്നരായി
അദ്ദേശത്തിങ്കലെവന്നിരിക്കും
ക്രീഡകളോരോന്നെ ചെയ്തവർ കാലങ്ങൾ
പാടേപോക്കീടിനാരന്നാളിൽ താൻ
ഇൻപവാരിധിയിൽ നീന്തിക്കളിച്ചവർ
തുൻപത്തിൻ നാമ്പേതും കണ്ടതില്ല.

(ചിലപ്പതികാരം)

കോവലൻ ഈദൃശം ലീലാനിരതനായി മാധവിയെന്ന ആ ലലനാമണിയുമൊന്നിച്ചുഅമിതമായി സുഖിച്ചും പല ആനന്ദമയങ്ങളായക്ഷണികകളേയും അമൂല്യങ്ങളായിവിചാരിച്ചുംഅന്യോന്യംസൈരസല്ലാപസമ്മേളനത്തോടെസന്തോഷപരവശനായി അനവദ്യ സുഖസാധന സമ്പൽസമൃദ്ധിയോടുവാണവരുമ്പോൾ, പതിവ്രതാശിരോമണിയായ കണ്ണകി അത്യന്തം ക്ലേശഭരിതയായും അതിപ്രക്ഷുബ്ധമനസ്കയായും സ്വഗൃഹത്തിൽ തന്നെ പാർത്തുവന്നു. ആ സമയം

"പാതിവ്രത്യത്തിന്റെ നൽവിളഭൂവാകും
ആദിവ്യപ്പെൺകൊടി ധന്യശീല.
ഭർത്ത്രമോർത്തോർത്തു കണ്ണീർക്കടൽതന്നിൽ

നിത്യവും നിന്ദിത്താൻ വാണീടിനാൾ
മുങ്ങിയും വീണുമുരുണ്ടും പിരണ്ടു-
മങ്ങേററം പിടഞ്ഞുമുടഞ്ഞും വാണാൾ.
ഭൂഷണമെന്നതു യോഷാമണിയ്ക്കേറെ
ദൂഷണമായിട്ടു തോന്നീതന്നാൾ.
കഞ്ജമലർക്കൊത്ത പാദങ്ങളന്നാളിൽ
മഞ്ജുശിഞ്ജിരത്തെ വിട്ടുകഷ്ടം
മങ്കയാൾതന്നുടെ ചെങ്കയ്യലിന്നൊത്ത
ചെങ്കണ്ണിണകളുമഞ്ജനത്തെ
പാരംമറന്നിതു പൂരുഷനില്ലെങ്കിൽ
നാരിമാർക്കെന്തിനു ഭൂഷാദികൾ.
വാടിയമേനിയും കൂടിയചിന്തയും
പേടമാൻ കണ്ണിയാളേന്തിവാണാൾ.
ഹാരമാല്യാദിയും ചന്ദനച്ചാർത്തും
കീരവാണിപാരം ദൂരത്താക്കി.
പട്ടുകിടക്കമേലുള്ള കിടപ്പതും
മുററുംവെടിഞ്ഞിതു മുഗ്ദ്ധാംഗിയാൾ.
ചെമ്പരത്തിക്കൊത്ത ചെഞ്ചൊടിയന്നാളി
ലമ്പോ! കറുത്തോറേ വാടികഷ്ടം.
ഉല്പലത്തിന്നൊത്ത നേത്രങ്ങളുമപ്പോ
ളല്ലേതരം കണ്ണീർ തൂകിമേന്മേൽ.
ഇങ്ങനെരാപകലെന്നുള്ളതില്ലാതെ
മംഗലാംഗിസ്വാന്തം നായകനെ
ധ്യാനിച്ചുധ്യാനിച്ചു ധന്യനതാംഗിയാൾ
ദൈനംദിനങ്ങൾ കഴിച്ചുകൂട്ടി. (ചിലപ്പതികാരം

ഇങ്ങിനെയിരിക്കെ ആ നാട്ടിൽ പ്രതിവഷം ഇന്ദ്രോത്സവം കൊണ്ടാടുന്ന ഏപ്പാട്ട പണ്ടുപണ്ടേ കണ്ടുവന്നിരുന്ന ഒരു പതിവായിരുന്നു. ആ ഉത്സവം ഇരുപത്തിയെട്ടു ദിവസംകൊണ്ടു് അവസാനിക്കുന്നതും അതിൻെറ അന്ത്യ ദിനത്തിൽ മഹാരാജാവും ആബാലവൃദ്ധം നഗരവാസികളും ദേവൻമൊന്നിച്ചു നഗരബഹിർഭാഗത്തുള്ള മകരിയിൽ നീരാട്ടുന്നതിനു്, ഒരു ഘോഷയാത്രയായി നിഗ്ഗമിക്കുന്ന പതിവുണ്ടായിരുന്നു. ഈ പൂവ്വാചാരം അനുസരിച്ചു ചക്രവത്തിസാദിമുഖ്യന്മാരായ ചതുരംഗസേനാസമേതവും വേത്രികരം, അസിധരന്മാർ, തന്ത്രധാരികരം ആദിയായ സന്നാഹത്തോടുകൂടിയും സുതരാം സമ്പ്രഹൃഷ്ടമനസ്കനായി അന്ത്യോത്സവദിവസം പൂവ്വോക്തമായ സാഗരതീരത്തിൽ ആറാട്ടുന്നതിനെഴുന്നള്ളി. ആ കൂട്ടത്തിൽ കോവലനും മാധവീസമേതനായി പോകാനിടയായി. ആറാട്ടുത്സവം കഴിഞ്ഞു് ആ ദമ്പതികരം അവിടെയുള്ള സ്ഫടികാവദാതമായ മണൽപുറത്തു രമണീയമായ പുന്നാഗവിടപിച്ചുവട്ടിൽ ചന്ദ്രികാചച്ചിതമായ ഒരു നിശീഥിനിയിൽ ഒന്നിച്ചിരുന്നു സകുതൂഹലം പലവിധമായ നർമ്മസല്ലാപങ്ങളും ഏകാഗ്രസംഭാഷണങ്ങളും ചെയ്തുകൊണ്ടിരുന്നു. അപ്പോരം കോവലൻ കേവലം ലീലാത്ഥം മാധവിയുടെ കരഗതമായിരുന്ന മകരവീണയെ വാങ്ങി മരതകമണിമോതിരമണിഞ്ഞ മൃദുലാംഗുലികളാൽ ഓരോ തന്ത്രികളും മീട്ടി ശ്രുതികൂട്ടി പലതരത്തിലുള്ള പ്രണയപരങ്ങളും മാനസോല്ലാസോദ്ദീപനങ്ങളുമായ അനവധി ഗാനവിശേഷങ്ങളെ പാടികേൾപ്പിച്ചു. മാധവിയുടെ മനക്കരുന്നിനു മഹത്തായ മനോവ്യഥ

യെ പ്രദാനം ചെയ്തു. എന്തുകൊണ്ടെന്നാൽ ആ ഗാന ങ്ങൾ കോവലനു കേവലം ഇതരവാരനാരികളിൽ അനുരാ ഗമുണ്ടെന്നുള്ള വസ്തുതയെ അനിർവ്യാജം വ്യഞ്ജിപ്പിച്ചു. ഉടനെ ആ മാനേലുംകണ്ണിയായ മാധവി ഈദൃശം കോവ ലൻ നര്മ്മോദ്ദേശ്യകമായി പാടിയ ഉദ്യാനഗീതശ്രവണമാ ത്രത്താൽ അവനു തന്നിൽ അതിയായ അനുരാഗമില്ലെന്നും സ്വഹൃദയത്തിൽ നിഗൂഢമായി വേരൂന്നിയ അപരയായ ഒരു വാരവനിതയിൽ അവനു അനിവാര്യമായ അഭിനിവേ ശം ജനിച്ചിട്ടുണ്ടെന്നും തന്മൂലം അതിവ്യാമോഹിതനായി തീർന്നിരിക്കുന്നുഎന്നും ആ സുദതി ഝടുതിയിൽ നിർദ്ധാര ണം ചെയ്തുവെങ്കിലും സ്വന്തമായ സ്വഭാവ ചാതുര്യത്താൽ ഒട്ടെങ്കിലും വൈമനസ്യം പ്രകടിപ്പിക്കാതെ പ്രമുദിതഭാവം നടിച്ചുംകൊണ്ടു് അവനെഒന്നു് അന്ധാളിപ്പിക്കാൻ വേണ്ടി മാത്രം താനും അതേവിധം പരപുരുഷനിൽ കാമിത എന്ന പോലെഭാവിച്ചു കേവലം കാമോദ്യോതകങ്ങളായ ചിലഉദ്യാ നഗീതാവലികളെ പാടിത്തുടങ്ങി.

എന്നാൽ വാസ്തവത്തിൽ മാധവിക്കും കോവലനോട ല്ലാതെ മററുപുരുഷന്മാരിൽ അശേഷം അനുരാഗം ഉണ്ടായി രുന്നില്ല. എങ്കിലും സ്വന്തം കമിതാവു് ഏതോ അന്യവ നിതാദർശനോത്സുകനായി പാടിയതാണു് എന്നവൾക്കു് തോന്നിയതുകൊണ്ടു് അദ്ദേഹത്തെ ഒന്നു കളിയാക്കാൻ ഉദ്ദേ ശിച്ചിട്ടാണു് അവൾ ഏതാദൃശം പ്രവർത്തിച്ചതു്. ഉടൻത ന്നെ കോവലൻ അവളിൽ അത്യധികം കോപാവേശനായി ട്ടു് ആ നിഷ്കളങ്കയായ മംഗളാംഗീമണിയെ നോക്കി ഈദൃ ശം ഭത്സനം ചെയ്തു.

(മഞ്ജരി)

"പൊയ്യേത്തും മെയ്യാക്കി കാണിക്കുംമായാവി
യയ്യോ വഞ്ചകിയാം പുംശ്ചലിയേ!
നിന്നനുരാഗമേ വേണ്ടായിനിമേലിൽ
നിന്നാണെ ചൊല്ലിനേൻ സത്യമിതു.
മായത്തെനേരെന്നു മോഹിച്ചിതുവരെ
മായാവലയിങ്കൽ പെട്ടുഴന്നേൻ
കഷ്ടം! ദുഷ്ടയെൻറെ പൂർവ്വികർനേടിയ
മട്ടില്ലാതപ്പൊരുളെല്ലാം തോറേറൻ.
എൻധർമ്മപത്നിയാം കണ്ണകിതന്നെയും
ചെമ്മെ മറന്നേനിപ്പാപിയാം ഞാൻ.
പന്തിരണ്ടാണ്ടുകൾ ദുഃഖാംബുരാശിയിൽ
പന്തിയായ് തള്ളിഞാൻ തുൻപമൂട്ടി.
മാനമതുംവിററു മേലാം പൗരുഷവു-
മൂനം പലതരം വന്നുപററി.
വേശ്യയിൻ സ്നേഹവും ദീപത്തിൻ ദീപ്തിയും
പേശലാംഗിതുല്യംതന്നെയോർത്താം.
സ്നേഹം കുറയുമ്പോൾ ദീപമണഞ്ഞീടും
സ്നേഹമൊടുങ്ങീടും കാശു പോയാൽ
ഇന്ദ്രനെന്നാകിലും കൈക്കാശില്ലെന്നാകിൽ
പൂന്തേൻമൊഴികൾ പുറത്തു തള്ളും.
ജാതിഭേദമവർക്കില്ലയൊട്ടുംതന്നെ
കാശല്ലാതൊന്നിലുമാശയില്ലാ."

(ചിലപ്പതികാരം)

അനന്തരം അവൻ ആ തരുണീമണിയിൽ അത്യധികം അവഹേളനത്തോടുകൂടി അരക്ഷണംകൊണ്ടു് അവിടം വിട്ടു യാതനായി സ്വന്തം ഭാൎയ്യയായ കണ്ണകിയുടെ നികേതനത്തെ പ്രതീക്ഷിച്ചു നിഷ്ക്രമണം ചെയ്യുകയും ചെയ്തു. സ്വകമിതാവിൻെറ ഏതാദൃശമായ സാഹസവൃത്തിയാൽ പരിതപ്തമാനസയായ മാധവി ആ നടുനിശിയിൽ അവിടെത്തന്നെ ഏകാന്തയായി അൽപനേരം നിവസിക്കുകയും തനിക്കു് ആകസ്മികമായി നേരിട്ട വ്യാകൃതിപരമായ വ്യതീപാതത്തെ ഓൎത്തു് അനുക്ഷണം അതീവ പശ്ചാത്തപിക്കുകയും ചെയ്തു. അനന്തരം ആ സുഭാഷിണി സുരഭിലമായ ആ പുന്നാഗവിടപിയുടെ ചുവട്ടിൽനിന്നും ഏകാകിനിയായി ഇണ പിരിഞ്ഞ ഹരിണി എന്നോണം സ്വഭവനത്തിലേക്കു പ്രയാതയായി.

അവിടെച്ചെന്നതും സ്വഭൎത്താവിൻെറ വിപ്രയോഗം മൂലം അത്യവശയായി ആ മനോഹരാംഗൻെറ സംഗമത്തെ പേൎത്തും കാംക്ഷിച്ചുംകൊണ്ടു വസന്തകാലോചിതവസതിയായി വാനോടിടഞ്ഞുനില്ക്കുന്ന വന്മണിമേടയുടെ മുകളത്തിലുള്ള ചന്ദ്രികാചൎച്ചിതമായ ചന്ദ്രശാലോപരി ആസ്ഥിതയായി. മനോഹരഭൂഷണവിഭൂഷിതയായ ആ മേഹനാംഗി മനസ്സിനു സ്വാസ്ഥ്യത നേടാൻവേണ്ടി തൽക്ഷണം തന്നെ ശ്രുതിപ്പിഴയില്ലാതെ ശരിപ്പെടുത്തിവച്ചിട്ടുള്ള വീണയെ കൈയ്യിലെടുത്തു് സ്വകണ്ഠത്തിനൊത്ത ശ്രുതികൂട്ടി സാന്ദ്രമായി തന്ത്രികൾ മീട്ടി മധുരമായും, ഹൃദയംഗമമായും ഉള്ള ഗാനവിശേഷങ്ങളെ പാടിത്തുടങ്ങി. എന്നാൽ ആ

വനിതയ്ക്കു് അത്യധികമായ ഗൽഗദം ഉണ്ടാവുകനിമിത്തം അചിരേണ തൊണ്ട ഇടറുകയും അക്ഷിപുടങ്ങളിൽ അശ്രുക്കൾ നിറയുകയും ചെയ്തതല്ലാതെ അവൾ ആഗ്രഹിച്ചതുപോലെ അൽപ്പമെങ്കിലും പാടി ആനന്ദിക്കുവാൻ അവൾക്കു സാധിച്ചില്ല. എന്നു മാത്രമല്ല, അനുക്ഷണംതന്നെ അവളുടെ സുകുമാരമായ കളേബരം അത്യധികം തളരുന്നതായും ചിത്തം അത്യുഗ്രം കത്തുന്നതായും ശരീരത്തിൽ സന്ധികളെല്ലാം പൊട്ടുന്നനെ വേർപെടുന്നതായും അവൾക്കു തോന്നിയതുകൂടാതെ ലോകം ആസകലം ശൂന്യമായും അവളുടെ ജീവാത്മാവു് നിബിഡാന്ധകാരത്തിൽ മുങ്ങിമറയുന്നതായും അവൾക്കു് അനുഭവവേദ്യമായി തുടങ്ങി. അല്പം കഴിഞ്ഞാറെ ആ തരുണീമണി ആ ദിവാസ്വപ്നത്തിൽനിന്നും പെട്ടെന്നുണർന്നു് മനസ്സിനെ ഒരുവിധം സാന്ത്വനപ്പെടുത്തി. ഇതിനിടയ്ക്കു വെൺമതി സ്വകിരണകന്ദളങ്ങളെ വിസ്തൃമരങ്ങളായി പരിലസിപ്പിച്ചുംകൊണ്ടു് അംബരമദ്ധ്യത്തിൽ ആഗതനായി. ആ നീലായതാക്ഷിയുടെ ഒളിതിരളുന്ന കളേബരം പൂർവ്വാധികം പരിതപ്തമായി. വിദ്രുമസമങ്ങളായ ആ മദിരാക്ഷിയുടെ ചെഞ്ചൊടിയും മുഖപത്മവും കേവലം പാണ്ഡുരപ്രഭങ്ങളായി. പൂമാലയണിഞ്ഞ പുരികുഴലും മുത്തുമാലയണിഞ്ഞ മുലത്തടവും മിന്നലിനൊത്ത മദ്ധ്യപ്രദേശവും അവൾക്കു് അത്യധികമായ ഭാരത്തെ പ്രദാനംചെയ്തു. ഈവിധം വിരഹതാപ വിവശയായി, ചിന്താപാരവശ്യംമേറിഞ്ഞു, കിളിക്കൊത്ത മൊഴികൾ നാവുവഴങ്ങാത്തവിധം ഇടറി. സംഭോഗകാമനായ ചിരപ്രിയൻെറ ഓമ്മ അവളെ നിരവധിവ്യഥിതമനസ്സുയാക്കി. ഉടൻതന്നെ അ

വാം നിജസമീപസ്ഥയുണ്ടായിരുന്ന വസന്തമാലയെന്ന പ്രിയ വയസ്യയെ ആംഗ്യങ്ങളെക്കൊണ്ടു് ആഹ്വാനം ചെയ്തിട്ടു് ആ മോഹനാംഗി ഒരു ശ്വേതവൎണ്ണമായ കേതകീപത്ര പുടത്തിൽ മററൊരു ദളത്തിൻെറ അഗ്രം ചെമ്പഞ്ഞിക്കുഴമ്പിൽമുക്കി അതുകൊണ്ടു് ഈദൃശം ഫലിതരസസമ്പൂൎണ്ണമായ ഒരു കാമലേഖനം നിൎമ്മിച്ചു.

(മഞ്ജരി)

"ഏഴയാംമിയിവാം ചെയ്തോരപരാധം
ആഴിഗംഭീര! പൊറുക്കവേണം.
പഞ്ചസൂനശരൻ തൻ തോഴനായിട്ടും
വഞ്ചകനാകും വസന്തനൊത്തു
തഞ്ചമില്ലാത്തോളമെന്നെത്തരം നോക്കി
നെഞ്ചകത്തീഷ്യതാൻ പാരിക്കയാൽ
പഞ്ചബാണോപമ പീഡിപ്പിച്ചീടുന്നു.
എൻ ശിരോലേഖനമെന്നേവേണ്ടു
ശീതാംശുവുമിപ്പോളേററം കുപിതനായി
ശീതേതരമാകു മംശുക്കളെ
വാരിച്ചൊരിഞ്ഞിട്ടു മേനിമേലെപ്പോഴും
പാരമാംപീഡയുളവാക്കുന്നു.
തൂമന്ദമാരുതനെന്നിൽ വിഷജ്വാല
തൂകിയധികമാം താപമേകി.
പൈങ്കിളിയുംപിഞ്ചു കോകിലജാലവും
കെങ്കേമമായിപ്പിറുപിറുത്തു.
എന്തൊരു കഷ്ടമിദമെന്നു മന്മനം
ചിന്തയിലാണ്ടിങ്ങുഴന്നീടുന്നു

അന്നാളിലങ്ങേസവിധമിവരെല്ലാം
എന്നോടിടമേതും ചെയ്തതില്ല.
ഇന്നങ്ങേവേർപാട്ടിലെന്നോടിവരെല്ലാം
കന്നതാപം കാട്ടുവാനെന്തു ബന്ധം.
നാഥനില്ലാത്തവളായിതോ നാഥാ! സ-
നാഥയാം ഞാനെന്തുരയ്ക്കുവയ്യേ.
ആപത്തിങ്ങെത്തുമ്പോൾ താപത്തെ തീക്കുവാൻ
ആപൽബന്ധോവേറിങ്ങാരാനുണ്ടോ?
ഇങ്ങല്ലുളവാകും നേരത്തിലെല്ലാരും
മണ്ടിയൊഴിഞ്ഞെത്തും പോയ് മറയും
കണ്ടവരെല്ലാരും ഹേളനം ചെയ്തീടും
വേണ്ടുമിടരത്തുമുണ്ടാക്കീടും
വല്ലാത്തമളികൾ വന്നു പററീടുമേ
പൊല്ലാത്തമട്ടിങ്കലന്നാളിൽ താൻ
അയ്ക്കലാപ്പും മനോമുട്ടുമുണ്ടായിടും
കെങ്കേമന്മാക്കുമനോരത്തിങ്കൽ.
എന്തിനിങ്ങേറെ ഞാൻ ചൊല്ലുന്നുമൽകാന്ത!
ചെന്താമരാക്ഷാ' നീ കേൾക്കവേണം.
ഈയിടർ കണ്ടിങ്കൽനിന്നും കരകേററി
ഈയിവളെപ്പരിപാലിക്കേണം. (ചിലപ്പതികാരം)

ഈദൃശം താൻ രചിച്ചതായ ലേഖനത്തെ സ്വന്തം പ്രാണപതിക്ക കൊടുപ്പാനായി പ്രിയതോഴിയായ വസന്തമാലയെഏല്പിച്ചിട്ടു്, എത്രയും ദുഃഖിതയായി ആക്രന്ദനം ചെയ്തുകൊണ്ടു് അവൾ ഭൂമിയിൽ വീഴുകയും കണ്ണുനീർകൊണ്ടു നിരാടുകയും ഭൂയോപി നെടുവീപ്പിടുകയും ചെയ്തു.

ഉടൻതന്നെ വസന്തമാല ആ ലേഖനവും കൊണ്ടു ത്വരിതഗതിയായി ചെല്ലുമ്പോൾ വഴിമദ്ധ്യേവച്ചു കോവലനെ കാണുകയും അതിനെ അചിരേണ അവൻെറ കരതലത്തിൽ സമർപ്പിക്കുകയും ചെയ്തു. അപ്പോൾ കോപക്ഷുഭിതമനസ്കനായ അവൻ ആവേശത്തോടുകൂടി അതിനെ ക്ഷണംതന്നെ നിരാകരിക്കുകയും ആ വാരനാരിയിൽ അവനു് അശേഷം ആശയില്ലാത്തവനെന്നപോലെഭാവിക്കയും ചെയ്തതുകൂടാതെ ആ തോഴിയെ അതികർശനമായി നിർഭത്സിക്കുകയുംചെയ്തു.

ഉടൻതന്നെ വസന്തസേന മാധവീസവിധം ഉപഗമിച്ചു്, ആ കമനീയാംഗിയെ സാന്ത്വനപ്പെടുത്തുവാൻവേണ്ടി അവളോട്ടു് കോവലൻ അന്നു രാത്രി അവിടെ വരാൻ ഇടയുണ്ടെന്നും അല്ലാത്തപക്ഷം പിറേറദിവസം കാലത്തെങ്കിലും നിശ്ചയമായും വന്നുചേരുമെന്നും പറഞ്ഞപ്പോൾ അവൾ പൂമെത്തമേൽ മോഹിച്ചുവീണു കണ്ണടയ്ക്കുകയും ചെയ്തു. പുനശ്ച കോവലൻ കണ്ണകിയുടെ ഗേഹത്തെ ലക്ഷ്യമാക്കി നടന്നുതുടങ്ങി. അവിടെ ചെന്നുചേന്നതും സതീരത്നമായ കണ്ണകി അതീതകാലങ്ങളിൽ താൻ പ്രബലമായി അനുഭവിച്ച സങ്കടത്തെ ഈഷച്ചും വകവയ്ക്കാതെ സ്വന്തം പ്രാണനായകനെ കണ്ട മാത്രത്തിൽ അരക്ഷണം അദ്ദേഹത്തിൻെറ സമീപത്തിൽ ഉപഗമിച്ചിട്ടു പരമവിനീതയായി സാഷ്ടാംഗം പ്രണമിച്ചു് ആ കമനീയാംഗനെ ഗൃഹാന്തർഭാഗത്തിലേക്കു് അത്യധികയായി ആനയിച്ചുകൊണ്ടു അർഘ്യംപാദ്യാദികളാൽ അതീവ സല്ക്കരിച്ചു.

തദനന്തരം ആ ജീവനായകന് വേണ്ടതായ ആഹാരാദികൾ കൊടുത്തു സംതൃപ്തനാക്കിയശേഷം ആ നരകുഞ്ജരനെ ഒന്നു മന്ദാക്ഷപൂർവം വീക്ഷണം ചെയ്തിട്ട് അദ്ദേഹത്തോടു മൃദുസ്മേരവദനയായി ആ അർദ്ധരാത്രിയിൽ താദൃശം ആകസ്മികമായി അവിടെ ആഗമിച്ചതിനുള്ള ഹേതു എന്താണെന്ന് അതിവിനീതയായി ആ മൃദുഭാഷിണി ചോദിക്കുകയും ആയതിലേക്കു പ്രതിവചസ്സായി കോവലൻ നടന്ന വൃത്താന്തങ്ങൾ സംപൂർണ്ണമായി ആദ്യന്തം സപത്നിയെ പറഞ്ഞുകേൾപ്പിക്കുകയും ചെയ്തു. എന്നിട്ട് അദ്ദേഹം സപത്നീകരത്തെപ്പററി ഒന്നു വിചിന്തനം ചെയ്തപ്പോൾ പെട്ടെന്നുണ്ടായ വ്യഗ്രതനിമിത്തം സ്വല്പനേരത്തേക്കു ചിന്താഗ്രസ്തനായി നിശ്ചഞ്ചലനായിരുന്നുപോയി. മുഖം അത്യധികം മ്ലാനമാവുകയും ചെന്താമരദളങ്ങളൊത്ത നേത്രാന്തങ്ങളിൽനിന്നും അശ്രുക്കൾ അനവധി ചൊരിഞ്ഞുതുടങ്ങുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ ഈ സന്ദർഭത്തിൽ അവന്റെ അളവററ ധനസമ്പത്തി മുഴുവനും നിശ്ശേഷം നശിച്ചിരുന്നതുകൂടാതെ പൂർവ്വവൽ സുഖസമ്പത്തിയോടു് അവിടെ കഴിച്ചുകൂട്ടാൻ അവൾക്കു തീരെ പ്രയാസമാണെന്നുള്ള വസ്തുതയും അവന്റെ ചിന്താമുകുരത്തിൽ പ്രതിഫലിച്ചു. ഈ വ്യതിയാനങ്ങൾ എല്ലാം ഓർത്തപ്പോൾ മൃദുലതരമായ അവന്റെ ഹൃദയം വെന്തു വെണ്ണീറായി. അതീതകാലങ്ങളെക്കുറിച്ച് അവൻ അതീവ പശ്ചാത്തപിച്ചു. അശ്രുധാരകൾ പിന്നെയും അവന്റെ നേത്രങ്ങളിൽനിന്നും അനർഗ്ഗളമായി സ്രവിച്ചുതുടങ്ങി. ആത്മകാന്തന്റെ ദാരുണമായ ഈദൃശ സങ്കടത്തേയും സങ്കോചത്തേയും ഇംഗിതജ്ഞ

യായ ആ സുകുഡുംബിനി ഗ്രഹിച്ച മാത്രയിൽ അവ
ൾ മനസ്സുരുകി ഭർത്തൃസവിധത്തിൽ ഉപഗമിച്ചിട്ട് അ
തിവിനയപുരസ്സരം ആ നരഷഭനെ ഒന്നു മൃദുവായി
തലോട്ടുകയും അനന്തരം അവൻെറ രുചിരമേനിയെ സാന്ദ്ര
രാഗം ഒന്നു പരിരംഭണം ചെയ്യുകയും ചെയ്തശേഷം അവ
ൻെറ നേത്രങ്ങളെ സകരുണം ഉന്മാർജ്ജനം ചെയ്തിട്ട തൻെറ
കയ്യിൽ രണ്ടു മഹാർഹമായ മണിച്ചിലമ്പുകൾ ഉണ്ടെന്നും
അവയെ പണ്യവീഥികളിൽ കൊണ്ടുചെന്നു് വിക്രയംചെ
യ്തു് എന്തെങ്കിലും ഉപജീവനമാർഗ്ഗം സമ്പാദിക്കാൻ സൌക
ര്യമുണ്ടെന്നും സുസ്മേരവദനയായി പറഞ്ഞുകേൾപ്പിച്ച്,
സ്വകാന്തനെ അതീവ സാന്ത്വനപ്പെടുത്തി.

അനന്തരം കോവലൻ അത്യാനന്ദതുന്ദിലമനസ്കനാ
യി ആ തരുണീമണിയുടെ സവിധത്തിങ്കൽ ഉപഗമിച്ചിട്ട്
പൂർവ്വാധികമായ സൌഹാർദ്ദത്തോടുകൂടി അവളുടെ മൃദുലത
രങ്ങളായ കരപല്ലവയുഗ്മങ്ങളെ ഗ്രഹിച്ചു, നിർവ്യാജമായ
വാത്സല്യപൂർവം അവയെ ഒന്നു മൃദുവായി ആമർദ്ദനം
ചെയ്യുകയും ചിരവിരഹക്ലാന്തമായ അവളുടെ വാടിയ പൂമേ
നിയെ ദൃഢമായി ആലിംഗനം ചെയ്യുകയും ചെയ്തിട്ട് അവ
ളോട്ട് ഇപ്രകാരം ഉദീരണം ചെയ്തു.

(മഞ്ജരി)

"പൊന്നേ! കനിയേ! പുകഴും നൽപെൺകൊടി
മിന്നേ! നിന്നോടൊന്നു ചൊല്ലീടാം കേൾ.
എന്തുപറഞ്ഞാലുമെന്നെതിർ ചൊല്ലാത്ത
ചെന്താമരാക്ഷി! നീയൊന്നുകേൾക്കു.

മാമധുരപുക്ക നിങ്കാൽ ചിലമ്പിതു
ഹേ! മദിരാക്ഷിവിലയ്ക്കുങ്ങേകി
തക്കമൂല്യംനേടി മെയ്യുണ്ണി നമ്മുടെ
സൽക്കുല ധമ്മത്തെ പാലിച്ചീടാം.
അല്ലാതെയിന്നെന്തു ചൊല്ലേണ്ടു പൈതലേ
വല്ലാതെയായിവലഞ്ഞു ഞാനും," (ചിലപ്പതികാരം)

ആയതുകൊണ്ടു ഹേ! പക്ഷ്മളാക്ഷി! ഞാൻ മധുരാപുരിയിൽ ചെന്നു് ഈ നൂപുരം വിക്രയം ചെയ്തുകിട്ടുന്ന പരിപണംകൊണ്ടു് എന്തെങ്കിലും വാണിഭംചെയ്തു സ്വകുലധമ്മത്തെ സമഞ്ജസം പാലിക്കാമെന്നാശിക്കുന്നു. നീ ഇനിമേലെങ്കിലും അരക്ഷണംപോലും എന്നെ വിട്ടകലാതെ എന്നോടു് ഉപയാനം ചെയ്വാൻ സന്നദ്ധയായാലുമെന്നു സഗൽഗദം പറഞ്ഞു. സ്വഭത്താവിന്റെ കല്പനയെ നിരാകരിക്കുന്നതു്, പാതിവ്രത്യത്തിനു അമിതമായ ഭംഗമാണെന്നു സങ്കല്പിച്ചിരുന്ന ആ വരവണ്ണിനി ഉടനടി ആ പുണ്യകൃത്യത്തിലേക്കു വശംവദയായി. അന്നുരാത്രിതന്നെ അന്ത്യയാമത്തിങ്കൽ ആ ദമ്പതികൾ സ്വന്തം ഗേഹംവിട്ടു് ആ നഗരദ്വാരത്തിലുള്ള നിരവധികമായ പണ്യവീഥികളേയും വിശിഖകളേയും തരണംചെയ്തിട്ടു കാവേരിനദിയുടെ ഉത്തരതീരം വഴി പശ്ചിമാഭിമുഖമായി പ്രയാണംചെയ്തു. ഏകദേശം നാലുകാതം ദൂരം യാത്രരായപ്പോൾ അവിടെ സാന്ദ്രച്ഛായമായ വനരാജികളാൽ നിബിഡവും നാനാവിധ കുസുമസഞ്ചയങ്ങളാൽ അതിരമ്യവുമായ ലവന്തികയെന്ന ഒരു വസന്തോദ്യാനത്തെ കാണുകയും അതിനുള്ളിൽ സ്വല്പനേരം വിശ്രാന്തിക്കായി പ്രവേശിക്കുകയും ചെയ്തു. ഇതിനിടയ്ക്കു് കണ്ണകിക്കു്

(മഞ്ജരി)

"അഥാപശ്രമിത്തിനാലംഗം തളൎന്നിതു
വിശ്രാന്തിക്കായി ശ്രമിച്ചവളും
നാവു വരണ്ടിതു മേനി ചുരുണ്ടിതു
വേവുംതുടങ്ങിയവളുള്ളത്തിൽ
തന്നാഥം തന്മുഖം നോക്കിയമ്മങ്കയാൾ
നന്നേ നെടുവീൎപ്പുമിട്ടീടിനാൾ
എന്നിട്ടു പിന്നിട്ടു കാന്താമതിമുഖം
തന്നെ വീക്ഷിച്ചിതും ചൊല്ലീടിനാൾ
എന്നാഥ! കേളെത്രദൂരമുണ്ടുചെല്ലാൻ
അമ്മധുരയ്ക്കുതാനായതാക്ഷാ
ആയതുകേട്ടപ്പോളായവനുള്ളംതാൻ
ആയിരമായിട്ടു പൊട്ടിപ്പോയി.
എന്നിട്ടു വന്നോരു ശോകത്തെ നിക്കീട്ടു
അന്നല്ലാളോടിദമോതീടിനാൻ.
അല്ലേഎന്നോമലേ! ആയതിൻദൂരന്താൻ
ഇല്ലല്ലോ നാലഞ്ചുകാതംപോലും
തെല്ലുസമാശ്വാസം കൈക്കൊൾക മയ്ക്കണ്ണി
മെല്ലെ നമുക്കു ഗമിക്കാമെടൊ
ദുര്യോഗക്കെട്ടിങ്കൽ പെട്ടിടാതെയാരും
മര്യേല്പുംകണ്ണിതാൻ വാണതുണ്ടോ?
ആ രാമൻ, സീതാ, നളൻ, ഭൈമിയെന്നിവർ
ആ രമ്യസച്ചരിത്രങ്ങൾ പോരെ,
ആശ്വസിക്കാശ്വസിക്കംബുജലോചനെ

ആസ്വാദ്യമായിട്ടും പാൽക്കുഴമ്പേ!
പാതിവ്രത്യത്തിന്റെയത്താണി നീയല്ലോ
പാരിൽ നിൻ സൽക്കഥ പൂജനീയം
എന്നവൻ കാന്തയെ ശാന്തവാചങ്ങളാൽ
നന്നായ് സമാശ്വാസം ചെയ്തുപിന്നെ."
(ചിലപ്പതികാരം)

കുറച്ചുനേരം ഏകാന്തമായ ആ രമ്യാരാമത്തിങ്കൽ അത്യന്തം ഉപരതിയോടെ വിശ്രമിച്ചശേഷം അവർ പിന്നീട് ഒരു കാതം യാത്രചെയ്ത് നീരന്ധ്രമായ തരുനികുരംബങ്ങളാൽ നിബിഡവും മൃദുലതരങ്ങളായ ശഷ്പാസ്തരണങ്ങളാൽ മസൃണീകൃതവുമായ ഒരു രമ്യപ്രദേശത്തിൽ ചെന്നുചേരുകയും ചെയ്തു. അവിടെയുള്ള ഒരു മനോരഞ്ജിതമായ നികുഞ്ജത്തിൽ വസിച്ചിരുന്നവളും അനതിപ്രാംശുകായയും ശ്രേഷ്ഠരൂപിണിയും ശുദ്ധമായ കാഷായവസ്ത്രത്താൽ ആ പ്രപദീനം ആവൃതശരീരയും പലിതധവളങ്ങളായ ചികുരങ്ങളോടുകൂടിയവളും വർഷീയയുമായ കൌന്തിയടികളെന്ന ഒരു ജൈനസന്ന്യാസിനിയുടെ നിവാസാശ്രമത്തിനു സമീപം അവർ ചെന്നുചേരുകയും അചിരേണ അവരെ ദർശിക്കുകയും ചെയ്തു. പ്രശ്രയാവനതന്മാരായ ആ അദ്ധ്വനീനന്മാരെ കണ്ടപ്പോൾ ആ തപസ്വിനി അവരെ ഉത്തരക്ഷണത്തിൽ ആശ്രമാന്തർഭാഗത്തിൽ ക്ഷണിച്ചുകൊണ്ടുപോയി. ആ അതിഥികൾ തറയിൽ വിരിക്കപ്പെട്ടിരുന്ന തൃണകടങ്ങളിൽ ആസനസ്ഥരായശേഷം ആ യോഗിനി അവരോടു കുശലപ്രശ്നം ചെയ്യുകയും അനന്തരം അവർ ആ പഥികൾക്ക് വേണ്ടതായ ആതിഥ്യങ്ങൾ നൽകുകയും രമ്യഫലസ

മ്മിശ്രങ്ങളായ ഭോജ്യപേയാദികൾ കൊടുത്തു് അവരെ സംതൃപ്തരാക്കുകയും ചെയ്തു. തദനന്തരം കോവലൻ ആ വാനപ്രസ്ഥയെ നോക്കീട്ടു് പ്രിയഭാമിനിയോടു് ഇപ്രകാരം നിമന്ത്രണം ചെയ്തു.

(മഞ്ജരി.)

അപ്രതിമോജ്വലകോമളമൂർത്തിയാൾ
സുപ്രസിദ്ധിവാച്ച ശോഭനാംഗി
മായാസമുദ്രം മറികടന്നോളാകു
മീയമ്മകണ്ണിന്നു കർപ്പൂരംതാൻ
ബ്രഹ്മതേജോമൃതം തൂകും വാർതിങ്കളാ
ലിമ്മാതിൻനന്മുഖമാഷ്ശോഭം
ത്യാഗവൃക്ഷത്തിന്റെ സൽബീജമാണിവർ
മോഹവൃക്ഷത്തിൻ കൊടുംകുഠാരം
ശാശ്വതമാകുമഹിംസാവ്രതംപൂണ്ടോ
രീശ്വരിയാണിവൾ വാദമില്ല
ശാന്തിയിൻ കൂടാരമൻപിൻപ്രതിരൂപം
സ്വാന്തത്തിലൊട്ടുമേ ദുഷ്ടില്ലാത്തോൾ
രമ്യാശരച്ചന്ദ്രശോഭിതവക്ത്രയാ
ളിമ്മാതനസൂയയെയ്ക്കൊത്ത ധന്യാ" (ചിലപ്പതികാരം)

കോവലൻ ആ ദേവിയോടായി തന്റെ പുരാവൃത്തം മുഴവനും പറഞ്ഞുകേൾപ്പിക്കയും ആ പുണ്യവതി ആയതു ശ്രവിച്ചിട്ട അത്യധികം അനുകമ്പാഭരിതയായി അക്ഷികരായ ആ ദമ്പതികളെ വേണ്ടുംവണ്ണം അനുഗ്രഹിക്കുകയും അ

വരോടുകൂടി താനും മധുരാപുരിക്കു നിർഗ്ഗമിക്കുന്നതിനു് ആ യോഗിനി സമ്മതിക്കുകയും ചെയ്തു. പിന്നീട് അവർ മൂന്നു പേരും മധുരയെ നോക്കി പ്രയാണം ചെയ്കയും വഴിമദ്ധ്യേ ശ്രീരംഗത്തിൽ എത്തി അവിടെയുള്ള സ്പൃഹണീയമായ കാഴ്ചയാൽ ഏററവും ആശ്ചര്യപരതന്ത്രന്മാരായിട്ടു് അന്നു് അവിടെ താമസിക്കുകയും, അനന്തരം സഹസ്രം ഫണാവലികളോടു കൂടി വിലസുന്ന സരീസൃപസംസ്തരത്തിന്മേൽ സച്ചിദാനന്ദ സ്വരൂപിയായി മായയാ യോഗനിദ്രയിൽ ലയിച്ചിരിക്കുന്ന നാനാമുനിഗണനിഷേവ്യമാനനായ സാക്ഷാൽ ശ്രീരംഗനാഥനെ അകപ്പരമനസ്കരായി അമിതമായ ഭക്ത്യാദരപൂർവ്വം ദർശനം ചെയ്കയും ചെയ്തിട്ടു് അവിടെ നിന്നും യാത്ര തുടന്നു.

അടുത്തദിവസം പ്രഭാതത്തിൽ ആ അദ്ധ്വനീനന്മാർ മൂന്നുപേരും ഒരു വഞ്ചിയിൽകയറി കാവേരിനദിയെ തരണംചെയ്തു നീലയായപനസരസാലകേരക്രമുകാദിവനരാജികളാൽ നിബിരീസമായ ദക്ഷിണപ്രാന്തത്തെ പ്രാപിച്ചു് അവിടെയുള്ള ഒരു മരച്ചോലയിൽ കുറച്ചുകാലം നിവസിച്ചു് അദ്ധ്വശ്രമനിവാരണം ചെയ്കയും ചെയ്തു. പുനശ്ച ആ പാന്ഥന്മാർ ആ പുണ്യതടിനിയുടെ ദക്ഷിണതീരംവഴി യാത്രചെയ്തു് അവിടെയുള്ള പല കൃഷിക്ഷേത്രങ്ങളേയും പനസരസാലതിന്ത്രിണീപ്രഭൃതികളായ വൃക്ഷതതികളാൽ പരിവൃതവും സാന്ദ്രച്ഛായാ പരിപൂതവും ആയ ശാദ്വലപ്രദേശങ്ങളേയും ദർശിച്ചുംകൊണ്ടു അത്യധികം ഉപരതിയോടെ ആ രമ്യ മാർഗ്ഗേണ യാത്രചെയ്തുതുടങ്ങി. പോകുന്നവഴിമദ്ധ്യേ

അവർ സമീഡസ്ഥലങ്ങളിലുള്ള കരിമ്പിൻതോട്ടങ്ങളേയും കമലിനികളേയും കാരണ്ഡകങ്ങൾ, കാട്ടുകുക്കടങ്ങൾ, ജലകരടകങ്ങൾ, ശാരികകൾ, നാരകൾ, രാജഹംസങ്ങൾ ആദിയായ പതത്രിവൎഗ്ഗങ്ങളുടെ നിനാദങ്ങൾ അടക്കുളത്തിൽ ഭേരീപടഹാദി വാദ്യങ്ങൾ ഉൽബണമായി ഉൽഘോഷിക്കുംപോലെ ഏകീകരിച്ചു കേൾക്കുന്ന കച്ഛപ്രദേശങ്ങളേയും ചെന്നെൽകതിരുകൾ ചന്തമായി വിളഞ്ഞുകിടക്കുന്ന കൈദാരികങ്ങളേയും നിരീക്ഷിച്ചിട്ടു് ആ പഥികന്മാർ സപ്രമോദം യാത്രതുടൎന്നു. അവിടെ ചില സ്ഥലങ്ങളിൽ,

(മഞ്ജരി)

"ചേററിൽ പുരണ്ടചെഴുംമേനിതന്നിലെ
ഏററമിരുണ്ട മുടികളോടും
ഊക്കരാം ചെങ്കൺമഹിഷങ്ങളുമതി
ചിക്കനെ മത്തന്മാരായിട്ടുടൻ
മണ്ണുകുതിന്നിട്ടും തുള്ളിമറിഞ്ഞിട്ടും
തിണ്ണത്തിൽ ചെന്നക്കതിർത്തൂവിൽ
ചാഞ്ഞുരസീട്ടുടൻ നെല്ലുതിക്കുമ്പോളങ്ങോഞ്ഞങ്ങു ചെന്നുടൻ കൎഷകന്മാർ
ചീത്തകോപത്തുടനാട്ടിവിരട്ടീടും
ചീരുററ നാദത്തിൻ രമ്മ്യതയും.

(ചിലപ്പതികാരം)

കണ്ടുകൊണ്ടും മററുചില കൃഷിസ്ഥലങ്ങളിൽ

(മഞ്ജരി)

ചെങ്കുവളപ്പൂക്കൾ ഉച്ചിമേൽ ചൂടിയും
അംഗത്തിൽ പാടത്തിൻ ചേറണിഞ്ഞും
ഞാററിൻ മുടികൾ തലമേലിൽപ്പേറിയും
ഏററം കൊഴുത്തതാം മേനിയോടും
കള്ളും കുടിച്ചും ചുവപ്പിച്ചും കണ്ണുകൾ
ഭള്ളുകളോരോന്നെ ചൊല്ലിക്കൊണ്ടും
കണ്ടങ്ങളിൽ നിന്നും സാധുക്കളെന്തിമ-
വർണ്ണോജ്ജരോമനപ്പെൺകിടാങ്ങൾ
നാട്ടിൻദാരിദ്ര്യ മകററും പുനിതകൾ
നാട്ടാരിന്നൈശ്വര്യ നൽച്ചെപ്പുകൾ
മൺവളയിട്ടു കിലുക്കിയ കൈകളാൽ
മാൺപിൽ ഞാററിൻ മുടിതാൻ വിതിത്തും
ചിത്രമെഴുതുമ്പോലച്ചെഴും കൊങ്കമാർ
ഒത്തൊരുമിച്ചു നിരന്നുനിന്നും
പാട്ടുകൾ പാടിയും പൂക്കുരവയിട്ടും
ഞാററു നട്ടുംകോല കാഴ്ചകളും

(ചിലപ്പതികാരം)

ദശിച്ചുംകൊണ്ടു ദിവസംതോറും ഓരോകാതംവീതം നടക്കേണമെന്നു നിശ്ചയിച്ചു് സന്തോഷപരവശരായി അവിടെനിന്നും യാത്രതുടൎന്നു. ഇതിനിടയ്ക്കു തഴച്ചുനില്ക്കുന്ന പൂഞ്ചെടികളും വള്ളികളും നിറഞ്ഞ ഒരു ഭാഗത്തു ജൈനാ

ഗമങ്ങളുടെ മഹിമയും തത്വങ്ങളും അടങ്ങിയ ധർമ്മപ്രമാണങ്ങളെ ഏവരും കേൾക്കത്തക്കവണ്ണം അതിമജ്ഞിമമായി അരുളിച്ചെയ്യുന്ന രണ്ടു ശ്രാവണമുനികൾ പട്ടണംവിട്ട് അവിടെ എഴുന്നെള്ളിയിരിക്കുന്നതായി അറിഞ്ഞപ്പോൾ കൌന്തിയടികൾ കോവലനോടും കണ്ണകിയോടുംകൂടി അവരുടെ സന്നികഷത്തിൽ ചെന്നു് അവരുടെ പാദാന്തങ്ങളിൽ വീണു സാഷ്ടാംഗം നമസ്കരിച്ചു. മദമാത്സര്യാദിരഹിതന്മാരായ ആ ഗംഭീരപുരുഷന്മാർ ആ തപോനിധിയായ കൌന്തിയേയും അനുയാതരേയും സ്മിതപ്രൌഢിയോടെ വീക്ഷിച്ചിട്ട് ഇപ്രകാരം സകരുണം അരുളിച്ചെയ്തു.

"പുണ്യവതിയായ ഹേ! യോഗിനി! ആരാലും തടുപ്പാൻ കഴിയാത്തവിധത്തിൽ അനുഭവത്തിനടുത്തിരിക്കുന്ന ദുഷ്കർമ്മഗതിയുടെ ഫലങ്ങൾ സർവ്വസാക്ഷികളുടെ കളിപ്പാവകളായ ഈ മാനുഷകീടങ്ങൾ ഒരുനാളും അനുഭവിക്കാതെയിരിക്കാൻ ഇടവരികയില്ല. വിളനിലത്തിങ്കൽ വിതച്ചവിത്തിൻെറ ഗുണസൌഷ്ഠവംപോലെ സൽക്കർമ്മദുഷ്കർമ്മങ്ങളുടെ ഫലം മർത്ത്യന്മാർ അന്നന്നനുഭവിച്ചുതന്നെ തീരൂ. അതു് എല്ലായ്പ്പോഴും അലംഘനീയമാണു്. കൊടുങ്കാററടിക്കുന്ന വിശാലമൈതാനത്തിങ്കൽ കൊളുത്തിവച്ചിരിക്കുന്ന വിളക്കെന്നപോലെ ഉടലിനുള്ളിൽ നില്ക്കുന്ന ജീവനും ഉടനടി മാഞ്ഞുപോകുന്നതല്ലാതെ എന്നും സ്ഥായിയായി ബന്ധിച്ചുനില്ക്കുന്നതല്ല. സർവ്വജ്ഞൻ ആദിയായ നാനാവിധാഭിധാനങ്ങളോടുകൂടിയ ജിനദേവനാൽ അരുളിച്ചെയ്യപ്പെട്ട ആഗമതത്വജ്ഞാനദീപ്തി സിദ്ധിക്കാത്ത യാതൊരുത്തർക്കും

ജനനമരണസങ്കലിതമായ സംസാരസാഗരത്തിൽനിന്നു കരകയറുവാൻ ഒരിക്കലും സാധ്യമാവുകയില്ല. ഇപ്രകാരം മഹിതവും മഹാസാരഗർഭവുമായ ശ്രാവണമുനികളുടെ സാരോപദേശങ്ങളെ ആകർണ്ണനം ചെയ്തിട്ട്, തപോധനയായ കൌന്തി ആ മഹനീയാംഗന്മാരെ കൈക്രൂപ്പി വണങ്ങുകയും താൻ കാമനെ ജയിച്ച മഹാത്മാവായ ആ ദിഗംബരൻെറ ജ്ഞാനപ്രതിപാദകങ്ങളായ പരിശുദ്ധവാക്യങ്ങളല്ലാതെ മറെറാന്നും തന്നെ ചെവി ചാച്ചു കേൾക്കുന്നില്ലെന്നും, ആനന്ദപൎയ്യവസായിയും അത്യാനന്ദസുഖദായകവുമായ ആ ദേവൻെറ ആഗമസാരവാക്യങ്ങളെയല്ലാതെ മറെറാന്നിനേയും തൻെറ ഹൃദയാന്തത്തിൽ ഉൾക്കൊള്ളുന്നില്ലെന്നും ആ വാചംയമന്മാരോടു പറഞ്ഞുകേൾപ്പിച്ചു. അല്പം കഴിഞ്ഞിട്ട് ആ ചാരണർ അവിടെനിന്നും ഭൂസ്പർശം വിട്ടു പൊങ്ങുകയും കൌന്തിദേവിയെ ജനനമരണരൂപമായ സംസാരദുഃഖം ഇനി ബാധിക്കാതിരിക്കാൻ പൂർണ്ണമായി ആശീർവദിക്കയും ചെയ്തുകൊണ്ടു് പെട്ടെന്നവിടെനിന്നും അന്തൎദ്ധാനം ചെയ്തു.

പിന്നീട്ട് കോവലനും കണ്ണകിയും കൌന്തിദേവിയുമൊന്നിച്ച് ഇരുകരകളിലും മുകിൽമാലയണിഞ്ഞുനില്ക്കുന്ന മരച്ചോലകളോടുകൂടിയ ഒരു വിജനസരണിയിൽകൂടി യാത്ര ചെയ്യുമ്പോൾ, അനന്യസാധാരണസൌന്ദൎയ്യധാമങ്ങളായ ആ ദമ്പതികളെ അചിരേണ ആലോകനം ചെയ്തിട്ട് അവരിൽ അത്യധികം അസൂയാലുക്കളായി, തന്നിമിത്തം അവരെ അവഹേളനംചെയ്തു ഒരു പുംശ്ചലിയേയും അവളുടെ കമിതാവായ ഒരു കാമചാരിയേയും കൌന്തിയടികൾ കേവലം ജംബുകരായ് ആ വനമദ്ധ്യത്തിൽ അലഞ്ഞുതിരിയട്ടെ

എന്നു കോപാരുണിതനേത്രയായി ശപിച്ചു. ആ ശാപം ആ സന്ന്യാസിനിയുടെ തപോബലത്താൽ അവരെ അന്നക്ഷണം ബാധിക്കുകയും അവർ ആ ക്ഷണംതന്നെ സൃഗാലങ്ങളായിഅവിടെനിന്നും ഓടിപ്പോവുകയുംചെയ്തു. അതുകണ്ടപ്പോൾ കണ്ണകി നടുങ്ങി അത്യന്തം അനുകമ്പാഭരിതയായി ആ ദേവിയോട്ട് കേവലം അജ്ഞരായ ആ അപരാധികൾക്കു ശാപവിമോചനം കൊടുക്കുവാൻ അതിവിനീതയായപേക്ഷിച്ചു. ഉടനെ ദേവി അത്യഹങ്കാരത്താൽ അതിദുർഭാഷണം ചെയ്തവരായ ഇവർ ഒരു വ്യാഴവട്ടകാലമെങ്കിലും ഈ നികൃഷ്ടജന്മത്തിൽ ജീവിച്ചിട്ട് അനന്തരം പൂർവ്വസ്വന്തം രൂപത്തെ പ്രാപിച്ചാലും, എന്നു ശാപമോക്ഷം നൽകുകയും ചെയ്തു.

അനന്തരം അവർ മൂന്നുപേരുമൊന്നുചേർന്ന് സ്പൃഹണീയമായും മസാരമസൃണമായും നീരന്ധ്രമായ തരുച്ഛായകളാൽ അതികമ്രമായും ഉള്ള അനേകം കാഴ്ചകളെ ദർശിച്ചുംകൊണ്ട് മരുൽപഥത്തെ മാർജ്ജനംചെയ്യുന്ന മഹനീയങ്ങളായ നിരവധി പ്രാസാദങ്ങളാൽ ആവൃതമായ ഉറയൂരിലെത്തി അവിടെ അന്നുരാത്രി താമസിച്ചിട്ട് അടുത്തദിവസം പ്രഭാതത്തിൽ സമന്ദം അവിടെനിന്നും യാത്രയാവുകയും ചെയ്തു.

മദ്ധ്യേമാർഗ്ഗം ഒരുദിവസം മദ്ധ്യാഹ്നത്തിൽ കോവലൻ തന്റെ പ്രിയതമയുടെ തൃഷ്ശാന്തിക്കായി വനാന്തരത്തിൽ ചെല്ലുന്നതിനിടയായി. അപ്പോൾ മാധവിയാൽ അയയ്ക്കപ്പെട്ട കൗശികൻ എന്ന ഒരു അന്തണൻ അവിടെ സമാഗതനായി കോവലനോടായി അവരെ കാണാത്തതുകൊ

ണ്ടു് അവൻെറ താതമാതാക്കൾ അനുഭവിക്കുന്ന നിരവധി കഷ്ടാരിഷ്ടങ്ങളെയും മാധവി അനുഭവിക്കുന്ന അതിദാരുണമായ വിരഹദുഃഖത്തേയും ആ ഉർവ്വീസുരൻ അതിചാതുര്യത്തോടുകൂടി കോവലനെ പറഞ്ഞുകേൾപ്പിക്കയും ചെയ്തു. അതുകേട്ടിട്ടു കോവലൻ ക്രമത്തിലധികം വ്യസനാക്രാന്തനായും തൻെറ ഇദാനീന്തനമായ ദുർഗ്ഗതിയെ വിചാരിച്ചു കേവലം തൂഷ്ണീകനായും സ്വല്പനേരം നില്ക്കുകയും, അത്യധികംസങ്കടപ്പെടുകയും ചെയ്തു. അനന്തരം ആ നരശാർദ്ദൂലൻ തൻെറ ഹൃദയംഗമമായ വന്ദനത്തേയും നിഷ്കപടമായ സ്നേഹാദരത്തേയും നിവേദനംചെയ്യുന്നതിനു പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു.തുകൂടാതെ അവരെ ആശ്വസിപ്പിക്കാൻ ആ അവനീസുരനോടു് അൻസ്യൂതം അപേക്ഷിക്കുകയും ചെയ്തു. ഇതല്ലാതെ മഹിളാമണിയായ മാധവിയോടു തനിക്കു് അല്പംപോലും അനുരാഗമുള്ളതായി അയാൾ യാതൊന്നുംതന്നെ പുറത്തു പ്രസ്പഷ്ടമായി പ്രതിപാദിച്ചില്ല. എന്നുമാത്രമല്ല അവളെ കശ്നമായി ഭത്സിക്കുകയും അവളുടെ വിപ്രയോഗത്തിൽ തനിക്കശേഷം ഉൽക്കണ്ഠയോ അനുകമ്പയോയില്ലെന്നു ആ അന്തണവരനെ ധരിപ്പിക്കയും ചെയ്തശേഷം അയാളെ അവിടെനിന്നും യാത്രപറഞ്ഞയച്ചു.

കുറെ നേരത്തേക്കു കോവലൻ ഒന്നും മിണ്ടാതെ ചിന്താഗ്രസ്തനായി നിന്നശേഷം ജലവുംകൊണ്ടു് പ്രിയതമയുടെ സന്നിവേശത്തിൽ ആഗതനായി ആ സുദർശനയുടെ ദാഹശാന്തി വരുത്തിട്ടു് അവളോടും കൌന്തിയടികളോടും

കൂടി ത്രിംശദ്ദിനങ്ങൾ കൊണ്ടു് അനവധി ഗഹനങ്ങളും ദുൎഗ്ഗമങ്ങളുമായ അരണ്യപ്രദേശങ്ങളെ അതിക്രമിക്കുകയും അനന്തരം അവൎക്കു പ്രത്യക്ഷപ്പെട്ട ഒരു ഏകപദീമാൎഗ്ഗത്തിൽ കൂടി വേഗവതീനദീതീരത്തെ പ്രാപിക്കുകയും ചെയ്തു. അനന്തരം അവർ ആ പുണ്യതരംഗിണിയെ തരണംചെയ്തു ഭാസുരവും ചൂതവനങ്ങളെക്കൊണ്ടു് ആവൃതവും ആയ മധുരാപുരിയുടെ പുറഞ്ചേരിയിലുള്ള ഒരു സന്യാസ്യാശ്രമത്തിൽ വന്നു താമസിച്ചു.

അടുത്തനാളുഷസ്സിൽ കോവലൻ ഏകാകിയായു് നഗരാന്തൎഭാഗത്തു പ്രവേശിക്കുകയും ആ മഹാനഗരത്തിൻെറ സമ്പൽസമൃദ്ധിയേയും അനന്യസാധാരണമായ ശില്പവൈശിഷ്ട്യത്തേയും അതിരുചിരങ്ങളായ തരുഗുല്മലതാദികളെക്കൊണ്ടു് സാന്ദ്രച്ഛായങ്ങളായ പ്രാസാദങ്ങളേയും സ്പൃഹണീയങ്ങളായ പുണ്യവീഥികളെയും രക്ഷിവൎഗ്ഗങ്ങളാൽ അക്ഷീണം രക്ഷിച്ചുപോരുന്ന രാജഗൃഹങ്ങളേയും മററും ദൎശിച്ചിട്ടു്, താമസംവിനാ മടങ്ങിയെത്തുകയും ചെയ്തു. അപ്പോൾ യാദൃച്ഛികമായി അവിടെ ആഗമിച്ച മാതരിയെന്ന ഗോപസ്ത്രീ ആശ്രമോപാന്തത്തിൽ നില്ക്കുന്ന കോവലനേയും കണ്ണകിയേയും ദൎശിക്കാനിടയാവുകയും ആ സന്യാസിനിയിൽ നിന്നും അവരുടെ പുരാവൃത്തങ്ങളെ സവിസ്തരം മനസ്സിലാക്കുകയും ചെയ്തു. അനന്തരം ആ യോഗിനി, മാതരിയോടായി "അല്ലയോ ആഭീരവനിതേ! ഈ ആനന്ദരൂപിണിയുടെ പിഞ്ജരങ്ങളും മൃദുലതരവുമായ ചെന്താരൊത്ത പാദപാന്ഥങ്ങൾ ഈ ഭൂമിദേവിയെക്കൂടിയും ഇതിനുമുമ്പു്

സ്പർശിച്ചറിഞ്ഞിട്ടില്ല. ഇവൾ ഇപ്പോൾ കഠിനമായ കാലഗതിനിമിത്തം കാതരയായി കട്ടംവെയിലിനാൽ തൻെറ കണവൻ കഠിനമായി വാടിത്തപിച്ചതുകണ്ടു് കരളുരുകി നാവു വരണ്ടു്, തനിക്കു നേരിട്ട അത്യായാസത്തെപോലും അല്പമെങ്കിലും അറിയാത്തവിധം അത്രയ്ക്കു മനോമാഹാത്മ്യത്തോടുകൂടി ഒരു വാടിയ പൂങ്കൊടിപോലെ പ്രകാശിക്കുന്നവളാണു്. ഗാർഹസ്ഥ്യധർമ്മാചരണത്തിൽ പതിയുടെ സാഹചര്യത്തെ അനിവാര്യമായി കാംക്ഷിക്കുന്ന ഒരുത്തമ ധർമ്മപത്നിക്കു ഒഴിച്ചുകൂടാത്തതായ പാതിവ്രത്യനിഷ്ഠ അത്യധികമായി പ്രശോഭിക്കുന്ന ഒരു വരവർണ്ണിനിയാണു് ഈ നില്ക്കുന്ന കണ്ണകി. ഇത്തരം ചാരിത്ര്യനിഷ്ഠയോടുകൂടിയ ഈ പ്രത്യക്ഷദേവത വസിക്കുന്ന നാട്ടിൽ കാലവർഷം പൊഴിയ്ക്കുകയോ ഭൂഫലപുഷ്ടിക്കു വ്യാക്ഷേപമേർപ്പെടുകയോ രാജനീതിക്കു വിഭ്രംശം വരുകയോ സംഭവിക്കുന്നതല്ല. ആയതുകൊണ്ടു് ഞാൻ ഈ പരമസൽഗ്ഗുണസമ്പൂർണ്ണരായ ദമ്പതികളെ നിൻെറ ശരണമായേല്പിക്കുന്നു. നീ ഈ വൈശ്യദമ്പതികളെ വീതസന്ദേഹം സ്വീകരിച്ചു് വേണ്ടുംവണ്ണം സ്നേഹാദരപൂർവ്വം സംരക്ഷിച്ചാലും. ധർമ്മചാരികളുടെ അഭ്യാഗതം തല്ക്കാലം സാമാന്യമായി ഒരാനന്ദത്തെമാത്രം ജനിപ്പിക്കുന്നതാണെങ്കിലും പിന്നീടു് അതു പരമാനന്ദാനുഭൂതിക്കു ഹേതുവായിത്തീരുന്നതാണെന്നരുളിച്ചെയ്തിട്ടു് ആ ദമ്പതികളെ മാതരിയുടെ പക്കൽ ശരണമായേല്പിച്ചു.

മഹാപുണ്യവതിയായ മാതരി ആ വൈശ്യദമ്പതികളെ ബഹുമാനപൂർവ്വം സാഗ്രഹത്തിൽ ക്ഷണിച്ചുകൊണ്ടു

പോയി, യാതൊരുവിധമായ മനഃക്ലേശത്തിനും ഇടവരുത്താതെ അത്യധികം വരിവസ്യയോടെ അവക്കു വേണ്ടുന്ന ഭോജ്യപേയാദി സാധനങ്ങൾ പ്രദാനം ചെയ്തു് അവരെ സസന്തോഷം സംരക്ഷിച്ചു പോന്നു. ഇതിനിടയ്ക്കു് ഒരു ദിവസം കോവലൻ തന്റെ പ്രിയതമയുടെ മണിശിഞ്ജിരത്തെ വാങ്ങിച്ചുംകൊണ്ടു് പ്രണയമസൃണമായ മന്ദസ്മിതത്തോടുകൂടി അവളെ അനുപദം നിരീക്ഷിക്കയും ചെയ്തിട്ടു് ആ സുദർശനയോടായി "ഹേ! പ്രിയ ഭാമിനീ! ഞാൻ നിന്റെ ഈ മഹാർഹമായ മണിനൂപുരത്തെ പണ്യവീഥികളിൽ കൊണ്ടുചെന്നു വിററു് അനുക്ഷണം മടങ്ങിവരാം. ഞാൻ വരുവോളം നീ എന്റെ വിരഹമോത്തു് അല്പമെങ്കിലും ദുഃഖിക്കാതെ അത്യാനന്ദതുന്ദിലയായി നിന്റെ മാതൃസമാനയായ ഈ മഹിളാമണിയുമൊന്നിച്ചു് ഇവിടെ നിവസിച്ചാലും!" എന്നിപ്രകാരം അരുളിച്ചെയ്തു.

ഉടൻതന്നെ അവൻ ആ പക്ഷ്മളാക്ഷിയായ ആത്മകാന്തയെ ഗാഢമായി പരിരംഭണം ചെയ്കയും അവളുടെ കുസുമപേലവമായ മൃദുമേനിയെ അത്യഭീകനായി ആമർദ്ദനം ചെയ്കയും ചെയ്തിട്ടു്, അവിടെ അവൾ കേവലം ഏകാകിനിയായിരിക്കുന്നതുകണ്ടു് കരളുരുകി കവിഞ്ഞൊഴുകുന്ന ബാഷ്പോൽഗമത്തോടെ അവളെ സാവധാനം സൂക്ഷിക്കാനായി വിശ്വസ്തസഖിയായ മാതരിയെന്ന ആഭീരവനിതയോടു് അത്യാദരപൂർവം അപേക്ഷിക്കയും ചെയ്തിട്ടു് അവിടെനിന്നും നിർഗ്ഗമിച്ചു് അതിവേഗത്തിൽ ആ കമനീയമായ മധുരാപുരിക്കുള്ളിൽ പ്രവേശിച്ചു. ആ നഗരാന്തർഭാഗത്തുള്ള

ആപണവീഥികളിൽക്കൂടി ചിലമ്പും വഹിച്ചു ചെല്ലുന്നവ നായ ആ ഗംഭീരപുരുഷനെ പലരും അനുയാത്ര ചെയ്തുതുട ങ്ങി. കാൎയ്യം ഗ്രഹിച്ചിട്ടു് നൃശംസനായ ഒരു കലാദനും അചിരേണ അവനെ അനുഗമിച്ചു. അവൻ കോവലൻെറ സന്നികഷത്തിൽ വന്നപ്പോൾ ഗംഭീരാശയനായ വണിഗ്വ രൻ അവനെ നോക്കി താൻ ഒരു മണിനൂപുരം ക്രീണനം ചെ യ്യാൻ കൊണ്ടുവന്നിരിക്കുന്നുവെന്നും അതു രാജോചിതമാ ണെന്നും അതണിയാൻ രാജമന്ദിരത്തിൽ ആൎക്കെങ്കിലും ആ വശ്യമുണ്ടോയെന്നും ചോദിക്കുകയും അതിൻെറ മൂല്യം നി ൎണ്ണയിക്കാൻ അയാളോടു പ്രത്യേകം സവിനയം അപേക്ഷി ക്കയും ചെയ്തു. കോവലോദന്തത്തെ ആകൎണ്ണനം ചെയ്ത ആ നാഢിന്ധമൻ ഉടനടി കോവലനോടായി ആ മഞ്ജുശി ഞ്ജിരം മഹാറാണിക്കണിയാൻ ഉചിതമായതാണെന്നും ഈദൃ ശമായ ഒരു ഭൂഷണം അവൎക്കിപ്പോൾ ആവശ്യപ്പെട്ടിരിക്കു ന്നുവെന്നും അറിയിച്ചതുകൂടാതെ അതിനെ അരമനയിൽ കൊണ്ടുചെന്നു കാണിച്ചു തിരുമനസ്സുണൎത്തിച്ചു തിരിയെ മടങ്ങിയെത്തുന്നതുവരെ കോവലനെ തൻെറ ഗൃഹാന്തത്തി ങ്കൽ വിശ്രമിക്കാൻ അപേക്ഷിക്കയും ചെയ്തിട്ടു ചിലമ്പോ ടുകൂടി ആ കലാദൻ രാജസദനത്തിലേക്കു അതിവേഗം നി ൎഗ്ഗമിക്കുകയും ചെയ്തു.

പോകുന്ന മാൎഗ്ഗമദ്ധ്യേ ആ അഭിസന്ധകൻ ഇപ്രകാ രം വിഹൎഷത്തോടെ വിചിന്തനം ചെയ്തു. "ഞാൻ മു മ്പൊരിക്കൽ ഈ അവരോധത്തിൽ നിന്നും അപഹരിച്ചെ ടുത്ത നൂപുരത്തിൻെറ യാഥാൎത്ഥ്യം പുറത്തറിയാതിരിക്കുന്ന

തിനുമുൻപു തത്താദൃശമായ ഈ ആഭരണത്തെ തിരുമുമ്പാകെകാണിച്ച് തിരുമനസ്സിനു ബോധ്യം വരുത്തി എന്നിലുള്ള ശങ്കയെ നിശ്ശേഷം നിവാരണം ചെയ്യേണം എന്നുമാത്രമല്ല ഈയാൾ ആ ചിലമ്പിൻെറ ചൌരകനാണെന്നു തിരുമുമ്പാകെ അതിപ്രാഗത്ഭ്യമായി ഉണത്തിച്ച്, ഇവനെ അചിരേണ അപരാധിയാക്കി അർദ്ദിപ്പിക്കയും ചെയ്യാം,, ഇപ്രകാരംവിചാരിച്ചിട്ട് ആ പശ്യതോഹരൻ അരമനയെ അഭിമുഖീകരിച്ച് അതിത്വരയോടെ ആഗമിച്ചപ്പോൾ മന്ത്രിപരിഷത്തിൽ നിന്നും പിരിഞ്ഞു സ്വന്തം പരിചാരകന്മാരോടുകൂടി സ്വ പട്ടമഹിഷിയിൽ അത്യഭീകനായി പാണ്ഡ്യൻ നെടുംചെഴിയൻ അന്തഃപുരത്തിലേക്കു നടകൊള്ളുകയായിരുന്നു. ഉടൻതന്നെ അഘകൃത്തായ ആ ഘാതകൻ ഏററവും അക്ഷമനായി മഹാരാജാവിനെ താണുവീണു നമസ്കരിച്ച്, അല്ലയോ പൊന്നുതിരുമേനീ തുരങ്കക്കോൽ! കവണ്, ഇത്യാദിയായ മോഷണോപകരണങ്ങളൊന്നും കൂടാതെ കേവലം രിക്തപാണിയായി നമ്മുടെ അരമനയ്ക്കകത്തു കടന്ന് അതിനികൃഷ്ടമായ ആഭിചാരപ്രയോഗംകൊണ്ട് അതിഭദ്രമായ അവിടത്തെ മണിയറയിലിരുന്ന മണിച്ചിലമ്പിനെ മോഷ്ടിച്ചുകൊണ്ടുപോയ മോഷകനെ തൊണ്ടിയോടുകൂടി അടിയൻ ഇതാ അടിയൻെറ കുപ്പപ്പാട്ടിൽ വിടകൊള്ളിച്ചിരിക്കയാണ് എന്ന് അതിവിഹ്വലതയോടെ തിരുമനസ്സുണത്തിച്ചു. ഉടൻതന്നെ പാണ്ഡ്യമഹാരാജാവ് ഉപരക്ഷകന്മാരെ വിളിച്ച് തൻെറ പത്നിയുടെ മണിനൂപുരം ഇവൻ പറയുന്ന തസ്കരൻെറ കൈവശമുണ്ടെന്നുവരുകിൽ അവനെ നിഗ്രഹിക്കുന്നതിനായി വേഗത്തിൽ ഇവിടെകൊണ്ടുവ

നാലും,, എന്നു പറയുവാൻ ഭാവിച്ചവനായ അവൻ കാലവൈപരീത്യത്താൽ നാവിടറി അശേഷം ആലോചനാശക്തിയില്ലാതെ ദേവിയുടെ വിരഹത്താൽ കാമപരവശനും തദാസ്ക്തമാനസനും ആയിട്ടു് തൽപ്രസാദ പ്രാപ്തിയെ മാത്രം മുൻനിറുത്തി അവനെ കൊന്നുകൊണ്ടുവന്നാലും എന്നരുളിച്ചെയ്തുപോയി. രാജഭടന്മാർ ആ കലാദനോട്ടുകൂടി അതിശീഘ്രമായി കോവലൻെറ സവിധത്തിൽ വന്നുചേൎന്നു. കളങ്കരഹിതമായ മുഖമണ്ഡലത്തോടു വിലസുന്ന കൎമ്മപാശബദ്ധനായ യുവപുംഗവനെകണ്ടപ്പോ ൾതന്നെ അവൻ ഒരു തസ്കരനാണെന്നു വിചാരിക്കാൻ ആ ഘാതകന്മാരുടെ മനസ്സ് അൽപ്പമെങ്കിലും അനുവദിച്ചില്ല. എന്നു മാത്രമല്ല, അവൻെറ നിബൎഹണത്തിൽ നിന്നും അവരുടെ മനസ്സ് അനുക്ഷണം വിരമിക്കുകയും ചെയ്തു. അതു കണ്ട നൃശംസനായ ആ കലാദൻ ഏററവും പരിഭ്രാന്തമാനസനായി അവരോടു മോഷണവൃത്തിയുടെ മൎമ്മങ്ങളായ മന്ത്രം, മരുന്നു്, തന്ത്രം, കാലം, സ്ഥലം, കരു ഇത്യാദി പല നിഗ്രൂഢകാൎയ്യങ്ങളെ പറഞ്ഞു മനസ്സിലാക്കുകയും കോവലൻ ഒരു വലിയ തസ്കരനാണെന്നു് അവരിൽ ദൃഢനിശ്ചയം ഉദിപ്പിക്കയും ചെയ്തതു മാത്രമല്ലാതെ അവർ ഇവൻെറ കുതന്ത്രങ്ങൾക്കു വശംവദരായാൽ ചണ്ഡപരാക്രമനായ പാണ്ഡ്യമന്നവൻെറ ഉഗ്രദണ്ഡനയ്ക്കു് ഉടൻ തന്നെ പാത്രീഭവിക്കുന്നതാണെന്നൽഘോഷിക്കയും ചെയ്തു. അപ്പോൾ ആ സംഘത്തിലുണ്ടായിരുന്ന ഒരു മഹാഘാതകൻ അത്യമൎഷണനായി കോവലസവിധം പ്രാപിച്ചു് അവനെ പൊടുന്നനവെ തൻെറ ഖഡ്ഗംകൊണ്ടു വെട്ടി

നിലത്തു വീഴ്ത്തി. ഈ വത്തമാനം നാടൊട്ടുക്ക സപദി പരന്നുതുടങ്ങി. തൻെറ പ്രിയതമൻ അന്യായമായി കൊലക്കളത്തിൽ വെട്ടിവീഴ്ത്തപ്പെട്ട ഉൽഭ്രമസൂചകമായ ഉപകണ്ണിക കണ്ണകിക്കു കർണ്ണാകർണ്ണികയാ അറിവു കിട്ടി.

ഉടൻതന്നെ ആ സാദ്ധ്വീമണി മനം കലങ്ങി അത്യധികം വ്യസനാക്രാന്തയായി തൻെറ ദുർവിധിയേയും ദുർഗ്ഗതിയേയും വിചാരിച്ച് അതീവ ആക്രന്ദനം ചെയ്കയും അത്യോളിയോടുകൂടി വിലസുന്ന പനിമതിബിംബം കരിമുകിലോടൊത്തു നിരാഭമായി പാത്തട്ടിൽ പതിക്കുംവണ്ണം അത്യവശതപൂണ്ടു ഭൂമിയിൽ നിപതിക്കുകയും തൻെറ കണവനെ കാണാനുള്ള അഭിനിവേശത്താൽ കണ്ണുകൾ കലങ്ങി കരങ്ങൾ തിരുമ്മിക്കൊണ്ട് ആകാശത്തെ അനിമേഷയായി നിരീക്ഷിക്കുകയും ഉടനടി നിലത്തുവീണു പിടയുകയും ഇടയ്ക്കിടയ്ക്കു നിലവിളിക്കുകയും അടിക്കടി ബോധരഹിതയായി, നിശ്ചേഷ്ടയായി കിടക്കുകയും ചെയ്തു. സ്വല്പം ഓർമ്മ വന്നപ്പോൾ അവൾ അവിടെനിന്നും പിടഞ്ഞെണീററു് ആകാശദേശത്തിങ്കൽ അനന്തജ്യോതിസ്സോടുകൂടി ഉദിച്ചുയൎന്നുനില്ക്കുന്ന ആദിത്യഭഗവാനെ നോക്കി, "അല്ലയോ ലോകസാക്ഷിൻ! അങ്ങറിയെ എൻെറ ജീവനാഥൻ ഈ ജന്മത്തിൽ യാതൊരുവിധമായ അനൃതവും പ്രവത്തിച്ചവനല്ല; അപ്രകാരം പ്രവത്തിക്കുന്നവനുമല്ല. അങ്ങനെയിരിക്കെ, ആ നരപുംഗവനു് ഈദൃശമായ അപ്രാപ്തനിര്യാണം അനിർവ്വാച്യമായി ആഗതമാകാനുള്ള ഹേതു എന്താണെന്നു് ഞാനറിയുന്നില്ല. ഹേ! ദേവാ! എൻെറ പ്രേമഭാജന

വും, എന്നോടിണങ്ങി പരസ്പരം പ്രേമസംപൂർത്തി കൈക്കൊണ്ടു വാണിരുന്ന വന്ദ്യപുരുഷനും, സർവ ഗുണ സമ്പന്നനുമായ മദീയനായകൻ കത്തിക്കാളുന്ന ഘോരാഗ്നിയിൽ ഈദൃശം നിമജ്ജനംചെയ്തു കിടക്കുമ്പോൾ, ഞാനും അദ്ദേഹത്തോടുകൂടി നിര്യാതയാകാതെ കേവലം ദുഃഖഭ്രയിഷ്ഠമായ വൈധവ്യനിഷ്ഠയോടുകൂടി തീൎത്ഥവാരികളിൽ അനവരതം നീരാടി കുളിൎമ്മകൊള്ളുന്ന പ്രാകൃതവനിതകളെപ്പോലെ സന്മാർഗ്ഗവ്യതിചലനം ചെയ്യുന്ന ഒരു ധൂർത്തയായ ദുർവൃത്തയല്ല ഞാൻ. എത്രയും അകിൽബിഷനായ എൻെറ പ്രാണപതിയെ കേവലം ഒരു കുസുമാലനാണെന്നു നിഷ്കാരണം നിശ്ചയിച്ച്, അസമഞ്ജസമായി അപകരുണം വെട്ടിക്കൊന്ന ഈ രാജാധമൻെറ നാട് അചിരേണ അഗ്നിക്കിരയാകട്ടെ" എന്ന് അഭിക്രന്ദനംചെയ്തു. പിന്നീട് ആ സാധ്വീമണി ഉൽബണമായ ഉൽക്കണ്ഠയോടെ നഗരാന്തർഭാഗത്തിൽ പ്രവേശിച്ചു കൊലക്കളത്തിൽ അസിപാതമേററ് അംഗക്ഷതത്തിൽനിന്നും അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരുന്ന രുധിരധാരയിൽ മുഴകി പാംസുക്കളണിഞ്ഞു നിഷ്പ്രഭനായും, ചൈതന്യരഹിതനായും അന്തരിച്ചുകിടക്കുന്ന സ്വപ്രിയതമൻെറ കങ്കരകളേബരത്തെക്കണ്ടിട്ട്, അനുക്ഷണം അതിനെ ഒന്നു മൃദുവായി തലോടുകയും അതീവമനോവ്യഥാസമ്മിശ്രയായി ഈദൃശം ആക്രന്ദനം ചെയ്കയും ചെയ്തു.

(മഞ്ജരി)

“ആധാരഹീനയായ്പ്പാടിയുലഞ്ഞേറററം
കാതരയായികലങ്ങുമെന്നെ
മാലേയച്ചാറണിപൊൻമേനികൊണ്ടൊന്നു്
ചാലേയാശ്ലേഷംതാൻ ചെയ്കവയ്യേ!
അയ്യോ! സഹിക്കാമോ വഞ്ചതി ദൈവമേ!
എഞ്ചിരോലേഖനമെന്നോ വേണ്ടൂ.
കാലനാം കണ്ടെന്നാൽ മണ്ടിട്ടുമങ്ങയെ
കാലനെന്തേക്കൊണ്ടു പോയീടുവാൻ.
മേലാം സുവർണ്ണമയമാം പര്യങ്കത്തിൽ
ചേലിൽ കിടന്ന നീയെന്തേ കാന്താ!
മേലേ പൊടിയണിഞ്ഞീവിധം വീണതും
കാലസ്വരൂപൻ കളിയതാമോ.
മന്നനാൽ വന്ന കൊട്ടുംകൊലതന്മൂലം
മുന്നമിവാംകൊണ്ട കമ്മംതന്നെ.
ആരുമൊരുതുണയില്ലാതാടൽതേടും
നാരിയിവളെന്നി കാണുന്നില്ലേ.
കൺമിഴിച്ചൊന്നു കടാക്ഷിക്കവേണമേ!
“കൺമണീ! യെന്നൊന്നു ചൊല്ലേണമേ
ചേറിൽമുങ്ങിടും നിൻമാറിടമെന്നതും
പാരിടത്തിൽഞാനറിഞ്ഞതില്ല,
ആരാനുമിങ്ങുണ്ടോ എൻ ചെയ്തികേൾക്കുവാൻ
നാരികളെനിങ്ങൾ കാത്തടച്ചോ?
അല്ലേ!സതിമാരെ പൊല്ലാദൈവങ്ങളേ!
നല്ലറിവുള്ളോരേ! കേൾക്കവേണം,

ഹ്എള്ളളവും കുററമെന്നാഥനില്ലെങ്കിൽ,
ഭള്ളല്ലചൊല്ലിനേൻ സത്യമിദം
ഹ്ഏതും മടിക്കാതെയെന്നാഥൻമെല്ലവേ
ഖേദിക്കുമെന്നോടുരയാടേണം"

(ചിലപ്പതികാരം)

ഇപ്രകാരം ഉരുതരുമായി ഉൽക്രോശിച്ചയുടൻതന്നെ ആ പുണ്യാത്മാവു് ഏതോ ഗാഢനിദ്രയിൽനിന്നും പെട്ടെന്നുണൎന്നവനെന്നപോലെ ഝടുതിയിൽ ഉത്ഥാനം ചെയ്തു് അവളോടായി "അല്ലയോ! പ്രിയതമേ! നിന്റെ കുളിർമതി സമാനമായ മഞ്ജുളവദനം, ഏതോ വൈമനസ്യം നിമിത്തം അനഗ്രഹ്പത്തശോഭമായും അധികം കർശിതമായും ഇദ്ദശം ക്ലാന്തമായി കാണാനുള്ള കാരണമെന്തു്? എന്നു ഉച്ചീഷ്കനായി ഉദീരണംചെയ്തിട്ടു്, അവന്റെ മൃദുലതരങ്ങളായ കരപല്ലവങ്ങളെക്കൊണ്ടു അവളുടെ അശ്രുക്കളെ അനുക്ഷണം മാർജ്ജനംചെയ്തു. ഉടനെ ആ മഹിളാമണി അത്യധികം വെന്തെരിഞ്ഞ ഹൃദന്തത്തോടുകൂടി അനുവേലം പ്രലപിച്ചുംകൊണ്ടു ആ പുണ്യപുരുഷന്റെ പാദാന്തത്തിങ്കൽ വീണു സാഷ്ടാംഗം പ്രണമിച്ചു. അനന്തരം അവൻ ആ സാധ്വിയെ സൂക്ഷിച്ചുനോക്കി "നീ അത്ര നിവസിച്ചാലും" എന്നുമാത്രം അരുളിച്ചെയ്തിട്ടു അമൎത്ത്യന്മാരാൽ പരിവേഷ്ടിതനായി അചിരേണ ആകാശദേശത്തിൽ അന്തൎദ്ധാനംചെയ്കയും ചെയ്തു. അവൾ ആ വിസ്മയനീയമായ കാഴ്ച കണ്ടു് അതീവവിഭ്രാന്തമനസ്കയായി "ഇതൊരു മായയോ അല്ലെങ്കിൽ മദീയമാനസഭ്രാന്തിയോ അഥവാ ഇതു് മാമകമനസ്സിനെ വ്യാമോഹിപ്പിക്കുന്ന വല്ല ദേവതതന്നെയാണോ? ഈ

സാധു യാതൊന്നുമറിയുന്നില്ല" എന്നു പറഞ്ഞിട്ട് അവിടെ നിന്നും അത്യവശതയോടെ വീണ്ടും തിരിച്ചു. "എന്നാൽ ഞാനൊരു പതിവ്രതയായ ധർമ്മപത്നിയാണെന്നുവരികിൽ എങ്ങനെയും എൻെറ പതിയെ ഈ ജന്മത്തിൽ തന്നെ പ്രാപിക്കുന്നുണ്ട്. അതു് അസാദ്ധ്യമാണെങ്കിലും സാധിച്ചല്ലാതെ ഞാൻ സമാധാനപ്പെടുന്നവളല്ല. ഏതായാലും എൻെറ കോപാവേശം അടങ്ങിയതിനുശേഷമല്ലാതെ ഞാൻ ആയതിലേക്കു തുനിയുന്നുമില്ല. ഈ കോപശമനത്തിനായി ഈ ക്ഷണംതന്നെ ഞാൻ ആ നൃശംസനായ രാജാധമനെച്ചെന്നുകണ്ട് അവനോടായി എൻെറ നായകനെ നിഷ്കാരണം കൊലപ്പെടുത്തിയ അവൻെറ അതിഭൈരവമായ ദുർന്നയകൃത്യത്തിനുള്ള ഹേതുവെന്താണെന്നു ചോദിക്കുകതന്നെ വേണം." എന്നു ഉഗ്രശപഥം ചെയ്തിട്ടു കണ്ണകീദേവി തൻെറ അതികോമളമായ കുന്തളഭാരത്തെ അത്യൃദാസീനമായ് അഴിച്ചു നാലുപാടും ചിതറിയിട്ടുംകൊണ്ട് അത്യുഗ്രമായ കോപാവേശത്തോടുംകൂടി അതിവേഗത്തിൽ പാണ്ഡ്യമഹാരാജാവിൻെറ കൊട്ടാരത്തിലേക്കു നിർഗ്ഗമിച്ചു. അപ്പോഠം ആ രാജഗൃഹത്തിലുള്ള പരിധിസ്ഥന്മാർ ബഹിർദ്വാരോപാന്തത്തിൽ അസിധാരികളായി നില്ക്കുന്നുണ്ടായിരുന്നു. അവരെ കണ്ട ഉടൻ ദേവി അത്യധികം ദുഃഖാക്രാന്തയായും സംജാതവേപഥുവായും കോപാരുണിതകപോലയായും ഈദൃശം ഉൽഭ്രമത്തോടെ നിർഭത്സനം ചെയ്തു.

(മഞ്ജരി)

"അല്ലേ! കാവൽക്കാരാ! വാതിലുകാപ്പോനേ!
പൊല്ലാപ്പഴിചെയ്യോൻസേവകനേ!

എള്ളളവും ധർമ്മമില്ലാത്തോനാകിയ
കള്ളനാകുംനിൻെറ മന്നനോടായ്
ചൊല്ലുകവേണം നിയെത്രയും വേഗത്തിൽ
ഭള്ളല്ലഞാൻചൊല്ലും വാക്യമിദം
നാഥനിഴന്നവൾ പൊൻചിലമ്പൊന്നിനെ
വേദനയോടുമേ കൈയ്യിലേന്തി
വാതൽമുഖത്തിങ്കൽ നില്ക്കുന്നുണ്ടെന്നുനീ
ഏതുമുഴറാതെ ചെന്നിപ്പൊഴേ
പാപിയാംമന്നവൻ തന്നോടുണത്തിക്ക
ആപത്തതല്ലെങ്കിൽ വന്നാണയും."

(ചിലപ്പതികാരം)

ദേവിയുടെ അത്യമഷസൂചകമായ ഏതാദൃശാക്രോശവചനങ്ങളെ ആകണ്ണനം ചെയ്തിട്ടു ആ ദ്വാരപാലന്മാർ ഭയകമ്പിത ശരീരന്മാരായി തിരുമുമ്പാകെ ചെന്ന് ഇപ്രകാരം തിരുമനസ്സുണത്തിച്ചു.

(മഞ്ജരി)

"കഷ്ടമൊരുനാരിയേററം മാലാണ്ടവൾ
രുഷ്ടയായിപാദച്ചിലമ്പൊന്നേന്തി
വാതുക്കൽവന്നങ്ങു നില്ക്കുന്നുമന്നവാ!
ചേതസ്സിലേററം ഭയമാകുന്നു.
തന്നാഥൻതന്നെയന്യായമായമ്മങ്ക
ഇന്നാട്ടിങ്കൽ വച്ചിഴന്നാളെന്നും
ചല്ലവുമ്മികൊണ്ടു മെല്ലെപ്പുലമ്പുന്നു-
തെല്ലിടയ്ക്കുങ്ങു രോദിച്ചിടുന്നു-.

വാവിട്ടലറുന്നു ക്രുവിക്കരയുന്നു
വേവുകൊണ്ടുള്ളം ദഹിക്കുന്നെന്നു,
കൈകൊണ്ടു മാറത്തറയുന്നുമന്നവാ
അയ്യോ ഇക്കാഴ്ച സഹിക്കവയ്യേ.
സാക്ഷാൻമഹിഷാസുരമർദ്ദിനിതാനോ,
രുക്ഷയാകും കാളിദേവിതാനോ.
പ്ടാരിയാംദേവതതാനോ? അതല്ലായ്കിൽ,
കേട്ടുവിളയ്ക്കും പെൺഭ്രുതംതനോ.
ഏററം ചീറുന്നമുഖത്തോടുമായവൾ
ഊററമാംകോപമിയന്നോളായി,
ഗോപുരദ്വാരത്തിൽവന്നു നിന്നീടുന്നു
ഭൂപാ! നിന്നെക്കാണ്മാനെന്നുചൊല്ലി"

(ചിലപ്പതികാരം)

ഏവംപ്രകാരമുള്ള പ്രതീഹാരവചനങ്ങളെ സശ്രദ്ധം ശ്രവിച്ചവനായ പാണ്ഡ്യമഹാരാജാവ് സ്വന്തം ഉപരക്ഷകന്മാരോടായി ആ മഹിളാമണിയെ സ്വസമക്ഷം ആനയിപ്പിക്കുന്നതിനു ആജ്ഞാപിച്ചു. അനന്തരം ആ വനിതാമണി രാജകല്പനയനുസരിച്ച് തിരുമുമ്പാകെപ്രവേശിച്ചപ്പോഠം രാജാവ് അവളെ ഉദാസീനമായി അനുക്ഷണം വീക്ഷിച്ചിട്ടു അവളോടായി "ഹേ! ബാഷ്പാകുലേക്ഷണയായ നാരീമണേ! നമ്മുടെ മുമ്പാകെ നീ ഈദൃശം മലീമസവും ബീഭത്സവുമായ വേഷത്തോടെ ആഗമിക്കാനുള്ള ഹേതുവെന്താണ് എന്നു അരുളിച്ചെയ്തു." അപ്പോഠം ആ പരമസാദ്ധ്വി ആ മഹാരാജാവിനെ നോക്കി ഏററവും വീരാവേശത്തോടെ "അല്ലയോ രാജാധമാ! അമരന്മാർപോലും അശ്രാന്തം

അതിശയിക്കത്തക്ക അത്യധിക മഹിമാവോടും ഐശ്വൎയ്യ മത്തോടുംകൂടി ചൊൽക്കൊണ്ട ചോളമണ്ഡലാധിപന്മാർ പങ്കഹീനം ചെങ്കോൽ നടത്തിവരുന്ന പുകഴ്പെരുത്ത പുകാർനഗരമാണു, ഈ മന്ദഭാഗ്യയുടെ ജന്മദേശം. അവിടെ അതിഭാസുരമായ കീൎത്തിയോടുകൂടി വിലസുന്ന പെരുംകുടി വണിഗ്വരനായ "മാചാത്വാൻ എന്ന മഹാധാൎമ്മികന്റെ മഹാൎഹനായ മകമനാണു മദീയപ്രാണനായകൻ. കോവലം ജീവിതം നയിപ്പാനായി കരുതിദുഷ്കാലഗതിക്കു അതിമാനം വശംവദരായ് ഞങ്ങൾ എന്തോ ഉപപാതം നിമിത്തം ഭവാന്റെ ഈ നാശഹേതുകമായ നഗരവരത്തിലേക്കു ആഗമിക്കാനിടയായി. ഇവിടെവച്ച് എന്റെ ഈ മണിച്ചിലമ്പിനു തുല്യമായ വേറൊരിണച്ചിലമ്പിനെ വില്ക്കാനായി ഉദ്യോഗിച്ചതുനിമിത്തം ഭവാനാൽ അപകരുണം അൎദ്ദനം ചെയ്യപ്പെട്ട കോവലന്റെ ധൎമ്മപത്നിയായ ഒരു ദുഷ്കൎമ്മപാശബദ്ധയാണു ഈ ഞാൻ. എന്റെ നാമധേയം കണ്ണകിയെന്നാണ്." എന്നുള്ള തന്റെ സങ്കടസങ്കുലമായ ദൈന്യോദന്തത്തെ മഹാരാജാവിനോടു സരോഷം നിവേദനം ചെയ്കയും സ്വഭൎത്തൃനിബൎഹണത്തിനുള്ള മൂലമെന്താണെന്നു ആ രാജാധമനോടായി ചോദിക്കുകയും ചെയ്തു.

ആ മഹാരാജാവു നിതരാംബീഭത്സയും അതിസന്താപിതയുമായ ആ തരുണീമണിയെനോക്കി ഹേ! ഉത്തമവനിതേ! നിന്റെ ഉപയന്താവ് ഒരു കുപ്രിയനായ കുസുമാലനാണെന്നു ഉൽബണമായ തെളിവു ലഭിച്ചതിനാൽ ഉൽകൃഷ്ടമായ രാജധൎമ്മത്തെ അനുസരിച്ചു നീതി പരിപാലനാൎത്ഥം ഉദ്വാസനത്തിനു വിധിക്കപ്പെട്ടതാണ്. ഇതിൽ ന

മുക്കു യാതൊരാന്ധ്യവും പററീട്ടില്ല എന്നു പറഞ്ഞപ്പോൾ അവൾ അതിക്രുദ്ധയായ്, സ്വകരതലഗതമായിരുന്ന മററാരിണച്ചിലമ്പിനെ അവൻെറ സന്നികൎഷത്തിൽ കൊണ്ടുചെന്നു അതിനെ അതിവേഗത്തിൽ പൊട്ടിച്ചിട്ടു അതിക്രോധാവേശത്തോടും, അത്യവജ്ഞയോടും കൂടി ആ രാജവയ്യനെ രൂക്ഷമായി വീക്ഷിച്ചിട്ട് "അല്ലയോ അസന്മാൎഗ്ഗനിഷ്ഠനായ നരപുംഗവ! എൻെറ ചിലമ്പിലുള്ള തരികൾ അമൂല്യങ്ങളായ മാണിക്യരത്നങ്ങളാണ്. അതറിയാതെ കേവലം അസമഞ്ജസനായ നീ എത്രയും അന്ധഃകരണനായി മദീയ പ്രാണനാഥനെ ഉദ്ധതനായ് ഉപമർദ്ദം ചെയ്തു അതി ഭൈരവമായ കിൽബിഷവൃത്തിക്കു തക്കതായ ശിക്ഷ നിനക്കചിരേണ ലഭിക്കുന്നതാണ്. രാജധർമ്മത്തിൽ നിന്നും നിശ്ശേഷം വ്യതിചലിച്ചവനായ ഹേ' നരകീടമേ! ഇതാ നോക്കു! എന്നീ ദൃശമായ ഉൽപ്രാസവചനങ്ങളെ ഉച്ചൈസ്വരം ഉച്ചരിച്ചുകൊണ്ടു സ്വപ്രിയതമൻ പ്രചുരനല്ലെന്നു പ്രത്യക്ഷമായി തെളിയിച്ചുകൊടുത്തു.

ഉടൻതന്നെ ആ ചിലമ്പിനകത്തുനിന്നും മാണിക്യത്തരികൾ തെരുതെരെ വെളിക്കു തെറിച്ചു. രാജപത്നിയുടെ ചിലമ്പ് മുത്തുത്തരികൾ കൊണ്ടു നിറയ്ക്കപ്പെട്ടതായിരുന്നതിനാൽ ഉടൻതന്നെ പാണ്ഡ്യമഹാരാജാവ് വാസ്തവം ഉടനടിഗ്രഹിക്കയും ആ മണിനൂപുരം തൻെറ പത്നിയുടെതല്ലെന്നും അവൻെറ പ്രിയതമയായ കണ്ണകിയുടെതാണെന്നും അവൻ മനസ്സിലാക്കുകയും ഉടൻതന്നെ പ്രതിഹതമനസ്കനായ അവൻ തൻെറ ആന്ധ്യത്തെ ഓൎത്തു അതീവദുഃഖിക്കയും ചെയ്തു. അനന്തരം രാജഷണ്ഡൻ ,,കേവലം നൃശംസ നായ

ഒരു പശ്യതോഹരൻെറ വ്യാകൃതിവചനങ്ങളെ വിശ്വസിച്ചു അല്പമെങ്കിലും പൎയ്യാലോചിക്കാതെ കോവലനെ നിഗ്രഹിച്ചവനായ ഞാനാണോ രാജാവു്? ഞാൻതന്നെയാണു മഹാതസ്കരൻ. ഏററവും പരിശുദ്ധമായ പാണ്ഡ്യരാജവംശം അജ്ഞാതചരമാംവണ്ണം ഇന്നുമുതൽ ഏററവും കളങ്കപങ്കിലമായിത്തീൎന്നു. ഞാൻ അതിനിചനായ ഒരു രാജാധമൻ തന്നെയാണു്. രാജധൎമ്മത്തിൽ നിന്നു നിശ്ശേഷം വ്യതിചലിച്ചവനും ഒരു നികൃഷ്ടനായ നരഹന്താവുമായ ഈ എൻെറ കുത്സിത ജീവിതംകൊണ്ടു് ഇനിമേൽ എനിക്കു യാതൊരു ഫലവുമില്ല. അതു എനിക്കു മാത്രമല്ലാ എൻെറ ഭരണീയ ജനങ്ങൾക്കും എന്നെ വഹിക്കുന്ന ഭൂമിക്കും തീരാത്തഭാരമായിത്തീരുന്നതാണു" എന്നുപറഞ്ഞിട്ടു കണ്ണകിയുടെ കണ്ണുനീർകണ്ടു് മനം ഉരുകി ഹതിമയങ്ങിസ്വന്തം ഭദ്രാസനത്തിൽനിന്നും താഴെ മറിഞ്ഞുവീണു് ഉടനടി ജീവത്യാഗം ചെയ്തു. ഇതു കണ്ടു് അവൻെറ പ്രാണപ്രിയയായ രാജപത്നിയും സ്വഭൎത്താവിനെ അനുഗമിച്ചവളെന്നപോലെ അവളുടെ സ്വന്തം ജീവനെ ഉപേക്ഷിച്ചു. അനന്തരം കണ്ണകി അത്യധികദുഃഖമനസ്കയായി അതീവക്രോധാവേശത്തോടെ അവിടെ നിന്നും ചാടിപ്പുറപ്പെട്ടു് താൻ സത്യമായി ഒരുത്തമപതിനിയാണെന്നു വരുകിൽ ഈ നഗരം ഇപ്പോൾത്തന്നെ മദീയക്രോധാഗ്നിയാൽ ദഹിക്കപ്പെടട്ടെ. എൻെറ പ്രിയതമൻെറ അതിദാരുണമായ അപ്രാപ്തനിൎയ്യാണത്തിനു് ഹേതുഭൂതമായ ഈ രാജാധമൻെറ രാജധാനിയെ ഞാൻ ഇതാ അചിരേണഭഞ്ജിക്കുന്നുണ്ടു്. ഞാൻ ഈ കാൎയ്യത്തിൽ യാതൊരപരാധിനിയുമല്ല. എന്നു പറഞ്ഞു വലതുകൈകൊണ്ടു ഉത്തുംഗമായ തൻെറ വാമപയോധരത്തെ

അതി പൌരുഷത്തോടെ തിരുകി എടുത്തിട്ട ആ നഗരവരത്തെ അഭിമുഖീകരിച്ച് ജവേന വലിച്ചെറിയുകയും ക്ഷണേന അഗ്നിഭഗവാൻ ഒരു ബ്രാഹ്മണവേഷധാരിയായി അവിടെ പ്രത്യക്ഷനാവുകയും ചെയ്തു. ആ ഭഗവാൻ ദേവിയെ നോക്കി ഹേ! പരമസാധ്വീ! ഞാൻ എന്താണ ചെയ്യേണ്ടതു്. എന്ന എന്നോട്ട സകരുണം അരുളിച്ചെയ്താലും എന്ന വിനയപുരസ്സരം ചോദിച്ചപ്പോൾ കണ്ണകീദേവി അദ്ദേഹത്തോടായി „അല്ലയോ ഭഗവാനേ! അങ്ങ് ബ്രാഹ്മണർ, ധാർമ്മികർ, പശുക്കൾ, പതിവ്രതകൾ, വൃദ്ധന്മാർ, ശിശുക്കൾ എന്നിവരെ മാത്രം ഉപേക്ഷിച്ചിട്ട ആ നഗരത്തിലുള്ള മററു ദുഷ്ടന്മാരെയെല്ലാം ആകമാനം അശനം ചെയ്ത നശിപ്പിച്ചാലും! എന്നരുളിച്ചെയ്തു.

ഉടൻതന്നെ ആ നഗരവരം അഗ്നിഭഗവാന് ഇരയായിത്തീൎന്നു. ആ പുരാതനപുരിയെ പരിപാലനം ചെയ്തുകൊണ്ടിരുന്ന ദേവതകളെല്ലാം ഓരോരുത്തരായി അവിടെ നിന്നും ഭാഗിരേണ മലനാട്ടിലേക്ക യാത്രന്മാരായി. അനന്തരം കണ്ണകി ആ നഗരവീഥിവഴി എത്രയും ഭയാനകവും മലീമസവുമായ വേഷത്തോടെ കട്ടം നിണവുമണിഞ്ഞു അലഞ്ഞു തിരിയുമ്പോൾ മധുരാപുരിക്കധിപതിയും പാണ്ഡ്യമഹാരാജാക്കന്മാരുടെ പുരാതനകുലദൈവവും ആയദേവി പ്രത്യക്ഷീഭവിച്ച കണ്ണകിയെ പിന്തുടൎന്ന് അനുയാത്ര തുടൎന്നിട്ട്, അവളോടായി അല്ലയോ കുലപാലികേ! നീ ജയിപ്പൂതാക! ഞാൻ നിന്നോട്ട ഒരു സാരമായ ആവലാധി പറയുവാനാണ ഇവിടേയ്ക്കു സമാഗമിച്ചതു്. എന്റെ അഭ്യൎത്ഥനകളെ അവിടുന്ന സ്വല്പം ശ്രദ്ധയോടെ ആകൎണ്ണനം

ചെയ്താലും. സമസ്തമണ്ഡലാധിപതികളും അടി പണിയത്തക്ക അമേയവീര്യവാനായ പാണ്ഡ്യമഹാരാജാവു് വാസ്തവത്തിൽ യാതൊരപരാധവും അനവഹിതനായോ അവസാദനായോ ചെയ്യുവനുമല്ല. ചെയ്യുന്നവനുമല്ല. നേരെ മറിച്ചു് സദാചാരനിബദ്ധനും മഹാ ധർമ്മിഷ്ഠനുമാണു്. എന്നാൽ മുജ്ജന്മനി "താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചിടുകെന്നേവരൂ" എന്നുള്ള ആപ്തവാക്യമനുസരിച്ചു് ഓരോരുത്തരും അതീത ജന്മങ്ങളിൽ ചെയ്തിട്ടുള്ള പാപപുണ്യകർമ്മങ്ങളുടെ ഫലങ്ങൾ ഈ ജന്മത്തിൽ അനിർവ്വാര്യമായി അനുഭവിച്ചേ മതിയാവൂ. ഭവിതവ്യത എല്ലായ്പോഴും അനതിലംഘ്യയാണു്. "അല്ലയോ പെണ്മണീ! പണ്ടൊരിക്കൽ കലിംഗദേശത്തിലുള്ള സിംഹപുരാധീശനായ വസുവും കപിലപുരാധീശനായ കുമാരനും പരസ്പരം അതിമാത്രം വൈരികളായിത്തീരുകയും അവർ അന്യോന്യം പൊരുതു ജയിക്കേണമെന്ന ആകാംക്ഷയോടെ അതിന്നുതക്ക കാലം പ്രതീക്ഷിച്ചു നിവസിക്കുകയും ചെയ്തു. അക്കാലത്തു സിംഹപുരത്തെ പണ്യവീഥിയിൽ സംഗമൻ എന്നൊരു വൈശ്യൻ വാണിഭം നടത്തിക്കൊണ്ടു് വാണുവന്നിരുന്നു. അവിടെ അരമനയിൽ പരിചാരകനായി പണിചെയ്തു പാർത്തുവന്ന ഭരതനെന്നവൻ സംഗമനിൽ അസൂയാലുവായി അവനെ ശത്രുരാജാവിന്റെ ചാരനാണെന്നു മിഥ്യാപവാദംചുമത്തി വിവരം തിരുമനസ്സുണർത്തിക്കയും തന്മൂലം അവനെ ബന്ധനത്തിലാക്കി അക്കാലത്തെ ആയോധന മുറപ്രകാരം ഒരു അഘശംസൻ എന്നപോലെ അന്യായമായി കൊലക്കളത്തിൽകൊണ്ടുചെന്നു വെട്ടിക്കൊല്ലാൻ ആജ്ഞാപിക്കയും ചെയ്തു. "അല്ലയോ!

ദന്താവളഗമനേ! നീ കഴിഞ്ഞ ജന്മത്തിൽ ആ ഭരതൻ എന്ന പരിചാരകൻെറ പ്രിയപത്നിയായിരുന്നു. ആ ഭരതൻ തന്നെയാണു ഈ ജന്മത്തിൽ കോവലനായ് ജനിച്ചതു്. ആ വണികനായ സംഗമൻ നിൻെറ ആത്മനാഥൻെറ നിബർഹണത്തിനു കാരണഭൂതനായ സ്വൎണ്ണകാരനായി ജാതനാവുകയും ചെയ്തു. സംഗമൻെറ പ്രേയസിയായ നീലി എന്നവരം സ്വഭൎത്താവിൻെറ അരുന്തുദമായ (പ്രവിശ്ലേഷത്താൽ) വിരഹദുഃഖത്താൽ അത്യധികം ദുഃഖാക്രാന്തയായി ഏര ദിവസംവരെ ഏററവും സങ്കടപ്പെട്ടു് അത്യരിശത്തോടെ പരിദേവനം ചെയ്തുകൊണ്ടു് പലദിക്കിലും അലഞ്ഞുതിരിഞ്ഞശേഷം അവസാനത്തിൽ യാതൊരു നിവൃത്തിയുമില്ലാതെ ഒരു ചെങ്കുത്തായ സ്ഥൂലോപലത്തിന്മേൽ കയറി അധോഭാഗത്തു അഭ്യൂൽപതിച്ചു പ്രാണത്യാഗംചെയ്തു് സ്വഭൎത്താവിനെ അനുഗമിക്കയും ചെയ്തു. അവരം അന്തരിക്കുന്നതിനു സ്വല്പം മുമ്പിൽ അതീവ മനക്ലേശത്തോടെ ആകാശദേശത്തേ നോക്കീട്ടു് അതിപരിക്ലിഷ്ടമനസ്സയായി ഹേ, കൎമ്മസാക്ഷിൻ! ഈ ജന്മത്തിൽ എനിക്കു ഈദൃശമായ ദുഃഖത്തെ ചെയ്തവർ അപരജന്മത്തിൽ എന്നെപ്പോലെ തന്നെ അതിയായ സങ്കടത്തെ അനുഭവിക്കട്ടെയെന്നു ഘോരമായി ശപിക്കയും ചെയ്തു. ആ ശാപം അദ്യൈവ നിങ്ങളെ അനിവാൎയ്യമായി തുടൎന്നിരിക്കുന്നു. ഹോ! സുദർശനി നീ ഇന്നേക്കു പതിന്നാലാം ദിനാന്തത്തിൽ നിൻെറ പ്രിയതമനെ പ്രാപിക്കും" എന്നരുളിച്ചെയ്തിട്ടു പെട്ടെന്നു അവിടെ നിന്നും പ്രഹൎഷത്തോടെ അന്തൎദ്ധാനം ചെയ്തു.

കണ്ണകി ഉടനെ മധുരയിൽനിന്നും പുറപ്പെട്ടു വേഗത്തിൽ വേഗവതീനദിയുടെ ദക്ഷിണതീരംവഴി പശ്ചിമാഭി

മുഖമായി നിഷ്ക്രമിച്ചിട്ടു ദേവി അരുളിച്ചെയ്തതനുസരിച്ചു തന്റെ പ്രിയതമനെ കണ്ടുന്നതുവരെ താൻ ഒരുസ്ഥലത്തു് ഇരിക്കുകയോ കിടക്കുകയോ നിൽക്കുകയോ ചെയ്യുന്നതല്ലെന്നു വീരശപഥം ചെയ്തു. ഒടുവിൻ ഗഹനങ്ങളായ അനവധി നിമ്നോന്നത പ്രദേശങ്ങളേയും ഘോരാരണ്യങ്ങളേയും ആ നദീതീരംവഴി നടന്നു തരണംചെയ്തിട്ടു ചതുർദ്ദശദിനാന്തത്തിൽ മലയാളത്തിങ്കൽ വന്നുചേൎന്നു് ചെങ്ങന്നൂർ എന്നു പറയുന്ന സ്ഥലത്തെത്തി അവിടെയുള്ള ഒരു ചെറിയ കുന്നിന്മേൽ വിസ്തൃതശാഖാവലികളോടുകൂടി പടൎന്നു നില്ക്കുന്ന ഒരു ബന്ധൂകവൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നുനിന്നു.

ആസ്സമയം സമീപനിവാസികളായ ശൈലാടന്മാർ അവിടെ ആഗതരാവുകയും അവർ സുരുചിരയായ ആ ദേവിയെ ദൎശിച്ചിട്ടു അതി വിസ്മയാവഹന്മാരായി അവരോടു ഇപ്രകാരം പ്രവചിക്കയും ചെയ്തു. "ഞങ്ങളുടെ കുലനായികയായ സാക്ഷാൽ വല്ലീദേവിയെപ്പോലെ വിളങ്ങുന്ന ഹേ! മഹിളാമണേ! ഭവതി ആരാണു്? ഏതുദേശനിവാസികളാണു ഭവതിയുടെ അസന്നിധാനത്താൽ അത്യുൽക്കണ്ഠിതരായിത്തീൎന്നിരിക്കുന്നതു്? ഏതൊരു മഹാപുരുഷനാണു അവിടത്തെ സമഗ്രമായ സാഹചൎയ്യത്താൽ പരമപവിത്രനായിത്തീൎന്നിരിക്കുന്നതു്? അവിടുന്നു ഇത്രത്തോളം ആഗമിപ്പാനുള്ള ഹേതുവെന്താണു്" എന്നു ചോദിച്ചതിനു മാമധുരാപുരിക്കും അതിന്റെ പരിപാലകനായ മഹാരാജാവിനും മഹത്തായ നാശം നേരിടത്തക്കവണ്ണമുള്ള എന്റെ മഹാപാപശക്തിയാൽ ആ നഗരവരത്തിൽവെച്ചു എന്റെ ആത്മകാന്തനെ അരനിമിഷത്തിൽ ബലികൊടുത്തു കേവലം

അമംഗലയായും അനാഥയായും അലഞ്ഞുതിരിയുന്ന ഒരു മഹാപാപിഷ്ഠയാണു ഞാൻ" എന്നു ദേവി ഉത്തരംപറഞ്ഞു. അന്നേരം പുളിന്ദന്മാർ ഭയഭക്തിഭരിതന്മാരായി ഇരുകരങ്ങളുംകൂപ്പി അമിതാദരപുരസ്സരം തൊഴുതുനിന്നു. തൽക്ഷണം തന്നെ ദേവന്മാർ പുഷ്പവർഷം പൊഴിച്ചു. ആ ശബരന്മാരേവരും കണ്ടുനില്ക്കേ ദേവലോകത്തിൽനിന്നും ഒരു വിമാനം പെട്ടെന്നു്, കോവലനോടും മഹാതേജസ്വികളായ ചില ദേവന്മാരോടുകൂടി അവിടെ വന്നിറങ്ങുകയും ആ മലംകുറവർ കണ്ടുനില്ക്കേ അവർ കണ്ണകീദേവിയെ ഒരു മോഹനമായ ദേവയാനത്തിൽകയററി അമർത്ത്യലോകത്തിലേക്കു കൂട്ടിച്ചുകൊണ്ടുചെല്ലുകയും ചെയ്തു.

ഉടൻതന്നെ ആ കൂട്ടത്തിലുണ്ടായിരുന്ന പുളിന്ദാധിപൻ സ്വജനങ്ങളെ വീക്ഷിച്ചു് അല്ലയോ! കൂട്ടരേ! നമ്മുടെ സമുദായത്തിനു പ്രത്യേകാരാധ്യയായ ഒരു ദേവത നമുക്കിവിടെ ഇപ്പോഠം ഇല്ലാത്തതിനാൽ നാം ഇവിടെ ഇന്നുകണ്ട പ്രത്യക്ഷദൈവത്തെ ശാഖാനിബിഡിതമായ ഈ വിടപിച്ചുവട്ടിൽവെച്ചുതന്നെ അത്യാഘോഷപൂർവം ആരാധിക്കവേണം എന്നു സാകൂതംപറഞ്ഞു. ആ നിർദ്ദേശം കേട്ടു അവിടെ സന്നിഹിതരായിരുന്ന മലംകുറവർ ഒന്നുചേർന്നു ചെറുപറമ്പഴക്കിയും, മാങ്കൊമ്പുചാർത്തിയും, വെങ്കലമണിയടിച്ചും, സ്തംബകുമണിയിച്ചും കുറിഞ്ചിപ്പാട്ടു (കുറത്തിപ്പാട്ടു) പാടിയും കടമ്പിൻമാലചാർത്തിയും ബന്ധുരമായ ബന്ധൂകവൃക്ഷച്ചുവട്ടിൽവെച്ചുതന്നെ ധൂപദീപാദികളെക്കൊണ്ടും രമ്യഫലസമ്മിശ്രമായ മധുക്ഷീരാദിമധുരപദാർത്ഥങ്ങളെക്കൊണ്ടും മാലേയാദിവിലേപനദ്രവ്യങ്ങളെക്കൊണ്ടും ആ മഹനീയാംഗി

യായ ദേവിയെ മേദുരാനന്ദം ആരാധിച്ചുതുടങ്ങി. ആ പുണ്യപ്രദേശത്തിലാണു ഇന്നത്തെ ചെങ്ങന്നൂരമ്പലം സ്ഥിതിചെയ്യുന്നതു്. ആ പുണ്യദേവതയുടെ സാന്നിധ്യം ഇന്നും പരിപൂർണ്ണമായി അവിടെ പൂർവ്വവൽ ലാലസിക്കുന്നുമുണ്ടു്.

---

# അദ്ധ്യായം ൯.

---

## ആലയനിർമ്മാണം.

കണ്ണകീദേവി ചെങ്ങന്നൂരിലുള്ള ബന്ധൂകതരുമൂലത്തിൽവെച്ചു സ്വദേഹത്തോടെ അതിവിസ്മയനീയമാംവണ്ണം സ്വൎഗ്ഗാരോഹണംചെയ്തു അതിമഹനീയമായ ആ തന്നെയെ സമീപനിവാസികളായ പുളിന്ദന്മാർ നിരീക്ഷണംചെയ്തുകൊണ്ടുനിന്നിരുന്നു. അവർ തൽക്ഷണംതന്നെ ഉപാക്ഷമായി തങ്ങൾ ദൎശിച്ച ആ അത്യത്ഭുതകരമായ നിധ്യനത്തെ തങ്ങളുടെ ചക്രവൎത്തിയെ തിരുമനസ്സുണൎത്തിക്കേണ്ടതു് സ്വധൎമ്മമാണെന്നു അവിരളം അവധാരണംചെയ്തു. അനന്തരം ആ പർവ്വതനിവാസകൾ ആയതിലേക്കുവേണ്ടി സപ്രഹൎഷം പ്രയത്നിക്കുകയും അവൎക്ക സംഭരിക്കാവുന്നതായ സകലവിധ ഉപായനങ്ങളെയും അതിജാഗ്രതയോടുകൂടി സരഭസം സംഭരിച്ചുതുടങ്ങുകയും ചെയ്തു.

ഒരുദിവസം മധുരാപുരിയിലുള്ള "കുലവാണിഭൻചാത്തനാർ" എന്ന മഹാകവി ചെങ്കുട്ടവചക്രവൎത്തിയെ തിരുമുഖംകാണിക്കാനും ഉപാസ്യനായ അദ്ദേഹത്തെ സപ്രശ്രയം നിഷേവണംചെയ്യാനും ഉദ്ദേശിച്ചു തിരുവഞ്ചിക്കുളത്തേക്കു് ആഗതനായി. ആ കവികുഞ്ജരൻ തിരുമുമ്പിൽ ഉപഗമിച്ചു് സ്വനിവേദനത്തെ സവിനയം ഉണൎത്തിച്ചപ്പോൾ ചക്രവൎത്തി അതിലേക്കു ആഭോഗാനന്ദം അനുവദിച്ചു. ആസമയം അദ്ദേഹം സ്വന്തം പട്ടമഹിഷിയായ ഇളംകോവെണ്മാൾ എന്ന പെൺമണിയുമൊന്നിച്ചു മലംകുടികളുടെ

ക്ഷേമാവസ്ഥകളെപ്പററി അനുലോമം അന്വേഷിക്കുന്നതിനും പ്രകൃതിരമണീയമായ മലംകാഴ്ചകളെ കണ്ടാമോദിക്കുന്നതിനുമായിട്ട മലനാട്ടിലേക്കു് (പർവ്വതപ്രാന്തങ്ങളിലേക്കു്) പരിവാരസമേതം എഴുന്നള്ളുവാൻ ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ചാത്താനാർ മുഖംകാണിച്ച ഉടൻ മഹാരാജാവു് അദ്ദേഹത്തെക്കൂടി ആയതിലേക്കു ക്ഷണിക്കുകയും ആ കവിവരൻ രാജകല്പനയെ അത്യാദരപൂർവ്വം ശിരസാവഹിക്കയും ചെയ്തു.

അനന്തരം ചക്രവത്തി സപരിവാരം മന്ത്രിപ്രവീരന്മാരോടും മററു സഭാവിദ്വാന്മാരോടുംകൂടി ആ വിനോദപ്രസ്ഥാനത്തിനു ഒരുമ്പെട്ടു. പോകുന്ന മാർഗ്ഗമദ്ധ്യേ ആ രാജപുംഗവൻ പെരിയാററിന്റെ തീരത്തിലുള്ള നീരന്ധ്രമായ തരുച്ഛായയിൽ പുല്ലുകൊണ്ടുമേയപ്പെട്ടതും വള്ളികൾ പടന്നുകയറീട്ടുള്ളതുമായ ഒരു നികുഞ്ജത്തിൽ എഴുന്നെള്ളി സ്വല്പകാലം വിശ്രമിച്ചു. ഈ സമയം മലംകുറവൻ ആനക്കൊമ്പു്, അകിൽക്കട്ട, അഞ്ജനക്കല്ലു, അതിതാരം, പൂക്കൊടി, പുലിക്കുട്ടി, കളഭക്കുട്ടി, കരടികുഞ്ഞു്, തേൻകുംഭം, തേൻമാമ്പഴം, നേന്ത്രക്കുല, ശൈലേയം, കരങ്ങിൻകുട്ടി, കസ്തൂരിമൃഗം, കൂവപ്പൊടി, കിളിപ്പിള്ള, ഏലയ്ക്കാ, വെരുകിൻകുട്ടി, മാൻമദം, മുളയരി മുതലായ ഉപഹാരപദാത്ഥങ്ങളോടുകൂടി മഹാരാജസമക്ഷംവന്നു ഉപനതവദനന്മാരായി അദ്ദേഹത്തെ അഭിവാദനം ചെയ്തിട്ടു ഉൽബണമായ ഉപരതിയോടെ ഈദൃശം ഉപമന്ത്രണംചെയ്തു.

(മഞ്ജരി)

"ഏഴകളാമടിയങ്ങൾ തൊഴുന്നിതാ-
താഴംവിനയമോടെൻപിരാനെ!
വാഴകനിൻകൊററവെൺകൊടയെന്നാളും
താഴവരാതെയിമ്മന്നിടത്തിൽ.
കണ്ടൃഞങ്ങളൊരു കാഴ്ച്ചതാനെത്രയും
പണ്ടുമിതുവിധം കേട്ടതില്ല.
ഒററക്കൊങ്കവേറുപെട്ടതിദീനയായി
കററക്കാവേ്ണിയൊരുത്തിയിന്നാൾ
പെട്ടെന്നു നമ്മുടെ നാട്ടിങ്കൽവന്നൊരു
വട്ടബ്ബന്ധൂകത്തിൻ ചോട്ടിൽനിന്നാൾ.
വാനവർവിണ്ണിന്നു് വന്നുവിമാനത്തിൽ
മാനിനിതന്നെയുംകൊണ്ടുചെന്നാർ
എന്നാട്ടുടയവളെന്നുമറിവില
സന്നതാംഗിയെവർ പൈതലെന്നും.
നിന്നാട്ടിൽവാഴ്വോരാമീയടിയങ്ങളും
ഒന്നനിനച്ചാലും ചൊല്ലാൻപണി.

(ചിലപ്പതികാരം)

നിഷാദന്മാരുടെ ഈദൃശമായ ഉപക്ഷേപങ്ങളെ ഉപകർണ്ണനം ചെയ്തിട്ടു ചേരചക്രവർത്തി അത്യധികം വിസ്മയഭരിതനായി ക്ഷണംനേരം ഒന്നും തോന്നാതെ കേവലം നഷ്ടധൃഷ്ടനായും സ്തബ്ധനായും നിന്നുപോയി. തദനന്തരം അദ്ദേഹം സവിധത്തിൽ ഉണ്ടായിരുന്ന തമിഴാചാര്യനായ ചാത്തമഹാകവിയെ ഒന്നുദാസീനമായി നിരീക്ഷണം

ചെയ്തപ്പോൾ ആ കവിവല്ലഭന്ന് കാൎയ്യം മനസ്സിലായി. ഉടൻ തന്നെ, അദ്ദേഹം ആ ചക്രവൎത്തിയെ വന്ദിച്ചിട്ട് "ഹേ നീതിമാനായ മഹാരാജവൎയ്യാ! ആ വീരവനിതയുടെ വിചിത്രാപദാനങ്ങൾ അടിയനാദിയോടന്തം നല്ലതിന്മണ്ണം അറിയാം"എന്നു തിരുമനസ്സുണൎത്തിച്ചു. അനന്തരം കൎമ്മഗതി അനുസരിച്ചു ഒരു (നൂപുരം മൂലം)കോവലനുനേരിട്ട അതയായ വ്യതീപാതവും പാണ്ഡ്യഭൂപന്റെ സന്നികഷ്ത്തിൽ ചിലമ്പുകൊണ്ടുചെന്ന കന്യകാമണിയായ കണ്ണകിയുടെ ന്യായവാദവും, സ്വന്തം മണിച്ചിലമ്പിനെ ആ രാജസമക്ഷം ഉടച്ചു് സത്യം വെളിപ്പെടുത്തി മഹാക്രോധം പ്രദർശിപ്പിച്ച ആ പതിവ്രതാമണിയുടെ വീരശപഥവും, അനുക്ഷണം നടന്ന പാണ്ഡ്യഭൂപാലനിൎയ്യാണവും, രാജപത്നിയുടെ അനുമരണോദ്യോതകമായ ലോകരംഗതിരോധാനവും എല്ലാം ഒന്നൊഴിയാതെ ആ രാജഷ്ഭനെ സമസനമായി സപ്രത്യയം പറഞ്ഞുകേൾപ്പിച്ചു.

കണ്ണകീദേവിയുടെ കണ്ണാനന്ദകരമായ പുണ്യോദന്തത്തെ ശ്രവണം ചെയ്തമാത്രയിൽ ആ തിരുമേനി അത്യാശ്ചൎയ്യപരതന്ത്രനായി അത്യധികം അനുതപിക്കയും ഈഷന്മാത്രം നിശ്ചഞ്ചലനായും തൂഷ്ണീകനായും നില്ക്കുകയും ചെയ്തിട്ട് അനന്തരം ആ കവിയായ ചാത്തനെ നോക്കി ഹേ! മാന്യകവേ! അസ്മാദൃശനും അത്യന്തം നയകോവിദനുമായ പാണ്ഡ്യമന്നൻ സ്വകീയമായ രാജധർമ്മത്തിൽ നിന്നും സ്വല്പം വ്യതിചലിച്ചുപോകുകയും തന്നിമിത്തം അവന്റെ അജിഹ്മമായ ചെങ്കോൽ അൽപം രുഗ്നമാവുകയും ചെയ്തു. എങ്കിലും താൻ ചെയ്ത പ്രമാദത്തെ ആ രാജപുംഗവൻ

നിരീക്ഷണം ചെയ്ത ക്ഷണത്തിൽ സ്വന്തം ജീവനെ ത്തന്നെയും അദ്ദേഹം തൃണവൽ ഗണിച്ചിട്ട അസുബലി കൊടുത്തു ആ വക്രമായ രാജദണ്ഡത്തെ പൂർവ്വവൽ അജിഹ്മമാക്കുകയും ചെയ്തു. ഏതാദൃശങ്ങളായ അപവാദങ്ങൾ കണ്ണുവിഷയമാകുന്നതിനമുമ്പുതന്നെ സ്വപൌരുഷസ്ഥാപനത്തിനു വേണ്ടി പ്രാണത്യാഗംചെയ്ത അത്യന്തം നീതിജ്ഞനായ പാണ്ഡ്യമഹാരാജാവിൻെറ അനാവിലമായ ആദർശത്തെ അസ്മാദൃശന്മാരായ മന്നവന്മാർ അനവരതം അവലംബിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ സ്വയംകൃതമായ ദുഷ്കൃതത്താൽ സ്വല്പം ഭഗ്നമായ രാജദണ്ഡത്തെ ആ പൊന്നുതിരുമേനി സ്വപ്രാണത്യാഗത്താൽ അഭഗ്നമാക്കിത്തീർത്തു. തങ്ങളുടെ ഭരണാതിർത്തിക്കുൾപ്പെട്ട രാജ്യങ്ങൾക്കുള്ളിൽ വർഷമുണ്ടാകേണ്ട കാലത്തു് അതു ശരിയായി ലഭ്യമാകാതെ പോയാലും, ബാലന്മാർക്കു് അപ്രാപ്തനിര്യാണമുണ്ടായാലും അസത്യഭീരുക്കളായ രാജാക്കന്മാർക്കു ഈദൃശമായ അർദ്ദനങ്ങൾ ഉണ്ടാകുന്നതു അസാധാരണമല്ല. കൊറ്റംകോലിനു നടുങ്ങി അതിനീതിയോടെ രാജ്യംവാഴുന്ന ഒരു രാജാവിനു എന്നും അത്യാർത്തിയല്ലാതെ സുഖമെന്നുള്ളതു് അശേഷം ലഭ്യമാകുന്നില്ല." എന്നു കല്പിച്ചു.

അനന്തരം അദ്ദേഹം തൻെറ പട്ടമഹിഷിയായ ഇളംകോവെണ്മാളെ സാകൂതം വീക്ഷിച്ചിട്ട "ഹേ! പ്രിയഭാമിനി! ജീവിതേശനായ പാണ്ഡ്യൻെറ അകാലനിര്യാണത്തെ പിന്തുടൎന്നു അദ്ദേഹത്തോടുകൂടി ജീവത്യാഗംചെയ്തു സ്വർഗ്ഗംപുക്കവളായ മഹാരാജപത്നി പാണ്ഡ്യമണ്ഡലേശ്വരി മഹാ

വിശിഷ്ടയോ?, അഥവാ കണവൻ മാണ്ടമാലിനാൽ മഹത്തായ വീരാവേശത്തോടെ പരമത്യാഗിയായി മാമധുരയെ തീക്കുണ്ഡമാക്കി മാമകനാട്ടിങ്കൽ വന്നു മഹനീയമാംവണ്ണം വീരസ്വർഗ്ഗം പ്രാപിച്ച ആ വീരവനിത വിശിഷ്ടയോ? ഇവരിൽ ഗുണപൌഷ്കല്യം ആൎക്കാണു് അധികമുള്ളതു് എന്നുള്ളതിനെ നീ തന്നെ പറഞ്ഞുകേൾപ്പിച്ചാലും" എന്നു ചേരമാൻപെരുമാൾ അരുളിച്ചെയ്തു. ഇതിനുത്തരമായി രാജപത്നി സ്വന്തം കാന്തനെ മന്ദഹാസപൂർവ്വം ഒന്നു നിർവ്വർണ്ണനം ചെയ്തിട്ടു അല്ലയോ പ്രിയതമ! സ്വജീവനാഥൻ ജീവത്യാഗംചെയ്തു എന്നുള്ള ദൈന്യാതനയെ ദർശിച്ച മാത്രയിൽ അവനെ അത്യാനന്ദത്തോടെ അനുഗമിച്ചവളായ ആ മഹാരാജമഹിഷി കോപ്പെരുന്തേവി വിണ്ണവർനാട്ടിൽ സസുഖം വസിക്കുന്നുണ്ടു്. അതുകൊണ്ടു് അവൾ പരമപവിത്രതന്നെയാണു്. എന്നാൽ നമ്മുടെ രാജ്യത്തെ അഭിമുഖീകരിച്ചു് ആഗമിച്ചവളും സ്വന്തം പാതിവ്രത്യമഹിമയെ ഇദാനീന്തനന്മാരായ ലോകൎക്കു അപരോക്ഷമായി അക്ഷിലക്ഷീഭവിപ്പിച്ചു് അതിനശ്വരമായ ഈ സ്ഥൂലദേഹത്തോടു് വീരസ്വർഗ്ഗം പ്രാപിച്ചവളും ആയ കണ്ണകീദേവിയെ നാം അതിശ്രേഷ്ഠയായി ഗണിച്ചു് നമ്മുടെ കുലദൈവമായി ആരാധിക്കുകതന്നെ വേണം. ഇതല്ലാതെ തല്ക്കാലം എനിക്കു വേറെഒന്നും വിടകൊള്ളാൻ തോന്നുന്നില്ല." എന്നുപറഞ്ഞു വിരമിച്ചു.

മഹാരാജാവു സ്വപത്നിയുടെ ആലോചനാപൂർവ്വമായ ആഭാഷണത്തെ ശ്രവിച്ചിട്ടു അവളുടെ അഭിലാഷാനു

സരണം ആ വീരപത്നിയുടെ ശാശ്വതമായ ഓർമ്മക്കായി ഒരു പുണ്യപ്രതിഷ്ഠനടത്തുന്നതിന്ന അനക്ഷണം നിർദ്ധാരണംചെയ്തിട്ട സ്വന്തം മന്ത്രിപ്രവരനെ ഒന്നമന്ദമായി വീക്ഷിച്ചു. അദ്ദേഹത്തിൻെറ അഭിലാഷത്തെ വീക്ഷണമാത്രത്താൽ സൂക്ഷ്മമായറിഞ്ഞ മന്ത്രിപുംഗവൻ ആ തിരുമേനിയെ അഭിവന്ദനം ചെയ്തിട്ട "അല്ലയോ മഹാരാജപുംഗവാ! ദക്ഷിണദിക്കിലെ പുണ്യാചലമെന്ന പേർകൊണ്ട പൊതിയമലയിൽനിന്നും ഈ വീരവനിതാസ്മാരകമായി ഒരു വീരപ്രതിമചെയ്യുന്നതിന്നള്ള ശിലകൊണ്ടുവരുവാൻ വേണ്ടുന്ന സൗകര്യം കാണുന്നുണ്ട്. എന്നാൽ അപ്രകാരം ചെയ്യുന്നപക്ഷം അതിനെ കാവേരീനീരത്തിൽ ജലസ്ഥാപനം ചെയ്യിച്ചു പരിശുദ്ധിവരുത്തേണ്ടതത്യാവശ്യവുമാണ്. അപ്രകാരമല്ലാതെ ഉത്തരദിക്കിലെ പാവനശൈലമായ ഹിമാചലത്തിൽനിന്നും ശിലകൊണ്ടുവരുന്നപക്ഷം അതിനെ ഗംഗാജലത്തിൽ നീരാട്ടുവിച്ചു സംശുദ്ധിചെയ്കയും വേണം. എന്നാൽ രണ്ടാമതു പറഞ്ഞതു കുറെ ശ്രമസാദ്ധ്യവും വിളംബസാദ്ധ്യവുമാണ്." എന്നു പരമവിനീതനായി തിരുമനസ്സറിയിച്ചു.

സചിവോദന്തത്തെ സശ്രദ്ധം ആകർണ്ണനംചെയ്തവനായ ചേരചക്രവർത്തി അയാളെ അഭിമുഖീകരിച്ച് "അല്ലയോ! മന്ത്രിവര്യാ! പൊതിയഗിരിയിൽനിന്നും വീരശില കൊണ്ടുവന്ന് അതിനെ കാവേരിനീരത്തിൽ ജലസ്ഥാപനം ചെയ്യുന്നതു് അസ്മാദൃശന്മാരായ ചേരകുലരാജാക്കന്മാൎക്ക് അൽപംപോലും അനുയോജ്യമായ ഒരു വിശിഷ്ടകൃത്യമല്ല.

ആയതു ശ്രമസാദ്ധ്യമോ വിളംബസാദ്ധ്യമോ അല്ലെന്നുവരി കിലും നമുക്കു തീരെ യോജിച്ച കൃത്യമാണെന്നു് അശേഷം തോന്നുന്നില്ല. അയതുകൊണ്ടു് ഹിമാലയത്തിൽനിന്നുത ന്നെ പ്രതിഷ്ഠായോഗ്യമായ ശില്പകൊണ്ടുവരേണ്ടതാണു്. നാം അപ്രകാരം അനുഷ്ഠിക്കുന്നതിനെ ശാത്രവന്മാരായ ഉത്തരദേശരാജാക്കന്മാർ അതിധൃഷ്ടണത്തോടെ നിരോധി ക്കുന്നപക്ഷം നാം നമ്മുടെ നിരവധികമായ പെരുമ്പടയോ ടുകൂടി യുദ്ധസന്നദ്ധരായി നിഷ്ക്രമണംചെയ്തു നമ്മുടെ വീരപരാക്രമങ്ങളെ അവക്കു നിർവ്വിശങ്കം ഉപാക്ഷമായി കാണിച്ചുകൊടുത്തു ആയോധനത്തിൽ അതി പ്രശസ്തമാംവ ണ്ണം വിജയം നേടി അഹിരേണ പ്രതിമയേയുംകൊണ്ടു് ഇവിടെ പ്രത്യാഗമിക്കാം. അതാണു നമുക്കു് പ്രചുരമായ പെരുമ" എന്നു് വീരാവേശത്തോടെ ഉദീരണംചെയ്തു.

അപ്പോഠം ആ സഭയിൽ ഉണ്ടായിരുന്ന "വില്ലവൻ കോത"യെന്ന അത്യുപാ.മൻ ചക്രവത്തിയെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടു് "ഹേ! രാജശാർദ്ദൂലാ! പണ്ടൊരിക്കൽ "കൊങ്കർചെങ്കളം" എന്ന സംഗ്രാമാങ്കണത്തിൽ വെച്ചു് നിരവധി പരാക്രമശാലികളും അത്യണ്ഡീരന്മാരുമായ ചോള പാണ്ഡ്യന്മാർ അവിടത്തോടു് അതിധൃഷ്ടന്മാരായി എതി ത്തു നിന്നു പൊരുതു് അവിരളം പരാജിതന്മാരാവുകയും അ വരുടെ പുലിക്കൊടിയും മീനക്കൊടിയും തിരുമുമ്പാകെ വെ ച്ചൊഴിഞ്ഞു് സച്ഛന്ദം കീഴടങ്ങിയതും അവിടുന്നു വിജയല ക്ഷ്മീകാലംകൃതനായി ജയം നേടിയതും ഈ ലോകമാസക ലം വ്യാപിച്ചിരിക്കുന്ന ഒരു വിശ്രുതിയെന്നല്ല, അവ ദിഗന്ത

നിവാസികളായ ദിഗ്ഗജങ്ങളുടെ കണ്ണുപുടങ്ങൾക്കു പോലും വിഷയീഭവിച്ചിരിക്കുന്ന ഒരു വിചിത്രാപദാനവുമാണല്ലോ? ഈ അത്ഭുതകരമായ സംഭവം അവിടത്തെ അതിപ്രചുരമായ കീൎത്തിയെ അസാമാന്യശോഭയോടെ ഈ മഹീമണ്ഡലത്തിൽ എന്നെന്നേയ്ക്കും സ്ഥായിയായി നിലനിറുത്തിയിരിക്കുന്നു. ഇതു കൂടാതെ കൊങ്കണർ, കലിംഗർ, കൎണ്ണാടകർ, വംഗർ, ഗാംഗേയർ മുതലായി കേളികേട്ട അനവധി ആൎയ്യരാജാക്കന്മാരും ഒന്നുചേൎന്ന ഗംഗക്കരയിൽ വെച്ചു അവിടത്തോടെതിൎത്തു അതിപ്രവൃദ്ധമായ അമൎഷത്തോടെ ഒരു ഘോരസമരം നടത്തിയപ്പോൾ, അഞ്ചാത്തനെഞ്ചുറപ്പോടു കൂടിയ അവിടത്തെ സൈന്യാവലികൾ അസാമാന്യ പടുതയോടെ അഹമിഹമികയാ ആയോധനം ചെയ്തു് അനൎഗ്ഗളമായ വിജയം നേടിയ വിവരവും അഗ്രയോധിയായ അവിടുന്നു് അവിടത്തെ വാരണപ്രവീരനിൽ ആരോഹണം ചെയ്തു് ശത്രുസംഘാതത്തിനുള്ളിൽ നിൎവിശങ്കം കടന്നുചെന്നു് സാഗരത്തെ നൌകകൾ അതിരഭസം വിപാടനം ചെയ്യുന്നതുപോലെ സമാസദന്മാരായ അരാതിസേനകളെ സധാൎഷ്ട്യം എതിരിട്ടു് വിദാരണം ചെയ്ത സാമൎത്ഥ്യവും എന്റെ കണ്ണുകളിൽ നിന്നും ഈ ക്ഷണംവരെ മറഞ്ഞു പോയിട്ടില്ല. അത്രമാത്രമല്ല എന്റെ പൊന്നുതമ്പുരാട്ടിയും അവിടത്തെ പ്രിയജനയിത്രിയുമായ „നച്ചോണയമ്മ" നാടുനീങ്ങിയപ്പോൾ അവരുടെ വീരപ്രതിമയെ കൊണ്ടുവരാനായി നാം ഉത്തരദേശത്തിലേക്കു ഉദ്ഘോഷഭരിതന്മാരായി പൎയ്യടനം ചെയ്കയും അനന്തരം ശിലയും വഹിച്ചുകൊണ്ടു നിൎഗ്ഗമിക്കുമ്പോൾ തീൎത്ഥസ്നാനത്തിലേക്കായി ഗംഗാതരംഗിണിയുടെ

തീരത്തിൽ ഉപരക്ഷകന്മാരുമൊന്നിച്ച് പാളയമടിച്ചു താമസിക്കനും ചെയ്തുവല്ലോ. അപ്പോൾ കേവലം ഔദ്ധത്യം നിമിത്തം ക്രോധാവിഷ്ടന്മാരായി അവിടത്തോടെതിരിട്ട്, ശിബിരത്തെ ഉപരോധിച്ചവരായ ആര്യരാജാക്കന്മാർ അസംഖ്യം പേരെയും അവിടുന്ന ഏകാകിയായി യുദ്ധംചെയ്തു പരാജിതരാക്കിയ കഥ ഇന്നും ഈ ലോകത്തിൽ സുപ്രസിദ്ധമാണല്ലോ? ഈ ദൃശം അനന്യസാധാരണമായ യുദ്ധവൈദഗ്ദ്ധ്യത്തോടുകൂടി വിലസുന്ന അവിടുന്ന് ഉത്തരദേശത്തിലേക്കു യുദ്ധോദ്യുക്തനായ് പ്രസ്ഥാനം ചെയ്തുവെന്നു ശ്രുവിച്ചാൽതന്നെ അവിടത്തോടു എതിർത്തുനില്ക്കാൻ ആരാണു വരാനുള്ളതു്? എതിരിട്ടാലും അങ്ങയെ ജയിക്കുവാൻ നിസ്സാരന്മാരായ അവർക്കു ആർക്കാനും അല്പമെങ്കിലും സാധിക്കുന്ന കാര്യമാണോ? അതു് തീരെ ശ്രമസാദ്ധ്യമെന്നല്ലാ ദുസ്സാദ്ധ്യവും തന്നെയാണു്. ആയതുകൊണ്ടു അവിടത്തെ ഉത്തരദേശയാത്രയെക്കുറിച്ചുള്ള വർത്തമാനത്തെ അവിടങ്ങളിലുള്ള ആര്യരാജാക്കന്മാർക്കു ആദ്യമേതന്നെ പത്രങ്ങൾ മുഖേന ഉടനടി സുജ്ഞേയമാക്കയുംവേണം." എന്നു സവിനയമുണർത്തിച്ചു.

അതുകേട്ട് ചെങ്കുട്ടുവന്റെ ഹിതകാംക്ഷിയായ "അഴമ്പിൽവേൾ" എന്ന മറ്റൊരു സചിവപ്രധാനി സ്വസ്ഥാനത്തിൽനിന്നും പൊടുന്നനെ ഉത്ഥാനംചെയ്തിട്ടു മഹാരാജവര്യനെ അഭിവാദനംചെയ്തുംകൊണ്ടു് ഇപ്രകാരമുണർത്തിച്ചു. "പുണ്യശ്ലോകനായ ഹേ! ഭൂമണ്ഡലേശ്വരാ നാം നമ്മുടെ പ്രസ്ഥാനോദന്തത്തെ ഉത്തരദേശരാജാക്കന്മാർക്കു പത്രങ്ങൾമൂലം അറിയിച്ചിട്ട് യാതൊരാവശ്യവുമില്ല. എന്തുകൊണ്ടെ

ന്നാൽ സകല രാജസ്ഥാനങ്ങളിലുമുള്ള അപസപ്പ്ന്മാരും ഇവിടെ നിഗ്രഢമായി നിവസിക്കുന്നുണ്ടു്. ആയതുകൊണ്ടു് നമ്മുടെ നാട്ടിൽതന്നെ വിവരം പെരുമ്പറയടിച്ചറിവിച്ചാൽ അവർ ആ ജൈത്രയാത്രോദന്തത്തെ താന്താങ്ങളുടെ ക്ഷിതിഭൃത്തുകളെ താമസംവിനാ, ധരിപ്പിച്ചുകൊള്ളും. ഇതാണു് ഏററവും ഉത്തമമായ ഉപായമെന്നുള്ളസ്വാവിവക്ഷയെ സാദരം ധരിപ്പിച്ചു.

ചെങ്കുട്ടവൻ തദനുസരണം സമ്മതിക്കയും തദനന്തരം അദ്ദേഹത്തിൻെറ ആജ്ഞാനുസരണം മന്ത്രിപുംഗവന്മാർ ആ മഹാരാജവയ്യൻെറ ഉത്തരദേശത്തിലേക്കുള്ള പ്രയാണത്തെപ്പററി നഗരമെങ്ങും അതിപ്രസരമായി പെരുമ്പറയടിച്ചു പ്രസിദ്ധപ്പെടുത്താൻ വേണ്ട ഏപ്പ്പാടുചെയ്കയും ചെയ്തു. ഉടനെ രാജഭൃത്യന്മാർരാജകീയമായ ഒരു വാരണവീരോപരി പട്ടുവസനാലംകൃതമായ ഒരു പെരുമ്പറയെ ഏററവും ഭംഗിയാംവണ്ണം ആരോഹണം ചെയ്യിച്ചു്, "ഞങ്ങളുടെ ചക്രവത്തി വീരപത്നിക്കു വീരപ്രതിമ ചെയ്യാൻ ശിലകൊണ്ടു വരുന്നതിനുവേണ്ടി ഹിമാചലപര്യന്തം ജൈത്രയാത്രയായി എഴുന്നുള്ളാൻ നിദ്ധാരണം ചെയ്തിരിക്കുന്നു. ആയതുകൊണ്ടു് സമീപസ്ഥന്മാരും വിദൂരസ്ഥന്മാരും ആയ സകലരാജാക്കന്മാരും വേണ്ട ഉപഹാരപദാത്ഥങ്ങളോടുകൂടി ആ പൊന്നുതിരുമേനിയെ സമയം കണ്ടു് തിരുമുഖം കാണാൻ സമാഗതരായാലും. അപ്രകാരം അനുസരിച്ചില്ലെങ്കിൽ അവർ നാടുവിട്ടു വിദൂരങ്ങളായ വനാന്തരങ്ങളിലേയ്ക്കോ, പാരാവാരമദ്ധ്യത്തിലുള്ള ദ്വീപാന്തരങ്ങളിലേയ്ക്കോ,

പലായനം ചെയ്യാലും" എന്നുച്ചൈസ്വരം പറയടിച്ചറിവിച്ചു. ഈ വീരോദന്തം ദാവാനലനെന്നപോലെ നാനാദിഗന്തങ്ങളിലും വിസ്തൃമരങ്ങളായി.

നഗരം മുഴുവനും പെരുമ്പറമുഴക്കി യാത്രാവത്തമാനം വിസൎപ്പണം ചെയ്തതിൽ പിന്നീട് ചേര ചക്രവത്തി ആസ്ഥാനമണ്ഡപത്തെ പ്രാപിച്ച് അനർഘ രത്നങ്ങളാൽ ജാജ്വല്യമാനമായ തന്റെ ഹൎമ്മ്യർക്ഷാസനത്തിൽ ഉപവിഷ്ടനായിഭവിച്ചു. അപ്പോൾ സപ്രത്യയന്മാരായ സാമന്തന്മാർ ആഗമവേദികളായ പുരോഹിതന്മാർ, അത്യുപഥന്മാരായ മന്ത്രിമാർ, സമജ്ഞന്മാരായ സൈന്യാധിപന്മാർ, മഹാശയന്മാരായ പൌരപ്രധാനികൾ, ഇവരെല്ലാം ആ മഹാരാജവൎയ്യന്റെ സവിധത്തിൽ സമാഗമിച്ച് സമന്തതഃപരിവേഷ്ടിതരായിരുന്നു. ഉടൻതന്നെ ചേരചക്രവത്തി ആ സമജ്യനിവാസികളെ ഒന്നു സാകൂതം നിരീക്ഷണം ചെയ്ത് ഇപ്രകാരം അരുളിച്ചെയ്തു. "അല്ലയോ എന്റെ പ്രിയപ്പെട്ട സഭാവാസികളേ! പണ്ടൊരിക്കൽ ഉത്തരദേശത്തിലുള്ള ഒരു രമണീയമായ രാജധാനിയിൽവെച്ച് ഒരു ആൎയ്യരാജകുമാരിയുടെ സ്വയംവര മഹോത്സവം അത്യാഡംബര പൂൎവ്വം നടന്നുകൊണ്ടിരുന്നു. ആ അവസരത്തിൽ സമീപ സ്ഥലങ്ങളിലുള്ള പല ആൎയ്യരാജാക്കന്മാരും അവിടെ അതിപ്രമുദിതമനസ്കരായി സന്നിഹിതന്മാരായിരുന്നു. അവരിൽ പലരുംഏകീകരിച്ച്, തെക്കൻ ദിക്കിലുള്ള രാജാക്കന്മാരെ നിശ്ശേഷം കൎക്കശമായി നിർഭത്സനം ചെയ്കയും അവരുടെ നാട്ടിൽ അത്യുൽക്കടന്മാരായി കടന്നു ഹിമാചലംവരെ പടയെടുത്തു ചെന്നു് ആ പൎവ്വതോപരിഭാഗങ്ങളിലുള്ള അശ്മപട്ടങ്ങ

ളിൽ തങ്ങളുടെ വില്ല്, പുലി, മത്സ്യം, എന്നീ രാജകീയ ചിഹ്നങ്ങളെ സ്വ പൗരുഷോദ്ദേശകമായി അടിപ്പിച്ചു വെച്ചതിനെപ്പററി അത്യധികം അഭിഭ്രതിപൂർവ്വം അപധീരണം ചെയ്തതായും, അവർ ആ സന്ദർഭത്തിൽ അസ്മാദൃശന്മാരായ രാജവര്യന്മാരെ അഭിമുഖംദർശിച്ചിരുന്നുവെങ്കിൽ നമ്മുടെ അത്തരം പ്രവൃത്തികൾക്കു അവർ ഒരിക്കലും ഇടം കൊടുക്കുകയില്ലയെന്നു വീരവാദം ചെയ്തതായും, അത്യമർഷത്തോടെ നമ്മുടെ പ്രതാപത്തെപ്പററി ആക്രോശനം ചെയ്തതായി ഹിമാലയാപ്രാന്തങ്ങളിൽ നിന്നും ഇവിടെവന്നിട്ടുള്ള ചില മഹർഷിമാരിൽനിന്നു നാം അറിഞ്ഞു. ഏതാദൃശങ്ങളായ ആക്ഷേപോദന്തത്തെ നമ്മേപ്പോലുള്ള ദ്രാവിഡ രാജാക്കന്മാർ ഒരിക്കൽപോലും സഹിക്കുന്നവരല്ല. ഇരിക്കട്ടെ ആയതുകൊണ്ടു് നാം ഒരു അതിമാനമായ പൃതനാവലിയോടുകൂടി വിജിഗീഷുവായിച്ചെന്നു നമ്മെപ്പററി വീരവാദം പറഞ്ഞു് അത്യധികം അധിക്ഷേപിച്ചവരായ ആ ആര്യരാജാക്കന്മാർ അശേഷംപേരെയും അവർക്കെല്ലാം പ്രധാനികളാണെന്നു നടിച്ചവരായ കനക വിജയാദി അന്തിമമൌര്യ രാജാക്കന്മാരെയും അമർക്കളത്തിൽവെച്ചു അനായാസേന പരാജിതരാക്കി ആ ഹതപൌരുഷന്മാരുടെ മൌലിയിങ്കൽ നമ്മുടെ കണ്ണകീദേവിയുടെ പുണ്യപ്രതിമയെ ആരോഹണം ചെയ്യിച്ചു്, ഇവിടെജയഭേരിസഹിതം ആനയിക്കുന്നതിനുനോക്കാം അപ്രകാരം ചെയ്യില്ലെങ്കിൽ നാം രാജ്യവിദ്വേഷിയായ ഒരു രാജാധമനായി ഭവിക്കാം.,, എന്നു വീരശപഥംചെയ്തു. അപ്പോൾ ഒരു രാജപുരോഹിതൻ പൊടുന്നനെ എഴുന്നേററു്,

„ഹേ! മഹാരാജ പുംഗവാ! അവിടുന്നു കല്പിക്കുമ്പോ ലെ ഉത്തരദേശ രാജാക്കന്മാർ കേവലം അഭിജ്ഞന്മാരായി അവിടത്തെ ഒരിക്കലും ഭത്സിക്കുന്നവരല്ല. അവർ ചോള പാണ്ഡ്യന്മാരെമാത്രം അധിക്ഷേപിച്ചുവെന്നേയുള്ളൂ. അവിടത്തെ വീരാപദാനങ്ങളേയും രണശൂരതയേയും അവർ ആകർണ്ണനം ചെയ്യാത്തവരോ അനുഭവിച്ചറിയാത്തവരോ അല്ല! അവിടത്തെ ക്രോധാവേശത്തെ അവിടുന്നു ഒന്നു പ്രശാന്തമനസ്കനായി സാന്ത്വനം ചെയ്താലും, എന്നു സമാധാനപൂർവം ജല്പിച്ചു.

ഉടൻതന്നെ അരമനയിലെ ജ്യൌതിഷികൻ എഴുന്നേററു് രാജപാദങ്ങളിൽ സാഷ്ടാംഗംവീണു് ദണ്ഡനമസ്കൃതി ചെയ്തിട്ടു ചേരവംശനഭോ മണ്ഡലത്തിലെ വിവസ്വാനായി വിളങ്ങുന്ന ഹേ! രാജഷഭാ! അവിടത്തെ രാജ്യഭാരം ചിരകാലം വിജയിഭവിക്കട്ടെ. ഈ ഭൂമണ്ഡലത്തിലുള്ള സകല മണ്ഡലാധിപന്മാരെയും അവിടത്തെ തിരുവടിഛായയിൽ പതിപ്പിക്കാനുള്ള പരമപവിത്രമായ സുമുഹൂർത്തം ഇതാ അഭ്യാഗതമായിരിക്കുന്നു. അതുകൊണ്ടു് ഉത്തരദേശത്തേയ്ക്കുള്ള അവിടത്തെ ജൈത്രയാത്രാപ്രസ്ഥാനത്തിനു തക്കതായ ശുഭാവസരം ഇതുതന്നെയാണു് എന്നു സപ്രത്യയം തിരുമനസ്സുണത്തിച്ചു.

ആ ദൈവജ്ഞമതത്തെ ശ്രവിച്ചിട്ടു മഹാരാജാവു് അത്യധികം ആമോദിക്കുകയും അനന്തരം യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ തയ്യാറാക്കുന്നതിനു ഉടനടി നിർദ്ദേശിക്കയും

ചെയ്തു. തൽക്ഷണം കൊട്ടാരവാതുക്കൽ പെരുമ്പറ, കാഹളം ആദിയായി അരമനവാദ്യങ്ങൾ തെരുതെരെ മുഴങ്ങിത്തുടങ്ങി. മഹാരാജാവാകട്ടെ തൻെറ പള്ളിവാളും പരിചയും ആ അതിമോഹനമായ സുമുഹൂൎത്തത്തിൽ തന്നെ ഉത്തരദിക്കുനോക്കിക്കൊണ്ടു ചെല്ലാൻ ആജ്ഞാപിച്ചു ഉടൻതന്നെ ഉദ്ധതന്മാരായ യുദ്ധവീരന്മാർ യുദ്ധോദ്യുക്തരായി നിൎഭരം ആഭാടം ചെയ്തുതുടങ്ങി. പ്രത്യൎത്ഥികൾ കണ്ടു നടുങ്ങത്തക്ക വിധത്തിൽ അനീകിനികൾ അസ്ത്രശസ്ത്രങ്ങൾ കൊടിക്കൂറകൾ ആദിയായ ആയോധന ചിഹ്നങ്ങളോടുകൂടി യുദ്ധോദ്യുക്തരായി ഉപക്രമണം ചെയ്തു. സംഗ്രാമവീരന്മാരായ സാദിഭടന്മാരും വാരണവീരരും രഥനിരകളും തെരുതെരെ ഉദ്ധൎഷത്തോടെ പാഞ്ഞുതുടങ്ങി. ഇതിനിടയ്ക്കു മഹാരാജാവിൻെറ പള്ളിവാളിനേയും പരിചയേയും ഉത്തുംഗമായ ഒരു രാജകീയവാരണത്തിന്മേൽആരോഹണംചെയ്യിച്ച് ആ നഗരവരത്തിൻെറ ബഹിൎഭാഗത്തുള്ള മൃത്യുഞ്ജയക്ഷേത്രത്തിൽ കൊണ്ടുചെന്നു നിക്ഷേപിച്ചു. തദനന്തരം ആ നഗരവാസികൾ ആബാലവൃദ്ധം, വിവരമറിഞ്ഞു രാജസദനത്തെ പ്രാപിച്ചു. അന്നു ആ മഹാരാജാവ് തൻെറ സേനകൾക്കും സപ്രസവിധത്തിൽ കുതൂഹലത്തോടും കൂടി നിന്നിരുന്ന മററുപല ഉദ്യോഗസ്ഥന്മാൎക്കും സൈന്യാധിപന്മാൎക്കും ഒരു വലിയ ഉദ്യാനവിരുന്നു ബഹിൎഭാഗത്തിലുള്ള മുൻപറഞ്ഞ സേനാനിവേശസ്ഥലത്തുവെച്ച് തന്നെ നടത്തിക്കൂട്ടി. അടുത്തദിവസം അപരാഹ്നത്തിൽ അദ്ദേഹം രഞ്ജിമാല ചൂടി യുദ്ധസന്നദ്ധനായി ജൈത്രയാത്രയ്ക്കു സൈന്യസമേതം നിൎഗ്ഗമിക്കുകയും ചെയ്തു.

## അദ്ധ്യായം ൯.

---

### പ്രതിമയുണ്ടാക്കാൻ ശില കൊണ്ടുവരുന്നതു്.

സുവൎണ്ണമയങ്ങളായ സപ്തസപ്തികിരണങ്ങളെക്കൊണ്ടു് ദീപ്യമാനമായ അടുത്ത ദിവസം അഹൎമുഖത്തിങ്കൽ ആ രാജമന്ദിരത്തിലെ ഭേരീകാഹളാദിരാജകീയവാദ്യങ്ങളുടെ നിസ്വനങ്ങൾ ഗംഭീരമായി തെരുതെരെ മുഴങ്ങിത്തുടങ്ങി. ചേരചക്രവൎത്തി ഹംസതൂലികാശയ്യോപബൎഹമണ്ഡിതമായ സ്വന്തം പല്യങ്കവരത്തിൽനിന്നും സാവധാനത്തിൽ എണീറ്റു് നീക്കാപ്പു മുതലായതു കഴിച്ചു് പരമാനന്ദഭക്തിയുതനായി സ്വകുലദൈവതമായ പരമേശ്വരപ്രീത്യൎത്ഥം ചെയ്യേണ്ടതായ വന്ദനാദി ദിനചൎയ്യകൃത്യങ്ങൾനിൎവ്വഹിച്ചിട്ടു് അവിടത്തെ അനുഗ്രഹവും പ്രസാദവും വാങ്ങി സ്വന്തം വാരണവീരനിൽ ആരോഹണം ചെയ്തു ഉത്തരദിക്കുനോക്കി യാത്രയാവുകയും ചെയ്തു.

മാൎഗ്ഗമദ്ധ്യേ പശ്ചിമാചലപ്രാന്തനിവാസികളായ മഹൎഷീശ്വരന്മാരാൽ നിൎമ്മിതമായ അദ്ധ്വരശാലകളെയും അത്യഭിപൂജയോടെ വണങ്ങി അതിത്വരയോടെ നിഷ്ക്രമിച്ചുതുടങ്ങി. അപ്പോൾ "ചേരമാൻ പെരുമാൾ വിജയീഭവിക്കട്ടെ. മലയമാൻ നീണാൾ വാഴട്ടെ" എന്നു വാഴ്ത്തിയുംകൊണ്ടു് ആടകമാടം അല്ലെങ്കിൽ അനന്തപുരം എന്ന വിഷ്ണുക്ഷേത്രത്തിൽനിന്നും തീൎത്ഥം പ്രസാദം ആദിയായവ വഹിച്ചുംകൊണ്ടു് അനവധി അന്തണവരന്മാർ മഹാരാജ

സമക്ഷം സമാഗതന്മാരായി. രാജർഷഭൻ ഏററവും നമ്രവദനനായി നിന്നു ആ പ്രസാദത്തെ അത്യന്തഭക്ത്യാദരപുരസ്സരം വാങ്ങിച്ചു തന്റെ മൗലിയിന്മേലും ലലാടത്തിന്മേലും അണിയുകയും ചെയ്തു. തദനന്തരം ആ മഹാരാജാവു് അവിടെനിന്നും യാത്ര തുടൎന്നപ്പോൾ അനവധി സുമംഗലികളായ പുരന്ധ്റികൾ അവിടെ കൂട്ടംകൂട്ടമായ് ആഗമിച്ചു് അവരുടെ ഇരുകരതലങ്ങളേയും കൂപ്പി ആ പൊന്നുതിരുമേനിയെ വന്ദിക്കയും അവർ അദ്ദേഹത്തിന്റെ വിജയാശംസാസൂചകമായ പലസ്തുതിഗാനങ്ങളും പാടി ആ വന്ദ്യപുരുഷനെ പലവിധത്തിലും ആശംസിക്കുകയും അനന്തരം കാശ്മീരജംകലൎന്ന അക്ഷതങ്ങൾ, സ്വൎണ്ണപുഷ്പങ്ങൾ ഇവ ആ രാജവൎയ്യന്റെ മൌലിയിങ്കൽ വാരിച്ചൊരിയുകയും ചെയ്തു. സൂതർ, മാഗധർ, വൈതാളികർ മുതലായവർ ആ മഹാരാജവൎയ്യന്റെ വീരാപദാനങ്ങളെ പ്രതിപാദിക്കുന്ന പല വിജയഗാനങ്ങളും പാടിക്കൊണ്ടു് അദ്ദേഹത്തെ അനുഗമിച്ചു. നാനാവൎണ്ണങ്ങളായ പതാകകളെക്കൊണ്ട് പ്രകാശമാനകളായ ഗജാശ്വപദാദി സൈന്യാവലികൾ ആ ചേരമാൻ പെരുമാളെ ബഹുധാ പുകഴ്ത്തിക്കൊണ്ടു് അനുയാത്രചെയ്തു. സുവൎണ്ണമണിഗണദീപ്യമാനങ്ങളായ ആയുധങ്ങളോടും അശ്വാസ്തരണങ്ങളോടും കൂടിയ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ചക്രവൎത്തിഛത്രപതാകാവാഹികളാൽ അനുഗതനായി സേനാധിപത്യസൂചകമായ ദണ്ഡത്തെ വഹിച്ചുകൊണ്ടു് ശ്വേതാശ്വാരൂഢനായി ആ സേനകളുടെ നാസീരത്തിൽ എഴുന്നെള്ളി.

ഇപ്രകാരം അപരിമിതമായ ആഡംബരപൂർവം മംഗല്യാഘോഷത്തോടെ ഉത്തരദിക്കിലേയ്ക്കു് പ്രയാണംചെയ്തവനായ ആ മഹാരാജവയ്യൻ ഏറിയ ദൂരം യാത്രചെയ്തു് അവസാനത്തിൽ സ്വരാജ്യാതിർത്തിപ്രാന്തത്തിലുള്ള നീലഗിരീതടത്തെ പ്രാപിച്ചു. അതിൻെറ താഴ്‌വരയിൽ മനോരമസ്യണമായ തൃണസങ്കുലിയാൽ ഭാസുരവും വനരാജികളാൽ ശോഭിതവും സ്ഫടികാവദാതമായ ഒരു ചെറുകുല്യയുടെ സമീപസ്ഥിതവുമായ ഒരു രമ്യഭൂവിങ്കൽ എഴുന്നെള്ളി അവിടെ അതിമനോജ്ഞമായ രീതിയിൽ രചിക്കപ്പെട്ടിരുന്ന രക്തവസ്ത്രനിർമ്മിതമായ രാജകീയപടകുടീരത്തിൽ പാളയമടിച്ചു താമസിച്ചു. ചക്രവൎത്തി ഈദൃശം അവിടെയുള്ള ശിബിരത്തിൽ താമസിക്കുമ്പോൾ ഹിമാചലത്തിൽനിന്നും ദക്ഷിണദേശങ്ങളിലേക്കു തീൎത്ഥാടനോദ്ദേശ്യരായ് ആഗമിച്ചവരായ മഹൎഷിമാരിൽ ചിലർ നീലഗിരിയിൽ എത്തി ത്താമസിച്ചുവന്നു. തപോധനർ ചേരമാൻ പെരുമാളെ കണ്ടു് അദ്ദേഹത്തെ വേണ്ടവിധത്തിൽ ആശീർവദിക്കയും അദ്ദേഹത്തിനോടായി "അല്ലയോ മഹാരാജാവേ! അവിടുന്നു ഹിമാലയാപർവതപ്രാന്തത്തിലേയ്ക്കെഴുന്നെള്ളുന്നതായി ഞങ്ങൾ വഴിമദ്ധ്യെവെച്ചറിഞ്ഞു. അവിടുന്നു് അപ്രകാരം അത്രത്തോളം ചെല്ലുകയാണെങ്കിൽ അവിടെ നിവസിക്കുന്ന അസ്മാദൃശന്മാരായ തപോധനന്മാൎക്കു് യാതൊരു മനഃക്ലേശത്തിനും ഇടവരുത്താതെ അവരെ സംരക്ഷിക്കേണ്ടതു് അവിടത്തെ മുഖ്യമായ ഒരു കൎത്തവ്യകർമ്മമാണു്. ഇത്രമാത്രമേ ഈ തപോധനന്മാൎക്കു് അവിടത്തോടുണൎത്തിപ്പാനുള്ളു" എന്നറിയിച്ചു.

ചക്രവൎത്തിയാകട്ടെ ആ അർഹണീയന്മാരായ മഹൎഷീശ്വരന്മാരുടെ ഹിതാനുസരണം നടന്നുകൊള്ളാമെന്നു് പ്രശ്രയപൂർവ്വം വാഗ്ദാനം ചെയ്തു.

ആ ശമധനന്മാർ അവിടെനിന്നും യാത്രയായതിൽ പിന്നീടു സ്വല്പംകഴിഞ്ഞതിന്റെശേഷം കൊങ്കണദേശം കൎണ്ണാടകംമുതലായ അതിൎത്തിദേശങ്ങളിലെ രാജാക്കന്മാർവേണ്ട ഉപരക്ഷകന്മാരോടും അനവധി ഉപായനദ്രവ്യങ്ങളോടുംകൂടിവന്നു് ചേരചക്രവൎത്തിയുടെ മേൽകോയ്മയെ അചിരേണ സ്വീകരിക്കുകയും ചെയ്തു, കുടകുരാജാവും അസംഖ്യം രമണീയങ്ങളായ തിരുമുൽക്കാഴ്ചകളോടുകൂടിവന്നു് ആ ചക്രവൎത്തിയെ തിരുമുഖം കാണിച്ചു് വന്ദിച്ചുനിന്നു. ചേരമാൻ പെരുമാൾ ആ രാജപുംഗവന്മാരോടുകൂടി പോന്നവരായ ഗായകന്മാരുടെ തന്ത്രീവാദ്യങ്ങളോടും ഝല്ലരികളോടുംകൂടിയുള്ള സംഗീതമേളങ്ങളേയും, സുന്ദരികളായ നാട്യസ്ത്രീകളുടെ മൃദുലതരമായും കരുണാരസപരിപൂരിതമായും ഉള്ള മധുരഗാനങ്ങളേയും മററും ശ്രവിച്ചും, അതിമോഹനമായ നൃത്തവിധാനങ്ങളേയും മററും കണ്ടും അത്യധികം സന്തോഷനിമഗ്നനായിത്തീൎന്നു. അനന്തരം അവർ ഓരോരുത്തൎക്കും അവരവരുടെ യോഗ്യതാനുസരണം വേണ്ട സമ്മാനാദികൾ കൊടുത്തു യാത്രയയയ്ക്കുകയും ചെയ്തു.

അല്പം കഴിഞ്ഞപ്പോൾ ചക്രവൎത്തിയുടെ അത്യന്തമിത്രവും ആന്ധ്രദേശാധിപതിയും ആയ ശതകർണ്ണിയാൽ അയയ്ക്കപ്പെട്ട സഞ്ജയൻ എന്ന ദൂതൻ അനവധി പ്രാഭൃതങ്ങളോടും പരമസുന്ദരികളായ നൎത്തകികളോടും മാർദ്ദംഗി

കർ, വൈണികൻ, വൈണവികർ മുതലായ സംഗീതമേള ക്കാരോടും, വന്ദികൻ, സ്തുതിപാഠകന്മാർ, കവികൻ, മന്ത്രി കൻ, സേനാധിപന്മാർ ഇവരോടുംകൂടി അവിടെ ആഗത നായി, അദ്ദേഹത്തെ മുഖം കാണിച്ചു വന്ദിച്ച് ഇപ്രകാരം ഉണർത്തിച്ചു. "അല്ലയോ രാജഷഭ! അവിടുന്നു ഹിമാചല പര്യന്തം പടയെടുത്തുപോകുന്നതായറിഞ്ഞു ഞങ്ങളുടെ മഹാരാജാവ് അവിടത്തെ കല്പനയുണ്ടാകുന്നപക്ഷം വീര പത്നിപ്രതിഷ്ഠയ്ക്കുവേണ്ട ശിലയെ താന്തന്നെ എടുത്തുകൊ ണ്ടുവന്നേയ്ക്കാമെന്നു തിരുമസ്സുണർത്തിക്കാൻ അടിയനോട് കല്പിച്ചയച്ചിരിക്കുന്നു. അവിടത്തെ തിരുവുള്ളം എങ്ങനെ യാണെന്നരുളിച്ചെയ്താലും!" എന്ന് അവാങ്മുഖനായിനി ന്ന് സവിനയം ഉണർത്തിച്ചു.

ആ ഉപകണ്ഠികയെ കേട്ടശേഷംചേരചക്രവർത്തിഉപ ഗതനായ ആ ദൂതനെ നോക്കി"ഹേ! സഞ്ജയാ'ഉത്തരദേശ രാജാക്കന്മാരിൽശ്രേഷ്ഠന്മാരായ കനക വിജയന്മാർ ദ്രാവിഡ രാജാക്കന്മാരുടെ സുചരിതങ്ങളെഅറിയാതെ പല അവസര ങ്ങളിലും അവരെ അധിക്ഷേപിച്ചതായി നാം കേട്ടിട്ടുണ്ടു. ആയതുകൊണ്ടു നാം നേരിട്ടുചെന്നു അവരെ യുദ്ധത്തിൽ പരാജിതരാക്കി ആ രാജാധമന്മാർ രണ്ടുപേരെയും കൊണ്ടു തന്നെ വീരപത്നിയുടെ വീരശിലയെ ചുമപ്പിച്ചുകൊണ്ടു വ രുവാൻ അഭിലാഷപ്പെടുന്നു. ആയതുകൊണ്ട് നിൻെറ രാജാവു് ഹിമാചലത്തേക്കു ചെല്ലേണ്ടാ എന്നും, എന്നാൽ ജാഹ്നവീതീരം വരെചെന്ന നമ്മുടെ സൈന്യങ്ങൾക്കു അ ക്കരെയ്ക്കുകടക്കുവാൻ വേണ്ട നൌകങ്ങളെ സജ്ജീകരിച്ചു വേ

ണ്ട സൌകര്യ്യം ചെയ്തുവെയ്ക്കുന്നതിലേയ്ക്കു നാം ആജ്ഞാപിച്ചിരിക്കുന്നുവെന്നും പോയി അറിയിച്ചാലും, എന്നുമാത്രം കല്പിച്ചു. സഞ്ജയൻ ഉടൻതന്നെ പരമവിനീതനായി അദ്ദേഹത്തിൻെറ പാദാരവിന്ദത്തെ വന്ദിച്ചു്, അവിടെ നിന്നും അനുക്ഷണം നിൎഗ്ഗമിക്കുകയും ചെയ്തു.

സഞ്ജയൻ യാത്രയായതിൽ പിന്നിട്ടു് ചോളപാണ്ഡ്യരാജ്യങ്ങളിൽ നിന്നും മാലേയം, മൌക്തികം, മാഹേയം മുതലായ അനവധി തിരുമുൽക്കാഴ്ചകൾ ചേരചക്രവത്തിക്കു വന്നുചേൻ. ആ ഉപഹാരങ്ങളെ തിരുമനസ്സുകൊണ്ടു് സസന്തോഷം സ്വീകരിക്കയും അവ കൊണ്ടുവന്ന വാഹകന്മാക്കു് വേണ്ട സമ്മാനം കൊടുത്തയക്കുകയും ചെയ്തു. അനന്തരം ആ തിരുമേനി, തന്നെ മുഖംകാണിക്കാനായി ആഗ്രഹിച്ചു അത്യാശയോടെ അവിടെ സമാഗതരായ സകല ജനങ്ങൾക്കും അതിനു് മുറയ്ക്കുനുവാദം കൊടുത്തിട്ടു, ദൃഢപ്രതിജ്ഞന്മാരായ സഹസ്രം തന്ത്രധരന്മാരോടു്, ദക്ഷിണദേശാധിപന്മാരും മററു സാമന്ത രാജാക്കന്മാരും കപ്പമായി കൊണ്ടു വന്ന ചന്തമേറിയ ചന്ദനമുട്ടികളും നീരോട്ടമുള്ള മുത്തുമാലകളും മഹാഘമായ മററനേകം കാഴ്ചദ്രവ്യങ്ങളും രാജഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നതിനും ഭദ്രമായി സൂക്ഷിച്ചുവെയ്ക്കുന്നതിനും വേണ്ട ഏപ്പാടുകൾ ചെയ്യുകയും ചെയ്തു.

അടുത്തദിവസം പ്രഭാതത്തിൽ ഒരു രമ്യമായ സന്മുഹൂത്തത്തിൽ ചേരമാൻ പെരുമാൾ ഉത്തരദിക്കു നോക്കി യാത്ര പുറപ്പെട്ടു. അദ്ദേഹത്തിൻെറ പരിവാരങ്ങളും ഉത്സാ

ഹർഷഭരിതരായി ഉപായനം ചെയ്തുതുടങ്ങി. കതിചിദ്ദിനങ്ങൾ കകളിൽ അദ്ദേഹം കൊങ്കണം, ആന്ധ്രം, ഈ രാജസ്ഥാനങ്ങൾ വഴിയായി യാത്രചെയ്ത്, ദക്ഷിണകോസലത്തേയും മഗധത്തേയും അതിക്രമിച്ചു ഗംഗാതീരത്തെ പ്രാപിച്ചു. ആന്ധ്രരാജാവായ ശതകർണ്ണിയാൽ മുൻകൂട്ടി തയ്യാറാക്കപ്പെട്ടിരുന്ന തരണികളിൽ കയറി ചക്രവൎത്തിയും അനുയായികളും ഗംഗാനദിയെ തരണംചെയ്ത് അതിരമണീയമായ ഉത്തരകോസലപ്രാന്തത്തിൽ ചെന്നുചേൎന്നു. ചേരചക്രവൎത്തി ഉത്തരദേശത്തിലേക്കു പ്രയാണം ചെയ്യുന്ന വൎത്തമാനത്തെ അപസൎപ്പന്മാർ മുഖാന്തിരം ശ്രവിച്ചറിഞ്ഞ ഉത്തരദേശരാജാക്കന്മാരായ ഉത്തരൻ, വിചിത്രൻ, രുദ്രൻ, ഭൈരവൻ, ചിത്രൻ, സിംഹൻ, ധനുൎദ്ധരൻ, ശ്വേതൻ മുതലായവർ കനകൻ വിജയൻ എന്നീ അതിപരാക്രമശാലികളും അത്യുത്സാഹികളുമായ ആൎയ്യരാജാക്കന്മാരുടെ കീഴിൽ ഒന്നുചേൎന്ന് ഒരു പെരുംപടക്കൂട്ടിയുദ്യോഗസ്ഥന്മാരായി അവിടെ വന്ന് ചക്രവൎത്തിയെ എതിരിട്ടുപരോധിച്ചു.

നമ്മുടെ ചേരചക്രവൎത്തിയാകട്ടെ ഒട്ടെങ്കിലും അഞ്ചാത്ത നെഞ്ചുറപ്പോടുകൂടിയ സിംഹപരാക്രമനായിരുന്നു. അദ്ദേഹമാണോ, ഈ അല്പവീൎയ്യന്മാരായ ആൎയ്യരാജാക്കന്മാൎക്കു ഭയപ്പെട്ടോടുന്നതു്? ദന്തിനിവഹത്തിനുള്ളിൽ ഹരിപ്രവീരൻ പാഞ്ഞെത്തുന്നതുപോലെ ആ ഉദ്ദണ്ഡ വീൎയ്യവാൻ ശത്രുസേനാവലികളുള്ളിൽ പ്രവേശിച്ചു് ഒരു കടുംസംപ്രഹാരം നടത്തി. ആ സംഗ്രാമത്തിങ്കൽ സേനാവലികളുടെ നാനാവിധങ്ങളായ ശസ്ത്രനിവഹങ്ങൾ നിരന്നുനില്ക്കുന്ന

തുകണ്ടാൽ ആ ആയോധന രംഗം ആയുധനിരകളാൽ ആവൃതമായ ഒരു ക്രീഡാഗാരമെന്നപോലെ സപ്താശ്വ കിരണങ്ങളേയും തിരോധാനം ചെയ്തു്. അത്യധികം പരിലസിച്ചുകാണപ്പെട്ടു. പെരുമ്പറമുഴക്കവും ശംഖധ്വനികളും കൊമ്പുവിളികളും ഇടിനാദംപോലെയുള്ള ഭേരീനിനദങ്ങളും മുരജാദിവാദ്യനിസ്വനങ്ങളും ക്ഷുബ്ധന്മാരായ സേനാവലികളുടെ ക്ഷ്വേളിതങ്ങളും മുറയ്ക്കുവിടെയും മുഴങ്ങിത്തുടങ്ങി. ഉൽക്കടന്മാരായമൃത്യുവശഗന്മാരുടെ രുഡ്ജന്യമായ ഭയങ്കരാക്രോശനവും നഭോമണ്ഡലത്തിൽ എങ്ങും മാറൊലിക്കൊണ്ടു. വിമതപക്ഷത്തിലുള്ള രേഷണവും,വില്ലാളികളും വേലെടുത്തവരും രഥാരൂഢന്മാരും അശ്വാരൂഢന്മാരും ഗജാരൂഢന്മാരും, ഉടലും തലയുംമുറിഞ്ഞു് നിലത്തിൽ വീണുരുണ്ടു തുടിക്കുന്നതും, വെട്ടേററമറിഞ്ഞുവീണുകിടക്കുന്ന മുക്തശീഷങ്ങളായ കബന്ധങ്ങൾ പിശാചുക്കളുടെ താളത്തിനൊപ്പിച്ചു് തുള്ളിപ്പുളയുന്നതും, കുണപങ്ങളുടെ ക്ഷതങ്ങളിൽനിന്നും അനർഗ്ഗളം നിർഗ്ഗമിക്കുന്ന നിണപ്രവാഹങ്ങളിൽ നിമജ്ജനം ചെയ്തു് ഭൂതാവലികൾ അത്യുത്സാഹഭരിതരായി കൂത്താടുന്നതും, ഇതിനിടയ്ക്കു ചക്രവത്തിയുടെ ക്ഷുദ്ധിതന്മാരായ സാദിഭടന്മാരുടെയും ഗജപ്രവീരന്മാരുടെയും സുധീരമായും ദ്രുതമായുമുള്ള ചംക്രമണങ്ങൾ നിമിത്തവും, പാദാദികളുടെ അസാമാന്യപാടവത്തോടുകൂടിയ രണചാതുരി നിമിത്തവും അല്പനേരത്തിനുള്ളിൽ നിലകലങ്ങി അങ്ങുമിങ്ങും പലായനം ചെയ്യുന്നപ്രതി ദ്വന്ദികളുടെ ഭീരുതപവും എങ്ങും കാണാപ്പെട്ടു.

വഞ്ചിനഗരത്തിൽനിന്നും യുദ്ധോത്സുകന്മാരായി ഉദ്ധഷ്ഷത്തോടെ ഉപക്രമണം ചെയ്ത സാംഗ്രാമികന്മാരായ

സൈന്യാവലികൾ, അതിവേഗത്തോടും ആവേശത്തോടുംകൂടിപൂർവാധികം ആയോധനംചെയ്തുതുടങ്ങി. ഇതിനിടയ്ക്കു് ഒരുനിമിഷംമാത്രംകൊണ്ടു് ശത്രുപക്ഷത്തിലുള്ള അനവധി സാമജങ്ങളും സൈന്ധവങ്ങളും അനായാസേനഹതങ്ങളായി. നിരവധി ഭടവീരന്മാർ കരചരണാദികൾ മുറിഞ്ഞും ഭഗ്നശീർഷന്മാരായും നഷ്ടജീവരായും ഭവിച്ചു. ഇതിനിടയ്ക്കു ഉത്തരസേനകൾക്കു പെട്ടെന്നു ഒരു പരാജയം സംഭവിച്ചു. ചേരമന്നവൻെറ അസഹ്യമായ ആയുധപ്രയോഗത്താൽ അമിതഭുജശാലികളായ കനകവിജയന്മാർ രഥാരൂഢന്മാരായ മററു അൻപത്തിരണ്ടു രാജാക്കന്മാരോടുംകൂടി ആ ജയസിംഹൻെറ കടുംക്രോധാഗ്നിക്കു ശലഭങ്ങളായി ഭവിച്ചു. അവർ നിലയില്ലാതെ അന്ധാളിച്ചു് അപ്രസന്ന മനസ്കരായി അവിടെനിന്നു ഓടി ഒളിക്കാൻ വട്ടംകൂട്ടി. അവസാനഘട്ടത്തിൽ അതിപ്രവീണനായ ചേരചക്രവർത്തിയെ വിജയലക്ഷ്മി മന്ദാക്ഷവീക്ഷണത്തോടെ വരണമാലചൂട്ടുകയും ചെയ്തു. കനകവിജയന്മാർ ഉത്തരക്ഷണത്തിൽ ഉപഗ്രഹന്മാരാക്കപ്പെട്ടുകയും അശ്വാരൂഢന്മാരായ നാലു ഭടന്മാരോടുകൂടി അവർ ചക്രവർത്തിയുടെ പടകുടീരത്തോടുചേർന്ന ബന്ധനാലയത്തിൽ നയിക്കപ്പെട്ടുകയും ചെയ്തു.

ദ്രാവിഡചക്രവർത്തി ഈദൃശമായി വിജയം നേടിയതിനെ നിരീക്ഷിച്ച ശാത്രവരാജാക്കന്മാർ പലരും വേഷംമാറി ജടയും കാഷായവസ്ത്രവും ധരിച്ചു്, ഭസ്മധാരികളായും, അക്ഷമാല്യധാരികളായും, കേവലം സന്ന്യാസികളെപ്പോലെ അവിടെനിന്നും പലായനംചെയ്തു തിരോഭൂതരായി.

ചില രാജന്യന്മാർ മയിൽപിഞ്ഛധാരികളായി കേവലം ജൈനസന്ന്യാസികളെന്നപോലെ വേഷപ്രച്ഛന്നന്മാരായിഅവിടെനിന്നും പ്രസ്ഥാനംതുടങ്ങി. മററുപലർ കപികളെപ്പോലെ ഒളിച്ചോടാൻ യത്നിച്ചു ഈദൃശം അദ്ദേഹത്തിൻെറ പ്രത്യൎത്ഥികളെല്ലാം വല്ലവിധേനയും അവിടെനിന്നും അസുധാരണാൎത്ഥം പലവഴിക്കും നിഷ്ക്രമണം ചെയ്തുതുടങ്ങി. അനന്തരം ചേരമാൻപെരുമാൾ അതിജിജ്ഞാസയോടെ ആ സമരാങ്കണത്തെ സന്ദർശിക്കുകയും അവിടെവച്ച് സ്വജീവിതത്തെ തൃണവൽഗണിച്ചും, സുരസുന്ദരികളുടെ വരണമാലയെമാത്രം വാഞ്ഛിച്ചും, സമരാങ്കണത്തിൽ ഇറങ്ങി ദാരുണമാംവണ്ണം തങ്ങളുടെ അസിപ്രയോഗം സഫലമാക്കി ഒടുവിൽ ഉടലും തലയും വേപ്പെട്ടു ദയനീയമാംവണ്ണം മരണം പ്രാപിച്ചവരും അതിഭയാനകങ്ങളായ പിശാചങ്ങൾ നൃത്താടി രസിക്കത്തക്കവണ്ണം തങ്ങളുടെ പരിവാരങ്ങളോടുകൂടി അന്തരിച്ചവരും, എതിർപൊരുതു വീരരെ വാളോടും കൊന്നുവീഴ്ത്തി അവരുടെ വിജയമാല്യത്തെ തങ്ങളുടെ മുടിയിൽചൂടി അതേവിധം അരാതികളാൽ വീഴത്തപ്പെട്ടവരും, രഥത്തിൽനിന്നു വീണു രക്തം പുരണ്ടു മഹിമകലരുന്ന മണിമുടി അണിഞ്ഞു കണ്ണുംതുറിച്ചു പോർക്കളത്തിൽ വിദലിതഹൃദയന്മാരായി വീണുകിടക്കുന്നവരും, പൊടിപുരണ്ട മഞ്ഞിയകവചംപൂണ്ടും കടുനിറം കലൎന്ന കടുംചോരയണിഞ്ഞു കിടക്കുന്നവരും, ആയ ഓരോ ആയോധനവീരന്മാരെയും പ്രത്യേകം പ്രത്യേകം വീക്ഷിക്കുകയും ചെയ്തു. അപ്രകാരം സ്വന്തം സേനാസംഘാതത്തിങ്കൽനിന്നുംഅന്തരിച്ചവരായ സംഗ്രാമവീരന്മൎക്കു ആചരിക്കേണ്ടതായ അപ

രക്രിയാദികളെ ചെയ്യുതീക്കുകയും തദനന്തരം ആ ചക്രവ ത്തി തൻെറ സ്വന്തം സംശപ്തകന്മാക്കഅസാമാന്യമായ വിഭവങ്ങളോടുകൂടി ഒരു വിരുന്നൂട്ട നടത്തുകയും ചെയ്തിട്ട് അവർ ഓരോരുത്തരുടെയും യോഗ്യതാനുസരണം വേണ്ട പാരിതോഷികങ്ങൾ കൊടുത്തു അവരെ സന്തോഷിപ്പിച്ച യയ്ക്കുകയും ചെയ്തു. എന്നിട്ട് അവരെല്ലാപേരും ഏകോ പിച്ച് തങ്ങളുടെ പൊന്നുതമ്പുരാൻ നീണാൾവാഴട്ടെ എ ന്നു ബഹുധാവാഴ്ത്തിപ്പാടി.

ആയ്യരാജാക്കന്മാരെ ആസകലം ജയിക്കണമെന്നു കരു തി അതിലേയ്ക്കു കങ്കണംകെട്ടി പോരിന്നു്കോപ്പിട്ടിറങ്ങിയ നമ്മുടെ ചക്രവത്തി ഒരു അഷ്ടാദശഘടികയ്ക്കുള്ളിൽഅവരെ നിശ്ശേഷം വെല്ലുന്നതിനു സാധിച്ചതിൽ അത്യധികം ആന ന്ദമഗ്നനായിത്തീൎന്നുവെന്നു മാത്രമല്ല തൻെറ ആദിമോദ്ദേശ്യം വിജയപ്രദമായി നിവ്വാഹ്യമായ വിധത്തിൽ പയ്യവസാനിച്ച തു നിമിത്തം പൂവ്വാധികം ഉത്സാഹഭരിതനായിത്തീരുകയും ചെയ്തു. അദ്ദേഹം ഹിമാചലത്തിൽനിന്നും വീരശിലകൊ ണ്ടുവരേണ്ടതായ അനന്തര കൃത്യത്തെ നിർവഹിക്കുന്നതിലേ യ്ക്കു സ്വമനസ്സിങ്കൽ നിർദ്ധാരണം ചെയ്തു. ഉടൻതന്നെ ആ രാജവയ്യൻമന്ത്രിസത്തമനായഹല്ലവൻ കോതയെസസ്നേഹം വീക്ഷിച്ചിട്ടു ഹേ സചിവോത്തമാ! ഹിമാലയസാനുവിങ്കൽ യാഗാദി ദീക്ഷകളോടുകൂടി തപസ്സുചെയ്യുപാത്തുപോരുന്നവ രായമഹഷിമാരെ ഈഷലുംദോഷം വരാതെ സംരക്ഷിച്ച് അവരുടെ ആലോചനപ്രകാരം പ്രതിമയുണ്ടാക്കാനുള്ളശില യെ ബഹുത്വരിതമായി ആനയിച്ചാലും എന്നുകല്പിച്ചു.

ചക്രവത്തിയുടെ ആജ്ഞാനുസരണം വില്ലവൻ കോത ഒരു വലിയ അനീകിനിയോടുകൂടി ഹിമാലയ പ്രദേശത്തേ പ്രാപിച്ചു അവിടെ തപസ്സുചെയ്തു നിവസിച്ചിരുന്ന മുനിപുംഗവന്മാരെക്കണ്ടു അവരെ അഭിവന്ദിച്ചു് താൻ വന്ന കാൎയ്യത്തെ അവരോടു സവിനയമുണത്തിച്ചു. ആ തപോധനന്മാർ മഹാരാജാവിനെ അത്യധികം സ്തുതിക്കുകയും, മന്ത്രിസത്തമനായ വില്ലവൻകോതയെ സപ്രഹഷം ആശീർവദിക്കയും ചെയ്തതുകൂടാതെ ശിലകൊണ്ടുവരുന്നതിനുള്ള സൌകൎയ്യങ്ങളേയും മററും അദ്ദേഹത്തോടു വഴിയാംവണ്ണം നിർദ്ദേശിക്കയും ചെയ്തു.

തദനന്തരം ആ മന്ത്രിസത്തമൻ വീരപത്നിപ്രതിമയ്ക്കു് യോജിച്ച ഒരു മനോഹരമായ കൃഷ്ണശിലയെ മുനിപുംഗവന്മാർ അരുളിച്ചെയ്തപ്രകാരം അത്യധികം ബുദ്ധിമുട്ടി കണ്ടെടുത്തു ചേരസമക്ഷം കൊണ്ടുവന്നുചേത്തു. ശിലകൊണ്ടുവന്നുടൻതന്നെ ചക്രവത്തി അതിനെ താൻ ബന്ധനാബദ്ധന്മാരാക്കി പാപ്പിക്കപ്പെട്ടിരുന്ന കനകവിജയന്മാരെ കൊണ്ടു വഹിപ്പിച്ചു് ഗംഗാതീരത്തിൽ കൊണ്ടുവരികയും ഒരു മനോമോഹനമായ സന്മുഹൂത്തത്തിൽ ആ പ്രതിമയെ പരമപാവനയായ ആ ജാഹ്നവീജലത്തിൽ ജലസ്ഥാപനം ചെയ്യിപ്പിക്കയും ചെയ്തു. അനന്തരം ആ ചക്രവത്തി ഉത്സാഹഭരിതന്മാരായ സൈന്യാവലികളോടുകൂടി ആ പുണ്യതടിനിയെ തരണിമാൎഗ്ഗം തരണംചെയ്തു്, അതിൻെറ ദക്ഷിണകൂലത്തെ പ്രാപിച്ചു് ഉത്തമമായ ക്ഷേത്രങ്ങളും, മണിമയങ്ങളായ മണ്ഡപങ്ങളും, സുവൎണ്ണമയങ്ങളായ രംഗങ്ങളും, വിചിത്ര

മായ പൂപ്പന്തലുകളും വിശാലമായ ധമ്മസത്രങ്ങളും, വിസ്തൃതങ്ങളായ പൂഞ്ചോലകളും, ശിശിരങ്ങളായ താമരപ്പൊയ്കകളും, സഹസ്രം സ്തംഭങ്ങളാൽ അലംകൃതമായ മണ്ഡപങ്ങളും, മററുപല രാജോചിതങ്ങളായ സ്ഥാപനങ്ങളും നിറഞ്ഞ ആ രമ്യഭൂവിലുള്ള ഒരു വിശാലമായ മൈതാനത്തിൽ മുൻകൂട്ടിത്തന്നെ തനിക്കായിട്ട് നിമ്മിക്കപ്പെട്ടിരുന്ന ഒരു വിചിത്രാകാരമായ കൈനിലയിങ്കൽ ചേരമാൻപെരുമാൾ തന്റെ പരിവാരങ്ങളോടുകൂടി എഴുന്നെള്ളിത്താമസിച്ചു.

# അദ്ധ്യായം ൧.

## മാടലസമാഗമം.

തദനന്തരം ചേരമാൻപെരുമാൾ ജാഹ്നവീനദിയുടെ ദക്ഷിണതീരത്തിൽ അതിസ്പൃഹണീയമായി ചമയ്ക്കപ്പെട്ടിരുന്ന പൂർവോക്തമായപടമണ്ഡപത്തിൽവെച്ച് തന്റെ രണവീരന്മാക്കെല്ലാം സുവണ്ണനിമ്മിതങ്ങളായ വലയങ്ങളും വീരശൃംഖലാദികളും അപസജ്ജനം ചെയ്തിട്ട ഒരു വിശ്രാന്തനായ വിജയസിംഹനായ് അപക്ഷതമായ പ്രൌഢിയോടും യശസ്സോടുംകൂടി അവിടത്തന്നെ കുറച്ചുകാലം സസന്തോഷം താമസിച്ചു. അപ്പോൾ ഒരുദിവസം "മാടലൻ" എന്നപേരുള്ള ഒരുമഹാബ്രാഹ്മണൻ അവിടെ ആഗതനായി. അദ്ദേഹം ആ രാജഷഭനെ അമിതമായി വാഴ്ത്തിയുംകൊണ്ട് അദ്ദേഹത്തോടായി "ചേരവംശനഭോമണ്ഡലത്തിന്ന വിവസ്വാനായി പ്രശോഭിക്കുന്ന അല്ലയോ! രാജശേഖരാ! കമനീയാംഗിയായ മാധവി കടൽക്കരയിൽവെച്ച് കളിയായി പാടിയഉദ്ദ്യാനഗാനാവലികൾ കനകവിജയന്മാരുടെ കനകമകുടമണിഞ്ഞ മൌലികളെ കക്കശമായി അഭിമർദ്ദിച്ചുകളഞ്ഞല്ലോ? ഇതെന്തൊരത്ഭുതം" എന്നിങ്ങനെ വിനയപൂർവം ഉണത്തിച്ചു.

അതു കേട്ടിട്ട് ചക്രവത്തി അത്യധികം വിസ്മയഭരിതനായി ആ ബ്രാഹ്മണോത്തമനെ വീക്ഷിച്ച് ഹേ! ചതുർവേദചതുരാ! അവിടുന്നു ഈ നില്ക്കുന്ന എന്റെ പ്രതിപക്ഷി

കൾക്കെന്നല്ല, നമുക്കുകൂടി സുതരാം ദുർഗ്രാഹ്യമായ എന്തൊരു വിശേഷോദന്തത്തെയാണ അരുളിച്ചെയ്തതു്. അതിൻെറ സാരം എന്താണെന്ന നമുക്കു നല്ലതിന്മണ്ണം വ്യക്തമാകുന്നില്ല. ആയതുകൊണ്ടു് അല്ലയോ മഹാമനസ്കൻ അവിടുന്ന ആ നിഗൂഢോദന്തത്തെ ഒന്നു സവിസ്തരം അരുളിച്ചെയ്താൽ കൊള്ളാം എന്നുനാം അതിമാനം അഭിലാഷപ്പെടുന്നു, എന്നു കല്പിച്ചു.

ഉടനെ മാടലൻ ഹേ! രാജകുഞ്ജരാ! കാവിരിപ്പൂംപട്ടണത്തിൽ ഇന്ദ്രോത്സവം കാണ്മാൻ ജിഗമിഷുവായി നിർഗ്ഗതനായ കോവലൻെറ അന്തരംഗത്തിനു അപരിമിതമായി അസ്വാസ്ഥ്യം ഉണ്ടാക്കത്തക്കവിധത്തിൽ "മാധവി" എന്നവൾ മതിമറന്നു ഏതാണ്ടോ പ്രണയപരങ്ങളായ ഉദ്യാനഗാനാവലികളെ പാടികേൾപ്പിച്ചു. തന്നിമിത്തം അവളിൽ ക്രോധാവിഷ്ടനായിത്തീൎന്ന കോവലൻ പെട്ടെന്നു അവളെ തിരസ്കരിച്ചുംവെച്ചു് പരമസാധ്വിയും തൻെറ പ്രിയപ്രേയസിയും എന്നാൽ ചിരകാലം തന്നെവിട്ടു് വിപ്രവാസം അനുഭവിച്ചവളും നവവധുവുമായ കണ്ണകിയെന്നവളുമൊന്നിച്ചു സ്വന്തം ഭവനം വിട്ടു പുറപ്പെട്ടു് ഏററവും ദവീയസിയായ ദക്ഷിണമധുരാപുരിയിൽ വന്നു താമസിച്ചു. അവിടെ നിവസിക്കുമ്പോൾ ദുർദ്ദൈവവിചേഷ്ടിതത്താൽ ഇതികൎത്തവ്യതാമൂഢനായ നെടുംചെഴിയൻ എന്ന പാണ്ഡ്യരാജാവിൻെറ അവിമർശ്യമായ ആജ്ഞ ഹേതുവാൽ നിരപരാധിയായ കോവലൻ കേവലം ഒരു കുസുമാലൻ എന്നപോലെ കൊല്ലപ്പെട്ടു. അവൻെറ പത്നിയും പരമസാധ്വിയുമായ കണ്ണകി നിഷ്കാരണമായി സംഭവിച്ച സ്വഭർത്താവിൻെറ അ

കാലനിയ്യാണംനിമിത്തം അത്യധികം കോപാവിഷ്ടയായി ഉന്നിദ്രകീൎത്തിക്കാസ്പദമായിരുന്ന ആ മധുരാപുരിയെ അഗ്നിഭഗവാനിരയാക്കി അതിനെ അനക്ഷണം നശിപ്പിച്ചു. എന്നു മാത്രമല്ല അവൾ ഉടനടി അവിടെനിന്നും തിരിച്ച് അത്യൎത്ഥം പരിപൂരിതമായ അവിടത്തെ ഈ മലയമണ്ഡലത്തിങ്കൽവന്നു വിണ്ടലപ്രാപ്തയാവുകയും ചെയ്തു. ഹേ! രാജഷഭാ! അവിടുന്നു നീതിയോടെ പരിപാലനം ചെയ്തുപോരുന്ന ഈ പരമപാവനമായ രാജ്യത്തിങ്കൽ ആ സതീരത്നത്തിനു കാലെടുത്തുന്നാനിടയായതുകൊണ്ടാണല്ലോ അവൾക്കിപ്പോൾ ഈ ആൎയ്യരാജാക്കന്മാരുടെ മണിമുടിയണിഞ്ഞ മൌലിയിങ്കൽ കയറി അത്യധികം പ്രശോഭിക്കാനിടയായതു്, എന്നു താൻ മുമ്പു് സൂചിപ്പിച്ച കഥയെ പൂൎവ്വാധികം വിസ്തൃതമായി പറഞ്ഞുകേൾപ്പിച്ചു. അവൻ പിന്നീടു് ചേരമാൻ പെരുമാളെ നോക്കി അല്ലയോ! രാജശേഖരാ! എൻെറ ഇദാനീന്തനമായ പൎയ്യടനത്തിനുള്ള ഹേതുവെന്താണെന്നു ഇതാ ഞാൻ അവിരളം തിരുമനസ്സുണൎത്തിക്കാം! അവിടുന്നു അതിനെ സശ്രദ്ധം ആകൎണ്ണനം ചെയ്താലും! ഹേ! സ്വാമിൻ! ഞാൻ പുണ്യാചലമായ പൊതിയമലയേ പ്രദക്ഷിണം ചെയ്തിട്ടു കുമാരിതീൎത്ഥവു മാടി മടങ്ങിവരുമ്പോൾ മാൎഗ്ഗമദ്ധ്യേ മാടക്കൂടങ്ങൾ നിറഞ്ഞ മധുരാപുരിയിൽ പ്രവേശിച്ചു അപ്പോൾ പാണ്ഡ്യമന്നവൻ നെടുംചെഴിയൽ രാജനീതിയിൽ നിന്നും നിതരാംവ്യതിചലിച്ചു പ്രവൎത്തിച്ചുവെന്നും തന്നിമിത്തം കോവലനെന്ന ഒരു വണിഗ്വരൻ അന്യായമായി ആ നഗരാന്തത്തിങ്കൽവെച്ചു് ആ രാജാജ്ഞയാൽ വധിക്കപ്പെട്ടുവെന്നും ആ നഗരവാസികൾ ആക്രോശനം ചെയ്യുന്നതു് ഈ കൎണ്ണപുടങ്ങളിൽ കേൾക്കുന്നതിന്നിടയായി.

ശ്രവണദുസ്സഹമായ ഈ വത്തമാനത്തെ ശ്രവിച്ച മാത്ര യിൽ മാതരി എന്ന ഗോപവനിത ഗോപവാടമദ്ധ്യത്തി ലുള്ള ചതുഷ്പഥത്തിൽ പ്രവേശിച്ച് ആ നഗരവാസികളെ നോക്കി പരസ്യമായി അല്ലയോ ഗോപാലകന്മാരെ കോവ ലൻ വാസ്തവമായി യാതൊരപരാധവും ചെയ്യവനല്ല. എ ന്നാൽ നമ്മുടെ മഹാരാജാവ് എന്തോ ദുഷ്കാലവൈപരീ ത്യംനിമിത്തം ധമ്മസരണിയിൽനിന്നും അല്പം വ്യതിചലി ച്ചുപോയി. നീതിമാനായ നമ്മുടെ മഹാരാജാവിൻെറ ചെങ്കോലിനു ഭഗ്നതസംഭവിക്കാനുള്ള കാലവും ആസന്ന മായി, എന്നു പ്രരോദിക്കയും ആ ധീരപുരുഷൻെറ അസു നാശത്തെക്കുറിച്ചു അത്യധികം അനുശോചിക്കയും ചെയ്തു. അനന്തരം അവരം അന്നേദിവസംതന്നെ അദ്ധ്രാത്രിയി ങ്കൽ ആ നഗരവരത്തിലുള്ള ഒരു നിഗൂഢസ്ഥലത്തു പ്രവേ ശിച്ച് ആരുമറിയാതെ ഒരു വൻചിത കൂട്ടി അഗ്നിജ്വലിപ്പി ച്ചു അതിൽ ചാടി ആത്മഹത്യ ചെയ്കയും ചെയ്തു.

കോവലനേയും കണ്ണകിയേയും കാവിരിപ്പൂംപട്ടണ ത്തിൽനിന്നും മധുരയിലേക്ക് ആനയിപ്പിച്ചുകൊണ്ടുവന്നവ ളായ കൌന്തിയെന്ന ജൈനസന്യാസിനിയും ആ വണിഗ്വ രൻ ആ നഗരവരത്തിൽവെച്ച് അസമഞ്ജസനായ പാ ണ്ഡ്യമഹാരാജാവിൻെറ നിർദ്ദേശാനുസരണം നിഷ്കാരണം നിഗ്രഹിക്കപ്പെട്ടു എന്നുള്ള നിഷ്ഠുരോദന്തം ശ്രവിച്ചതു മുതൽ അത്യധികം ദുഃഖാക്രാന്തയായി നിരാഹാരവ്രതംസ്വീ കരിച്ച് സ്വന്തം ജീവനെ അചിരേണ അന്തരിപ്പിച്ചു. ഏതാദൃശം മഹാപവിത്രകളായ മാതരിയും കൌന്തിയടി കളും ലോകരംഗത്തിൽനിന്നും തിരോധാനം ചെയ്തതും, മാമ

ധുരാപുരി അഗ്നിക്കിരയായതും ദർശിച്ചുകൊണ്ട് ഞാൻ അവിടെനിന്നും നിഷ്ക്രമിച്ചിട്ട് എൻെറ ജന്മഭൂമിയായ കാവിരിപ്പൂംപട്ടണത്തിലേക്കു വന്നുചേൻ.

അവിടെ കോവലൻെറ പിതാവായ മാചാത്താൻ എന്നവൻ സ്വപുത്രൻെറ അപ്രതിഹതമായ അകാലനിര്യാണത്തേയും അവൻെറ പ്രിയപത്നിയായ കണ്ണകിയുടെ ആകസ്മികമായും എന്നാൽ അതിസ്ഥായിയായുമുള്ള ദുഃഖത്തേയും മധുരാപുരിയുടെ ക്രമാതീതവും അതിദാരുണവുമായ നാശത്തേയും അറിഞ്ഞു ഏററവും മനസ്സുമുട്ടി സ്വന്തം ധനസമ്പത്തുകളെല്ലാം കണ്ണിൽകണ്ടവൎക്കു ദാനംചെയ്തിട്ടു ഇഹലോകസന്യാസത്തെ സ്വീകരിച്ചു. അവൻെറ ഭാൎയ്യയ്ക്കു സ്വപുത്രനിര്യാണം നിമിത്തമുണ്ടായ ആധി മഹാവ്യാധിയായി പരിണമിക്കുകയും അതു് അചിരേണ അവളുടെ മരണത്തിനു ഹേതുഭൂതമായിത്തീരുകയുംചെയ്തു. കണ്ണകിയുടെ പിതാവായ മാനായ്കനും സ്വന്തം സ്വത്തുക്കൾ മുഴുവനും സാധുജനങ്ങൾക്കായി നിരവധി പ്രദാനംചെയ്തിട്ട് മാചാത്താനെപ്പോലെ ഉടനടി സന്യാസം സ്വീകരിക്കുകയുംചെയ്തു. അവൻെറ മഹിഷിയും കണ്ണകിയുടെ പ്രിയജനയിത്രിയുമായ മഹിളാമണി സ്വപുത്രിയുടെ അസുനാശംനിമിത്തം അത്യധികം വ്യസനാക്രാന്തയായി പെട്ടെന്നു ഗദബാധിതയാവുകയും കാലവിളംബമെന്യെ കാലധൎമ്മം പ്രാപിക്കയും ചെയ്തു.

തൻെറ പ്രാണകാന്തനു ദുർദൈവവിലാസത്താൽ ഏൎപ്പെട്ട അകാലമൃതിയെ വിചാരിച്ച് അന്തരംഗത്തിൽ അത്യധികസന്താപത്തോടുകൂടിയവളായ മാധവി, അതിയാ

യ ദുഃഖത്തിന്ന കാരണമായിത്തീൎന്നിരുന്ന വേശ്യയുടെ വേഷത്തെക്കൂട്ടിയും സ്വപുത്രിയായ മണിമേഖലയ്ക്കു കാണ്മാനിടകൊടുക്കരുതെന്നുകരുതി സ്വപുത്രിയെ സ്വജനയിത്രിയായ ചിത്രാവതിയെ ഭരമേൽപ്പിച്ചുംവച്ചു് മണ്ഡനങ്ങളെല്ലാം ഉപേക്ഷിച്ചു് മുണ്ഡനംചെയ്തു് ഇഹലോകജീവിതത്തിൽ അത്യധികവിരക്തിയോടുകൂടി പെട്ടെന്നു് ഒരു ബുദ്ധമതഭിക്ഷിണിയാവുകയും ചെയ്തു. അവളുടെ പുത്രിയായ മണിമേഖലയും സ്വപിതൃനാശത്താൽ അതീവ ദുഃഖിതയായി ഒരു ബുദ്ധമതാശ്രമത്തിൽ ചെന്നു രമണൻ എന്നൊരു സന്ന്യാസിപ്രവരനെഗ്ഗുരുവരനായി വരിച്ചു് ഒരു ബുദ്ധമതസന്ന്യാസിനിയായി സ്വജീവിതശേഷത്തെ നസ്സ്പൃഹം നിർവ്വഹിച്ചു.

ഏററവും ക്ലേശാവഹവും അശ്രുഭേദകവുമായ ഏതാദൃശാതനകളെയെല്ലാം ഈക്ഷിച്ചതുകൊണ്ടുള്ള മഹാപാപത്തെ ഗംഗാസ്നാനം ചെയ്തെങ്കിലും നശിപ്പിക്കണമെന്നു നിർദ്ധാരണംചെയ്തു് ഞാൻ ഈ പുണ്യഭൂവിൽ സമാഗതനായി. "അല്ലയോ പൊന്നുതമ്പുരാനേ! അവിടുന്നു് ഈ ഭൂമണ്ഡലത്തിങ്കൽ ചിരകാലം ചേരമണ്ഡലാധിപതിയായി വാണരുളിയാലും. അങ്ങയുടെ ശ്വേതാതപത്രം സർവ്വദാ അക്ഷീണം പരിലസിച്ചാലും" എന്നുദീരണംചെയ്തു് ആ ഉപാഖ്യാനത്തെ അവസാനിപ്പിച്ചു. മാടലോദന്തത്തെ കേട്ടു് അത്യധികം മനസ്സലിഞ്ഞവനായ വഞ്ചിമഹീശ്വരൻ അദ്ദേഹത്തോടായി ഹേ! സ്വാമിൻ! പാണ്ഡ്യരാജാവു് നാടുനീങ്ങിയതിൽപിന്നെ ആ നാട്ടിൽ എന്തെങ്കിലും അതിവിശേഷസംഭവങ്ങളുണ്ടായിട്ടുണ്ടോ? എന്നരുളിച്ചെയ്തതിലേയ്ക്കു

പ്രതിവചസ്സായി ആ അന്തണൻ ചക്രവൎത്തിയോടായിട്ട് "ഹേ! രാജശാൎദ്ദൂല! പാണ്ഡ്യനാട്ടിൻെറ അപരതലസ്ഥാന നഗരിയായ കൊൎക്കപുരിയിൽ യുവരാജാവായി വാണിരുന്ന വെററിവേൽ ചെഴിയൻ എന്ന പാണ്ഡ്യമഹാരാജാവു് മധുരയ്ക്കുണ്ടായ മഹത്തായ വ്യതീപാതത്തെ ഓൎത്തു് സീമാതീതമായി സഹതപിക്കയും വീരപത്നിയായ കണ്ണകിക്കു സ്വപൂൎവ്വജൻ ചെയ്ത അപരാധത്തിനു പ്രതികാരമായി സഹസ്രം സുവൎണ്ണകാരന്മാരെ ആ നഗരമധ്യത്തിലുള്ള ഉഗ്രസ്വരൂപിണിയായ ഭദ്രകാളിക്കായി ബലികഴിക്കയും ചെയ്തിട്ട് മധുരയെ അതിപ്രശസ്തമാംവണ്ണം അധുനാ ആണ്ടുവരുന്നുണ്ടു് എന്നു് അത്യാദരമായി ഉണൎത്തിച്ചു.

മാടലോദന്തത്തെ അത്യുത്സുകനായി സശ്രദ്ധം ശ്രവിച്ചശേഷം ചേരമാൻ പെരുമാൾ അതിനെപ്പററി ഗാഢമായി ആലോചിച്ചുകൊണ്ടു് അല്പനേരം ചിന്താഗ്രസ്തനായി ഇരുന്നുപോയി. അപ്പോൾ ആകാശദേശത്തിൽ പൂൎണ്ണചന്ദ്രൻ ഉച്ചംഗതനായി സ്വന്തം രജതമയമായ രശ്മി ജാലങ്ങളെ എങ്ങും വിസൎപ്പണം ചെയ്തുതുടങ്ങി. ഉടനെ ഒരു ജ്യൌതിഷികൻ രാജസവിധത്തെ പ്രാപിച്ചു് അദ്ദേഹത്തോടായി "ഹേ! രാജപുംഗവാ! അവിടുന്നു നമ്മുടെ തലസ്ഥാന നഗരിയിൽനിന്നും പ്രസ്ഥാനം ചെയ്തിട്ടു ഇന്നേയ്ക്കു മുപ്പത്തിരണ്ടു മാസങ്ങൾ തികഞ്ഞിരിക്കുന്നു. അതുകൊണ്ടു അവിടത്തെ തിരിയെ എഴുന്നള്ളാനുള്ള ശുഭ മുഹൂൎത്തം ഇതാ സന്നിഹിതമായിരിക്കുന്നു.,, എന്നു സവിനയം തിരുമനസ്സുണൎത്തിച്ചു.

അതുകേട്ടു് ചക്രവൎത്തി സ്വന്തം സിംഹാസനത്തിൽനിന്നും അതിസരഭസം അവരോഹണം ചെയ്തു ഏകാന്തമാ

യി ഒരു പ്രശാന്ത പ്രദേശത്തിൽ എഴുന്നള്ളിച്ചെന്നിരിക്കയും മാടലനെ അടുത്തുവിളിച്ച് സ്വസവിധത്തിൽ ഉപവേശിക്കാൻ ആജ്ഞാപിക്കയുംചെയ്തു അനന്തരം ആ ഉർവീശ്വരനെ നോക്കി അല്ലയോ! അന്തണവര്യാ! ചോളനാട്ടിൽ എൻെറ അളിയനായ യുവരാജാവിനോട്ട് വിരോധം കാണിച്ചവരും അവരെ അഭിപൂർവ്വം അഭിമർദ്ദിച്ചവരും അവൻെറ നാട്ടിങ്കൽ അസാമാന്യമായ കലഹത്തിനും കലാപത്തിനും സാഹസത്തിനും കാരണഭൂതന്മാരായവരും ആയ ഇടപ്രഭുക്കൾ ഒൻപതുപേരും സംഗ്രാമാങ്കണത്തിൽവെച്ച് അചിരേണ മാമക സേനകളാൽ പരാജിതരാക്കപ്പെട്ടു് പഞ്ചതയെ പ്രാപിച്ചതിൽ പിന്നിട്ട് നിങ്ങളുടെ നാട്ടിൽ സമാധാനവും സംതൃപ്തിയും സമ്യക്കാകുംവണ്ണം നിലനിന്നു പോരുന്നുണ്ടോ? എൻെറ സ്യാലനായ ആ യുവരാജാവ് സ്വ പ്രജകളായ യുഷ്മാദൃശന്മാരെ പരിപാലനം ചെയ്തുപോരുന്നുണ്ടോഎന്നു ചോദിച്ചു. അപ്പോൾ മാടലൻ ചക്രവർത്തിയോടായി ഹേ! സ്വാമിൻ! സ്വസവിധത്തിൽ അനന്യ ശരണനായി അഭയംപ്രാപിച്ച ഒരു കപോതത്തെ അത്യധികം അനുകമ്പാഭരിതനായി ത്രാണനം ചെയ്യാൻവേണ്ടി സ്വ ജീവനെ തൃണവൽക്കരിച്ച് സ്വാമിഷത്തെപ്പോലും പ്രദാനംചെയ്ത് അഭംഗുരമായ യശസ്സിനെ ആർജ്ജിച്ചവനും പുണ്യശ്ലോകനുമായ ശിബിചക്രവർത്തിയുടെ വംശജാതന്മാരായ രാജർഷഭന്മാർ അനുനയത്തോടെ ആണ്ടുപോരുന്ന അസ്മാദൃശന്മാരുടെ നാട്ടിനു അത്തരത്തിലുള്ള യാതൊരു ദോഷങ്ങളും ഈഷത്തും സംഭവിക്കുന്നതല്ല. തിരുമേനി! ചോളനാട്ട് പേരും പെരുമയും പെററു വാഴുന്നുണ്ട്,, എന്നുപറഞ്ഞു.

ചക്രവത്തി മാടലൻ ഉരചെയ്ത സ്നേഹമസൃണങ്ങളായ സമീചീനവാചകങ്ങളെ ശ്രവിച്ചിട്ട് അത്യധികം സന്തോഷഭരിതനായിത്തീൻ. അനന്തരം ആ രാജശേഖരൻ തന്റെ പരിജനങ്ങളുടെ മധ്യഭാഗത്തിൽ അഭ്യാഗതനായിട്ടു അവരാൽ പരിവേഷ്ടിതനായി അവിടെവെച്ചു വലുതായി ഒരു തുലാഭാരമടിയന്തിരം നടത്താനായി നിശ്ചയിച്ച് തന്നാൽ നിർദ്ദേശിക്കപ്പെട്ട സ്ഥലത്തേക്കു ഗമിച്ചുതുടങ്ങി. അവിടെ സാധാരണ സ്ഥലങ്ങളിൽനിന്നും കുറെ പൊക്കത്തിലായി ഒരാൾക്കു നിഷ്പ്രയാസം ഉപവേശിക്കത്തക്കവണ്ണം അത്ര ദാർഢ്യമുള്ള ഒരു സ്വർണ്ണനിർമ്മിതമായ ത്രാസു തൂക്കപ്പെട്ടിരുന്നു. ആ തുലായന്ത്രത്തിന്റെ ഒരു തട്ടിൽ സ്വർണ്ണനാണയങ്ങളും രജതനാണയങ്ങളും അനവധി രത്നങ്ങളും കൂട്ടിയിട്ടിരുന്നു. ചേരചക്രവത്തി അത്യാഹ്ലാദപൂർവ്വം നാനാദിക്കുകളിൽനിന്നും വന്നിട്ടുള്ള നാനാജാതിമതസ്ഥന്മാരായ അനവധി ജനങ്ങൾ നിർന്നിമേഷരായി നോക്കിക്കൊണ്ടിരിക്കവേ മററതിൽ സപ്രഹർഷം ആരോഹണം ചെയ്തു. അദ്ദേഹത്തിന്റെ തൂക്കം ശരിയാകുന്നതുവരെ ഒററത്തട്ടിൽ മേൽപ്പറഞ്ഞ നാണയങ്ങളെ വാരിച്ചൊരിയുകയും അടിക്കടി എടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ ചക്രവത്തി ആ തുലാസിൽനിന്നും സാവധാനമായി താഴത്തു് അവരോഹണം ചെയ്യുകയും അതിലുണ്ടായിരുന്ന സുവർണ്ണഖർജ്ജൂരരത്നങ്ങളെ അവിടെക്കൂടിയിരുന്ന ബ്രാഹ്മണോത്തമന്മാക്കും മററു യോഗ്യന്മാരായ പലക്കും അഘസജ്ജനമായി വിനിമയം ചെയ്തുകൂടാതെ അതിൽ ഏററിയ പകുതിയും മാടലനു ദത്തം ചെയ്തുയും ചെയ്തു. പുനശ്ച ചക്രവത്തി തന്റെ ചുററുപാടും കൂടിയിരുന്നവരോടും

ഏററവും കരുണാമസൃണമായ ഹൃദന്തത്തോടും പ്രേമാപ്ളുതചിത്തത്തോടുംകൂടി ഓരോ കുശലപ്രശ്നങ്ങൾ ചെയ്തും കൊണ്ട് പുഷ്പഫലരൂപങ്ങളായ ചെറിയ സുവർണ്ണസാധനങ്ങളെ അവർ ഓരോരുത്തക്കും പ്രത്യേകം പ്രത്യേകം പ്രദാനം ചെയ്കയും ചെയ്തു.

അനന്തരം നാനാപ്രകാരങ്ങളായ വിനോദങ്ങൾ അദ്ദേഹത്തിൻെറ ഭടന്മാർ അവിടെ പ്രകടിപ്പിച്ചു തുടങ്ങി. ചക്രവത്തി അമരിങ്കൽ പരാജിതന്മാരായ ആയിരത്തിൽപരം ആര്യരാജാക്കന്മാരേയും അവരവരുടെ സ്വന്തംവസതികളിലേയ്ക്കു നിർഭയം പൊയ്ക്കൊൾവാൻ അതികരുണം ആജ്ഞാപിച്ചു. ദ്രാവിഡമഹാരാജാക്കന്മാരുടെ മാഹാത്മ്യത്തെ സാവജ്ഞം അവഗണിച്ച് അവരെ അനവഹം അധിക്ഷേപിച്ചവരും അന്തിമമൌര്യവംശ്യരും ആയ കനകവിജയന്മാരെ ചോളപാണ്ഡ്യന്മാക്ക് കാണിച്ചുകൊടുത്ത് സ്വപൌരുഷത്തെ അവരെ അപരോക്ഷം ധരിപ്പിക്കാനായി പ്രണിധികളെ അവരുടെ സന്നിധത്തിങ്കൽ ആ രാജഋഷഭൻ പറഞ്ഞയച്ചു. പിറെറ്റിവസം പ്രഭാതത്തിൽ അദ്ദേഹം ചതുരംഗസേനാസമേതനായി സകല പരിവാരങ്ങളോടുംകൂടി പുറപ്പെട്ട് അത്യധികാഡംബരപൂർവ്വം മംഗളധ്വാനങ്ങൾ മുഴങ്ങവേ വഞ്ചിമഹാനഗരത്തെ നോക്കി ദക്ഷിണാഭിമുഖനായി പ്രയാണം ചെയ്തു.

---

# അദ്ധ്യായം ൯.

---

## മഹാരാജാവിനെ നഗരവാസികൾ എതിരേല്ക്കുന്നതു്.

(പ്രത്യാഗമനവും സ്വീകരണവും)

ചക്രവർത്തിയായ ചെങ്കുട്ടുവൻ ഉത്തരദേശത്തിലേയ്ക്കു് യുദ്ധോദ്യുക്തനായി പര്യടനം ചെയ്തപ്പോൾ പട്ടമഹിഷിയായ ഇളംകോവെൺമാൾ വഞ്ചിമഹാനഗരത്തിൽ തന്നെ അത്യുൽക്കണ്ഠയോടെ ആവസിക്കേണ്ടിവന്നു. ആ പരമസാധ്വി സ്വഭർത്താവിന്റെ ആഗമനത്തെ നിമിഷംപ്രതി അത്യധികം ജിജ്ഞാസയോടെ അനിമേഷയായി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. മാസം അതിക്രമിക്കുംതോറും ആ സതീമണിയുടെ മനോവേദനയും ദേഹക്ലമവും ഉത്തരോത്തരം ഉദ്ഭടമായി വർദ്ധിച്ചുവന്നു. മനോഹരമായ ഹംസതൂലികാശയ്യോപബർഹമണ്ഡിതമായ സുവർണ്ണപര്യങ്കത്തിന്മേൽ സസുഖം ശയനംചെയ്താലും ആ മോഹനാംഗിക്കു ഗാഢനിദ്ര നിശ്ശേഷം ശൂന്യമായി. ഭർത്തൃവിരഹത്താൽ ആ സുദർശിനി അത്യന്തം താന്തയാവുകയും അവരുടെ അന്തരംഗം ക്രമത്തിലധികം ക്ലാന്തമായി മെലിയുകയും ചെയ്തു. ഇപ്രകാരം സുതരാംവാടിയമനസ്സോടും, കൂടിയചിന്തയോടും കൂടി കേവലം വ്യാമൂഢചിത്തയായി സ്വന്തം കണവനെ കാണ്മാൻ നിരന്തരം കാംക്ഷിച്ചുകൊണ്ടു് അത്യധികം അലംഭാവരഹിതയായി ആ വഞ്ചിരാജേശ്വരി നിവസിച്ചുവന്നു. ഇങ്ങനെ വസിക്കുമ്പോൾ ഒരുദിവസം അന്തഃപുരത്തിലെ പരിചാരികമാർ ഉത്തരദിക്കിൽ നടന്ന ചെങ്കുട്ടുവന്റെ

വീരാപദാനങ്ങളെപ്പററി താന്താങ്ങൾ വിശേഷവിധിയായി ഗ്രഹിച്ചതെല്ലാം ആ രാജമഹിഷിയെ സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. എന്നിട്ടു് അവർ അദ്ദേഹത്തിൻെറ മഹാഘവും ഭാസമാനവുമായ കീത്തിചരിതത്തെക്കുറിച്ചു ആത്യധികം വാഴ്ത്തിപ്പാടുകയും ചെയ്തു. അനന്തരം അവർ ആ പട്ടമഹിഷിയെ നോക്കി "അല്ലയോ! മഹാറാണി! അതിഭാഗ്യവതിയായ അവിടുന്നു ഒട്ടുംതന്നെ ആയാസപ്പെടേണ്ട! നമ്മുടെ ചക്രവത്തി സുഗ്രഹീതനാമാവായും ജയമാല്യാലംകൃതനായും കാലവിളംബമെന്യേ ഇവിടെ പ്രത്യാഗമിക്കും." എന്നു ഉദീരണംചെയ്തിട്ടു് അവളുടെ ദുഃഖവിശ്രാന്തിക്കായി ആ രാജസിംഹൻെറ ജൈത്രയാത്രയെ സൂചിപ്പിക്കുന്ന പലവിധ രുചിരങ്ങളായ വിജയഗാനങ്ങളും സുമധുരം പാടിത്തുടങ്ങി.

ഇതിനിടക്കു ആ രാജ്യത്തിലുള്ള രമണീയങ്ങളായ തരുഷണ്ഡങ്ങളുടെ മദ്ധ്യഭാഗത്തിൽ അവിടവിടെയായി സാന്ദ്രമായി വിലസുന്ന തിനപ്പുനങ്ങളിലെല്ലാം കാവൽ നില്ക്കുന്നവരായ രക്ഷിജനങ്ങൾ അന്തനമായിവന്യമധൂളി പാനംചെയ്തു മതിമയങ്ങി ഇതികത്തവ്യതാ മൂഢരായി കുഴങ്ങി നില്ക്കുമ്പോൾ അവിടെയുള്ളതിനക്കതിരുകളെ പിഴുതു തിന്നാൻ തക്കസമയം പ്രതീക്ഷിച്ചു അക്ഷീണം ആഗമിച്ച മത്തമാതംഗങ്ങൾ അവയുടെുള്ളിൽ നിർബാധം പ്രവേശിച്ചുതുടങ്ങി. ആ കാഴ്ചയെക്കണ്ടവരായ നിഷാദവനിതകൾ തങ്ങളുടെ ഒളിമാടങ്ങളിലിരുന്നുകൊണ്ടു് ഉത്തരദിക്കുകളിലേയ്ക്കു് യുദ്ധോദ്യുക്തനായി പ്രസ്ഥാനം ചെയ്തവനായ തങ്ങളുടെ പൊന്നുതമ്പുരാൻ അജയ്യനായും വിജയലക്ഷ്മീവരിതനാ

യും നമ്മുടെ നാട്ടിലേക്കു് അചിരേണ പ്രത്യാഗമിക്കുന്നുണ്ടു്. ആ പൊന്നുതിരുമേനി ഇവിടെ താമസംവിനാ എത്തി ചിരംജീവിയായി സസുഖം വാഴട്ടെ, അദ്ദേഹത്തിന്റെ രാജ്യഭാരം സുഖസാമഗ്രീസമ്പത്തിയോടുകൂടി നീണാൾ നിലനില്ക്കട്ടെ എന്നൎത്ഥം വരത്തക്കവിധത്തിൽ മനോഹരമായ സ്തുതിഗീതങ്ങൾ പാടിത്തുടങ്ങി. ആ സമയം തിനക്കതിരുകളെ അത്ത്യുത്സുകങ്ങളായി അശനം ചെയ്വാൻ പോകുന്ന പൂൎവ്വോക്തങ്ങളായ ഗജയൂഥങ്ങൾ ആ യോഷാമണികളുടെ ഹൃദയരുചിരമായ ഗാനസഞ്ചാരത്തിൽ മതിമറന്നു സസുഖം നിദ്രാവശംഗതരായി.

ആ നാട്ടിലുള്ള കൃഷീവലന്മാർ തങ്ങളുടെ ആൎയ്യരാജാക്കന്മാരെ അടലിങ്കൽ അനുസ്യൂതമായി വെന്നു് അക്ഷീണശോഭനായി വിജയക്കൊടി നേടിയ നമ്മുടെ ഉടയതമ്പുരാൻ തിറവിയ പെരുമയോടെ തിരിച്ചു നാട്ടിലേക്കെഴുന്നെള്ളുന്നതായിക്കേട്ടു. അദ്ദേഹം ഒരുപക്ഷെ നാളെദിവസം ഇവിടെ പ്രത്യാഗമിച്ചേക്കാം. അല്ലയോ വൃഷഭവരങ്ങളേ! നിങ്ങൾ സോല്ലാസം നിങ്ങളുടെ സീരവരങ്ങളെക്കൊണ്ടു് ഈ കമനീയമായ കൈദാരികങ്ങളെ നല്ലതിന്മണ്ണം ഉഴുതു നന്നാക്കുവിൻ! എന്നൎത്ഥം വരത്തക്കവിധത്തിൽ ആ മഹാരാജാവിന്റെ വിജയാശംസമായ പല മധുരഗാനങ്ങളും പാടിത്തുടങ്ങി.

മഹാരാജാവിന്റെ ഉന്മേഷഭരിതന്മാരായ പശുപാലവൎയ്യന്മാർ തങ്ങളുടെ ഗോകുലങ്ങളെ വീക്ഷിച്ചു് "അല്ലയോ പശുവൃന്ദങ്ങളേ! നമ്മുടെ പൊന്നുതിരുമേനി ഉത്തരദേശങ്ങ

ളിൽനിന്ന് ഉൽക്കർഷസൂചകമായി പിടിച്ചടക്കിയ അസംഖ്യം ഗോസംഘാതത്തോടുകൂടി വിജയകോലാഹലനായി ഇവിടെ നാളെദിവസം അഹർമുഖത്തിൽ ആഗമിക്കുന്നുണ്ട്. അദ്ദേഹം കൊണ്ടുപോരുന്ന ഗോധനങ്ങളോടുകൂടി നീങ്ങളും ഒന്നുചേർന്ന് സസുഖം വാണാലും" എന്നർത്ഥം വരത്തക്കവിധത്തിൽ അതിസാന്ദ്രമായി പാടി അതിനനുയോജ്യമായ വേണുഗാനം മുഴക്കുകയും ചെയ്തു. അംബുധീതീരത്തിൽ നിവസിക്കുന്ന ധീവരമാനിനിമാർ നമ്മുടെ ചേരചക്രവർത്തി സ്വന്തം പട്ടമഹിഷിയെ സന്തോഷിപ്പിക്കാനായി നാളെദിവസിതന്നെ ഇവിടെ തിരിച്ചെഴുന്നുള്ളുന്നുണ്ട്. ആ അവസരത്തിൽ അദ്ദേഹത്തിൻെറ വിജയാശംസാസൂചകമായി നമുക്കെല്ലാം അതിമോഹനമായി ഒന്ന് ആടിപ്പാടിക്കളിക്കാം എന്നു പറഞ്ഞുകൊണ്ട് പലരും കൂട്ടംകൂടി നിരന്നുനിന്നു സോല്ലാസം പാടിത്തുടങ്ങി. ആ നഗരവാസികളെല്ലാം ആ രാജസിംഹൻെറ ആഗമനത്തെ അത്യാനന്ദത്തോടെ ത്വർണ്ണമായി പ്രതീക്ഷിച്ചവണ്ണം നിവസിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ ചെങ്കുട്ടുവചക്രവർത്തി കാഹളധ്വനി മുഴങ്ങവേ രാജകീയമായ വാരണത്തിൻെറ മസ്തകത്തിൽ ആരോഹണം ചെയ്തിട്ട് നാലംഗസേനാസമേതം ആ നഗരവരസീമാന്തത്തിൽ വന്നണഞ്ഞു. അവിടെ ആഴിക്കരയിൽ വിശാലമായ മണൽപ്പുറത്ത് നാട്യവിദഗ്ദ്ധകളായ നാരീമണികൾ സർവ്വാഭരണവിഭൂഷിതകളായി നന്മുത്തു നിറച്ച സ്വർണ്ണത്താലങ്ങൾ കയ്യിലേന്തി നാനാരൂപങ്ങളായ നൃത്തഗീതപ്രയോഗങ്ങളോടുകൂടി ആ വഞ്ചിഭൂവല്ലഭനെ എതിരേററ് നഗരാന്തർഭാഗത്തു പ്രവേശിച്ചു.

വീരലക്ഷ്മി സ്ഥിതിചെയ്യുന്ന മാവിടത്തോടുകൂടിയ ആ ചേരചക്രവത്തിയെക്കണ്ട ആ നാഗരികാംഗനമാർ നറുമണം വഹിക്കുന്ന അനവധി നന്മലർവൃന്ദങ്ങളെ സുന്ദരനായ ആ രാജപുംഗവൻെറ മൌലിയിങ്കൽ തൂകി പലവിധ മംഗലഗാനങ്ങളെപ്പാടി "ചക്രവത്തി ഈ ഊഴിമേൽ ദിഗന്തവിശ്രാന്തകീത്തിയോടെ ചിരകാലം വാണാലും! ആ രാജഷഭൻെറ സുധർമ്മ്യമായ രാജദണ്ഡവും മേന്മയേറിയ പ്രജാവൃന്ദങ്ങളും അവ്യാഹതമായി തഴച്ചുയൻ്വന്നാലും" എന്നു വാഴ്ത്തി. ആ നഗരം മുഴുവനിലും ഇപ്രകാരമുള്ള നാനാവിധങ്ങളായ മംഗലധ്വനികൾ സർവത്ര മുഴങ്ങിത്തുടങ്ങി. യുദ്ധവീരന്മാക്കു് അന്നുണ്ടായ സന്തോഷം വാചാമഗോചരം തന്നെയായിരുന്നു. യുദ്ധത്തിൽ മുറിവേററ വീരന്മാർ തങ്ങളുടെ ഇല്ലങ്ങളിലേയ്ക്കു രാജദത്തങ്ങളായ സമ്മാനദ്രവ്യങ്ങളോടുകൂടി അപക്രമിച്ചുതുടങ്ങി. അവരുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ധർമ്മപത്നിമാർ തങ്ങളുടെ നായകന്മാക്കു ലഭിച്ച അനർഘമായ വിജയത്തേയും ബഹുമാനങ്ങളേയും കുറിച്ചു് അത്യധികം പുകഴ്ത്തിപ്പാടുകയും തങ്ങളുടെ അനുരാഗപൂണ്ണമായ ശുശ്രൂഷകളാൽ വീരവ്രണവിരോപണത്തിനു വേണ്ട പ്രതിവിധികൾ ചെയ്കയും ചെയ്തു. അന്നു വഞ്ചിമഹാനഗരത്തിലുണ്ടായിരുന്ന ആഘോഷവും അലങ്കാരവും ഇന്നവിധമാണെന്നു വിസ്തരിച്ചു പറയുവാൻ ആയിരം ഫണമുള്ള ആദിശേഷനുകൂടിയും അസാദ്ധ്യമായിരുന്നു. ആ രാജവയ്യൻ അരമനയ്ക്കകത്തു് പ്രവേശിച്ചുഉടനെ അദ്ദേഹത്തെ മുഖംകാണിക്കാൻവേണ്ടി പട്ടമഹിഷിയായ ഇളംകോവെണ്മാൾ സ്വന്തം സഖീവൃന്ദങ്ങളാൽ ആവൃതയായി ആ തിരുമേനിയെ അഭിമുഖീകരിച്ചു് അദ്ദേ-

ഹത്തിൻെറ മുമ്പിൽവന്ന് സരളവും പ്രസന്നവുമായ മുഖ ഭാവത്തോടെ സാഷ്ടാംഗംവീണു വണങ്ങിനിന്നു. അ പ്പോൾ മഹാരാജാവ് ഏററവും ആനന്ദനിമഗ്നനായി ആ ദേവിയെ തൻെറ രണ്ടു കൈകൊണ്ടും പിടി ച്ചെഴുന്നേല്പിച്ച് ആ സുന്ദരാംഗിയുടെ മൃദുലമേനിയെ അത്യാനന്ദപുരസ്സരം ആശ്ലേഷിച്ചുംകൊണ്ട് അതിയാ യ മുഖവിലാസത്തോടും ഉൾപ്രസാദത്തോടും കൂടി അവളു ടെ നെറുകയിൽ ഒന്നു ചുംബനംചെയ്തു. അനന്തരം ആ തിരുമേനി ആ മംഗളാംഗിയുമൊരുമിച്ച് അവിടെ സിംഹാ സനാരൂഢനായി സ്ഥിതിചെയ്യുകയും ചെയ്തു.

---

# അദ്ധ്യായം ൯.

---

## മാടലോപദേശം.

അസ്തമനാദിത്യൻ പശ്ചിമാംബുധിയിൽ നിമജ്ജിതനായി സൎവ്വലോകത്തിനും ആനന്ദാനുഭൂതിയെ നൽകുന്ന അതിരമണീയമായ ദിനാന്ത സന്ധ്യാകാലം അചിരേണ വന്നണഞ്ഞു. ആ വഞ്ചിനഗരത്തിലെ കമനീയാംഗികളായ യോഷാമണികൾ ഓരോരുത്തരും സമരാങ്കണത്തിൽ നിന്നും മടങ്ങിയെത്തിയ താന്താങ്ങളുടെ കാമുകന്മാരെ കുളഭാദികൾ അണിഞ്ഞും പുഞ്ചിരിപ്പൂ ചാൎത്തിയും കടാക്ഷാമൃതം ചൊരിഞ്ഞും മന്ദാക്ഷത്തോടെ യഥാവിധി സൽക്കരിക്കുകയും ആശ്ലേഷാദി ആതിഥ്യങ്ങൾ ചെയ്തു് ആനന്ദ പാരവശ്യരാക്കുകയും ചെയ്തു. രാജശേഖരനായ ചെങ്കുട്ടവ ചക്രവൎത്തിയുടെ വികസിത സുമസമാനമായ പ്രമുദിതവദനംപോലെ അഖിലജനാരാധ്യനായ കുമുദ ബാന്ധവൻ അംബരമദ്ധ്യത്തിൽ ലംബമാനനായ് പരിലസിച്ചു. ആ കുളിർമതി ആ നഗരവരത്തിലെ മണിമാടവും മണിയറയും മണിമഞ്ചവും മലർമെത്തയും മാടക്കൂടവും എല്ലാം ഒന്നുപോലെ സ്പൃഹണീയങ്ങളായ സ്വകിരണകന്ദളങ്ങളെ പരത്തിവിതാനിച്ചു.

ഉത്തുംഗമായ് പരിശോഭിക്കുന്ന മഹാമേരു തുല്യമായ അരമനമാളികയിലെ സുവൎണ്ണമയമായ രമ്യാങ്കണത്തിങ്കൽ മഹാരാജ്ഞിയായ വെണ്മാൾ കൌമുദീവിലാസം കണ്ടു് ആനന്ദിക്കാനായ് വന്നിരുന്നു. അപ്പോൾ അവിടെ ചില യോഷാമണികൾ മണിദീപമേന്തി വന്നിട്ടു് മഹാ

രാജ്ഞി ദീർഘായുഷ്മതിയായിരിപ്പാൻ ആശംസിക്കുകയും വേറൊരു സംഘം വീണാമൃദംഗാദി വാദ്യവിശേഷങ്ങൾ പ്രയോഗിച്ച് രമ്യമായി സ്തുതിഗാനം മുഴക്കുകയും ചെയ്തു. മറെറാരു യോഷാസംഘം കസ്തൂരിക്കുഴമ്പും വെൺചാന്തും വർണ്ണപ്പൊടിയും വാസനാദ്രവ്യവും പൂമാലകളും വഹിച്ചും, ഇനിയൊരുസംഘം പുഷ്പധൂപാദി പരിമളവസ്തുക്കളോടുകൂടിയും പരിമളച്ചാന്തു ധരിച്ചും വന്നുചേൎന്നു. വേറൊരു സമൂഹം പുരന്ധ്രികൾ ദർപ്പണം, പട്ടവസനങ്ങൾ കാന്തമായ രത്നാഭരണങ്ങൾ ഇവകളോടുകൂടിയും ആ മഹാറാണിയുടെ ചുററുംവന്ന് അവരെ വട്ടമിട്ടു നിന്നു. കുറെക്കഴിഞ്ഞപ്പോൾ മഹാരാജാവും ചന്ദ്രികാചർച്ചിതമായ ആ ചന്ദ്രശാലോപരി ആരോഹണം ചെയ്തു. രാജപുംഗനും പത്നിയും സ്വല്പനേരം അവിടെ അത്യഭീകരായി ഒരുക്കിയിട്ടിരുന്ന ഒരു സുവർണ്ണ പര്യങ്കത്തിന്മേൽ ഇരുന്നു സ്വല്പാ വിശ്രമിച്ചുകഴിഞ്ഞപ്പോൾ ഒരു വിചിത്ര വേഷധാരിയായ നർത്തകൻ അവിടെ സമാഗതനായി, സാക്ഷാൽ പരമേശ്വരൻ ത്രിപുരദഹനം ചെയ്ത കാലത്തിൽ ഉമാദേവീസഹിതനായി ചെഞ്ചിട വിരിച്ചും ദിങ്മുഖങ്ങളെ തലോടിക്കൊണ്ടും ദേവിയുടെ മണിച്ചിലമ്പ് ഒലിക്കാതെയും കങ്കണമനങ്ങാതെയും മണികുണ്ഡലമാടാതെയും ഹൃദ്യമായി നടനം ചെയ്തതുപോലെ അടിയൻ ഇന്നൊരു വിശേഷനാട്യം നടിക്കാം.” എന്നു അയാൾ സവിനയം തിരുമനസ്സുണർത്തിച്ചു.

മഹാരാജാവ് ഉടനടി അതിലേക്കനുവദിക്കയും ആ നർത്തകൻ അനന്യസാധാരണമായ പാടവത്തോടുകൂടി ആ അസാധാരണ നൃത്തത്തെ നടിച്ചുകാണിക്കയും ചെയ്തു. മ

ഹാരാജാവും രാജ്ഞിയും ആ നൃത്തവിധാനം കണ്ടിട്ട് അത്യധികം സന്തോഷഭരിതരായി. അനന്തരം ആ പൊന്നുതിരുമേനി അനവധി സമ്മാനങ്ങൾ കൊടുത്തു അവരെ യാത്ര പറഞ്ഞയച്ചശേഷം അവിടെനിന്നും എഴുന്നള്ളി സ്വന്തം ആസ്ഥാനമണ്ഡപത്തെ പ്രാപിക്കയും ചെയ്തു. തദനന്തരം ജയസിംഹനായി അവിടെ സ്ഥിതിചെയ്യുന്ന ആ മഹാരാജവര്യനെ മുഖംകാണിക്കാൻ പലരും അവിടെ സമാഗതന്മാരായി. അവരുടെക്കൂട്ടത്തിൽ ചോളപാണ്ഡ്യന്മാൎക്ക കനകവിജയന്മാരെ കാണിച്ചുകൊടുക്കാൻ ചക്രവൎത്തിയാൽ നിയോഗിച്ചയക്കപ്പെട്ട "നീലൻ" എന്നൊരു പ്രണിധിയും കൂടിയുണ്ടായിരുന്നു. നീലൻ മാടലഭൂപിജനോടും മന്ത്രിസത്തമന്മാരോടുംകൂടി രാജസമക്ഷം പ്രാപിച്ച് അദ്ദേഹത്തെ അഭിവാദ്യം ചെയ്തുനിന്നു. അനന്തരം അയാൾ മഹാരാജാവിനെ താണുവണങ്ങിട്ട് അത്യധികം വിനയാദരപുരസ്സരം ആ തിരുമേനിയെ വീക്ഷിച്ചുംകൊണ്ട് "അല്ലയോ! രാജശേഖരാ! അവിടത്തെ കല്പനപ്രകാരം അടിയൻ കനകവിജയന്മാരെയും ആനയിച്ചുംകൊണ്ട് മഹാനായ ചെമ്പിയർ പെരുമാൻ ചോളചക്രവൎത്തിയെക്കണ്ടു വന്ദിച്ചുനിന്നു. ആ തിരുമേനിയോട് ഉത്തരദിക്കിങ്കൽ നടന്ന ആഃയാധനവൎത്തമാനത്തെയും സവിസ്തരം തിരുമനസ്സുണൎത്തിച്ചു. ആസമയം ആ രാജാവാകട്ടെ തന്റെ പൃതനാധീശനെ മന്ദമായി വീക്ഷിച്ച്:—

അടൎക്കളത്തിൽ ഉടവാളും വെൺകൊററക്കുടയും വെടിഞ്ഞ് അരാതികളെ ഭയന്നു അരക്ഷണംകൊണ്ട് അക്ഷികൾ അഗോചരന്മാരായ പ്രതിയോഗികളെ ബന്ധനസ്ഥരാക്കി

ക്കൊണ്ടു പോരുന്നതു് അടർപ്രമാണത്തിനും ചേരമാൻപെ രുമാക്കന്മാരുടെ അത്യന്തമഹിമയ്ക്കും ഒട്ടുംതന്നെ അനുയോജ്യമായതല്ല എന്നു അവഹേളനമായി അരുളിച്ചെയ്തു. അനന്തരം ഞങ്ങൾ അവിടെനിന്നും പാണ്ഡ്യരാജ്യത്തിന്റെ തലസ്ഥാനനഗരിയും സുവർണ്ണമയങ്ങളായ പ്രാസാദശൃംഗങ്ങളാൽ പ്രശോഭിതവുമായ മധുരാപുരിയിലെത്തി പാണ്ഡ്യരാജാവിനെക്കണ്ടുവന്ദിച്ചു് അദ്ദേഹത്തോടും അവിടത്തെ ജൈത്രയാത്രയെക്കുറിച്ചുള്ള വൎത്തമാനത്തെ പറഞ്ഞുകേൾപ്പിച്ചു കനകവിജയന്മാരെയും കാണിച്ചുകൊടുത്തു. ആ മഹാരാജാവാകട്ടെ "ചേരചക്രവൎത്തിയോടു് എതിരിടാൻ ശേഷിയില്ലാതെ ഭയന്നോടിത്താപസവേഷംധരിച്ച ഈ അലസന്മാരായ ആൎയ്യരാജാക്കന്മാരെ ഈദൃശം ബന്ധനത്തിൽ പാൎപ്പിക്കുന്നതു വീരന്മാരായ രാജന്യന്മാൎക്കു തീരെ യോജിച്ച പ്രവൃത്തിയല്ല. ചേരലാതന്റെ ഈദൃശമായ വീരകൃത്യം ഏററവും ജുഗുപ്സാവഹമാണു്." എന്നുമാത്രം കൽപിച്ചു. ഇതു തിരുമനസ്സുണൎത്തിക്കാനായിട്ടു മാത്രമാണു് അടിയങ്ങൾ ഈക്ഷണത്തിൽ ഇവിടെ വിടകൊണ്ടതു് എന്നു പറഞ്ഞിട്ടു ഈഷന്നമിതമായ ശിരസ്സോടുകൂടി പരമവിനീതനായിനിന്നു.

ചോളപാണ്ഡ്യന്മാരുടെ ഏതാദൃശമായ സംഭാഷണത്തിൽനിന്നും അവർ തന്നോടു് ആന്ധ്യമായും അപമൎയ്യാദമായും പെരുമാറിയെന്നുള്ള വസ്തുതയെ ചക്രവൎത്തി മനസ്സിലാക്കുകയും തന്മൂലം അദ്ദേഹം ഏധമാനക്രോധനായി ഉടൻതന്നെ സ്വാന്തംവിഷ്ടരത്തിൽനിന്നു പൊടുന്നനെ ചാടി എഴുന്നേല്ക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ക്രോധാതിരേകേ

ത്തെ കണ്ടുനിന്നവർ ഏററവും ഭയവിഹ്വലന്മാരായി വിറ തുടങ്ങി. ചോളപാണ്ഡ്യന്മാൎക്ക് ഉടനടി പഞ്ചത്വസംഭവിച്ചുപോയോയെന്നു അവർ ആശങ്കിച്ചു. മഹാരാജാവിൻെറ ഭ്രൂവല്ലികൾ അത്യധികം ഭഗ്നങ്ങളായി. അദ്ദേഹം പടപടായെന്നു പൊട്ടിച്ചിരിച്ചു. എന്നാൽ ക്രോധാവേശജന്യമായ അദ്ദേഹത്തിൻെറ ശരീരസ്ഫുരണവും പാരുഷ്യവും ഈഷല്പം അവസാനിച്ചില്ല. അദ്ദേഹം തൻെറ കരതലങ്ങളെ തമ്മിൽ ഉരസിക്കൊണ്ടു "ഹാ! ഹാ! എന്തത്ഭുതം! ഈ ചോളപാണ്ഡ്യരാജാക്കന്മാരുടെ ഗർവ്വം ഇത്രയ്ക്ക് അസംകരണമാണോ? നമ്മുടെ അമിതമായ കൈയ്യൂക്കും അതുലമായ വാളൂക്കും സംപൂൎണ്ണമായി അറിഞ്ഞിരുന്നിട്ടും ഈ രാജാധമന്മാർ കേവലം അജ്ഞന്മാരെന്നപോലെ നമ്മെ അത്യധികം ആക്രോശിച്ചല്ലോ? എന്നാൽ ഇവരുടെ അഹംഭാവത്തെ അചിരേണ നിർമ്മാജ്ജനം ചെയ്യുന്നുണ്ട്" എന്നു കോപാക്രാന്തനായി ഗജ്ജിച്ചുകൊണ്ടു് തൻെറ കോശാന്തത്തിൽ കൈയ്യിട്ടു.

ചക്രവർത്തിയുടെ അപ്രതിഹതമായ അത്യമർഷത്തെ വീക്ഷിച്ചവനായ മാടലൻ എണീററുനിന്നു ആ രാജർഷഭനെ നോക്കി അദ്ദേഹത്തോടു് ഇപ്രകാരം ഉണർത്തിച്ചു.

അമേയവീൎയ്യന്മാരായ അനേകം വൈരിഭൂപാലന്മാരെ അടക്കളത്തിൽ അനായാസേന പരാജിതനാക്കി വീരധർമ്മത്തിന് പെരുംവിളനിലമായി വിളങ്ങിയ ഹേ! ചേരവംശചൂഡാമണേ! അവിടത്തെ ശ്വേതാതപത്രം ചിരകാലം പ്രശോഭിച്ചാലും. അവിടത്തെ ഏതാദൃശമായ പ്രച

ണ്ഡകോപത്തെ സ്വല്പമൊന്നു നിയന്ത്രിച്ചാലും! അവിടത്തെ ആയുഷ്കാലം സമുദ്രതിരങ്ങളിലെ മണൽത്തരികളുടെ എണ്ണത്തിലും അധികരിച്ച് അവിടുന്ന് നെടുനാൾ ഈ മഹീമണ്ഡലം പാലിച്ച് വാഴുമാറാകട്ടെ, അല്ലയോ പൊന്നുതിരുമേനി! എന്റെ അവനതമായ നിവേദനത്തെ ലഘൂകരിക്കാതെ കൈക്കൊള്ളേണമേ! അവിടത്തെ പ്രതാപകിരണന്റെ ഊഷ്മാവേൽക്കാത്തവരും അവിടത്തെ മഹിമയെ ആസ്വദിച്ചറിയാത്തവരും ഈ ഭൂമണ്ഡലത്തിന് ആരുംതന്നെയില്ല. അവിടത്തെ അപദാനങ്ങൾ വിസ്മയാദിഭൃതങ്ങളുമാണ്. വൻപിച്ച മത്തമാതംഗപ്പടകൾകൊണ്ടു നിബിഡവും ക്ലിഷ്ടയോഗ്യവും അപ്രാപ്യവുമായ വിയലൂരിനെ അങ്ങ് അനുക്ഷണംകൊണ്ട് അനായാസേന നശിപ്പിച്ചു. അത്തിമാല ചൂടി അവിടത്തോടെതിർത്ത അതിശൂരന്മായ ചോളരാജാക്കന്മാർ ഒൻപതുപേരെയും നെരിവായിൽ എന്ന സ്ഥലത്തുവെച്ചുണ്ടായ അതിഭൈരവമായ സംഗ്രാമത്തിങ്കൽ അങ്ങു പരാജിതനാക്കി പ്രസ്ഫുടമായ പ്രശസ്തി നേടി.

അവിടെ പല ദ്വീപാന്തരങ്ങളിലും പാർത്തിരുന്ന ആരാതികളെ അനുസ്യൂതമായി നാമാവശേഷമാക്കിത്തീർത്തു. അനവധി ആര്യരാജാക്കന്മാരെ ഗംഗാതീരത്തിങ്കൽവെച്ച് പരാജിതരാക്കി അതീവ പ്രശസ്തിനേടി. ഈദൃശമായി പലരോടും അനുദ്വിഗ്നനായി പോരാടി അസാമാന്യവിജയം നേടി ജയമാല്യമണിഞ്ഞ ഹേ! നൃപശിഖാമണേ! സർവ്വശാസ്ത്രവിശാരദ! അങ്ങ് നീണാൾ വാണാലും. അവിടത്തെ ക്രോധാവേശത്തെ ഒന്നുപശാന്തമാക്കിയാലും. അവിടന്നു

ഇപ്പോൾ അൻപതാമത്തെ തിരുവയസ്സു തികഞ്ഞു് വാൎദ്ധക്യാവസ്ഥയുടെ പ്രാരംഭഘട്ടത്തിൽ കാലൂന്നിയിരിക്കുന്നു. ഇതുപൎയ്യന്തം പല യുദ്ധോദ്യമങ്ങളിലും അശ്രാന്തം ഏൎപ്പെട്ടു രാജ്യഭരണസംബന്ധമായ ലൌകികവിഷയങ്ങളിൽ മാത്രം നിബദ്ധനായി അങ്ങു് കാലയാപനം ചെയ്യുവെന്നല്ലാതെ ധാൎമ്മികപരമായ വൈദികകൎമ്മങ്ങളിൽ മനസ്സിനെ അശേഷം പ്രവൎത്തിച്ചിട്ടില്ല. അവിടത്തെ പൂൎവന്മാർ മഹാമണ്ഡലാധിപതികളായി പരിശോഭിച്ചിരുന്നു. അവരും രാജ്യഭരണവിഷയമായി മഹത്തായ പല അസാദ്ധ്യകൎമ്മങ്ങളും ചെയ്തിട്ടുണ്ടെന്നല്ലാതെ ധാർമ്മികമായി എന്നും നിലനില്ക്കത്തക്ക യാതൊരു കാൎയ്യങ്ങളും ഒട്ടുംതന്നെ ചെയ്തിട്ടില്ല. അതുകൊണ്ടാണു് അവരുടെ കീൎത്തി ഈ ലോകത്തിൽ അധികം വ്യാപിക്കാത്തതു്. ഏററവും മഹത്തായ പലേ ദുസ്സാദ്ധ്യകാൎയ്യങ്ങളേയും സാധിച്ചു് ലബ്ധകീൎത്തിയോടുംകൂടി വിളങ്ങിയിരുന്ന ചേരചക്രവൎത്തികളുടെ കുലതന്തുവായ അവിടുന്നു് യുദ്ധോദ്യമങ്ങളിൽ അസാമാന്യവിദഗ്ദ്ധനായിരിക്കുമ്പോലെ ധാർമ്മികവൃത്തിയിലും അത്യധികം പ്രശസ്തി നേടണേ!

ജീവന്മുക്തിയെ പ്രദാനം ചെയ്യുന്നതു് ധർമ്മപരമായ യാഗാദികർമ്മങ്ങൾ മാത്രമാണു്. അതുകൊണ്ടു് അങ്ങുന്നു് അത്തരം കൎമ്മങ്ങളെയാണു് ആചരിക്കേണ്ടതു്. അങ്ങനെയല്ലെങ്കിൽ അവിടത്തെ ഈ ജന്മോദ്ദേശം നിശ്ശേഷം നിരഭിസന്ധിയാകും. ഈ ലോകത്തിൽ ഒന്നിനുംതന്നെ യാതൊരു നിലയുമില്ല. എന്തെന്നാൽ,

(മഞ്ജരി)

"എണ്ണമറേറാരാം മനുജരും മന്നരും
മണ്ണോട്ടു മണ്ണായ് മറഞ്ഞുപോകും.
മാനുഷജന്മവും മാഞ്ഞുവെന്നുംവരാം
താനെ കർമ്മബലം ശോഷിച്ചെങ്കിൽ
പുല്ലാം പുഴുവാം പറവയാം പാമ്പാകാം
പിന്നെയൊരു മീൻ മൃഗവുമാകാം.
മാനുജനായിജ്ജനിക്കയും ചെയ്തീടാം
കാലേ ദേവത്വം ലഭിച്ചെന്നാകാം
പൊങ്ങിയൊടുവിൽ മഹേശത്വമാൎന്നിടാം
ഇങ്ങനെ കൎമ്മബലത്തിനാലേ
ഭംഗമില്ലാതെ മഹത്വം തുടൎന്നഹോ
പൊങ്ങിയും താണുമുഴന്നീടുന്നു.
ശങ്കാവിഹീനമുടലാകും ചങ്ങല
എങ്ങുമേ ചുററുന്ന സംസാരത്തിൽ
രംഗത്തിലാട്ടം നടന്നുള്ള്യം ലോക-
രംഗത്തിലാടുന്ന ജീവികളും
ഓരോ ജനനമെടുത്തുകൊണ്ടിങ്ങനെ
മാനുഷർ ഘോരനരകിലാഴും
കാലം വരുമ്പോളിദ്ദേഹിയും ദേഹത്തെ
ചാലേ ത്യജിച്ചെങ്ങോ പോയിടുന്നു
വമ്പിച്ച ജന്മമരണചക്രത്തിൻെറ
തുമ്പും തലയുമോരാനംപെണി)
ജീവനോ കാററടിക്കുന്ന മരുവിങ്ക-
ലിട്ടതാം ദീപാവലികളല്ലോ

എപ്പോഴണഞ്ഞീടുമായവയെന്നതു-
മൊപ്പത്തിൽ ചൊല്ലുവാനൊട്ടുമാകാ
ഇപ്പോഴണഞ്ഞിടുമെന്നും വരും ചില-
തല്പം കഴിഞ്ഞുമണഞ്ഞുപോകാം.
പുത്രരാലേതുമേ കാൎയ്യംനമുക്കില്ലേ
ബുദ്ധിമാനായോവേ കേട്ടാലുംനീ
ധൎമ്മമാണെന്നുമേ വൻതുണയെന്നു നീ
സമ്മതമാനസാ! ചിന്തിച്ചാലും."

(ചിലപ്പതികാരം)

ആയതുകൊണ്ട് അല്ലയോ മഹാനുഭാവാ! ഈ ജീവികൾ ഓരോരുത്തരും തങ്ങളുടെ കൎമ്മത്തിനൊത്ത ഗതിയെ പ്രാപിക്കുന്നുവെന്നുള്ളതു നിശ്ചയംതന്നെ. ഉത്തമജന്മം ലഭിച്ച പുണ്യാത്മാക്കളുടെഗതി ലോകത്തിൽ സാധാരണ ജീവികളുടെ ഗതിപോലെ ജനനമരണരൂപദുഃഖപൎയ്യവസായിയായി തീരുകയെന്നുള്ളതു് എനിക്കു സഹിക്കാവതല്ല. അതിനാൽ അമരന്മാരാൽപോലും അഭിവന്ദ്യനായ അങ്ങുന്നു വേദോക്തപ്രകാരം ക്ഷത്രിയൎക്കു വിധിച്ചിട്ടുള്ള ഒരു മഹത്തായ ധൎമ്മയജ്ഞം നടത്തണം. ഇന്നു കാണുന്നവരെ നാളെ കാണാൻ പ്രയാസമാണു്. ചിലപ്പോൾ കണ്ടുവെന്നുംവരാം; കണ്ടില്ലെന്നുംവരാം. എന്തുകൊണ്ടെന്നാൽ.

പാന.

"മൎത്ത്യനോൎത്താൽ വയസ്സതുനൂറുതാൻ
മെത്തുമൎദ്ധവും രാത്രിയായ് പോയിടും

അഞ്ചുവർഷങ്ങൾ പിഞ്ചുകാലങ്ങളായ്
തേഞ്ഞുതേഞ്ഞു മറഞ്ഞുകഴിഞ്ഞുപോം.
കൌമാരമത്തുപഞ്ചത്രിവത്സരം
ചെമ്മെ വന്നങ്ങുദിച്ചുപറന്നുപോം.
ആകെയിങ്ങനെ പത്തേഴവർഷങ്ങൾ
പോകെനീക്കിയിരുപ്പത്തും മുപ്പതാം
തുൻപഭോഗങ്ങളൊട്ടനാളുണ്ടാകാം.
ഇൻപമപ്പോലെ കിഞ്ചിൽദിനംവരാം.
വാഹിനീജലമേറുന്നപോലെയാം
മേദിന്യാം ലക്ഷ്മിനില്പതുമർത്ത്യക്ക്.
പുഷ്ടനിമ്നഗാ കൂലതുല്യംസൂണാം
ഹൃഷ്ടയൌവ്വനമെന്നുധരിക്കനീ
ഭഗ്നകൂലത്തിൽ വാഴും തരുക്കൾപോൽ
ഭഗ്നമാകുമേ ജീവിതംനിശ്ചയം
ആയതുകൊണ്ട് മാനുഷജീവികൾ
കാര്യം പൊയ്യാണെന്നുള്ളതറിഞ്ഞുടൻ
ഒന്നുചെയ്യുവാനായിത്തുനിയണം
ഒന്നുമേനല്ലതായിട്ടു ചെയ്യണം
ആയതിന്നുതാൻ ചെയ്കെന്നുവെയ്ക്കണം
മായമല്ലെടോ നാളെയെന്നാക്കൊലാ.
നാളെനാളേതി നാളുനീക്കീട്ടുകിൽ
നാളു കാലൻെറയേതെന്നറിഞ്ഞീടാ.
നമ്മുടെമുറയേതെന്നറിവീലാ
അമ്മാ! യെന്നെങ്കിലുമവൻവന്നിടും
അന്നുനാമേക്കൃതാന്തനവൻതന്നെ
ചെന്നുപോററിലും പോകുകയില്ലെടോ.

ഒട്ടേറെപ്പൊരുൾവാരിക്കൊടുത്താലും
ദുഷ്ടനൊട്ടുമേ കൃട്ടാക്കയില്ലകേൾ.
ശാസനംകൊണ്ടു കൃസലവനില്ലാ
ദാസരക്കൊടുത്താലുമെടുക്കില്ലാ
നല്ലവരെന്നു കാലൻകരുതില്ലാ
അല്ലലുമവൻ ചെറവുംനിനയ്ക്കില്ലാ
ദുഷ്ടനെന്നും ധനിയെന്നുമുള്ളൊരു
ദുഷ്ടഭേദമവനില്ല നിർണ്ണയം
ഒട്ടുമാത്രകൾപോലുമവൻനമ്മെ
വിട്ടുപോകയെന്നുള്ളതുവന്നിടാ.
നിർഘൃണനവൻ നമ്മുടെജീവനെ
ശീഘ്രമായങ്ങു കൊണ്ടുപോയീടുമേ.
ദേഹിമാത്രമേ വേണ്ടൂ അവനെടോ
ദേഹത്തെയവൻ തീണ്ടുകയില്ലകേൾ.
ദേഹമാത്രവിയോഗാൽ പുലമ്പിടും
മോഹവശ്യരാം മാനുഷജീവികൾ
ദേഹിപോയെന്നോ ദേഹംതാൻ പോയെന്നോ
മോഹമെന്തവർ്രീവിധം കാട്ടുവാൻ
ജീവൻപോയതുകൊണ്ടു കരഞ്ഞാകിൽ
ജീവനെയവരെന്നെങ്കിലും കണ്ടോ?
കണ്ടുകണ്ടുള്ള വസ്തുവിയോഗത്താൽ
ഇണ്ടലേർപ്പെട്ടും മർത്ത്യകൾ താൻ ധ്രുവം.
ദേഹംവിട്ടു പിരിഞ്ഞതുകൊണ്ടവർ
മോഹംവാച്ചു കരഞ്ഞുവെന്നാകിലോ
ദേഹത്തിലവർക്കിത്തിരിയെങ്കിലും
സ്നേഹമില്ലെന്നുതന്നെ നിനയ്ക്കണം.

ജീവനാൽ ത്യക്തമായൊരു ദേഹിയെ
ജീവികൾ ജ്വാൽവന്നു സംബന്ധുഭി
മോഷണം ചെയ്തു മോഷകനെന്നോണം
ഈഷലും ദയയില്ലാതഹോ തദാ
കാലുംകെട്ടിക്കരമതും കെട്ടീട്ടു
ക്രൂരയും നീക്കിക്കൌപീനമാത്രമായി
പട്ടടത്തീയതേററം ജ്വലിപ്പിച്ചു്
പട്ടാങ്ങായപ്പൊടിയാക്കിക്കരിച്ചുടൻ
വാരിവാരിയിൽ താൻ കലക്കിപ്പിന്നെ
വാരിനീരാടിവന്നു സുഖിച്ചുണ്ടു്
വാഴും മർത്ത്യർമനുജദേഹത്തിനായി
മാഴ്കതെന്നുള്ളതെത്രയും യോജ്യമോ.

(കപിലരുപദേശം)

ആയതുകൊണ്ടു് "നാളെ നാളേതി നാളേതി" എന്നു വാഴ്'നാളെ നീണാളായിവ്യർത്ഥമാക്കാതെ അവിടന്നു അദ്ധ്യാപി ആ മഹൽകൃത്യത്തിനു മുതിന്നാലും. മനുഷ്യശരീരം അഴിയുന്നതും നിലയററതും ആകുന്നു. യൌവ്വനമോ ക്ഷണഭംഗുരവും ജലത്തിലെ പോളകളെന്നപോലെ കേവലം ചലവുമാണു്. നിറഞ്ഞ ഭോഗഭോഗ്യങ്ങൾ നീരിൽ ചുരുണ്ടു് ഓടിമറയുന്ന തരംഗപരമ്പരകൾക്കു സമാനം ക്ഷണേന തോന്നി മറയുന്നതാണു്. ശരീരമോ ജലത്തിന്മേൽ എഴുതപ്പെട്ട എഴുത്തെന്നപോലെ ക്ഷണചഞ്ചലവുമാണു്. കുററമററ ചേരർകുലത്തിനു മണിദീപമായി വിളങ്ങിയ അങ്ങുന്നിനു ഞാനിവയൊന്നുംതന്നെപ്രത്യേകമെടുത്തുദീരണം ചെയ്തിട്ടു് ആവശ്യമില്ലല്ലോ? മഹാമേധാവികളായ കവികുഞ്ജര

ന്മാരുമായ് സഹചരിക്കുന്ന അവിടത്തോട്; ധർമ്മയജ്ഞത്താൽ ലഭ്യമാകുന്ന ഫലത്തെപ്പററി മാത്രം സ്വല്പം അറിയിച്ചുവെന്നുമാത്രമേയുള്ളൂ. മതിഹീനന്മാരും അധീരന്മാരുമായ ചോളപാണ്ഡ്യന്മാരോട് വൃഥായുദ്ധം ചെയ്തു തന്മൂലം ജാതമാകുന്ന വിജയസമ്പാദ്യത്താൽ അവിടത്തേയ്ക്ക് ലഭിക്കുന്ന ശ്രേഷ്ഠഫലമെന്തോന്നാണുള്ളത്? അല്ലയോ ചേരകുലദീപമേ! അവിടത്തെ രാജദണ്ഡം എന്നും അജിഹ്മമായി വിലസട്ടെ. അങ്ങുന്നു ധർമ്മപത്നീസമേതനായ് നിഖിലനരപാലാരാദ്ധ്യനായി. ഈ മഹീമണ്ഡലമശേഷം നീണാൾവാണിരിപ്പൂതാക മാടലൻ പ്രവചിച്ച ചില വിജ്ഞാനപ്രദങ്ങളായ ധർമ്മോപദേശങ്ങൾ ചേരമാൻപെരുമാളുടെ ക്രോധാവേശത്തെ ആകമാനം ലഘൂകരിച്ചു. ആ മന്നവനു അചിരേണ ആത്മബോധവും മനശ്ശാന്തിയും ഉത്ഭൂതമായി.

ഉടൻ അദ്ദേഹം മാടലനെനോക്കി "ഹേ! ബ്രാഹ്മണോത്തമാ! അവിടത്തെ ജ്ഞാനോപദേശസൂചകമായ ഉപക്ഷേപം ഏററവും നന്നായി. അവിടത്തെ അഭീഷ്ടപ്രകാരം ഞാൻ ഉടനെ അനുവർത്തിക്കുന്നുണ്ട്." എന്നരുളിച്ചെയ്തിട്ട് ആഗമവേദികളായ വിപ്രവര്യന്മാരെ വരുത്തി മാടലനോതിയപ്രകാരം അധ്വരദീക്ഷയ്ക്കായുള്ള ആരംഭക്രിയകൾ നടത്തുവാനും ആ ധർമ്മയജ്ഞത്തിലേയ്ക്കു വേണ്ടുന്ന സംഭാരങ്ങൾ ശേഖരിക്കാനും പ്രത്യേകം ഏർപ്പാടുചെയ്കയും ചെയ്തു.

---

# അദ്ധ്യായം ൰.

## പ്രതിഷ്ഠയും ധർമ്മയജ്ഞവും.

ചേരചക്രവത്തി സ്വനഗരബഹിർഭാഗത്തുള്ള ഒരുനവം പൂവാടിയിൽ അതിവിസ്തൃതവും മനോരമ്യവുമായ ഒരു അദ്ധ്വരശാല നിർമ്മിച്ച് അതിൽവച്ചു അനന്യസാധാരണമായ വിധത്തിൽ അത്യാഡംബരപൂർവ്വം വേദവിത്തുക്കളായ ഋത്വിക്കുകളുടെ പൌരോഹിത്യത്തിൻകീഴ് വേദവിധിപ്രകാരം ധർമ്മയജ്ഞോത്സവം നിർവ്വഹിക്കയുംചെയ്തു. യജ്ഞസമാപ്ത്യനന്തരം അടുത്ത ടിവസം പ്രഭാതത്തിൽ അവഭൃതസ്നാനാദികൃത്യങ്ങൾ കഴിച്ച് അത്യലംകൃതമായ സ്വനഗരാന്തർഭാഗത്തിലേയ്ക്കു ആ രാജകുഞ്ജരൻ എഴുന്നള്ളുവാൻ നിശ്ചയിച്ചു. അധ്വരത്തിനു വന്നിട്ടുള്ള അവനിപതികളെയെല്ലാം അഗ്രഗനായിനിന്നു യഥായോഗ്യം സൽക്കരിക്കാൻ അത്യുപഥനായ വില്ലവൻകോതയോടു പ്രത്യേകം അഭിനിയോഗിച്ചതുകൂടാതെ സ്വരാജ്യത്തിലുള്ള ബന്ധനാഗാരങ്ങളെ ശൂന്യമാക്കാനും ധർമ്മാഗാരങ്ങളെ നിർമ്മിപ്പാനുംവേണ്ട ഏർപ്പാടുചെയ്കയുംചെയ്തു. അനന്തരം ആ വഞ്ചിമഹാനഗരിയുടെ പുരോഭാഗത്തിൽ രമണീയമായ രീതിയിൽ പണിചെയ്യപ്പെട്ട ഒരു വിചിത്രമണ്ഡപവരത്തിൽ വെച്ച് ധർമ്മസഭാംഗങ്ങളായ ധരണീസുരന്മാർ, ആഗമവേദികളായ ഋത്വിക്കുകൾ ആചാര്യ്യവരന്മാർ, ഗണികവ്യുൽപ്പന്നന്മാർ നിപുണന്മാരായ ശില്പികൾ, സാമന്തമന്നവന്മാർ, മുതലായവരോടുകൂടി മസൃണമായ കൃഷ്ണശിലയിൽ

നിർമ്മിതമായ വീരപത്നിയുടെ പ്രസന്നദിവ്യവിഗ്രഹത്തെ വിധിവൽ പ്രതിഷ്ഠിച്ച് സർവവിഭൂഷണാദ്യലങ്കാരങ്ങളും അണിയിച്ച് പുഷ്പാഞ്ജലിമുതലായ പുണ്യകർമ്മങ്ങൾ നടത്തുകയും ചെയ്തു. തദനന്തരം ആ രാജശേഖരൻ പ്രതിഷ്ഠോത്സവം ഒരു മണ്ഡലകാലത്തേയ്ക്ക് അതിമണ്ഡനപൂർവം മംഗലകരമായും അത്യാഡംബരപൂർവകമായും നടത്തിക്കൂട്ടിയതിൽ പിന്നീട് പ്രധാനദ്വാരദേശങ്ങളിലെല്ലാം ഓരോ ദിഗ്ദേവതകളെയും പ്രതിഷ്ഠിച്ച നിത്യപൂജാദികളും ബലിഹോമാദികളും ഉത്സവാദികളും നിർവാഹ്യമായി നിർവഹിക്കുന്നതിനു നിഷ്കർഷയായി നിയാമകങ്ങൾ ചെയ്യുതിക്കുകയും ചെയ്തു.

വഞ്ചിനഗരത്തിൽ ഈദൃശമായ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ അവ്യാഹതമായ ദുഷ്കൃതവശാൽ കോവലൻ മധുരയിൽ വെച്ച് രാജാജ്ഞയാൽ അസാമഞ്ജസമായി വധ്യനായതും കണ്ണകിയുടെ കണ്ണീർകണ്ടു കരളുരുകി തന്നിമിത്തം പാണ്ഡ്യമന്നനുണ്ടായ അനർവ്വാഹ്യമായ പ്രാണാപായവും മാമധുരയുടെ മഹത്തായ നാശവും മാചാത്താന്റെ സന്ന്യാസവും രാജപത്നിയുടെ ദാരുണമായ അനന്തരനിര്യാണവും ഗോപവനിതാമണിയായ മാതലിയുടെ ദേഹത്യാഗവും മാടലൻമൂലം അറിഞ്ഞവരായ കണ്ണകിദേവിയുടെ ധാത്രിയും, പ്രിയവയസ്യയും ദേവന്തി എന്ന ബ്രാഹ്മണതോഴിയുംകൂടി ആ വീരപത്നിയെ കാണാൻ കൊതിച്ച് മധുരാപുരിയെ പ്രാപിച്ചു. ആ നഗരവരം അടരൊഴിഞ്ഞ അടക്കളംപോലെ അലംകോലമായി അഴിഞ്ഞുകിടക്കുന്ന പരതാപസ്ഥിതിയെ കാണുകയും, കണ്ണകിമലനാട്ടിൽ പ്രവേശി

ച്ച് ചെങ്ങന്നൂരിൽ വെച്ച് സ്വർഗ്ഗാരോഹണം ചെയ്തതായറിയുകയും ചെയ്തു. എന്നു മാത്രമല്ല ചേരചക്രവർത്തിയായ ചെങ്കുട്ടവൻ ആ സാധ്വീമണിയായ കണ്ണകിക്കുവേണ്ടി ഒരു വീരപ്രതിഷ്ഠ നടത്തിയതിനെയും ആ കുടുംബിനികൾ അവിടെ വെച്ചുതന്നെ അചിരേണ ഗ്രഹിച്ചു. അനന്തരം അവർ മാതരിയുടെ ഓമനമകളായ അയ്യ എന്ന ഗോപവനിതയുമൊന്നിച്ച് ചേരനാട്ടിനെ നോക്കി പശ്ചിമാഭിമുഖമായി പ്രയാണം ചെയ്തു. അപ്രകാരം പ്രസ്ഥാനം ചെയ്ത അവർ അഞ്ചുപേരും ഒരു പക്ഷത്തിനുള്ളിൽ ചെങ്ങന്നൂരിലെത്തി. അവിടെ നിന്നും ഉത്തരാഭിമുഖമായ് ആ അദ്ധ്വനീനർ അഞ്ചുപേരും വഞ്ചിമഹാനഗരത്തിലേയ്ക്കു ചെല്ലുകയും അവിടെ വെച്ച് ചെങ്കുട്ടവചക്രവർത്തിയെ ദർശിക്കാനിടയാകയും ചെയ്തു. അവർ ആ മഹാരാജാവിനെ മുഖം കാണിച്ചതിൽ പിന്നീട് അദ്ദേഹത്തോട്" കണ്ണകി, കോവലൻ, മുതലായവരുടെ പുരാവൃത്തവും അവളുടെ മാതാപിതാക്കന്മാരെ കുറിച്ചുള്ള വിശേഷോദന്തവും മഹാമനസ്വിനിയായ മാതരിയുടെ മരണവൃത്താന്തവും ആ രാജവര്യനോടു വീരപത്നിയുടെ സന്നിധിയിൽ വെച്ചുതന്നെ പറഞ്ഞു കേൾപ്പിച്ചു. അനന്തരം മാധവിയും അവളുടെ പുത്രിയായ മണിമേഖലയും സന്യസിച്ച വിവരവും വഴിയെ തിരുമനസ്സുണർത്തിച്ചു.

പിന്നീട് അവർ 'അയ്യ' എന്നവളെ ക്ഷേത്രദ്വാരത്തിന്നഭിമുഖമായി നിറുത്തിയുംകൊണ്ട് വീരപത്നീവിഗ്രഹത്തെ നിർവർണ്ണനം ചെയ്തിട്ടു ആ ദേവിയോടായി ഹേ! മഹാസാധ്വീ! അവിടത്തെ, അഭയപ്പൊരുളായി കൈക്കൊണ്ട് അതിവാത്സല്യത്തോടെ ബദ്ധശ്രദ്ധയായി സംരക്ഷിച്ചിട്ടും

അവിടത്തേക്കു ഈദൃശമായ ക്ലേശാനുഭൂതി സംഭവിച്ചതുകൊണ്ടു് മനഃക്ലാന്തതയോടെ അസുധാരണം അസാദ്ധ്യമായിക്കരുതി സ്വന്തംപ്രാണനെ സന്ത്യജിച്ചവളായ മാതരിയുടെ മകളാണു് ഈ നില്ക്കുന്ന തരുണീമണി. ഞങ്ങളെല്ലാം നിങ്ങളെ ദശിക്കാനാണു് ഇവിടെയ്ക്കു വിടകൊണ്ടതു്." എന്നു പറഞ്ഞിട്ടു ഏററവും വ്യസനാക്രാന്തകളായി കേവലം അവാങ്മുഖികളായി സ്വല്പനേരം അവിടെ നിന്നുപോയി. അവരുടെ നേത്രാന്തങ്ങളിൽനിന്നും കണ്ണുനീർ ധാരധാരയായി സ്രവിച്ചുതുടങ്ങി. ഇവർ മൂന്നുപേരും ഈദൃശം രോദിച്ചുകൊണ്ടു നില്ക്കുമ്പോൾ അവക്കു നേരെ ഊർദ്ധ്വഭാഗത്തിലായി ആകാശദേശത്തിൽ പെട്ടെന്നു ഒരു ദിവ്യസ്വരൂപം അവരുടെ അക്ഷികൾ ലക്ഷീഭവിച്ചു. കാലിണകളിൽ മണിച്ചിലമ്പുകളും ഹസ്തദണ്ഡങ്ങളിൽ രത്നഖചിതമായ സുവണ്ണവലയങ്ങളും കണ്ണമയങ്ങളിൽ വൈരകുണ്ഡലങ്ങളും കഴത്തിൽ മുക്താഹാരവും വേറെയും നാനാവിധവിഭൂഷണങ്ങളും ഭാസമാനമായണിഞ്ഞിരുന്ന ആ ദിവ്യരൂപത്തെ നിരീക്ഷിച്ചവനായ ചെങ്കുട്ടവൻ അചിരേണ ആത്യാനന്ദാബ്ധിയിൽ നിമജ്ജിതനായിത്തീൎന്നു. ആ സമയം ആ ദേവി അവിടെനിന്നവക്കെല്ലാം സ്വന്തം രൂപത്തെ പ്രത്യക്ഷമായി കാണിച്ചുകൊടുത്തിട്ടു് സ്വതോഴിമാരെ നോക്കി അവരോടായി "അല്ലയോ പ്രിയസഖികളെ എൻെറ പ്രാണപ്രിയനെ വധിപ്പിച്ച പാണ്ഡ്യൻ നെടുംചെഴിയൻ ഒട്ടുംതന്നെ അപരാധിയല്ല. ഞങ്ങൾ പൂർവജന്മത്തിൽ ചെയ്ത മഹാപാപങ്ങൾനിമിത്തമാണു ഇപ്രകാരമുള്ള മഹൽവിപത്തുകൾ അനുഭവിക്കാനിടയായതു്. വിശേഷിച്ചും അതീതജന്മത്തിൽ ഞാൻ ആ നീതിമാനായ

പാണ്ഡ്യരാജാവിൻെറ ആത്മപുത്രിയായിരുന്നു. ആ മഹാരാജവംശം ഈ ഞാൻനിമിത്തം നാശം സംഭവിക്കേണമെന്നാണ് വിധിമതം. തന്നിമിത്തമാണു ആ മഹാരാജാവിന് ഈവിധം അകാലനിയ്യാണം സംഭവിക്കാനിടയായതു്. ആ പുണ്യശ്ലോകൻ ഇന്നും അത്യാനന്ദതുന്ദിലനായി അമിതങ്ങളായ സ്വഗ്ഗാനുഭൂതികൾ അനുഭവിച്ച് അമരവരന്മാരാൽ സംപൂജ്യനായി അമത്ത്യലോകത്തിൽതന്നെ നിവസിക്കുന്നുണ്ടു്. എന്നാൽ ഞാൻ ഇന്നുമുതൽ ഈ പരമപാവനമായ മലയമണ്ഡലത്തിലാണ് നിവസിക്കാനാഗ്രഹിക്കുന്നതു്. ഈ പുണ്യഭൂമിവിട്ട് ഞാൻ അന്യത്ര ഗമിക്കുന്നതിനിച്ഛിക്കുന്നില്ല. ഈ മഹാരാജ്യം മുഴുവനും എൻെറ അസാമാന്യമായ ചൈതന്യം വിളങ്ങിക്കാണും. അല്ലയോ പ്രിയസഖികളേ! നിങ്ങൾ എന്നോടുകൂടി ഇവിടെ നിവസിച്ചാലും" എന്നു ഉച്ചത്തിൽ അരുളിച്ചെയ്തിട്ട് ചേരചക്രവത്തിയോടായി ഇപ്രകാരം നിർവ്വചിച്ചു:—

(മഞ്ജരി)

"പാണ്ഡ്യനാംമന്നവനൊട്ടും പിഴച്ചില്ല,
താണ്ഡവേശൻ ദാസനായമന്ന!
സാദരംവാനവർ പൂജനംചെയ്തിതു
മോദാലവൻസ്വഗ്ഗം പുക്കനേരം.
വിണ്ണവർനാട്ടിങ്കൽ വാഴുമവനിന്നു്
നിർണ്ണയം മൽത്താതനെന്നുമോതാം.
അല്ലയോ മന്നവാ! കില്ലില്ല ചൊല്ലിനേൻ
എല്ലാനാളും ഞാനീ നിൻെറ മന്നിൽ

നീളെ നടന്നു കളിയാടി വാഴവൻ
കേളിതിന്നൊട്ടുമേ വാട്ടമില്ല.
ചെങ്കുന്നു മൽസ്ഥിരവാസസ്ഥലമാണു്
ചെങ്കുട്ടുവാ നീയും കേട്ടുകൊൾക.

(ചിലപ്പതികാരം)

ദേവി അരുളിച്ചെയ്തതു കേട്ടിട്ടു് അവിടെ കൂടിയിരുന്ന വനിതാമണികളെല്ലാം അത്യാശ്ചര്യഭരിതകളായി നിന്നുപോയി. ക്ഷണനേരം കഴിഞ്ഞാറെ ആ നതാംഗികൾ അവിടെ കൂടിയിരുന്ന നാഗരികാംഗനകളുമൊന്നുചേൎന്നു് അത്ഭുതഗാനങ്ങളെ പാടി ആ പുണ്യദേവതയായ കണ്ണകിയെ സന്തോഷിപ്പിച്ചു.

(കുറത്തിപ്പാട്ടു്)

വഞ്ചിനാട്ടിൽ വാണിടുന്ന വഞ്ചിക്കൊടിമാരേ
മിഞ്ചിനമോദേന നമ്മൾ ഒന്നുകൂടവേണം
പഞ്ഞേതലും മൃദുലമാകും പാദംകൊണ്ടു നിങ്ങൾ
ചെഞ്ചെമ്മേ ചുവടുവച്ചിട്ടാടവേണമിന്നു
ചെമ്പഞ്ഞിച്ചേവടികോലുമഞ്ചിതാംഗിമാരേ
വഞ്ചീശൻപുരിയിൽ വാഴുംയോഷമാരേ കേൾപ്പിൻ.
കൊങ്കയാൽ ശ്രീതങ്കിടുന്ന മാമധുരതന്നെ
ശങ്കാഹീനം വെന്തെരിച്ചുപോന്ന ധന്യഗാത്രി
തങ്കയ്യിലെപൊൻചിലമ്പുകൊണ്ടു പാണ്ഡ്യൻതൻെറ
ഹുങ്കാരത്തെ പോക്കിയിങ്ങുപോന്ന മംഗളാംഗി
വണ്ടാർകുഴലിയെ നിങ്ങൾ വാഴ്ത്തിവാഴ്ത്തി പാരം

കൊണ്ടാടീടവേണമിപ്പോളേത്തും മടിവേണ്ട.
പാണ്ടിയൻമകളാകിയ വണ്ടാരണിവേണി
കണ്ടിവാർ കുഴലിയാകും കണ്ണകിയെ നിങ്ങൾ
കൊണ്ടാടിപ്പാടീടവേണം കോമളാംഗിമാരെ
വിണ്ടലം പുകഴുംമന്നൻ ചേരൻ മഹിമയ്ക്കായ്.

ഒടുവിൽ ആ ദേവത ചേരലാതനെ നോക്കി "ഹേ! ചേരവംശമണിദീപമായ ചെങ്കുട്ടവാ! അങ്ങ് നീടൂഴി വാണാലും! എന്നുച്ചത്തിൽ അനുഗ്രഹിച്ചിട്ടു പെട്ടെന്ന് ആകാശദേശത്തിൽ അന്തർദ്ധാനം ചെയ്തു. തദനന്തരം ആ ചക്രവർത്തി ദേവന്തിയെന്ന അന്തണകന്യകയെ സമീക്ഷണം ചെയ്തിട്ട് ഹേ! മഹിളാമണേ! അങ്ങ് മണിമേഖലയെന്ന ഒരു വിശിഷ്ടനാമത്തെ ഉച്ചരിച്ചുവല്ലോ? ആ സുഭ്രൂ ആരാണ്? അവളുടെ സുചരിത്രത്തെ സവിസ്തരം പറഞ്ഞു കേൾപ്പിച്ചാലും" എന്നരുളിച്ചെയ്തു. ഉടൻതന്നെ ദേവന്തി ചേരമാൻപെരുമാളെ സ്നേഹാദരപൂർവം വീക്ഷിച്ചിട്ട് ഈ ദൃശം ഉദീരണം ചെയ്തു. "ഹേ! മഹീപാല ചൂഡാമണേ! മണിമേഖലയെന്ന തരുണീമണി കോവലൻെറയും അവൻെറ പ്രിയകാമിനിയായിരുന്ന മാധവിയുടെയും സീമന്തപുത്രിയാണ്. അവൾ അഖിലജനങ്ങളും കണ്ടതിശയിക്കത്തക്ക അസാധാരണ സൌന്ദര്യധാമത്തോടുകൂടിയവളുമാണ്. അവളുടെ പ്രിയമാതാവായ മാധവി അവളെ അത്യധികവാത്സല്യപൂർവം വളർത്തിവന്നിരുന്നു. ലലനാമണിയായ ആ മാധവിയുടെ ഏകപുത്രിയായ മണിമേഖലയ്ക്കു അചിരേണ തനുകാന്തി ചേർക്കുന്ന നവയൌവനം വന്നണഞ്ഞു. നീലോല്പലസമങ്ങളായ നീലായതനയനങ്ങൾ കടച്ചുവന്നു

കൎണ്ണപുടങ്ങളെ തലോടി. വിദ്രുമാരുണിതമായ അവളുടെ അധരപുടങ്ങൾക്കുമേ മുത്തൊലുന്ന പുഞ്ചിരിപ്പൂവ് വികസിച്ചു വിലസി- പരുത്തുരുണ്ട കുചകുംഭങ്ങൾ ലബ്ധകാഠിന്യങ്ങളായി കുംഭികുംഭസമാനം പ്രശോഭിച്ചു. ഹാരമണിഞ്ഞു വിലസുന്ന മാറിടം പൂർവ്വൽ വ്യാപ്രതമായി. തനുമദ്ധ്യം തളൎന്നു ജഘനപ്രദേശം അതിവിസ്തൃതമായി. കോമളിമ കോലുന്ന ഊരുസന്ദങ്ങൾ തിരണ്ടുരുണ്ട് തമ്മിലടഞ്ഞു. ഒളിതിരളുന്ന കോമളങ്ങളായ പാദയുഗളങ്ങൾ പുത്തൻ പ്രവാളതുല്യം മൃദുലതയേന്തി. ചെമ്പകസുമാഭകോലുന്ന സുകുമാരങ്ങളേബരം പൂർവ്വാധികം സുവൎണ്ണപ്രഭാതുല്യം സൃഷ്ടവായ സൌരഭ്യമാൎന്നു.

ഈ സന്ദൎഭത്തിൽ കോവലൻ നിഷ്കാരണമായി മധുരയിൽ വെച്ച് രാജാജ്ഞയാൽ കൊല്ലപ്പെട്ട കൎണ്ണാരുന്തുദമായ ദാരുണോദന്തത്തെ മാധവി ഉപകൎണ്ണനം ചെയ്തതോടുകൂടി ആ മഹിളാമണി അസൂനിയമത്തിൽ കൂടിയും അശേഷം അനഭിലാഷിതയായി ഇഹലോകസുഖഭോഗങ്ങളിൽ ഈഷലും ഈപ്സ കൂടാതെ കേവലം വിരക്തയായി കാലയാപനം ചെയ്തു. അവളുടെ മാതാവായ ചിത്രാവതിയെന്നവൾ അവൾക്കു എത്രയോ വിലയേറിയ സാരോപദേശങ്ങൾ നൽകുകയും കേവലം അവജ്ഞാതമായ വേശ്യാവൃത്തിയെ അവലംബിച്ചെങ്കിലും ഉപജീവനം കഴിക്കാമെന്നു അസകൃൽ അനുകീൎത്തിക്കയും ചെയ്തിട്ടും അവൾ അവയൊന്നും വകവെയ്ക്കാതെ ബുദ്ധമതത്തിൽ ചേരുകയും അചിരേണ ആ മതത്തിലെ ഒരു പ്രസിദ്ധ സന്ന്യാസിനിയാവുകയും ചെയ്തു.

അവരം തദനന്തരം സ്വപുത്രിയായ മണിമേഖലയെ ക്കൂടിയും ആ മതത്തെ അവലംബിക്കുന്നതിന്ന പ്രേരിപ്പിച്ചു. ആ തരുണീമണി അത്യധികം ഗഹനമായ ജ്ഞാനമാൎഗ്ഗത്തിൽ മനസ്സു ചെല്ലാൻതക്ക പ്രായംവരാത്ത അതിമോഹനമായ താരുണ്യാവസ്ഥയിലായിരുന്നെങ്കിലും ലോകാനുഭൂതിയിൽ നിശ്ശേഷം വിരക്തമാനസയായി വിഭൂഷണാദ്യങ്ങളായ മണ്ഡനങ്ങളെ ഉപേക്ഷിച്ചു് ശിരസ്സു മുണ്ഡനംചെയ്തു കാഷായവസ്ത്രധാരിണിയായി അചിരേണ ഒരു ബുദ്ധമതഭിക്ഷുകിയുടെ വേഷംധരിച്ചു് രമണൻ എന്ന സന്യാസിയുടെ പ്രിയശിഷ്യയായിത്തീൎന്നു്, പല ധൎമ്മോപദേശങ്ങളും സ്വീകരിച്ചു് സസുഖം കാവിരിപ്പൂംപട്ടണത്തിൽ വസിക്കുന്നു.” ഇതുതന്നെയാണു മണിമേഖലയുടെ വൃത്താന്തമെന്നു പറഞ്ഞവസാനിച്ചു.

ത്രിഭുവനസുന്ദരികളായ മാധവിയും മണിമേഖലയും ഈദൃശമായ കൃച്ഛ്റവ്രതത്തെ പൂണ്ടതിനെ ആകൎണ്ണനംചെയ്തു ചെങ്കുട്ടവമഹാരാജാവും അദ്ദേഹത്തിന്റെ സാമന്തന്മാരും മററു പ്രജാവലികളും അത്യധികം അനുകമ്പാഭരിതരായിത്തീൎന്നു.

അനന്തരം ദേവന്തിയെന്ന ആ തരുണീമണിയിൽ പാശണ്ഡച്ചാത്തൻ എന്ന ദേവത ആവേശിച്ചു. അപ്പോരം അവളുടെ പുരികുഴൽ കെട്ടഴിഞ്ഞു് വിശീൎണ്ണമാകുമാറു്, സൎവ്വാംഗം തുടിക്കുകയും പുരികങ്ങരം അത്യധികം കുടിലമാകുകയും ചെയ്തു. തൊണ്ടിപ്പഴത്തിനൊത്ത ചുണ്ടിനെ അടിക്കടി ദന്തനിരകരംകൊണ്ടു് ഉഗ്രമായി കടിച്ചുപിടിക്കുകയും

ചിലപ്പോൾ പല്ലുകളെ തമ്മിൽ തെരുതെരെ ഞെരിക്കുകയും അടിക്കടി കാൽകുടഞ്ഞു എഴുന്നേററു് ഉച്ചത്തിൽ പ്രഭാഷണം ചെയ്യുകയും ചെയ്തിട്ടു് ഉഗ്രവും വിശങ്കടവും രുധിരാരുണിതവുമായ നേത്രദ്വന്ദ്വങ്ങൾകൊണ്ടു് മാടലനെ ആവേശസഹിതം ഒന്നു രൂക്ഷമായി ഈക്ഷിച്ചിട്ടു് ഇപ്രകാരം പ്രവചിച്ചുതുടങ്ങി:—

"ഹേ! മാടലാ! ഞാൻ പാശണ്ഡച്ചാത്താനെന്ന ദൈവമാണു്. ഇപ്പോൾ ഞാൻ ഈ ദേവന്തിയെന്ന തരുണിയിൽ അധിവസിച്ചിരിക്കയുമാണു്. ഞാൻ പറയുമ്പോലെ അങ്ങു് അദ്യാപി ആചരണം ചെയ്യാലും. അങ്ങയുടെ കരതലഗതമായ ഈ കമണ്ഡലുവിൽ പരിപൂർണ്ണമായി വിലസുന്ന ഈ പരിപാവനമായ തീർത്ഥവാരിയെ അങ്ങു് ഈ നില്ക്കുന്ന മൂന്നുകുമാരികളുടെയും ദേഹത്തിന്മേൽ പ്രോക്ഷണംചെയ്യാലും. അപ്പോൾ അവരിൽ മറഞ്ഞുകിടക്കുന്ന പൂർവ്വജന്മം നിങ്ങൾക്കു വിജൃംഭിച്ചു പ്രകാശിക്കുന്നതുകാണാം. അവരുടെ പൂർവ്വജന്മോദന്തത്തെ അചിരേണ അവർ നിങ്ങളോടു പറഞ്ഞുകേൾപ്പിക്കും. ഈ ദേവോത്സവം കാണ്മാൻ വന്നുചേർന്നിട്ടുള്ള വനിതാമണികളിൽ ഈ നില്ക്കുന്ന രണ്ടുപേരും വഞ്ചിനഗരത്തിലുള്ള അരത്തൻ എന്ന ചെട്ടിയുടെ ഇരട്ടപെററ സന്താനങ്ങളും മറേറബാലിക മലനാട്ടിലുള്ള ശേഷകുടുംബി എന്ന ഒരു ബ്രാഹ്മണൻെറ വാത്സല്യപുത്രിയും ആണു്. ഈ മൂന്നുകന്യകമാരിൽ രണ്ടുപേർ മുജ്ജന്മത്തിൽ യഥാക്രമം അഗ്നിപ്രവേശം ചെയ്തവരായ കോവലൻെറയും കണ്ണകിയുടെയും ജനനിമാരും, മാതരിയെന്ന ഗോപവനിതയുമാകുന്നു" എന്നുപറഞ്ഞു വിരമിച്ചു.

ഉടനെ മാടലൻ ആ ദേവതപറഞ്ഞതപോലെ ആചരിച്ചുതുടങ്ങി. ഉടൻതന്നെ ആ പെൺമണികൾ ഓരോരുത്തരും ഇപ്രകാരം പുലമ്പിത്തുടങ്ങി. ആദ്യത്തെബാലിക:—"ഞാൻ പെററുപോററിയ എൻെറ വാത്സല്യഭാജനമായ പൊന്നുമകളേ! നിൻെറ പ്രിയതമൻ ചിരകാലം നവോഢയായ നിന്നെ വിട്ടുപിരിഞ്ഞുകേവലം ഒരു ദാസിയുടെ അഭിനിവേശത്തിനു വശംഗതനായി നിന്നിൽ ഈഷലും കരുണകൂടാതെ ജീവിതം നയിച്ചു. അതുനിമിത്തം നിനക്ക് അത്യധികം മനഃക്ലേശമുണ്ടെങ്കിലും നീ അതിനെ അമിതമായ പതിഭക്തിമൂലം പുറത്തുപ്രകടിപ്പിച്ചതേയില്ല. എന്നാൽ ഞങ്ങൾക്ക് അതുനിമിത്തം ഉണ്ടായ ഖേദത്തിനു ഒട്ടുംതന്നെ അതിരില്ലാതേയുമിരുന്നു. എന്നിട്ട് അവർ മടങ്ങിയെത്തിയപ്പോൾ ഭർത്തൃഹിതകാരിണിയായ നീ നിൻെറ പ്രിയപ്പെട്ട ജനങ്ങളോടോ ജനയിത്രിയായ എന്നോടോ യാതൊന്നുംതന്നെ പ്രവചിക്കാതെ നിൻെറ കമിതാവു നിന്നോടു കാണിച്ച ആന്ധ്യത്തേയും അവഹേളനത്തേയും നിശ്ശേഷം അവഗണിച്ചിട്ട്, നിൻെറ പുരോഗതിയെ പ്രതീക്ഷിച്ചുവാണ പ്രിയപ്പെട്ട പിതാവിനോടുപോലും യാത്രാനുവാദം ചോദിക്കാതെ അദ്ധ്യാമിനിയിങ്കൽ ഏകാന്തമായി മധുരാപുരിക്കു നിർവ്വിശങ്കം പുറപ്പെട്ടുവല്ലോ? ബന്ധുമിത്രങ്ങൾ നിശ്ശേഷമില്ലാത്ത ആ മധുരയിൽവെച്ച് നിൻെറ പ്രേമഭാജനമായ ജീവനാഥൻ പാണ്ഡ്യരാജാജ്ഞയാൽ അചിരേണ വധിക്കപ്പെടുകയും തന്നിമിത്തം നീ ചിരവിരഹിണിയായ വിധവയായിത്തീരുകയും ചെയ്തു. അല്ലയോ എൻെറ വാത്സല്യഭാജനമായ മകളെ! ഇതാണോ അഭിജാതയായ

ന്റെ ദുർവ്വിധിവിപാകം എന്നുപറഞ്ഞിട്ട് ഏററവും അ ഭിക്രന്ദനംചെയ്തു.

ഉടനെ രണ്ടാംബാലിക:—"ഉച്ചത്തിൽ വാവിട്ടലറി ക്കൊണ്ടു" അയ്യോ! ഞാൻ പെററുപോററിയ എന്റെ ഓമനക്കുട്ടാ! നീ നിന്റെ സൽഗ്ഗുണവതിയായ പ്രിയഭാമി നിയെ നിശ്ശേഷം മറന്നു കേവലം കാമാന്ധയായ ഒരു വന്ധ കിയിൽ അനുരക്തനായി ചിരകാലം അന്ധംകരണമായി കാലയാപനംചെയ്തു. പിന്നീട് എന്തോ ദൈവീംഗതിയാൽ അവളിൽ വിരക്തനായി തിരിച്ചു നാട്ടിലേക്കു പോരുകയും ചെയ്തു. എന്നാൽ അവിടെ പോന്നതിനുശേഷവും നിന്റെ വന്ദ്യഗുരുക്കന്മാരായ ഞങ്ങളെ കാണുകയോ വയോവൃദ്ധന്മാ രും അനന്യശരണരുമായ ഞങ്ങളോടു യാതൊന്നുംതന്നെ പറയുകയോ ചെയ്യാതെ കേവലം അനഭിജ്ഞനെന്നപോ ലെ ദുർദൈവാഭിനിയോഗത്താൽ നട്ടനിശിയിങ്കൽ ഗുണ വ തിയും പുണ്യശ്ലോകയുമായ നിന്റെ പ്രിയകുലപാലികയു മൊന്നിച്ചു മധുരയിലേക്കു പ്രയാണംചെയ്യുകയും ചെയ്തു. അവിടെ ചെന്നിട്ടു നിനക്ക് എന്താണു ലബ്ധമായതു്? ഒരു നൃശംസനായ കലാദന്റെ ദുഷ്പ്രേരണയ്ക്കു വശംവദനായി പാണ്ഡ്യരാജാവിനാൽ അചിരേണ ഒരു മോഷ്ടാവാണെന്നു കുററംചുമത്തപ്പെട്ടു് അവന്റെ ഘാതുകന്മാരായ പടയാളി കളാൽ അവിടെവെച്ചു് നിഷ്ക്കരുണംവെട്ടി വീഴ്ത്തപ്പെട്ടു. ഞാൻ അതീതജന്മങ്ങളിൽ ആർജ്ജിച്ച അതുലമായ അഘ കർമ്മങ്ങളുടെ ഫലമാണു് ഇതെല്ലാം എന്നേ പറവാനുള്ളു. അല്ലയോ എന്റെ പ്രിയപ്പെട്ട പുത്രാ! എന്റെ ശിരോലി

ഖിതം എത്രയും വിസ്മയാവഹംതന്നെയാണ്. നിനക്കു ഇപ്പൊഴെങ്കിലും മാമകസവിധത്തിൽവന്നു എന്നോട് ഒന്നു സംസാരിച്ചുകൂടെന്നുണ്ടോ? ഹാ! പ്രിയതനയാ! നീ എവിടെയാണ് ഒളിച്ചുനില്ക്കുന്നത്? ഞാൻ നിനക്കു യാതൊരപരാധവും ചെയ്തിട്ടില്ലല്ലോ? നിന്നെ എത്ര അരുമയ്ക്കരുമയായി ഞാൻ പോററിവളർത്തി. ഹേ! വത്സാ! ഞാൻ നിൻെറ മാതാവാണല്ലോ. അയ്യോ നീ എന്നെ മറന്നോ എന്നു ക്രമത്തിലധികം പുലമ്പിക്കൊണ്ടുനിന്നു.

മൂന്നാമത്തെ ബാലിക:—

അല്ലയോ അത്യന്തം നീതിമാനായ യുവാവേ! ഭവാനെയും ഭവാൻെറ സദൃശനായായ ആ പ്രിയഭാമിനിയേയും ആ കൌന്തിദേവി എന്നെ ശരണമായി സസന്തോഷം ഏല്പിച്ചു. അന്നുമുതൽ ഞാൻ ഇഷ്ടദമ്പതികളായ നിങ്ങളുടെ അതിസുകുമാരമായ കളേബരകാന്തിയെ അനുദിനം വീക്ഷിച്ച് ആനന്ദതുന്ദിലനായി ആഹാരംപോലുമശിക്കാതെ അനവധി സുഖത്തോടെ ജീവിതം നയിച്ചു. നിങ്ങളുടെ സാന്നിദ്ധ്യം എനിക്കു അഷ്ടൈശ്വര്യലബ്ധിപോലെ അമിതാനന്ദത്തെ പ്രദാനംചെയ്തു. അല്ലയോ വരവർണ്ണിനി! നീ മദീയഭവനത്തിനു സാക്ഷാൽ ലക്ഷ്മിയെന്നപോലെയും മദീയനേത്രങ്ങൾക്കു പീയൂഷധാരയെന്നപോലെയും കാലേന എനിക്കു തോന്നിത്തുടങ്ങി. എൻെറ ജീവിതശേഷം സുചരിത്രരായ നിങ്ങളോടൊന്നിച്ചു കഴിച്ചുകൂട്ടാമെന്നു ഞാൻ അതിവ ആശിച്ചു. ഞാൻ ഏവംവിധങ്ങളായ മനോരാജ്യങ്ങളിൽ നിമഗ്നയായിരിക്കെ ഒരുദിവസം വേഗവതിനദിയിൽ നിരാടാൻ ചെന്നുചേരുകയും അപ്പോൾ നീതിമാ

നായ അങ്ങുന്നു പാണ്ഡ്യരാജാജ്ഞയാൽ കേവലം ചൌരകനാണെന്നു കുററം ചുമത്തപ്പെട്ടു് ഘാതുകന്മാരാൽ നിഷ്കരുണം വെട്ടിവീഴ്ത്തപ്പെട്ടു എന്ന അതിഭൈരവമായ വദന്തി പെട്ടെന്നു കേൾക്കാനിടയായി. ഉടൻതന്നെ അശനിയേററതുപോലെ ഞാൻ അവിടെത്തന്നെ ബോധരഹിതയായി നിലംപതിക്കുകയും ചെയ്തു. ഉണൎന്നപ്പോൾ ഇതു് എൻെറ ചിത്തഭ്രാന്തിയാണോ അഥവാ ദിവാസ്വപ്നമോ എന്നു പരിചിന്തനം ചെയ്തുനോക്കി. അന്വേഷിച്ചപ്പോൾ കാൎയ്യം വാസ്തവമാണെന്നറിവുകിട്ടുകയാൽ അത്യധികം ദഗ്ദ്ധമാനസയായി അവിടെക്കിടന്നു ആക്രന്ദനം ചെയ്തു. ഒടുവിൽ ഒരുവിധം സമാധാനത്തോടുകൂടി എൻെറ ദേവീ! നിന്നെ വന്നു കണ്ടപ്പോഴേക്കും എൻെറ മനക്ലേശം പത്തിരട്ടിച്ചു. അവിടെ നടന്നതായ സംഭവങ്ങൾ ഇപ്പോഴെനിക്കു വിചാരിക്കാനോ നിൎവചിക്കാനോ ഒട്ടുംതന്നെ വഹിയാ. അല്ലയോ എൻെറ ഓമനക്കുഞ്ഞേ! നീ എവിടെ ഓടിപ്പോയപ്പനെ. എൻെറ ഗുരുഭൂതയും പരമപവിത്രയുമായ ആ സന്യാസിനി എന്നോടു വന്നു നിന്നെ തിരിയെ കാണണമെന്നു ചോദിച്ചാൽ ഞാൻ അവരോടു് എന്തുസമാധാനമാണു പറയേണ്ടതു്. എന്നിങ്ങനെ പലവിധത്തിൽ പരിദേവനം ചെയ്തുതുടങ്ങി.

കേവലം സാധുക്കളായ ആ കുമാരികൾ പറഞ്ഞ പൂൎവ്വവൃത്തങ്ങളെ സശ്രദ്ധം ആകൎണ്ണനംചെയ്തുവന്നായ ചേരഭൂപതി ഏററവും ആശ്ചൎയ്യഭരിതനാവുകയും മാടലനെ സാകൂതം ഒന്നു വീക്ഷിക്കയും ചെയ്തു. രാജവീക്ഷണോദ്ദേശം മനസ്സിലാക്കിയ മാടലൻ ഉടൻതന്നെ അദ്ദേഹത്തെ അഭ്യുപഗമിച്ചിട്ടു് ആ പൊന്നു തിരുമേനിയോടായി സവിനയം ഇപ്രകാരമുണൎത്തിച്ചു.

"അല്ലയോ മഹാരാജവര്യ്യാ! ആദ്യത്തെ ബാലിക അതീതജന്മത്തിൽ കണ്ണകിയുടെ പ്രിയമാതാവും, രണ്ടാമത്തേവൾ കോവലൻെറ ജനനിയും, മൂന്നാമത്തേവൾ മധുരയിൽവെച്ചു കൌന്തിയടികൾ കോവലനെയും കണ്ണകിയേയും ശരണമായി ഏല്പിച്ചിരുന്ന മാതരിയെന്ന ഗോപവനിതയുമാണ്. ഇവർ മൂവരും നമ്മുടെ വീരപത്നിയോടും അവരുടെ പ്രിയകമിതാവായിരുന്ന കോവലനോടും അതിരററ വാത്സല്യാതിരേകത്തോടു കൂടിയവരുമാണ്. ഇവർ കോവലൻെറ അതിദാരുണമായ മരണവൃത്താന്തത്തെ ശ്രവിച്ചുടൻ അവനോടുള്ള അത്യധികസ്നേഹപാരവശ്യം നിമിത്തം ആത്മഹത്യചെയ്തു സ്വന്തം ജീവനെ ഉപേക്ഷിച്ചു. അവരുടെ മരണാന്ത്യകാലത്തിലെ അഭിലാഷപ്രകാരം ആ പരിശുദ്ധകൾ ഇതാ ഇവിടെ കണ്ണകീദേവിയുടെ സവിധത്തിൽ തന്നെ ജാതകളായിരിക്കുന്നു. കോവലൻെറയും കണ്ണകിയുടെയും പരമപവിത്രകളായ ജനയിത്രിമാർ അവരുടെ മക്കളിൽ അതിരുകവിഞ്ഞ അഭിനിവേശം വച്ചിട്ടുള്ളതുകൊണ്ടു് ആ ആശാബന്ധത്താൽ മോക്ഷസുഖം അനുഭവിച്ചില്ലെന്നു മാത്രമല്ല, വീണ്ടും മനുഷ്യജന്മമെടുക്കേണ്ടതായും വന്നു. തന്നിമിത്തം അവർ രണ്ടുപേരും ഈ വഞ്ചിനഗരത്തിലുള്ള അരത്തനെന്ന ചെട്ടിയുടെ ഇരട്ടപ്പെൺ സന്താനങ്ങളായ് ജനിച്ചിരിയ്ക്കുകയാണ്. മാതരിയെന്നവൾ കോവലനോടും കണ്ണകിയോടും നിഷ്കാരുണമായ് ഫലേച്ഛകൂടാതെ അമിതമായ സ്നേഹാധിക്യം കാണിച്ചു്, തന്നിമിത്തം അവൻെറ അപ്രാപ്യനിര്യ്യാണത്തിൽ അത്യധികമനക്ലാന്തിയോടു കൂടി ധർമ്മൈകപരമായി ജീവത്യാഗം ചെയ്തതിനാൽ അവൾ ഇപ്പോൾ അതിശ്രേഷ്ഠമായ വിഷ്ണുഭക്തിയോടുകൂടി ആടകമാടത്തിൽ ശേഷകുടുംബിയെന്ന ഒരു ധനികനായ അന്തണ

ൻെറ പുത്രിയായും അവൻെറ കുലമണിയായും ജാതയായിരിക്കയാണു്. അല്ലയോ മഹാരാജവര്യാ! ഈ മനുഷ്യർ ഓരോരുത്തരും താന്താങ്ങളുടെ പൂർവജന്മങ്ങളിൽ അനുഷ്ഠിച്ച പാപപുണ്യകർമ്മങ്ങളുടെ ഫലമനുസരിച്ചു് ഈ ജന്മത്തിൽ നാനാവിധങ്ങളായ കർമ്മഫലങ്ങളെ ഭുജിക്കുകയും അതിനനുസരിച്ചു് ജന്മം എടുക്കുകയും ചെയ്യുന്നു, എന്നുള്ളതത്വം നമുക്കു് ഈ വീരപത്നീചരിത്രംകൊണ്ടു നല്ലതിന്മണ്ണം മനസ്സിലാകുന്നുണ്ടു്. അന്തിമകാലത്തിലെ ആശയ്യനുസരിച്ചാണു നമുക്കു പുനർ ജന്മലബ്ധിയുണ്ടാകുന്നതെന്നുള്ളതു് ഇതിൽനിന്നും നിശ്ചിതമാകുന്നു. ഹേ! ചേരരാജശിഖാമണേ! അവിടുന്നു മഹാഭാഗ്യവാൻ തന്നെയാണു്. ദുർലഭങ്ങളായ അനവധിസുഖഭോഗങ്ങളെ അനുഭവിച്ചു് സ്വപ്നത്തിൽക്കൂടിയും വേദ്യമാകാത്ത എത്രയോ വിശേഷതരമായ വിചിത്രദർശനത്തേയും അവിടുന്നു തൃക്കൺപാർത്തു. ഒരിക്കലും ഗ്രഹിക്കാൻ സാധിക്കാത്തതായ പരമതത്വജ്ഞാനങ്ങളെയും ജീവിതരഹസ്യങ്ങളെയും അവിടുന്നു അനായാസേനഗ്രഹിച്ചു്, ആററുമണലിനേക്കാൾ അത്യധികവും ആകാശമീനങ്ങളെക്കാൾ അതിബഹുലവും ആയ ആയുഷ്ശതങ്ങളോടുക്കൂടി അവിടുന്നു നിണാൾ ഈ ഭൂമണ്ഡലത്തെ ആണ്ടുവാണാലും എന്നു വാഴ്ത്തിപ്പറഞ്ഞു.

തദനന്തരം മഹാപ്രാജ്ഞനായ ആ മഹാരാജാവു് മാടലമഹീദേവനെ വേണ്ടവിധം അഭിനന്ദിച്ച ശേഷം തൻെറ കുചാഗ്രംകൊണ്ടു് പാണ്ഡ്യനഗരത്തെ ഭസ്മീകരിച്ച ആ ദ്യോതമാനഗാത്രിയായ കണ്ണകീദേവിയുടെ പുണ്യക്ഷേത്രത്തിനു മുഖമണ്ഡപാദി വിചിത്രപ്പണികൾ അതിചാതുയ്യമായി പണിയിക്കയും നിത്യോത്സവവും പൂജോപചാരങ്ങളും യഥാവി

ധി നടത്തുവാൻ വേണ്ട ഏർപ്പാടു ചെയ്കയും ചെയ്തു. അതു ന ടത്തുന്നതിലേക്ക് ആ ദേവിയുടെ പ്രിയതോഴിയായ ദേവന്തി യെത്തന്നെ ഭരമേൽപ്പിച്ചു. അനന്തരം അദ്ദേഹം ആ പരമ പവിത്രയായ ദേവിയെ മൂന്നുരു വലംവെച്ച് തൊഴുകയും സാ ഷ്ടാംഗനമസ്കൃതി ചെയ്കയും ചെയ്തശേഷം ആ ദേവിയുടെ സന്നിധാനത്തിൽ തന്നെ പരമ വിനീതനായി നതശിരസ്ക നായി കൂപ്പിനിന്നു. അപ്പോൾ അദ്ദേഹത്തിന്റെ കൂടെ ബന്ധവിമുക്തന്മാരായ ആര്യരാജാക്കന്മാരും പല സാമാന്ത രാജാക്കന്മാരും കുടക്, കൊങ്കണം, മാളവം, ആന്ധ്രം മുത ലായ ദേശങ്ങളിലെ അരചവരന്മാരും സിംഹളരാജാവായ ഗജബാഹുവും വന്നുനിന്നു. അവർ ദേവിയെ തൊഴുതിട്ട് ഞങ്ങളുടെ ചക്രവർത്തിയെപ്പോലെ ഞങ്ങളും അവിടെത്തെ പ്രതിഷ്ഠിച്ചു പൂജിക്കാൻ അത്യാഗ്രഹിക്കുന്നു. അവിടത്തെ സാന്നിധ്യം ഉണ്ടായി ഞങ്ങളെ അനുഗ്രഹിക്കേണമേ!'' എ ന്നു പ്രാർത്ഥിച്ചു.

ഉടനെ ആലയാന്തർഭാഗത്തിൽ നിന്നും "നിങ്ങളുടെ അഭീഷ്ടപ്രകാരം ഞാൻ ഇതാ വരം തന്നിരിക്കുന്നു" എന്നു ആത്യുച്ചത്തിൽ അശരീരിവാക്കു കേട്ടുതുടങ്ങി. അതുകേട്ട് ചെങ്കുട്ടവനും മററു മഹീപാലന്മാരും മഹത്തായ കൃതാർത്ഥ തയെ പ്രാപിച്ചു. അവർ ദേവിയെ അത്യന്തഭക്തിപുരസ്സ രം വണങ്ങി. ചെങ്കുട്ടവൻ അപ്പോൾ അവിടെ കൂടിയിരുന്ന സാമന്തന്മാരോടും മാടലബ്രാഹ്മണനോടും കൂടി ദേവിയോടു വിടയും വാങ്ങിച്ചിട്ട്, അരമനയിലേക്കാഗതനായി. ആ പൊ ന്നു തിരുമേനി തന്റെ സാമന്തന്മാരോട് നിഷ്കൃഷ്ടമായി അ

വർ ഓരോരുത്തരും അവരുടെ സ്വന്തം രാജധാനികളിൽ വീരപത്നിയുടെ ആലയം നിർമ്മിച്ച് വേണ്ട ആഡംബരാദികൾ നടത്തണമെന്ന ഏർപ്പാടു ചെയ്കയും ചെയ്തു. എന്നിട്ട് അവരെ വേണ്ട സമ്മാനാദികൾ കൊടുത്തു സസന്തോഷം യാത്ര അയക്കുകയും ചെയ്തു. അനന്തരം ഇളങ്കോവടികൾ കണ്ണകിയുടെ ആലയത്തിലേക്കു ചെല്ലുകയും ആ സമയം ദേവി പൂർവ്വൽ ദേവന്തിയിൽ ആവസിതയായി ആ സന്യാസിവര്യനോട്ട് അദ്ദേഹത്തിൻെറ പുരാവൃത്തം മുഴുവനും പറഞ്ഞുകേൾപ്പിച്ചനുഗ്രഹിക്കയും ചെയ്തു. ഈ ക്ഷേത്രം ഇപ്പോൾ കൊടുങ്ങല്ലൂർ എന്ന സ്ഥലത്ത് അതിപ്രശസ്തിപൂർവ്വകം സ്ഥിതിചെയ്യുന്നുണ്ട്. കന്യാകുമാരി ക്ഷേത്രവും ദേവിയുടെ സ്മാരകാർത്ഥം അന്നത്തെ വേണാട്ടു ഭരണക്കാരനും ചേരചക്രവർത്തിയുടെ സാമന്തനും ആയ രാജവര്യനാൽ പണിയിക്കപ്പെട്ടതായിരിക്കണം. സിംഹളദ്വീപിൽ ഉണ്ടായിരുന്നതും ഗജബാഹുവിനാൽ പ്രതിഷ്ഠിക്കപ്പെട്ടതുമായ ദേവിവിഗ്രഹം അദ്യാപി ലണ്ടൻനഗരത്തിലെ കാഴ്ചബംഗ്ലാവിൽ പ്രത്യേകം സൂക്ഷിച്ചുവച്ചിരിക്കുന്നു.

# അദ്ധ്യായം ൧൧.

---

## ചേരസാമ്രാജ്യവും അതിന്റെ ഭരണവും.

പുണ്യക്ഷേത്രമായ ഈ ഭാരതഖണ്ഡത്തിലുള്ള പുരാതനരാജ്യങ്ങളിൽ ചേരചോളപാണ്ഡ്യരാജ്യങ്ങൾ ഈ ദക്ഷിണാപഥത്തിൽ പ്രശോഭിച്ചിരുന്ന മുഖ്യദേശങ്ങളാണ് എന്നുള്ളതു് സകലരും അറിഞ്ഞ ഒരു സംഗതിയാണല്ലോ? ഈ രാജ്യങ്ങളെ ആദ്യമായി സ്ഥാപിച്ച മഹാന്മാരാരാണ് എന്നുള്ളതിനെപ്പററി ഇതുവരെ ശരിയായ അറിവുകളൊന്നും ലഭിച്ചിട്ടില്ല. വാത്മീകിരാമായണം പോലെയുള്ള പുരാതന സംസ്കൃതകാവ്യങ്ങളിലും അശോകചക്രവത്തിയുടേതുപോലെയുള്ള പ്രാചീനശിലാലിഖിതങ്ങളിലും ഈ മൂന്നു ദേശങ്ങളെപ്പററിയും ഗൗരവമായ പ്രസ്താവനകൾ കേട്ടുവരുന്നുണ്ടു്. ചുരുക്കത്തിൽ പറയുന്നതായാൽ ഈ മൂന്നു രാജവംശങ്ങളും സൃഷ്ടികാലംതുടങ്ങി നിലനിന്നിരുന്നുവെന്നുതന്നെ പറയാം. ഈ രാജാക്കന്മാരുടെ രാജ്യഭരണകാലത്തിങ്കൽ ഉൾപ്പെട്ട ഭൂഭാഗം മുഴുവനും ഇന്നേയ്ക്കു ഏകദേശം 5600 വഷങ്ങൾക്കു മുമ്പിൽ വടക്കു വെങ്കിടഗിരി മുതൽ കന്യാകുമാരിക്കു തെക്കു ഉദ്ദേശം 49 മൈൽ ദൂരംവരെ വ്യാപിച്ചിരുന്നതായി തൊൽകാപ്യം എന്ന തമിഴ് ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ടു്. ഈ പ്രദേശത്തെ അന്നു തമിഴകം (ദ്രമിളം) എന്നു പറഞ്ഞുപോന്നു. കന്യാകുമാരിക്കു ദക്ഷിണഭാഗത്തു ഏഴു വമ്പിച്ച പ്രത്യേകദേശങ്ങൾ ഇരുന്നതായി മുൻപറഞ്ഞ ഗ്രന്ഥത്തിൽനിന്നുതന്നെ നാം അറിയുന്നുണ്ടു്. എന്നാൽ ഏകദേശം കലിവഷാരംഭത്തോടുകൂടി ഗംഭീരമായ കടൽക്ഷോഭത്താൽ അവ സമുദ്രത്തിൽ നിമഗ്നമായിപ്പോയി.

ഈ പ്രദേശത്തിൽ അന്നു കുമരിയാറ് പറുളിയാറ് എന്നു രണ്ടു പ്രസിദ്ധനദികളും കുമരിക്കോട്ട് എന്നൊരു മലയും ഉണ്ടായിരുന്നതായി മേൽപടി ഗ്രന്ഥത്തിൽ എന്നുതന്നെയല്ല ചിലപ്പതികാരത്തിലും പ്രതിപാദിച്ചിട്ടുണ്ട്.

ഇപ്രകാരം വളരെ പഴമയും പെരുമയും പ്രാപിച്ചിരുന്ന ചേരചോളപാണ്ഡ്യരാജ്യങ്ങളെ അതിപ്രസിദ്ധന്മാരായ രാജാക്കന്മാർ വളരെ പുരാതനകാലംമുതൽ ആണ്ടുവന്നിരുന്നു. അവരിൽ സർവ്വഥാ പ്രഥമസ്ഥാനത്തെ അർഹിച്ചിരുന്നതു ചേരരാജാക്കന്മാരായിരുന്നു. അവരെ അന്നു ചേരലർ എന്നു തമിഴിലും കേരളർ എന്നു സംസ്കൃതത്തിലും വിളിച്ചുവന്നിരുന്നു.

ചേരവംശത്തിന്റെ ആദ്യുൽപ്പത്തി ഏതുവംശത്തിൽനിന്നാണെന്നുകൂടി അറിവാൻ വളരെ പ്രയാസമാണ്. എങ്കിലും ചോളരാജാക്കന്മാരെ സൂർയ്യവംശജരായും പാണ്ഡ്യരാജാക്കന്മാരെ ചന്ദ്രവംശജരായും മണിമേഖലയിലും ചിലപ്പതികാരത്തിലും യഥാക്രമം പ്രതിപാദിച്ചുകാണുന്നുണ്ട്. പ്രാചീനദ്രാവിഡഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ ചേരവംശരാജാക്കന്മാർ ഇന്നവംശജരാണെന്നു പറയുന്ന ഗ്രന്ഥങ്ങൾ ഇതേവരെ കണ്ടുകിട്ടീട്ടില്ല. ഇവരെ ചിലർ അഗ്നികുലജാതന്മാരാണെന്നും പറയുന്നുണ്ട്. എന്നാൽ അതിലേക്കുള്ള ശരിയായ ആധാരങ്ങൾ നമുക്ക് ഇതേവരെ ലഭ്യമായിട്ടില്ല. അവരെ വാനവർ എന്നപേരാൽ പണ്ടത്തെ തമിഴ്ഗ്രന്ഥങ്ങളിലും നിഘണ്ടുക്കളിലും ഘോഷിച്ചുപോരുന്നുണ്ട്. അതുകൊണ്ട് ഈ വംശം ആദിയിൽ ദൈവസംബന്ധമായ ഏതോ ഒരു വംശത്തിൽനിന്നു

ഉത്ഭൂതമായതാണെന്നു തെളിയുന്നു. അതു പുരാണപ്രസിദ്ധനായ മഹാബലിചക്രവൎത്തിയുടെ വംശമായിരിക്കണം എന്നാണു പിന്നീടുകിട്ടിയ അറിവിൽനിന്നും നാം മനസ്സിലാക്കുന്നതു്. ചോളപാണ്ഡ്യരാജവംശങ്ങളുടെ ഉത്ഭവത്തെ പററി വിശദമായി പറഞ്ഞുപോന്ന പുരാതനതമിഴ്ഗ്രന്ഥങ്ങൾ ചേരവംശത്തിൻെറ ഉത്ഭവത്തെ അറിയാതെ വിട്ടൊഴിഞ്ഞതിനെ നോക്കുമ്പോൾ ആ വംശം മററു രണ്ടു വംശങ്ങളെക്കാളും എത്രയോ പുരാതനങ്ങളാണെന്നു വിചാരിക്കാനെ തരമുള്ളൂ. ഇതിനെ ബലപ്പെടുത്തുവാൻ വേറെ ഒരു സംഗതികൂടിയുള്ളതു് ഇവിടെ പ്രതിപാദിച്ചുകൊള്ളാം. അതായതു് സംഭാഷണഭാഷയിലുള്ള ചേരചോള പാണ്ഡ്യനെന്ന പദസമുച്ചയങ്ങളിൽ ചേരനാമധേയത്തെയാണു് അവർ ആദ്യം പറഞ്ഞുകാണുന്നതു്. പുറനാന്തരു്, തൊൽകാപ്യം ചെറുപാണാററുപട മുതലായ ഗ്രന്ഥങ്ങളിലും മുൻപറഞ്ഞ മൂന്നു രാജാക്കന്മാരുടെയും പ്രസ്താവനയിങ്കൽ ചേരരാജാക്കന്മാരുടെ കാൎയ്യത്തെ ആദ്യമായി എടുത്തുപറഞ്ഞുകാണുന്നു. ആദികാവ്യമായ വാൽമീകിരാമായണം കിഷ്കിന്ധാകാണ്ഡത്തിൽ സുഗ്രീവൻ സീതാദേവിയെ അന്വേഷിക്കുവാൻ വാനരന്മാരോടു നിൎദ്ദേശിക്കുന്ന ഘട്ടത്തിൽ ചേരനാടിനേയും മുരചീപത്തനത്തേയും പ്രത്യേകം പ്രസ്താവിക്കുന്നുണ്ടു്. ഈ പട്ടണം പെരിയാററിൻെറ സംഗമസ്ഥലത്തുള്ള മുച്ചരി എന്നുള്ള പട്ടണമായിരിക്കണം. ഇതു അന്നു ഒരു വലിയതുറമുഖമായും ചേരരാജ്യതലസ്ഥാനനഗരമായും യവനകപ്പലുകൾ വന്നിറങ്ങി നല്ലമുളകു് സുഗന്ധദ്രവ്യങ്ങൾ ഇവ കച്ചവടം ചെയ്തുവന്ന ഒരു വലിയ കച്ചവടസ്ഥലമായിരുന്ന

ത്തായും പ്രാചീനദ്രാവിഡഗ്രന്ഥങ്ങളിലും യവനസഞ്ചാരികളായ ടാളമി, പ്ലിനി, പെരിപ്ലസ് ഇവരുടെ കുറിപ്പുകളിൽനിന്നും നാം അറിയുന്നുണ്ട്. ഈ നഗരത്തിനാണു പിന്നീടു തിരുവഞ്ചിക്കുളമെന്ന അഭിധാനമുണ്ടായതു്. ഇവക്കുടാതെ ഉത്തരഭാരതത്തിൽ കുരുപാണ്ഡവന്മാക്തമ്മിൽ നടന്ന കടുംപോരിൽ ഉദയൻചേരൻ എന്നചേരരാജാവു പക്ഷപ്രതിപക്ഷഭാഗങ്ങളിലുമുള്ള സൈന്യാവലികൾക്കു വേണ്ട ആഹാരം കൊടുത്തതായി അകനാന്നൂറു്, ചിലപ്പതികാരം എന്നീ തമിഴ്ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. ഏ. ഡി. 200-ൽ ജീവിച്ചിരുന്ന മാമൂലനാർ എന്ന മഹാകവിയാണു അകനാന്നൂറിൽ ഈ സംഗതിയെപ്പററി പ്രതിപാദിച്ചിട്ടുള്ളതു്. 2500 വഷങ്ങൾക്കു മുമ്പു് രാജ്യംവാണിരുന്ന അശോകചക്രവത്തിയുടെ ശാസനങ്ങളിലും ശിലാലേഖനങ്ങളിലും ചേരരാജാക്കന്മാരെപ്പററി പ്രത്യേകം പ്രതിപാദിച്ചുകാണുന്നുണ്ടു്. വിശേഷിച്ചും പതിററുപ്പത്തു എന്ന ചെന്തമിഴ് കാവ്യത്തിൽ പത്തു ചേരരാജാക്കന്മാരെപ്പററി പത്തു കവിവരന്മാർ പുകഴ്ത്തി പാടിയിരിക്കുന്നതായും അറിയുന്നുണ്ടു്.

ഇത്രയും പറഞ്ഞതിൽനിന്നും കേരളത്തിൻെറ പുരാതനത്വവും കീത്തിപ്രചുരിമയും എത്രത്തോളമുണ്ടെന്നു നാം നല്ലവണ്ണം മനസ്സിലാക്കുന്നുണ്ടു്. എന്നാൽ ഇത്ര പ്രസിദ്ധിയോടുകൂടി നിലനിന്നിരുന്ന ഒരു പുരാതനസാമ്രാജ്യം ഇന്നു ചരിത്രകോടിയിൽനിന്നും തിരോധാനം ചെയ്തതിനെപ്പററി അത്യധികം മനസ്താപിക്കാതിരിക്കാൻ തരമില്ല. ഈ സാമ്രാജ്യത്തെ കലിവഷാരംഭത്തിനുമുമ്പിൽ ആദിചേര

രാജാക്കന്മാരും അതിൽപിന്നീട്ട് ആ വംശത്തിൽ ഉൾപ്പെട്ട ഉദയൻചേരൻ ഹിമയവരമ്പൻ മുതലായ രാജാക്കന്മാരും ഭരിച്ചുപോന്നിരുന്നു. ഇതിനിടയ്ക്കു ക്രിസ്തുവർഷം ആരംഭിക്കുന്നതിനു ഇരുന്നൂറുകൊല്ലങ്ങൾക്കുമുമ്പിൽ ഒരു വലിയ കടൽക്ഷോഭമുണ്ടാകയും ചേരനാട്ടിൽ പശ്ചിമപർവ്വതത്തിനു പടിഞ്ഞാറുള്ളഭാഗം മുഴുവനും സമുദ്രത്തിലാണ്ടുപോകയും ചെയ്തു. എന്നാലും ഏറെത്താമസിയാതെ ആ സ്ഥലത്തുനിന്നും കടൽ നീങ്ങുകയും അതു പൂർവവൽകരയാകുകയും ചെയ്തു. ഈ കാലത്താണ് ആര്യന്മാർ കേരളത്തിൽ കുടികയറിപാർത്തുതുടങ്ങിയതും സമുദായഭരണം അവിടെനടപ്പിലാക്കിയതും. എന്നാൽ ആ ഭരണം കലി 2988 (B. C. 113) വരെ നിലനിന്നിരുന്നു. തദനന്തരം സമുദായഭരണം അവസാനിക്കുകയും ആദിചേരവംശജന്മാരായ രാജാക്കന്മാർ വീണ്ടും ചേരരാജ്യത്തിൽ ഭരണമാരംഭിക്കുകയും ചെയ്തു. ഇവരിൽ ആദ്യത്തെരാജാവ് ഉദയൻബാണനും പിന്നീട്ട് അദ്ദേഹത്തെ തുടൎന്നു മുപ്പത്താറു രാജാക്കന്മാരും രാജ്യംഭരിച്ചു. ഇവരിൽ നമ്മുടെ ചെങ്കുട്ടവചക്രവൎത്തി പതിമ്മൂന്നാമത്തവനായിരുന്നു. ഒടുവിലത്തെ ചേരചക്രവൎത്തി ഭാസ്കരരവിവൎമ്മൻ എന്ന ചേരമാൻ പെരുമാളാണ്. ഇദ്ദേഹത്തെ ചേരമാൻപെരുമാൾ എന്നു തമിഴ്ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചുകാണുന്നു. ഇദ്ദേഹം തമിഴിലും സംസ്കൃതത്തിലും ഒന്നുപോലെ പാണ്ഡിത്യമുണ്ടായിരുന്ന ഒരു വരകവിയും ശിവഭക്തനുമായിരുന്നു. ഇദ്ദേഹം ഒടുവിൽ സന്യാസം സ്വീകരിച്ചുവെന്നാണ് അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽനിന്നും നാം അറിയുന്നതു്. ഇദ്ദേഹത്തെക്കൂടാതെ ക്രിസ്തുവ

ഷം ആറാംശതകത്തിൽ കുലശേഖരപ്പെരുമാൾ എന്നൊരു ചേരചക്രവത്തി ചേരനാട്ടിനെ ഭരിച്ചുവന്നിരുന്നു. അദ്ദേഹം ഒരു വലിയ വിഷ്ണുഭക്തനും ഒടുവിൽ സന്ന്യാസം സ്വീകരിച്ച ഒരു ശ്രേഷ്ഠരാജഷിയുമാണ്. ഇദ്ദേഹവും സംസ്കൃതത്തിലും തമിഴിലും ഒന്നുപോലെ മഹാവ്യുൽപ്പന്നനായിരുന്നു. ചെങ്കുട്ടുവചക്രവത്തി കലി 3230 ന്ന ശരിയായ ക്രിസ്തുവഷം 129-ൽ ചേരചക്രവത്തിയായി. ഇദ്ദേഹം 35 സംവത്സരം ഉൽകൃഷ്ടമായ നിലയിൽ രാജ്യഭാരം ചെയ്തതിനുശേഷം കലി 3266-ൽ അൻപത്താറാമത്തെ തിരുവയസ്സിൽ പരലോകപ്രാപ്തനായി.

ചെങ്കുട്ടുവചക്രവത്തിയും അദ്ദേഹത്തിൻെറ സമകാലീനന്മാരായ ചോളപാണ്ഡ്യരാജാക്കന്മാരും രാജധർമ്മത്തിൽ ഒട്ടുമേ വ്യതിചലിക്കാത്ത ഉത്തമരാജകേസരികളായും സ്വകത്തവ്യധർമ്മത്തെ സ്വജീവനെക്കാളും ഉപരിയായി കരുതിവന്നിരുന്നവരുമായിരുന്നു. സ്വന്തം നീതിനിഷ്ഠയിങ്കൽ അല്പമെങ്കിലും വ്യതിയാനമുണ്ടായെന്നു അവക്കു ആത്മബോധം വന്നാൽ ഉടനടി അവർ സ്വജീവനെ ബലികഴിച്ചെങ്കിലും ആത്മാഭിമാനത്തെ സംരക്ഷിച്ചുപോന്നു. ഇതിലേക്കു പാണ്ഡ്യരാജാവായ നെടുംചെഴിയൻതന്നെ ഒരു ഉത്തമസാക്ഷിയാണു്. കേവലം വഞ്ചകനും നൃശംസനുമായ ഒരു കലാദൻെറ കുസൃതിവചനങ്ങളെ വിശ്വസിച്ചു് കോവലനെ ദാരുണമായി നിബഹണം ചെയ്തതു് തീരെ പ്രമാദമായിപ്പോയെന്നുണർന്നപ്പോൾ തന്നെ ആ മഹാരാജാവു്:—

(മഞ്ജരി)

പൊൻപണി ചെയ്യുന്ന വൻചതിയൻ തന്റെ
ദുർമ്മതികേട്ട ഞാനാണോ മന്നൻ?
ഞാൻതന്നെ മന്നിങ്കൽ ചൌരകൻ നിർണ്ണയം
ഊനമതിനില്ല മാലോകരേ!
മന്നിനെ കാക്കുന്ന മന്നനെൻ ചെങ്കോലും
ഇന്നിതുമൂലം വളഞ്ഞുമുററം.
എൻമൂലം പാണ്ടിയർവംശം പഴിയേന്തി
എന്തിനിയെൻജീവൻകൊണ്ടുഫലം

(ചിലപ്പതികാരം)

"എന്നു തന്നത്താനെ നിർഭത്സനം ചെയ്തിട്ടു പെട്ടെന്നു സ്വന്തം ഭദ്രാസനത്തിൽ നിന്നും വ്യാമോഹിതനായിമറിഞ്ഞുവീണു അകാലനിര്യാണത്തെ പ്രാപിച്ചു. പാണ്ഡ്യമഹാരാജാവു് നിജരാജകീയനിഷ്ഠയ്ക്കു് അല്പം പോലും ഭംഗം വരുത്താതെ രാജ്യഭരണം നടത്തിയവനാണെന്നുള്ളതിനു ഈ പ്രവൃത്തി ഒരു മഹത്തായ ദൃഷ്ടാന്തമാണു് ഈ ദ്രുശന്മാരായ ദ്രാവിഡരാജാക്കന്മാർ സ്വപ്രജാവലികളുടെ നന്മതിന്മകളെതാന്താങ്ങളുടേതുപോലെ കരുതിയും അവക്കു് യാതൊരു വിധമായ ഇടരിനും ഇടവരുത്താതെയും അവക്കു സംഭവിക്കാവുന്ന ക്ലിഷ്ടതകളെ അപ്പോഴപ്പോൾ നിവാരണം ചെയ്തും ഏററവും നീതിനിഷ്ഠയോടും കാര്യക്ഷമമോടും രാജ്യം ഭരിച്ചുപോന്നു. പ്രജകളെ ക്ലേശഭരിതരാക്കി രാജ്യം ഭരിക്കുന്നതിനെക്കാളും ദുർഭരണം മററൊന്നും തന്നെയില്ലാ എന്നു

ള്ള വസ്തുത അന്നത്തെ ദ്രാവിഡരാജാക്കന്മാർ അതിമാത്രം ധരിച്ചിരുന്നു. അവർ ഓരോരുത്തരും താന്താങ്ങളുടെ ഭാരവാഹിത്വവും ഇതികർത്തവ്യതയും നന്നായ് അറിഞ്ഞവരുമായിരുന്നു. ഉദാഹരണമായി ചേരൻ ചെങ്കുട്ടുവൻ വീരപത്നിയുടെ പുരാവൃത്തത്തെ തന്നോടുപറഞ്ഞു കേൾപ്പിച്ച ചാത്തനെന്നാകവി പുംഗവനെ നോക്കി "ഹേ! മഹാകവേ! പാണ്ഡ്യമന്നവൻ തന്റെ ചെങ്കോലിനു വ്യതിചലനം സംഭവിച്ചു എന്നു അറിഞ്ഞമാത്രയിൽ ആ സംഗതി തത്താദൃശന്മാരായ രാജാക്കന്മാരുടെ കർണ്ണപുടങ്ങളിൽ എത്തുന്നതിനു മുമ്പായി സ്വന്തം ജീവനെത്യജിച്ചു് മാനം നേടി, നിമിഷമാത്രംകൊണ്ടു് യശശ്ശരീരനായിത്തീർന്നു. ഈ കൃത്യംമൂലം അദ്ദേഹത്തിന്റെ രുഗ്നമായ രാജദണ്ഡം പൂർവവൽ അജിഹ്മമായി. ഉത്തമന്മാരായ രാജർഷഭന്മാർക്കു് അവരുടെ നാട്ടിങ്കൽ അതിവൃഷ്ടി, അനാവൃഷ്ടി തുടങ്ങിയ ഈതിദോഷങ്ങൾ ബാധിക്കുമ്പോഴും പ്രജാവലികൾക്കു അകാലമരണമുണ്ടാകുമ്പോഴും അത്യധികം മനക്ലേശം ഉണ്ടാകുന്ന പതിവുണ്ടായിരുന്നു ആന്ധ്യമായും അധർമ്മപരമായുമുള്ള ദുർഭരണത്തിൽ അതിവിരക്തിയോടും ഈശ്വരനെ ഭയന്നും സ്വപ്രജകളുടെ ജീവരക്ഷണത്തിനുവേണ്ടി മാത്രവും ജീവിക്കുന്ന രാജന്യന്മാർക്കു അപ്രകാരമുള്ള സങ്കടങ്ങൾ ഉണ്ടാകുന്നതു അത്യധികവ്യസനഹേതുകമാണെന്നുള്ളതിനു ഒട്ടുംതന്നെ സംശയമില്ല.

ഇതിൽനിന്നും ചെങ്കുട്ടുവ മഹാരാജാവു് സ്വധർമ്മനിഷ്ഠയിൽ എത്രത്തോളം തല്പരനായിരുന്നുവെന്നുള്ളതു നാം നല്ലതിന്മണ്ണം അറിയുന്നുണ്ടു്. ആ മഹാരാജാവിന്റെ രാജ്യഭരണകാലം ഭാരതചരിത്രത്തിൽ ഒരു സുവർണ്ണകാലമായിരുന്നു.

വെന്നു അദ്ദേഹത്തിൻെറ ചരിത്രം ഒരു പ്രാവശ്യമെങ്കിലും വായിക്കുന്ന ഏവനും നിദ്ധാരണം ചെയ്യാവുന്നതാണ്. ഈ മണ്ഡലാധിപൻ ഉത്തരദേശയാത്രയെ ഏറെക്കുറെ മുപ്പത്തിരണ്ടു മാസങ്ങൾ കൊണ്ടു് ചെയ്തവസാനിപ്പിച്ചുവെങ്കിലും ആ കാലങ്ങളിലെല്ലാം ചേരരാജ്യത്തിനുള്ളിൽ ചുമതല വഹിക്കുന്ന രാജാക്കന്മാർ ആരുംതന്നെ ഇല്ലാതിരുന്നിട്ടും അദ്ദേഹത്തിൻെറ രാജ്യാതിർത്തിക്കുള്ളിൽ അത്യധിക സമാധാനവും അക്ഷയശ്രീയും കുടികൊണ്ടിരുന്നുവെന്നു തന്നെ ഊഹിക്കാം. ആ മഹാരാജാവു് ഉത്തരദേശരാജാക്കന്മാരെ ജയിച്ചു് വിജയമാല്യാലംകൃതനായി പ്രത്യാഗമിക്കുന്നുവെന്നുള്ള വിക്രമോദന്തത്തെ ശ്രവിച്ച മാത്രയിൽ തിരുപ്പുറം കാത്തു നിന്നിരുന്ന മലംകുറവർ നാട്ടിൻപുറങ്ങളിലെ അന്തിമവർഗ്ഗത്തിൽപെട്ട കൃഷീവലന്മാർ, ശാദ്വലപ്രദേശങ്ങളിലെ ഗോപാലന്മാർ, സമുദ്രതീരനിവാസികളായ കൈവർത്തന്മാർ ഇവക്കെല്ലാം ഉണ്ടായിരുന്ന ആനന്ദാതിശയത്തെപ്പററി ഇവിടെപ്രത്യേകം വർണ്ണിച്ചിട്ടാവശ്യമില്ല. ചേരചക്രവർത്തി വഞ്ചിമഹാനഗരത്തിൽ പ്രവേശിച്ചപ്പോൾ ആ നാട്ടിലുള്ള ആബാലവൃദ്ധാവധി പുരവാസികൾ അദ്ദേഹത്തെ ഏതുവിധം സൽക്കരിച്ചുവെന്നുള്ളതു് മുമ്പു് പ്രസ്താവിതമാണല്ലോ? ഇതിൽനിന്നും ആ മഹാരാജാവു് സ്വപ്രജകളുടെ ഭക്ത്യാദരങ്ങൾക്കു എത്രത്തോളം അർഹനായിരുന്നുവെന്നുള്ള സംഗതി ഇവിടെ പ്രതിപാദിക്കാതെതന്നെ നമുക്കറിയാവുന്നതാണ്. ആ മഹാനുഭാവൻെറ ശ്രേഷ്ഠതരമായ രാജ്യഭരണത്താലും പ്രജകളുടെ നേർക്കുള്ള അകൈതവമായ സ്നേഹത്താലും അമാനുഷമായ ഗുണപൌരുഷ്കല്യ

ത്താലും മാത്രമാണു് ആ രാജപുംഗവനു പ്രജകൾക്കിടയിൽ ഇത്രത്തോളം പ്രശസ്തമായ ഒരു സ്ഥാനം ലഭ്യമായതെന്നല്ലാതെ അദ്ദേഹത്തിൻെറ ക്രൂരദണ്ഡത്തെ ഭയന്നാണെന്നുള്ളതു് ആക്കും പറയാൻ കഴിയുന്നതല്ല. അദ്ദേഹം വീരപത്നി പ്രതിഷ്ഠയ്ക്കായി ശിലകൊണ്ടുവരാൻവേണ്ടി ഉത്തരദേശത്തിലേക്കു പ്രയാണം ചെയ്തിട്ടു തിരിച്ചെഴുന്നെള്ളാൻ ചിരകാലം വേണ്ടിവന്നെങ്കിലും അദ്ദേഹം ഇല്ലാത്ത കാലത്തിങ്കൽ അദ്ദേഹത്തിൻെറ രാജ്യത്തിൽ വിദേശീയാക്രമണങ്ങളോ പ്രജകൾ തമ്മിലുള്ള അന്തഃഛിദ്രങ്ങളോ നിശ്ശേഷം ഉണ്ടായിട്ടില്ല! അതുകൊണ്ടു അന്യരാജാക്കന്മാർകൂടിയുംഅദ്ദേഹത്തോടു എത്രയും ഭക്ത്യാദരത്തോടും ആശങ്കയോടുംകൂടി പെരുമാറിയിരുന്നുവെന്നും അദ്ദേഹം അവരെ ഏതു പ്രകാരം അടക്കി ഭരിച്ചിരുന്നുവെന്നുമുള്ള സംഗതി നമുക്കു സുവേദ്യമാകുന്നുണ്ടു്. ആ മഹാരാജവയ്യൻ തൻെറ ആയുഷ്കാലം മുഴുവനും ആയോധനത്തിനുവേണ്ടി വ്യയം ചെയ്തതുകൊണ്ടുതന്നെ അദ്ദേഹം അനവധി ഗണ്യങ്ങളായ സമരങ്ങൾ ചെയ്തിരിക്കണമെന്നും ആ സംഗ്രാമങ്ങളൊന്നിലെങ്കിലും അദ്ദേഹത്തിൻെറ വീരാഗ്ര്യന്മാരായ പൃതനാധീശന്മാർ പിന്തിരിഞ്ഞു കാന്ദിശീകന്മാരായി നിഷ്ക്രമിച്ചിട്ടില്ലെന്നും അദ്ദേഹം എന്തെങ്കിലും ആജ്ഞാപിക്കുംമുമ്പേതന്നെ അവർ ആയതിലേക്കു അത്യുൽസുകരായി ചാടിപ്പുറപ്പെടത്തക്ക ശേഷിയോടും ശേമുഷിയോടും കൂടിയവരായിരുന്നുവെന്നും തെളിയുന്നുണ്ടു്. ഇതിനു കാരണം അവക്കു തങ്ങളുടെ മഹാരാജാവായ ചെങ്കുട്ടുവനോടുണ്ടായിരുന്ന അമിതമായ സ്നേഹാദരങ്ങൾ തന്നെയാണു്.

ചെങ്കുട്ടവചക്രവൎത്തി സമകാലീനന്മാരായ ചോളപാണ്ഡ്യന്മാരെക്കൂടിയും അടക്കിഭരിച്ചിരുന്നുവെന്നുള്ള വസ്തുത മത്സ്യം, പുലി, വില്ല് എന്നീ മൂന്നടയാളങ്ങളും ഒന്നിച്ചു വരച്ചിട്ടുള്ള അദ്ദേഹത്തിൻെറ കൊടിക്കൂറകളിൽ നിന്നുതന്നെ നമുക്കു സ്പഷ്ടമായി അറിയാൻ കഴിയും. ചോളൻെറ കൊടിയടയാളം പുലിയും പാണ്ഡ്യൻെറതു് മത്സ്യവും ചേരൻെറതു് വില്ലുമായിരുന്നു. നമ്മുടെ ചെങ്കുട്ടവചക്രവൎത്തി തൻെറ രാജ്യത്തിനും പ്രജകളുടെ ക്ഷേമാഭിവൃദ്ധിക്കും വിരോധികളായിത്തീരുമെന്നു കരുതിയിരുന്ന സമീപരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെ സമ്മതിക്കാതെയിരിക്കുന്നതും അവരെ കീഴടക്കുന്നതും ഒരു വീരവ്രതമായിക്കരുതിയിരുന്നു. ഈ ചക്രവൎത്തി ജലമാൎഗ്ഗമായും സ്ഥലമാൎഗ്ഗമായും വരുന്ന ശത്രുക്കളുടെ ആക്രമണത്തെ നിശ്ശേഷം തടുക്കുന്നതിനുവേണ്ട കപ്പൽപടയും വൻപിച്ച നിലപ്പടയും ഏൎപ്പെടുത്തിയിരുന്നു. പ്രാചീനസമ്പ്രദായമനുസരിച്ചു് അദ്ദേഹത്തിൻെറ സഭയിൽ മന്ത്രിമാർ, പുരോഹിതന്മാർ, സേനാനികൾ, ജ്യൌതിഷികർ, വൈദ്യന്മാർ, ദൂതന്മാർ, ചാരന്മാർ എന്നീ പലതരമുദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു. ഭരണസഭ, മതാചാരസഭ, കച്ചവടസഭ, കൈത്തൊഴിൽസഭ, ജ്യോതിഷസഭ, വൈദ്യസഭ, ജനപ്രതിനിധിസഭ ഇത്യാദി മഹാസഭകളും അദ്ദേഹത്തിൻെറ രാജധാനിയിൽ അന്നുണ്ടായിരുന്നു.

അദ്ദേഹത്തിൻെറ ഭരണാധികാരത്തിൻ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ കൃത്യനിഷ്ഠയുള്ളവരും കൈക്കൂലി മുതലായ ഔദ്യോഗികദോഷങ്ങളില്ലാത്തവരുമായിരുന്നു. അദ്ദേഹത്തിൻെറ മന്ത്രിമാരിൽ പ്രധാനികൾ വില്ലവൻകോതയും അഴുമ്പിൽവേളും ആയിരുന്നു. അവർ രാജകല്പനയനുസരിച്ചു്

അദ്ദേഹത്തിന്റെ ഹിതാനുവൎത്തികളായി സകലകാൎയ്യവും നിൎവ്വഹിക്കുന്നതിൽ സദാ ബദ്ധശ്രദ്ധന്മാരും ത്രാണിയുള്ളവരുമായിരുന്നു.

നമ്മുടെ ചെങ്കുട്ടവചക്രവൎത്തി പ്രാചീനങ്ങളായ സദാചാരവിഷയങ്ങളിൽ സദാജാഗരൂകനായുമിരുന്നുവെന്നുള്ളതു് അദ്ദേഹം ആയോധനത്തിനു പുറപ്പെടുന്നതിനു മുമ്പിൽ അതിലേക്കു യോജിച്ച സന്മുഹൂൎത്തവും ശകുനവും കണ്ടു് നിൎഗ്ഗമിച്ചതിൽനിന്നും നാം മനസ്സിലാക്കുന്നുണ്ടു്. യുദ്ധത്തിനു പുറപ്പെടുന്നദിവസം ഒരു ശുഭദിവസമല്ലാതെവന്നാൽ അതിനു മുൻകൂട്ടിത്തന്നെ ഒരു നല്ല ശുഭമുഹൂൎത്തത്തിൽ തന്റെ ശ്വേതാതപത്രം, രാജകീയഖഡ്ഗം, അരമനഭേരി ഇത്യാദി രാജകീയചിഹ്നങ്ങളെ യഥാവിധി നഗരത്തിൽനിന്നും മാററി ബഹിൎഭാഗത്തുകൊണ്ടുചെന്നു വെയ്ക്കുന്നതു അക്കാലത്തെ രാജാക്കന്മാർ അനുവൎത്തിച്ചുവന്ന ഒരു ആചാരമാണെന്നു ചെങ്കുട്ടവന്റെ പ്രവൃത്തിയിൽനിന്നു നമുക്കു വെളിവാകുന്നുണ്ടു്. ഇതു് ഇന്നു നമ്മുടെയിടയിൽ നടന്നുപോരുന്ന ഒരു ആചാരംതന്നെയാണു്. ഇതിനു പരപ്രസ്ഥാനം എന്നു പറഞ്ഞുവരുന്നുണ്ടു്.

അരമനയിലെ ജ്യൌതിഷികൻ മഹാരാജാവിന്റെ ജയാപജയങ്ങൾക്കു യോജിച്ച സുമുഹൂൎത്തത്തെ കണ്ടറിഞ്ഞു പറയത്തക്ക ജ്യോതിഷവിദഗ്ദ്ധൻ ആയതുകൊണ്ടു അയാൾക്കു ചെങ്കുട്ടവന്റെ സദസ്സിങ്കൽ ഒരു വലിയ പദവിയുണ്ടായിരുന്നുവെന്നുള്ളതും മഹാരാജാവു് അദ്ദേഹത്തിനോടു് അമിതമായസ്നേഹാദരം കാണിച്ചിരുന്നുവെന്നുള്ളതും ഇവിടെ വക്തവ്യമാണു്.

ചക്രവർത്തിയുടെ രാജ്യഭരണത്തിൻകീഴ് അപസർപ്പന്മാർ ധാരാളം ഉണ്ടായിരുന്നു. അവർ ശാത്രവരാജ്യങ്ങളിലും മററു് അയൽ നാടുകളിലും സ്വരാജ്യത്തിനുള്ളിലും നടക്കുന്ന രാജ്യഭരണസംബന്ധമായ സകല രഹസ്യങ്ങളെയും മററുവിധം ജ്ഞേയങ്ങളായ പല സംഗതികളെയും രഹസ്യമായറിഞ്ഞു് തങ്ങളുടെ മഹാരാജാവിനെ അപ്പോഴപ്പോൾ അറിയിച്ചുവരിക പതിവായിരുന്നു. അപ്രകാരമുള്ള ചാരന്മാർ (രഹസ്യപ്പോലീസുകാർ) അക്കാലത്തിലുള്ള എല്ലാരാജാക്കന്മാരുടെ സന്നികഷത്തിലുമുണ്ടായിരുന്നു. അന്നു ചാരന്മാർ ഓരോ രാജാക്കന്മാരുടേയും തലസ്ഥാനനഗരിയിലാണു പാൎത്തുവന്നിരുന്നതു് എങ്കിലും ആവശ്യമുള്ളപ്പോഴെല്ലാം പലസ്ഥലങ്ങളിലും ദേശസഞ്ചാരം ചെയ്തുവന്നിരുന്നു. ചെംകുട്ടുവൻ ഉത്തരദേശപർയ്യടനത്തിനു ആരംഭിക്കാൻപോകുന്നതായി അന്യ രാജാക്കന്മാൎക്കു തിരുവെഴുത്തയക്കാൻ കല്പിച്ചപ്പോൾ വില്ലവൻകോത എന്ന മന്ത്രിവർയ്യൻ വഞ്ചിനഗരത്തിൽതന്നെ പല വിദൂരദേശങ്ങളിൽനിന്നും അതിചതുരന്മാരായ അപസർപ്പന്മാർ താമസിക്കുന്നുണ്ടെന്നും നമ്മുടെ നഗരത്തിൽ പറയടിച്ചറിയിച്ചാൽ ആ ചാരന്മാർ ചക്രവർത്തിയുടെ യാത്രാവർത്തമാനത്തെ തങ്ങളുടെ രാജാക്കന്മാൎക്കു അറിവുകൊടുക്കുമെന്നും അറിയിച്ചതായി നമ്മൾ മുൻപു ധരിച്ചിട്ടുണ്ടല്ലോ? അപ്രകാരംതന്നെ വഞ്ചിനാട്ടിൽ ചക്രവർത്തിയുടെ ഉത്തരദേശപർയ്യടനത്തിനെപ്പററി പറയടിച്ചറിയിച്ചപ്പോൾ ഓരോ ചാരന്മാരും അവരവരുടെ രാജാക്കന്മാൎക്കു് ഉടനടി വേണ്ട അറിവുകൊടുത്തു. അതുകൊണ്ടാണു് അനവധി രാജാക്കന്മാർ ആ മഹാരാജവർയ്യന്റെ യാത്രാരംഭസമയത്തിങ്കൽ അദ്ദേഹത്തെ വന്നുകാണാനിടയായതു്. പാണ്ഡ്യരാജാവു് വേണ്ടിടത്തോളം കപ്പം

കൊടുത്തയച്ചു. ആന്ധ്രരാജാവായ ശതകൺണ്ണി, സഞ്ജയനെന്നദൂതനെ പറഞ്ഞയച്ചിട്ട്, അദ്ദേഹത്തിൻെറ കല്പന കാത്തുനിന്നു. മററു രാജാക്കന്മാരെല്ലാം അതുപോലെ വേണ്ട ഉപഹാരദ്രവ്യങ്ങളോടുകൂടി അദ്ദേഹത്തെവന്നു വണങ്ങിനിന്നു. ഇതുകൊണ്ട് അക്കാലത്തുണ്ടായിരുന്ന ചാരന്മാർ അവരവരുടെ കടമയെ ശിരിയായി നിർവ്വഹിച്ചുവന്നിരുന്നുവെന്നുള്ളതു് സ്പഷ്ടമാകുന്നുണ്ട്.

സ്വസൈന്യങ്ങൾ തന്നോടു കാണിച്ചിരുന്ന ഭക്ത്യാദരംപോലെ ചേരചക്രവൎത്തിയും അവരോട് വാത്സല്യം കാണിച്ച് അവരുടെ സുഖദുഃഖാദികളിൽ പങ്കുകൊണ്ടിരുന്നുവെന്നുള്ളതു് അദ്ദേഹം ഉത്തരദേശയുദ്ധത്തിൽ വിജയം നേടിയ ഉടൻ തൻെറ യുദ്ധവീരന്മാൎക്ക വേണ്ടതായ സമ്മാനങ്ങൾ കൊടുത്തതിൽ നിന്നും, മരിച്ചുപോയവരായ തൻെറ സേനാവീരന്മാൎക്ക വേണ്ടി ചെയ്ത അപരക്രിയാദി കൎമ്മങ്ങളിൽ നിന്നും അനുവേലം പ്രത്യക്ഷമാകുന്നുണ്ട്.

ചേരചക്രവൎത്തി ആസ്ഥാനമണ്ഡപത്തിൽ ഉപവിഷ്ടനായിരുന്ന സന്ദൎഭത്തിൽ കൂടിയും അദ്ദേഹത്തിൻെറ പട്ടമഹിഷിയായ ഇളംകോവെണ്മാൾ അദ്ദേഹത്തോടൊന്നിച്ച് ആസനസ്ഥയായിരിക്കുന്നതു ഒരസാധാരണമായ പതിവല്ല. മഹാരാജാവാകട്ടെ ആവശ്യമുള്ളപ്പോഴെല്ലാം ആ മഹാരാജ്ഞിയുടെ ആലോചന കേൾക്കുന്ന പതിവുണ്ടായിരുന്നുവെന്നുള്ളതിനു വീരപത്നിയുടെ വൃത്താന്തം ചാത്തൻ മഹാരാജാവിനോടു തിരുമനസ്സുണൎത്തിച്ച അവസരത്തിൽ. അദ്ദേഹം സ്വപത്നിയോട് ആ വീരപത്നിയുടെ മഹിമയെപ്പററി-

ചോദിച്ചതും, അതിനവർ ആ ദേവിയുടെ ഒരു പുണ്യപ്രതിഷ്ഠ സ്വതലസ്ഥാന നഗരത്തിൽ ചെയ്യേണമെന്നു പറഞ്ഞതും, അതിന് മഹാരാജാവ് അനുവദിച്ചതും, ശരിയായ ദൃഷ്ടാന്തമാണ്. ചെങ്കുട്ടവൻെറ കാലത്തിൽ കൊണ്ടാടപ്പെട്ടുന്ന ഉത്സവങ്ങളിൽ ഏററവും ശ്രേഷ്ഠമായതു അദ്ദേഹത്തൻെറ ജന്മർക്ഷ ദിവസം സംബന്ധിച്ച മഹാമഹമാണ്. അന്നേ ദിവസം ഒരു വലിയ വിശേഷ ദിവസമായ് ആ നഗരംമുഴുവനുംഉത്സവംകൊണ്ടാടപ്പെട്ടുന്നപതിവുണ്ടായിരുന്നു. അന്നു ആ നാട്ടിലെ പ്രജാവലികൾ ആബാലവൃദ്ധം അത്യധിക കുതുഹലത്തോടുകൂടി പല വിനോദങ്ങളിലുമേപ്പെട്ടു കാലയാപനം ചെയ്തുവന്നിരുന്നുവെന്നുള്ളതു് ചക്രവർത്തിയുടെ ചരിത്രം വായിക്കുന്ന ഏവനും മനസ്സിലാകുന്നതാണ്. ക്ഷേത്രങ്ങളിൽ വിശേഷ പൂർവ്വമായ പൂജാനിവേദ്യാദികളും വിരുന്നൂട്ടുകളും തടവുപുള്ളികളെ വെറുതേവിടുന്ന ഏപ്പാട്ടും, നഗരത്തെ അതിരമണീയമായി അലങ്കരിക്കുന്ന പതിവും പല സ്ഥലങ്ങളിലും പലേവിധമായ കൂടിക്കാഴ്ചകളും നടക്കുന്ന ഏപ്പാടുകളും അന്നു നടപ്പിലിരുന്നു. മഹാരാജാവ് യുദ്ധത്തിനു പോകുന്നതിനു മുമ്പിൽ തൻെറ ഉദ്യോഗസ്ഥന്മാക്കു ഒരു വൻപിച്ച സദ്യ നടത്തുന്ന പതിവുണ്ടായിരുന്നു. ശ്രേഷ്ഠന്മാരായ വിദ്വാന്മാർ വന്നു ഏതെങ്കിലും ഉപദേശങ്ങൾ പറഞ്ഞുകേൾപ്പിച്ചാൽ അവക്കു മഹാരാജാവ് അളവററ പൊൻനാണയങ്ങൾ ദാനം ചെയ്യുന്ന പതിവുമുണ്ടായിരുന്നു. ചേരനാട്ടിങ്കൽ അനവധി ക്ഷേത്രങ്ങളും അവയിൽ ദിവസംപ്രതി ആറു് നേരത്തിൽ കുറയാതെ പൂജാദികളും നടന്നുകൊണ്ടിരുന്നു. ഇന്ദ്രൻ, ബലദേവൻ, സുബ്രഹ്മണ്യൻ വിഷ്ണു, ശാസ്താവ് മുതലായ ദേവന്മാരെയാണ്

അന്നു ഹിന്ദുക്കൾ ആരാധിച്ചു വന്നിരുന്നതു്. ചേരമാൻ പെരുമാൾ ശൈവമതത്തെ അവലംബിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ കാലത്തിൽ ജൈനമതവും ബുദ്ധമതവും വൈഷ്ണവമതവും ഒന്നുപോലെ പ്രചരിച്ചിരുന്നു. ഓരോരോ പ്രജകളും അവരവരുടെ ഇഷ്ടംപോലെയുള്ള ദൈവങ്ങളെ ആരാധിച്ചുപോരുന്നതിലും വിരോധമുണ്ടായിരുന്നില്ല. ചക്രവർത്തി അതിന്നു വേണ്ട സൌകര്യം കൊടുത്തിരുന്നു. അദ്ദേഹം എല്ലാമതങ്ങളേയും ഒന്നുപോലെ പുലർത്തിപ്പോന്നിരുന്നുവെന്നുള്ളതിന്നു അദ്ദേഹത്തിന്റെ ഭരണകാലത്തിൽ വഞ്ചിനാട്ടിൽ എല്ലാ മതസ്ഥന്മാരും ഐകമത്യത്തോടുകൂടി വാണുവന്നിരുന്നതുതന്നെ ഒരുത്തമ ദൃഷ്ടാന്തമാണു്. അദ്ദേഹം ബ്രാഹ്മണരേയും ധാർമ്മികന്മാരെയും സന്യാസികളെയും അത്യാദരവോടെ സംരക്ഷിച്ചുപോന്ന ഒരു മഹാനാണു്. അദ്ദേഹത്തിന്റെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതന്മാരായി രണ്ടു മഹാകവികളുണ്ടായിരുന്നു. അവരിൽ ഒരാൾ "പരണൻ" എന്ന മഹാകവിയും മററയാൾ "ചാത്തൻ" എന്ന കവിവൈദ്യനുമായിരുന്നു. ചാത്തൻ മണിമേഖലയെന്ന മഹാകാവ്യത്തെ ഉണ്ടാക്കി. പരണൻ പതിററിപ്പത്തു എന്ന ചെന്തമിഴ് ഗ്രന്ഥത്തിൽ ചെങ്കുട്ടുവന്റെ രാജ്യഭാരത്തെപ്പററി പലതും പുകഴ്ത്തിപ്പാടി. അതുകൊണ്ടു ചക്രവർത്തി അത്യധികം സന്തോഷ നിമഗ്നനായി ആ ബ്രാഹ്മണോത്തമന്നു അനവധി ധനം പാരിതോഷികമായി കൊടുത്തതു കൂടാതെ തന്റെ പുത്രനായ കുട്ടവൻചേരനേയും അദ്ദേഹത്തിന്റെ സവിധത്തിൽ അയച്ചു് വിദ്യാഭ്യാസം ചെയ്യിക്കയും ചെയ്തു.

കണ്ണുകളെ ഇമകൾ കാക്കുന്നതുപോലെ സ്വപ്രജക ളെ ഈ ചേരചക്രവർത്തി സംരക്ഷിച്ചുപോന്നു. അദ്ദേഹം രാജ്യഭരണം നടത്തിയ 35 വർഷങ്ങളിലും പ്രജകൾ ദുഃഖ മെന്നുള്ളതറിയാതെ സന്തോഷസാഗരത്തിൽ നിമജ്ജനം ചെയ്തു വാണുവന്നു. അദ്ദേഹം ഭക്തിമാനും സുചരിത്രനും ആയിരുന്നുവെന്നുള്ളതു് വീരപത്നിക്കു് ക്ഷേത്രം പണി ചെയ്തു പ്രതിഷ്ഠോത്സവം നടത്തിയതിൽനിന്നും നാം അറി യുന്നുണ്ടു്.

ഇതുകൂടാതെ വീര്യം, സ്നേഹം, ദയ, ഭക്തി, പാണ്ഡി ത്യം, സദാചരബോധം, ക്ഷമ ഇതെല്ലാം ആ മഹാരാജാ വിങ്കൽ തെളിഞ്ഞുകണ്ടിരുന്ന ഉത്തമലക്ഷണങ്ങളായിരുന്നു. അദ്ദേഹം കൈത്തൊഴിലിനേയും വാണിജ്യത്തേയും അഭിവൃ ദ്ധിപ്പെടുത്തി. പരുത്തിനൂലു്, എലിരോമം ഇവകൊ ണ്ടുള്ള നേരിയവസനങ്ങൾ ചേരദേശങ്ങളിൽ പലസ്ഥ ലങ്ങളിലും നെയ്തുവന്നിരുന്നു. കന്നാന്മാർ, മൂശാരിമാർ, ശില്പികൾ, ചിത്രകാരന്മാർ, പൊൻപണിക്കന്മാർ മുതലാ യവർ തലസ്ഥാനനഗരങ്ങളിൽ വസിച്ചു വിശേഷമാതിരി യിലുള്ള പല വിചിത്രങ്ങളായ കൈത്തൊഴിലും നടത്തി വന്നു. ദ്രാവിഡന്മാരും യവനന്മാരും തമ്മിൽ ക പ്പൽവാണിഭം ചെയ്തുവന്നതായും ദ്രാവിഡദേശത്തിലെ കാ വിരിപ്പൂംപട്ടണം, ചേരനാട്ടിലെ വഞ്ചിമഹാനഗരം മുത ലായ തുറമുഖങ്ങളിലും, യവനന്മാരുടെ വെണ്മാടങ്ങൾ പ്ര ശോഭിച്ചുകൊണ്ടിരുന്നതായും കാണപ്പെട്ടു. ഇതുകൂടാതെ ആ തുറമുഖങ്ങളിൽ ദീപസ്തംഭങ്ങൾ അവിടവിടെ സ്ഥാപി തമായിരുന്നു. മുപ്പത്തിരണ്ടുവിധം വാസനദ്രവ്യങ്ങൾ അന്നു ചേരനാട്ടിലെ ആപണവീഥികളിൽ ക്രയവിക്രയം ചെയ്തു

വന്നിരുന്നതുകൂടാതെ രത്നങ്ങൾ, ചന്ദനം, മുത്തു്, സുഗന്ധദ്രവ്യങ്ങൾ, സ്വർണ്ണം പട്ടുവസനങ്ങൾ മുതലായവ അവിടെ അന്നത്തെ മുഖ്യവാണിജ്യസാധനങ്ങളായുമിരുന്നിരുന്നു. കാവേരി വേഗവതി, താമ്രവർണ്ണി, പെരിയാറു്, അമരാവതി ഈ നദികളുടെ ഫലപുഷ്ടിയാൽ അന്നു ദക്ഷിണഖണ്ഡം വളരെ ഫലപുഷ്ടിപ്രദങ്ങളായി പ്രശോഭിച്ചുമിരുന്നു.

ചേരരാജശക്തി ഇക്കാലത്തു ഹിമാലയംമുതൽ കന്യാകുമാരിവരെ വ്യാപിച്ചിരുന്നതായി പ്രാചീനചരിത്രം ഘോഷിക്കുന്നുണ്ടു്. ഇപ്പോഴത്തെ കന്യാകുമാരിക്കു തെക്കു 49 മൈൽ ദൂരം ഒരു വമ്പിച്ച രാജ്യം ഉണ്ടായിരുന്നതായും അതു് പെരുമാക്കന്മാരുടെ വാഴ്ച്ചക്കാലത്തിനു മുമ്പുതന്നെ കടലിൽ താണുപോയതായും ആ രാജ്യത്തിൽ കുമരിയാറു്, പഹ്റുളിയാറു് എന്നു രണ്ടു വമ്പിച്ച നദികളും കുമരിക്കോടു് എന്ന ഒരു മലയും ഉണ്ടായിരുന്നുവെന്നും മുമ്പൊരവസരത്തിൽ പറഞ്ഞിട്ടുണ്ടല്ലോ? ആ നാട്ടിൽ തെങ്കുനാടു്, മധുരനാടു്, മുൻപാലനാടു്, പിൻപാലനാടു്, കുണകരനാടു്, കുന്നനാടു്, കുറുമ്പുനാടു് എന്നു ഏഴു വമ്പിച്ച നാടുകളും അവയുടെ കീഴിലായി ഏഴേഴു ചെറിയ വിഭാഗങ്ങളും ഉണ്ടായിരുന്നു. സിംഹളം അന്നും ഒരു പ്രത്യേക ദ്വീപായിരിക്കുകയും അതിനെ ഗജബാഹു എന്ന രാജവര്യൻ ഭരിച്ചുപരികയും ചെയ്തിരുന്നു.

തുലാഭാരം:—ഇന്നു തിരുവിതാംകൂർ രാജവംശത്തിൽ നടത്തിപ്പോരുന്ന തുലാഭാരമെന്നുള്ള വിശിഷ്ടകർമ്മം ചെങ്കുട്ടവൻറകാലത്തും നടന്നുവന്നിരുന്നതായി കാണുന്നുണ്ടു്. കോവലനും മാധവിക്കും മണിമേഖല എന്നു ഒരു പുത്രിയുണ്ടാ

യ കാലത്തു ആ കുട്ടിക്കുവേണ്ടി അവർ തുലാഭാരം നടത്തിയതായി ചിലപ്പതികാരത്തിൽ കാണുന്നു. ഇതല്ലാതെ ചക്രവർത്തിതന്നെയും സ്വയമേ ആ വിശിഷ്ടകർമ്മം നടത്തീട്ടുണ്ടു്.

സ്ത്രീകൾ പാതിവ്രത്യത്തെ ജീവനിലും വലുതായി കരുതിയിരുന്നു. ഭർത്താവു മരിച്ചാൽ കുലസ്ത്രീകൾ സ്വജീവനെ ഉപേക്ഷിക്കുകയും ദാസികൾ സന്യാസം സ്വീകരിക്കുകയും ചെയ്യുന്ന പതിവു അന്നു നടപ്പുണ്ടായിരുന്നു. പാണ്ഡ്യൻ നെടുംചെഴിയൻ മരിച്ചപ്പോൾ അദ്ദേഹത്തിൻെറ പത്നി കോപ്പെരുംദേവി സ്വയമേവ പ്രാണത്യാഗംചെയ്തു ഭർത്താവിനെ അനുഗമിച്ചു. കോവലൻ കൊല്ലപ്പെട്ട വർത്തമാനം ശ്രവിച്ച ഉടനെ കണ്ണകി സ്വജീവനെ അചിരേണ പോക്കി പ്രശസ്തിനേടി. ദാസിയായ മാധവിയും അവളുടെ പുത്രിയായ മണിമേഖലയും സന്യസിച്ചു. ഇതെല്ലാം മേൽപറഞ്ഞവയ്ക്കു ദൃഷ്ടാന്തമാണു്.

സ്വപ്നം, ശകുനം, ജ്യോതിഷം ഇതുകളിലെല്ലാം അന്നത്തെ ദ്രാവിഡന്മാർക്കു വളരെ വിശ്വാസമുണ്ടായിരുന്നു.

നാട്യകലയും കൂത്തും കേരളത്തിൽ ഭംഗിയായി നടിക്കപ്പെട്ടിരുന്നു. കൊട്ടിക്കൂത്തു്, പാണ്ഡുരംഗക്കൂത്തു്, കുരവക്കൂത്തു്, അല്ലിക്കൂത്തു്, വല്ലാടനൃത്തം, ഇടിക്കൂത്തു, കുടക്കൂത്തു്, പേടിക്കൂത്തു്, മരയ്ക്കാൽനൃത്തം, പാവക്കൂത്തു് ഇതെല്ലാം അക്കാലത്തെ നൃത്തവിധാനങ്ങളായിരുന്നു. കലാവിദ്യ അന്നത്തെ ജനങ്ങളുടെ മുഖ്യവിനോദപ്രവൃത്തിയുമായിരുന്നു. ജനങ്ങളുടെ ജാതിനാമങ്ങൾ അവരുടെ തൊഴി

ലിനെ ആശ്രയിച്ചാണിരുന്നതു്. ഇരുമ്പിനെഅടിച്ച് വേല ചെയ്യുന്നവർ കൊല്ലനെന്നും, പൊൻപണിചെയ്യുവനെ തട്ടാൻഎന്നും, കൂലങ്ങൾ (ധാന്യങ്ങളെ) വില്ക്കുന്നവനെ കൂലവാണിഭനെന്നും വെററിലമുതലായവ കച്ചവടം ചെയ്യുന്നവനെഇലവാണിഭനെന്നും, സംഗീതവിദ്യകളിൽ മിടുക്കന്മാരെ ബാണനെന്നും, നല്ലരീതിയിൽ ജീവിതംനടത്തുന്നവരെ ധാർമ്മികർ (അറവോർ) എന്നും, അധർമ്മരീതിയിൽ ജിവിതം നയിക്കുന്നവരെ മറവരെന്നും (മറുത്തുനടക്കുന്നവർ എന്നർത്ഥം) വിളിച്ചുവന്നിരുന്നു. അന്നത്തെ ദായക്രമം മക്കൾവഴി തന്നെയായിരുന്നു.

അക്കാലത്തു് ബ്രാഹ്മണർ വേദം ഓതുകയും യാഗാദികർമ്മങ്ങൾ നടത്തുകയും ചെയ്തിരുന്നതായി പ്രത്യക്ഷപ്പെട്ടുന്നുണ്ട്. ഓരോരുത്തരുടെ പേരു് അധികവും നക്ഷത്രങ്ങളുടേതായിട്ടാണു് കാണപ്പെട്ടുവന്നതു്. പുരുഷനക്ഷത്രങ്ങളുടെ പേരു് പുരുഷന്മാൎക്കും സ്ത്രീനക്ഷത്രങ്ങളുടെ പേരു് സ്ത്രീകൾക്കും ഇട്ടുവന്നു. ഇതുകൊണ്ടു് അന്നത്തെ ദ്രാവിഡന്മാൎക്കു് പ്രകൃത്യാരാധനയിൽ അഭിരുചിയുണ്ടായിരുന്നുവെന്നും തെളിയുന്നുണ്ട്.

ഇപ്രകാരം അതിപ്രശസ്തമാംവണ്ണം അന്നത്തെ ദ്രാവിഡരാജ്യത്തെ ആണ്ടുവന്നിരുന്ന ചേരചക്രവൎത്തി ചെങ്കുട്ടവപ്പെരുമാൾ തന്റെ അൻപത്താറാമത്തെ തിരുവയസ്സിൽ സ്വൎഗ്ഗാരോഹണം ചെയ്തു.

---

ശ്രീരാമവിലാസം പ്രസ്സ്,
തിരുവനന്തപുരം.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M900 *Acc. No.* 12897

This book should be returned on or before the date last stamped below.

26 OCT 1966
-4 JAN 2020
12 NOV 1978
28 MAR 1983
14 JUN 1988
-5 AUG 1988
4 DEC 1988
28 MAR 1990
28 JUN 1993
28 SEP 2002

Cl. No. M 900 12697
Acc. No. 12697
AUTHOR
താണുപിള്ള. പി.
TITLE
DATE

M900 12697
താണുപിള്ള. പി.
ചെങ്കുവരപ്പടവാൾ

KOTTAYAM PUBLIC LIBRARY

Call No. M900 Acc. No. 12697

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org